Date of publication : 1 ജൂലൈ 2022
വോള്യം 18/ലക്കം 26
ISSN 2319-9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



# ഉടൽ





## സംഘടിത കൂട്ടായ്മയിൽ
## കണ്ണി ചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായ സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു.
കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാദ്ധ്യമ അവലോകനങ്ങൾ, പഴയ കുടുംബഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ – പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും – ക്ഷണിക്കുന്നു. താൽപര്യമുള്ളവർ
**sanghadithacalicut@gmail.com**
എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺ നമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.

# സംഘടിത

ജൂലൈ 2022/ വോള്യം 18/ലക്കം 25



**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**ഗസ്റ്റ് എഡിറ്റർ**
ഡോ.അനു കുര്യാക്കോസ്
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ഡോ.ജാൻസി ജോസ്
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഗാർഗി ഹരിതകം
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട് & കവർ :**
സുവിജ കെ.
**വെബ്സൈറ്റ് :**
വസന്ത പി.

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ്
സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ.,
കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com



ഉടൽ : രാഷ്ട്രീയവും പ്രതിനിധാനങ്ങളും
**ഡോ. അനു കുര്യാക്കോസ്** 5

അദൃശ്യമാക്കപ്പെടുന്ന ഡിസേബിൾഡ് പെൺ/ക്വീർ ഉടലുകൾ
**ശാരദാ ദേവി വി.** 8

ഉടലിന്റെ രാഷ്ട്രീയം-ദളിത് സ്ത്രീപക്ഷ വായനകൾ
**ജയിൻസി ജോൺ** 15

സ്വീകരണമുറിയിലെ വിമത ശബ്ദം: ജാസ്മിൻ എം. മൂസ
ഉയർത്തുന്ന സാമൂഹിക പാഠങ്ങൾ
**ഡോ. നീതു ദാസ് കെ.** 21

ഉലച്ചിലിന്റെ രാഷ്ട്രീയം : ശരീരം, ചലനം, ലിംഗപദവി
**അമിത്ത് കെ.** 24

ഉടൽ, ലിംഗത്വം: മലയാള ചലച്ചിത്ര ഗാനങ്ങളിലെ
ഭക്ഷണപ്രതിനിധാനങ്ങളുടെ ദൃശ്യരാഷ്ട്രീയം
**ഡോ. ജിജി ജെ. അലക്സ്** 27

സൗന്ദര്യാത്മക അധ്വാനം, ശരീരം, സ്ത്രീത്വം:
ഒരു റീട്ടെയിൽ ഷോപ്പ്-ഫ്ളോറിൽ നിന്നുള്ള നേർചിത്രം
**ഡോ. ഇപ്ഷിത പ്രധാൻ**
വിവർത്തക: **ഡോ. അനു കുര്യാക്കോസ്** 32

ബോഡി ഷെയ്മിങ്ങും യുട്യൂബും : ചില കോവിഡ് കാല ചിന്തകൾ
**നിരുപമ സുനീത** 36

ക്യാൻവാസ്/വാചകം എന്ന നിലയിൽ പെണ്ണുടൽ എങ്ങനെയാണ്
മലയാള സിനിമകളെ രൂപാന്തരപ്പെടുത്തുന്നത്?
**ഡോ. അനുപമ എ. പി.** 42

അഴകളവുകൾ പുനഃനിർവചിക്കുമ്പോൾ : ഒരു അനുഭവക്കുറിപ്പ്
**മായ വിജയൻ** 45

ദളിത്സ്ത്രീ ശരീരങ്ങളുടെ രാഷ്ട്രീയം നാടൻ പാട്ട്, നോവൽ,
സിനിമ എന്നിവയിലൂടെ
**സജ്ന എൻ.** 54

ലെറ്റസ് ബ്ലീഡ് ഫ്രീ : ടാബൂവിൽ നിന്നും മര്യാദകളിലേക്കും
സ്വതന്ത്ര ഇടത്തിലേക്കും
**റോസ്മരിയ മാത്യു, ഡോ.എസ്. ബാലസുന്ദരി** 54
വിവർത്തക: **ഡോ. അനു കുര്യാക്കോസ്**

എവിടെ സ്ത്രീക്ഷേമം...!
വാസ്തവം /**ഡോ.ജാൻസി ജോസ്** 60

മാറ്റാൻ കഴിയുന്ന ശീലങ്ങൾ
**അലീന ഫിലിപ്പ്** 62

എന്ന് കിളി
കവിത/**ശരണ്യ ശേഖരൻ** 65

പെണ്ണുടലും വസ്ത്രസദാചാരവും
**സുദിന പി. വി.** 66

തുലാസിലേറുന്ന പെണ്ണുടലുകൾ : ലൈംഗികതയും
മാനസികവിഭ്രാന്തിയും മലയാള സിനിമയിൽ
**ഡോ. ഗായത്രി ജി. ആർ.** 71

അദൃശ്യമായ ഉടലനക്കങ്ങൾ
വഴിത്താരകൾ/**ജാനകി** 74

ശരീരം എന്ന ആതുരതയുടെ പ്രതിനിധാനം
**ശരണ്യ പി. എസ്.** 76

മരിയ ഗോപ്പെർട്ട് മേയർ അറിയണം ഈ ശാസ്ത്രജ്ഞയെ
ശാസ്ത്രം / **സീമ ശ്രീലയം** 78



ഷീബ കെ.എം.

ഭരണകൂട അടിച്ചമർത്തലുകൾ രാജ്യത്തെ ജനങ്ങളുടെ സ്വതന്ത്രജീവിതം അസാധ്യമാക്കുന്ന തരത്തിലാണ് കാര്യങ്ങൾ നാൾക്കുനാൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഗുജറാത്ത് നരഹത്യയ്ക്ക് പിന്നിൽ ആ സംസ്ഥാന സർക്കാറിന്റെ ഗൂഡാലോചന തള്ളിക്കളഞ്ഞ സുപ്രീം കോടതി വിധിക്ക് പിന്നാലെ ഈ കേസ്സിലെ നീതിക്കു വേണ്ടി ദീർഘനാൾ പൊരുതിയ ടീസ്റ്റ സേതൽവാദിനെയും മുൻ ഡി. ജി.പി. ശ്രീകുമാറിനെയും ജുഡീഷൽ കസ്റ്റഡിയിൽ എടുത്തിരിക്കുകയാണ്. ആൾട്ട് ന്യൂസ് സഹസ്ഥാപകൻ മുഹമ്മദ് സുബൈറിനെ മതവികാരം വ്രണപ്പെടുത്തുന്നു എന്ന് ആരോപിക്കപ്പെട്ട ഒരു ട്വീറ്റിന്റെ പേരിൽ അറസ്റ്റ് ചെയ്തിരിക്കുകയുമാണ് . സ്വതന്ത്ര പത്രപ്രവർത്തനത്തിന് മേൽ കടുത്ത സമ്മർദ്ദങ്ങളാണ് ഈ നീക്കം ഉയർത്തുന്നത്. ഏത് കടുത്ത ജനാധിപത്യ ധ്വംസനത്തിനു മുന്നിലും നിശ്ശബ്ദമായിരിക്കുക എന്ന വിപൽ സന്ദേശമാണ് ഈ അറസ്റ്റുകളിലൂടെ പുറത്തു വരുന്നത്.

കേരളത്തിന്റെ രാഷ്ട്രീയ പരിസരങ്ങളിൽ പി.സി.ജോർജ്ജിന്റെ സാന്നിധ്യം ഈ നാട്ടിലെ സ്ത്രീകൾക്ക് മാത്രമല്ല എല്ലാ ജനാധിപത്യ വിശ്വാസികൾക്കും കടുത്ത അപമാനമാണ്. വീണ്ടും വീണ്ടും സ്ത്രീവിരുദ്ധതകളുടെ വഷളൻ പുളപ്പുകളിൽ അഭിരമിക്കുന്ന ഒരു 'നേതാവി' നെ വെച്ചു പൊറുപ്പിക്കേണ്ട കാര്യമുണ്ടോ? കടുത്ത ശിക്ഷകളും രാഷ്ട്രീയ ജീവിതത്തിൽ നിന്നുള്ള പുറത്താക്കലുമാണ് ഉടൻ ഉണ്ടാവേണ്ടത്.

ഉന്നതവിദ്യാഭ്യാസ രംഗം വൻ കുതിപ്പുകൾ ഏറ്റെടുക്കുന്ന വേളയെന്ന് അഭിമാനം കൊള്ളുമ്പോഴും നിലനിൽക്കുന്ന സാഹചര്യങ്ങൾ പലതും തീർത്തും പിന്തിരിപ്പനായി തുടരുന്നുണ്ട് . കോഴിക്കോട്ടെ സർക്കാർ അദ്ധ്യാപക പരിശീലന കലാലയത്തിൽ ആദി എന്ന വിദ്യാർത്ഥി അനുഭവിക്കേണ്ടി വന്ന ശരീര അപമാനവും വിവേചനവും അത്യന്തം അപലപനീയമാണ്. സ്വന്തം ലൈംഗിക സ്വത്വം ഉയർത്തിപ്പിടിക്കാൻ ആഹ്വാനം ചെയ്യുന്ന പ്രൈഡ് മാസ കാലത്ത് തനിക്ക് ചേർന്ന വസ്ത്രം ധരിച്ചതിന്റെ പേരിൽ ആ വിദ്യാർത്ഥി ഏറെ എതിർപ്പുകൾ നേരിടേണ്ടി വന്നു. സ്വന്തം ലിംഗലൈംഗിക സ്വത്വാവസ്ഥ ഉയർത്തിപ്പിടിച്ച് അഭിമാനത്തോടെയും സ്വസ്ഥതയോടെയും പഠനം പൂർത്തിയാക്കാൻ വിദ്യാഭ്യാസ മന്ത്രിയിൽ നിന്നും കവിതാ പുരസ്കാരം ഏറ്റുവാങ്ങുക കൂടി ചെയ്ത ഈ മിടുക്കനായ വിദ്യാർത്ഥിക്ക് കഴിയാതെ പോകുന്നതിൽ സാക്ഷരകേരളം ലജ്ജിക്കണം. അദ്ധ്യാപകരും അധികൃതരും മാത്രമല്ല സഹപാഠികൾ കൂടി എതിർപക്ഷം ചേർന്നു എന്ന വാർത്ത യുവത്വത്തിലുള്ള പരിവർത്തനപ്രതീക്ഷയിൽ മങ്ങലേൽപ്പിക്കുന്നു എന്നത് ഖേദകരമാണ്.

ഉടൽ കേവലമായ ഒരു ഭൗതികാനുഭവം മാത്രമല്ല എന്നും വ്യവസ്ഥയുടെ തീവ്രമായ ചിട്ടപ്പെടുത്തലുകളിലൂടെ നിരന്തരം രൂപപ്പെട്ടുവരുന്നതാണെന്നും ഇന്ന് നാം തിരിച്ചറിയുന്നുണ്ട്. ലിംഗ പദവിശാഠ്യങ്ങളാലും മത സംസ്ക്കാര ദേശീയതാ നിർബന്ധങ്ങളാലും ശരീരം ക്രമപെട്ടുവന്നിട്ടുണ്ട് കാലങ്ങളിലൂടെ. ആകയാൽ ഉടൽ ബഹുവിധ അധികാരപ്രവർത്തനങ്ങളുടെ  രാഷ്ട്രീയ ഇടം തന്നെ എന്ന് വേണം മനസ്സിലാക്കാൻ. മദ്ധ്യകാല യൂറോപ്പിന്റെ സൗന്ദര്യ സങ്കൽപങ്ങളാൽ പ്രേരിതമായി സ്ത്രീകൾ നെഞ്ചത്തണിഞ്ഞ ശ്വാസം മുട്ടിക്കുന്ന കോസറ്റുകളും ചൈനയിൽ  സുന്ദരികളായി പരിഗണിക്കപ്പെടാൻ  പാദങ്ങൾ  മുറുക്കിക്കെട്ടിയിരുന്നതും  അവസ്ഥകളും ഈ ഉടലവസ്ഥകളുടെ കഠിന ദൃഷ്ടാന്തങ്ങളാണ്. എന്നാൽ ഉടൽ വ്യാഖ്യാനങ്ങളും ആവിഷ്ക്കാര വിലക്കുകളും നിരന്തരം ചോദ്യം ചെയ്യപ്പെടുകയും പൊളിച്ചെഴുതപ്പെടുകയും ചെയ്തിട്ടുണ്ട്.  മാറു മറയ്ക്കാൻ റൗക്ക ഇടാൻ അനുവാദം കിട്ടിയിട്ടും അതിൻമേൽ 'മേൽജാതി' നായർ സ്ത്രീകളെ പോലെ മേൽമുണ്ടിടാൻ ചാന്നാർ സ്ത്രീകൾ ലഹള നടത്തിയ ചരിത്രം കേരളത്തിലുണ്ട്. 1960കളിൽ സ്ത്രീവാദത്തിന്റെ രണ്ടാം തരംഗ കാലത്ത് ശരീരം ആണധികാരപ്രയോഗങ്ങളുടെ  ഇരയിടങ്ങളാവുന്നതിനെക്കുറിച്ച് ധാരാളം  പഠനങ്ങൾ പുറത്തു വരികയുണ്ടായി. സ്തനങ്ങളുടെ ഉത്തമ സൗന്ദര്യസംരക്ഷണത്തിനുതകുന്നതായി പ്രചരിപ്പിക്കപ്പെട്ട ബ്രാ കത്തിച്ചുകൊണ്ട് (ചവറു കൊട്ടയിലേക്ക് നിക്ഷേപിക്കുകയാണ് വാസ്തവത്തിൽ നടന്നത്) 1968 ൽ ന്യൂ ജേസിയിൽ നടന്ന സൗന്ദര്യ മത്സരത്തിനെതിരെ സ്ത്രീവാദികൾ പ്രതിഷേധിച്ചത് ചരിത്രം സൃഷ്ടിച്ചു. ക്വിയർ രാഷ്ട്രീയത്തിന്റെ മുന്നേറ്റങ്ങൾ ഇത്തരം ചെറുത്തുനിൽപ്പുകൾക്ക് ആക്കം കൂട്ടി. സ്ഥായിയായ ശരീരഘടന എന്നതിനപ്പുറം പ്രബല പ്രാമാണിത്വങ്ങളുടേയും മാനകഭാവനകളുടേയും അധികാരപ്രയോഗനിലം എന്ന അർത്ഥത്തിൽ ഉടൽ മനസ്സിലാക്കപ്പെടുമ്പോൾ മാത്രമേ പ്രതിരോധ സാധ്യതകളും ഉയർന്നുവരികയുള്ളൂ. 'ഉടൽ' എന്ന വിഷയം കൈകാര്യം ചെയ്യുന്ന അനു കുര്യാക്കോസ് അതിഥിപത്രാധിയായ ഈ ലക്കം സംഘടിത ഇത്തരം ആലോചനകളുടെ പശ്ചാത്തലത്തിൽ സമർപ്പിക്കുന്നു.



**ഡോ. അനു കുര്യാക്കോസ്**
അധ്യാപിക
ഇംഗ്ലീഷ് വിഭാഗം
എസ്.ആർ.എം.യൂണിവേഴ്സിറ്റി
ആന്ധ്ര പ്രദേശ്

# ഉടൽ : രാഷ്ട്രീയവും പ്രതിനിധാനങ്ങളും

ഉടൽ ഒരു രാഷ്ട്രീയമാണ്. സമകാലിക സമൂഹത്തിൽ ഉടലിനെക്കുറിച്ചുള്ള അക്കാദമികവും അല്ലാത്തവയുമായ ചർച്ചകൾക്ക് ഏറെ പ്രാധാന്യമുണ്ട്. സംഘടിതയുടെ ജൂലൈ 2022 ലക്കം 'പെണ്ണുടൽ' എന്ന വ്യവഹാരത്തെയാണ് വിഷയമാക്കിയിരിക്കുന്നത്. 'പെണ്ണുടൽ' എന്ന സംജ്ഞയെ വിമർശനവിധേയമായി പരിശോധിച്ചാലെ ഈ ലക്കത്തിലെ ലേഖനങ്ങളെക്കുറിച്ചു സംസാരിക്കാനാവൂ.

കാലാകാലങ്ങളായുള്ള സ്ത്രീവാദ ചിന്താധാരകളെ പൊളിച്ചെഴുതിക്കൊണ്ടാണ് അക്കാദമിക രംഗത്ത് ലിംഗപദവി ഗവേഷകർ ഉടലിനെക്കുറിച്ചുള്ള സംവാദങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. 'പെണ്ണുടൽ' എന്നത് 'പെണ്ണിന്റെ ഉടൽ എന്ന് വിഗ്രഹിച്ചാൽ, എന്താണ് പെണ്ണത്തം? ആരാണ് പെണ്ണ്? എന്നിങ്ങനെ നിരവധി അനുബന്ധചോദ്യങ്ങളും കടന്നു വരും. പെണ്ണുടൽ എന്നത് കേവലം ജന്മനാ പെണ്ണിന്റെ സ്വഭാവഗുണങ്ങൾ (ക്രോമോസോമുകളാൽ) പേറിയ ഉടലുകൾ മാത്രമല്ല, മറിച്ചു പെണ്ണത്തം എന്നതിനെ ഒരു പ്രകടനത്തിന്റെ തലത്തിലേക്ക് കൊണ്ട് വരാൻ ശ്രമിക്കുന്ന ആണിന്റെ ഉടലും, അയഞ്ഞ ലിംഗപദവി (ജന്റർ ഫ്ലൂയിഡ്) ആയിട്ടുള്ള ഉടലും, ഈ ലക്കത്തിൽ വ്യവഹാരത്തിന്റെ ഭാഗമാവുന്നു. അംഗപരിമിതി, സ്വവർഗാനുരാഗം, ദളിത് എന്നിങ്ങനെ മറ്റ് ഇന്റർസെക്ഷനൽ വിഷയങ്ങളാൽ സങ്കീർണ്ണമാക്കപ്പെട്ടിരിക്കുന്ന, സമൂഹത്തിൽ അരികുവത്കരിക്കപ്പെട്ടിരിക്കുന്ന പെണ്ണുടലുകളും ഈ ചർച്ചയുടെ ഭാഗമാണ്.

പെണ്ണുടലിനു അടിച്ചമർത്തപ്പെടലിന്റെ രാഷ്ട്രീയം പറയാനുണ്ട്. 'പെണ്മ' ഉടലിൽ പേറുന്നത് കൊണ്ട് തന്നെ ഇരിപ്പിലും നടപ്പിലും കിടപ്പിലും കഴിക്കുന്ന ആഹാരത്തിലും വസ്ത്രധാരണത്തിലും യാത്ര ചെയ്യുന്ന സമയത്തും സുഹൃദ് ബന്ധങ്ങളിലും സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുന്ന ചിത്രങ്ങളിലും വരെ നിരന്തരം വിവേചനങ്ങൾക്കും സാമൂഹിക നിയന്ത്രണങ്ങൾക്ക് അവർ വിധേയമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതിൽ ഏറ്റവും സദാചാര പരിശോധന നടത്തപ്പെടുന്നത് പെണ്ണുടലിന്റെ നഗ്നതയുടെയും ലൈംഗികതയുടെയും മേലാവും. കൊളോണിയൽ ചിന്താധാരയുടെ സൃഷ്ടിയായ സദാചാരം, മേൽസൂചിപ്പിച്ച എല്ലാ മേഖലകളിലും സ്ത്രീകളുടെ ഉടലുകളെയും തൃഷ്ണകളെയും 'മറച്ചുവെയ്ക്കേണ്ടത്,' 'നിശബ്ദമാക്കേണ്ടത്' എന്നിങ്ങനെ നിരവധി 'അരുതു'കളാൽ നിയന്ത്രിക്കാൻ ശ്രമിയ്ക്കുന്നു. മതം എന്നത് അത്തരത്തിലുള്ള ഒരു സാമൂഹിക നിർമ്മിതിയാണ്. എല്ലാ മതങ്ങളിലുമുണ്ട് സ്ത്രീശരീരത്തിന്റെ ജൈവികമായ പ്രത്യേകതകളെ മുൻനിർത്തിയുള്ള നിയന്ത്രണങ്ങൾ. അവ ആചാരങ്ങളിലുള്ള നിയന്ത്രണങ്ങൾ മുതൽ വസ്ത്ര സ്വാതന്ത്ര്യത്തിലും കുഞ്ഞുങ്ങളെ പ്രസവിക്കണോ വേണ്ടയോ എന്ന് സ്വയം

തീരുമാനമെടുക്കുന്നതിലും വരെ സ്വാധീനം ചെലുത്തുന്നതായിക്കാണാം. ഇവയോടൊക്കെയുള്ള നിരന്തര കലഹങ്ങളിലൂടെയാണ് സ്ത്രീവാദ പ്രസ്ഥാനങ്ങൾ കാലാകാലങ്ങളായി ഉയർന്നു വന്നിരിയ്ക്കുന്നത്.

സമകാലിക ഇന്ത്യൻ സ്ത്രീവാദ സംവാദങ്ങളിൽ ഉടൽ ഒരു പ്രധാനവിഷയമായി കടന്നു വരുന്നു. സ്ത്രീ ശരീരത്തെ കേന്ദ്രീകരിച്ചുള്ള ചർച്ചകൾക്കും വിവാദങ്ങൾക്കും ഒരിക്കലും വിരാമമുണ്ടാവില്ല. 'മാറ് മറയ്ക്കൽ' പ്രക്ഷോഭം നടത്തിയ കാലഘട്ടത്തെയും ബുർഖ ധരിച്ചു ക്ലാസ്സിൽ കയറാൻ സമരം നടത്തിയ കാലഘട്ടത്തെയും പ്രത്യേകം സ്മരിക്കുമല്ലോ. സിനിമ പ്രവർത്തകരായ ഒരു കൂട്ടം സ്ത്രീകൾ 'ഞങ്ങൾക്കും കാലുകളുണ്ട്' എന്ന മുന്നേറ്റവുമായി വന്നതും സമീപകാലത്താണ്. 'അവൾക്കൊപ്പവും' 'മീ ടൂ' കാമ്പയിനുമടക്കം പല സ്ത്രീവാദ സമരങ്ങളും ശ്രമിയ്ക്കുന്നത് പെണ്ണുടലുകളുടെ ആത്യന്തികമായ സ്വാതന്ത്ര്യപ്രഖ്യാപനത്തിനാണ്.

പെണ്ണുടലുകളോടൊപ്പം തന്നെ പെണ്മ പ്രദർശിപ്പിക്കുന്ന ഉടലുകളും നിരന്തരമായ സാമൂഹികവിമർശനങ്ങൾക്കും പരിഹാസങ്ങൾക്കും വിധേയമാക്കപ്പെടുന്നതായി കാണാം. മറ്റു ലിംഗതൻമയിലുള്ളവരോട്, 'പെണ്ണിനെപ്പോലെ കരയുന്നോ,' 'പെണ്ണിനെപ്പോലെ നടക്കുന്നോ,' 'പെൺ ശബ്ദം,' 'പെണ്ണിന്റെ ജോലി' എന്നിങ്ങനെയുള്ള പരിഹാസങ്ങൾ ബലഹീനതയുടെ ബിംബങ്ങളായാണ് സമൂഹം അവതരിപ്പിക്കുന്നത്. അത് വഴി പെണ്ണുടലുകളും പെണ്മയും 'അബല' എന്ന് മുദ്രകുത്തപ്പെടുന്നു. എന്നാൽ, കൗതുകകരമായ മറ്റൊരു വസ്തുത ഇതേ പെണ്മ തന്നെ അമ്മയായായും ദേവിയെയും വാഴ്ത്തപ്പെടുന്നു എന്നുള്ളതാണ്. പൊതുവിടത്തിൽ ഒരാൾ തനിക്ക് രക്തബന്ധമില്ലാത്ത സ്ത്രീയോട് ലൈംഗികാതിക്രമത്തിന് മുതിർന്നാൽ അവിടെ ഉയർന്നു കേൾക്കുന്ന ആദ്യ ചോദ്യം 'നിനക്കൊന്നും വീട്ടിൽ അമ്മയും പെങ്ങളുമില്ലേ എന്നതാവും.' അമ്മയും പെങ്ങളും അല്ലാത്ത സ്ത്രീകളോടും മര്യാദയോടെ പെരുമാറേണ്ടതല്ലേ എന്ന് അത്തരക്കാർ ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരത്തിൽ വാഴ്ത്തപ്പെടേണ്ടത്/വിമർശിക്കപ്പെടേണ്ടത്, നല്ലത്/ചീത്ത എന്നിങ്ങനെ സമൂഹനിർമ്മിതിയായ ദ്വന്ദങ്ങൾ ആണ് ലിംഗതൻമയെ നിയന്ത്രിക്കുന്ന പ്രധാന ഘടകമെന്നു നിരീക്ഷിക്കാം.

പെണ്ണുടൽ, പെണ്ണത്തം, പെണ്മ എന്നിങ്ങനെ സെക്സ്, ജെൻഡർ വ്യവഹാരങ്ങളുടെ പശ്ചാത്തലത്തിൽ സിനിമയിലെയും സാഹിത്യത്തിലേയും പൊതുവിടത്തിലെയും പ്രതിനിധാനങ്ങളെക്കുറിച്ചാണിവിടെ ലേഖകർ സംവദിക്കാൻ ശ്രമിയ്ക്കുന്നത്. ഡിസെബിലിറ്റി ആക്ടിവിസ്റ്റും ഗവേഷകയുമായ ശാരദാദേവി, ഡിസേബിൾഡ് പെൺ/ക്വീർ ഉടലുകളെക്കുറിച്ചു വിശദമാക്കുമ്പോൾ ജയ്ൻസിയും സജ്നയും ദളിത് പെണ്ണുടലുകളെക്കുറിച്ചുള്ള വായനകളവതരിപ്പിയ്ക്കുന്നു. ബിഗ് ബോസ്സ് പരിപാടിയിലെ ജാസ്മിൻ മൂസ എന്ന പെണ്ണുടലിന്റെ പശ്ചാത്തലത്തിൽ ലെസ്ബിയൻ സ്വത്വം പേറുന്ന ഉടലുകളെക്കുറിച്ചു ഡോ. നീതു സംസാരിക്കുമ്പോൾ, സിനിമയിലെ 'ഭക്ഷണം,' 'ഭ്രാന്ത്,' 'ഐറ്റം ഡാൻസ്' എന്നീ ദൃശ്യബിംബങ്ങളിലൂടെ പെണ്ണുടലുകളുടെ രാഷ്ട്രീയം പരിശോധിയ്ക്കുകയാണ് ഡോ. ജിജിയും, ഡോ. ഗായത്രിയും, ഡോ. അനുപമയും, തങ്ങളുടെ ലേഖനങ്ങളിൽ. ജെൻഡർ അനുശീലനങ്ങളിലൂടെ ഉടൽ അപഹസിക്കപ്പെടുന്നതിന്റെ വിവിധ മാനങ്ങളാണ് മായയും അലീനയും നിരുപമയും വിഷയമാക്കിയിരിക്കുന്നത്. പെണ്ണുടലിനെക്കുറിച്ചും അവർ നേരിടുന്ന സമകാലിക വസ്ത്രസദാചാരപോലീസിങ്ങിനെയും വിമർശനവിധേയമാക്കിയിരിക്കുകയാണ് ഗവേഷകയായ സുദിന. രോഗാതുരമാവുന്ന പെണ്ണുടലിന്റെ സാംസ്കാരിക പ്രതിനിധാനങ്ങളെക്കുറിച്ചു ശരണ്യ


സംസാരിക്കുമ്പോൾ 'സ്ത്രൈണ കല' എന്ന് പരക്കെ അറിയപ്പെടുന്ന മോഹിനിയാട്ടം എന്ന കേരളീയ നൃത്തകലാരൂപത്തെ ഉടലിന്റെ ചലനങ്ങളുടെ പശ്ചാത്തലത്തിൽ രാഷ്ട്രീയമായി അവതരിപ്പിക്കുകയാണ് അമിത് എന്ന ഗവേഷകൻ. പെണ്ണുടലിന്റെ അവകാശമായ ആർത്തവാവധിയെക്കുറിച്ചും ഒളിച്ചുവെയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്ന ആർത്തവത്തെക്കുറിച്ചും ഗവേഷകയായ റോസും ഡോ. ബാലസുന്ദരിയും തങ്ങളുടെ പഠനത്തിൽ വിശദമായി പരിശോധിക്കുന്നുണ്ട്. ഡോ. ഇപ്ഷിത തന്റെ പി.എച്ച് . ഡി ഗവേഷണകാലത്ത് നടത്തിയ ഫീൽഡ് പഠനത്തിൽ നിരീക്ഷിച്ച ഷോപ്-ഫ്ളോർ ജീവനക്കാരികളുടെ സൗന്ദര്യാത്മക അധ്വാനത്തെക്കുറിച്ചും അതിലൂടെ എങ്ങിനെയാണ് 'പെണ്ണുടൽ' എന്ന ബിംബം വാണിജ്യവത്കരിക്കപ്പെടുന്നതെന്നും വിശദമാക്കിത്തരുന്നു. ചുരുക്കത്തിൽ, വിഭവസമൃദ്ധമാണ് സംഘടിതയുടെ ഈ ലക്കം.

'പെണ്ണത്തം' എന്ന വാക്കിനു പല പരിമിതികളുമുണ്ടെന്നു നമുക്ക് മനസ്സിലാക്കാം. കാരണം, ഒരു പ്രത്യേക ഉടലിനു മാത്രമായി ആ ലിംഗതന്മ അവകാശപ്പെടാനാവില്ല. മാത്രമല്ല, അത് ദ്വന്ദത്തിലടിസ്ഥാനപെടുത്തിയ പാട്രിയാർക്കൽ ലിംഗ വ്യവസ്ഥിതിയുടെ ഉത്പന്നവുമാണ്. പുനർവായനയിൽ പെണ്ണത്തത്തെ നമ്മുടെ സാമൂഹിക നിർമിതികളിൽ അടിസ്ഥാനപ്പെടുത്തി ഒരു ശീലം മാത്രമായി കാണാൻ നമുക്ക് സാധിക്കണം. ഈ ലക്കത്തിൽ എഴുതിയ പല ലേഖകരും പറയാൻ ശ്രമിച്ചിരിയ്ക്കുന്ന ഒരു കാര്യവുമാണിത്. ഒരു പ്രത്യേക ഉടലിലേയ്ക്ക് പെണ്ണത്തം ആരോപിയ്ക്കപ്പെടുമ്പോൾ വ്യക്തമായ ഒരു സാംസ്കാരിക രാഷ്ട്രീയം നിർമിച്ചെടുക്കാനുള്ള ഒരു ശ്രമമായി അത് മാറുന്നു. ഈയർത്ഥത്തിൽ 'പെണ്ണുടൽ' എന്നാൽ ജന്മനാ ഒരു പ്രത്യേക sex assign ചെയ്യപ്പെട്ട് അത് പെർഫോം ചെയ്യുന്ന സിസ്ജെൻഡർ ഉടലുകൾ മാത്രമല്ല, പെണ്ണത്തം എന്ന സാമൂഹിക നിർമിതിയിലേക്ക് ഉൾച്ചേരാൻ ശ്രമിയ്ക്കുന്ന ട്രാൻസ് സ്ത്രീയുടെ ഉടലുകളും തുല്യ പ്രധാന്യമർഹിക്കുന്നു. ഡിസബിലിറ്റി, ജാതി, ജെൻഡർ എന്നിങ്ങനെ ഉടലിനെ പ്രശ്നവത്കരിയ്ക്കുന്ന സമസ്യകളെ സിനിമ പോലുള്ള സാംസ്കാരിക മണ്ഡലങ്ങളിലെ ഉടലിന്റെ ബിംബകല്പനകൾ, പൊതുവിടത്തിലെ ഉടലിന്റെ ദൃശ്യതയുടെ രാഷ്ട്രീയം എന്നിവയെ വിമർശനപരമായി വിശകലനം ചെയ്യേണ്ടതുണ്ട്. ഉടൽ ഒരു വ്യക്തിയെ പ്രശംസിയ്ക്കാനും അപഹസിയ്ക്കാനുമിടയാക്കുന്ന സാമൂഹിക പരിസരത്തിലാണ് നാം ജീവിയ്ക്കുന്നത്. അതിനാൽത്തന്നെ ഈ ചർച്ചകളും പ്രാധാന്യമർഹിക്കുന്നു.

ഈ ലക്കം വായനക്കാർക്ക് മുമ്പിൽ വയ്ക്കുമ്പോൾ ഒരു പരിമിതി കൂടി ചൂണ്ടിക്കാണിയ്ക്കട്ടെ. പെണ്ണുടലിനെക്കുറിച്ചുള്ള എല്ലാ വ്യവഹാരങ്ങളും ഇവിടെ ഉൾക്കൊള്ളിയ്ക്കാൻ സാധിച്ചിട്ടില്ല. ക്വീർ, ട്രാൻസ്ജെണ്ടർ, ഇന്റർസെക്സ്, ബൈസെക്ഷ്വൽ, അസെക്ഷ്വൽ മുതലായ ലിംഗലൈംഗിക വ്യക്തിത്വങ്ങളുവകാശപ്പെടുന്നവർ ലേഖകരോ വിഷയമോ ആയി നേരിട്ട് കടന്ന് വന്നിട്ടില്ല എന്നിരിയ്ക്കിലും, ഈ ലക്കം ആ ആശയങ്ങളെക്കൂടി ചേർത്ത് നിർത്താൻ പരിശ്രമിച്ചിരുന്നു എന്ന് പ്രസ്താവിയ്ക്കുകയാണ്. പലവിധ അനിശ്ചിതത്വങ്ങളാൽ ലേഖനങ്ങൾ യഥാസമയം നൽകാൻ സാധിക്കാതെ പോയവരെയും നന്ദിയോടെ ഓർക്കുകയും വരും ലക്കങ്ങളിൽ അവ ചേർക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു. എല്ലാ ലേഖകർക്കും പ്രത്യേകിച്ച്, പത്രാധിപ ഡോ. ഷീബ, അജിതേച്ചി, സംഘടിതയുടെ മറ്റ് പ്രവർത്തകർ എന്നിവർക്കും വ്യക്തിപരമായി നന്ദി പറഞ്ഞ് കൊണ്ട് ഈ ലേഖനങ്ങൾ വായനയ്ക്കായി സമർപ്പിക്കുന്നു.

ചർച്ചാവിഷയം

# അദൃശ്യമാക്കപ്പെടുന്ന ഡിസേബിൾഡ് പെൺ/ക്വീർ ഉടലുകൾ




**ശാരദാ ദേവി വി.**
ഇംഗ്ലീഷ് പി. എച്ച്. ഡി ഗവേഷക
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്
കേരള സർവകലാശാല





Source: Mad in Asia Pacific

പ്രശസ്ത ഡിസേബിൾഡ് സ്ത്രീവാദ പണ്ഡിതയായ സൂസൻ വെണ്ടെല്ലിന്റെ അഭിപ്രായത്തിൽ ഡിസേബിൾഡ് വ്യക്തികൾക്ക് ശരീരത്തെക്കുറിച്ചുള്ള സാംസ്കാരിക ആശയങ്ങളെ മറികടക്കാൻ കഴിയും. നോൺ-ഡിസേബിൾഡ് വ്യക്തികൾക്ക് 'നോർമൽ' ആകാനും സന്തോഷകരമായ ജീവിതം നയിക്കാനും ചെയ്യേണ്ടി വരുന്ന കാര്യങ്ങൾ ഡിസേബിൾഡ് വ്യക്തികൾക്ക് ചെയ്യേണ്ടതില്ല. ഡിസേബിൾഡ് വ്യക്തികളെ കേൾക്കാൻ സമൂഹം തയാറായാൽ അത് വഴി മനുഷ്യ ശരീരത്തെയും മനസിനെയും സംബന്ധിക്കുന്ന അറിവിന്റെ ഒരു വിസ്ഫോടനം തന്നെ സംഭവിക്കും എന്നാണ് വെണ്ടെൽ പറയുന്നത്.


ഈ ലേഖനത്തിൽ ഞാൻ ഉപയോഗിക്കുന്ന 'ഡിസബിലിറ്റി,' 'ഡിസേബിൾഡ്,' 'ഡിസബിലിറ്റിയുള്ള/ഡിസബിലിറ്റികളുള്ള വ്യക്തി/വ്യക്തികൾ' തു

ടങ്ങിയ പദപ്രയോഗങ്ങളെക്കുറിച്ചു എഴുതേണ്ടത് ആവശ്യമാണെന്ന് തോന്നുന്നു. കാരണം ഇവ പലരും തെറ്റായിട്ടാണ് മനസ്സിലാക്കിയിരിക്കുന്നത്. വൈകല്യവും ഡിസബിലിറ്റിയും ഒന്നാണെന്നാണ് പൊതുബോധം. വൈകല്യം എല്ലാവർക്കും അറിയാവുന്നതുപോലെ ശാരീരിക/മാനസിക/ബൗദ്ധിക വ്യത്യാസങ്ങളെയാണ് സൂചിപ്പിക്കുന്നത്. അത് ഒരു മെഡിക്കൽ ആശയമാണ്. എന്നാൽ ഡിസബിലിറ്റി എന്നത് ഒരു സാമൂഹികാശയമാണ്. ജൻഡർ സമൂഹസൃഷ്ടിയാകുന്നത് പോലെ ഡിസബിലിറ്റിയും ഉണ്ടാകുന്നത് സമൂഹത്തിന്റെ ഇടപെടലിലൂടെയാണ്. വൈകല്യമുള്ള ഒരു വ്യക്തിക്ക് മുഖ്യധാരാസമൂഹത്തിൽ ജീവിക്കുവാൻ സഹായിക്കുന്ന തരത്തിലുള്ള സൗകര്യങ്ങളും സാഹചര്യങ്ങളും ലഭ്യമാകാതെ വരുമ്പോഴാണ് ആ വ്യക്തി ഡിസേബിൾഡ് ആയിത്തീരുന്നത്. അതായതു വൈകല്യമുള്ളൊരാൾ ഡിസേബിൾഡ് ആകുന്നതിൽ സമൂഹത്തിന്റെ പങ്കു വളരെ വലുതാണ്. ഞാൻ ഒരു ഡിസേബിൾഡ് വ്യക്തിയാണ് എന്നോ ഡിസബിലിറ്റിയുള്ള വ്യക്തിയാണ് എന്നോ പറയുന്നത് കൊണ്ട് ഞാൻ അറിയിക്കാൻ ശ്രമിക്കുന്നത് സമൂഹത്തിന്റെ ഈ പങ്കിനെക്കുറിച്ചാണ്. അത് വഴി സമൂഹം ഇതിനെക്കുറിച്ച് മാറി ചിന്തിക്കാനും ഡിസേബിൾഡ് സൗഹൃദമായി പ്രവർത്തിക്കാനും ഇട വന്നേക്കാം എന്നാണ് എന്റെ പ്രതീക്ഷ. ഭിന്നശേഷിക്കാർ, ദിവ്യാംഗർ, 'സ്പെഷ്യലി ഏബിൾഡ്' എന്നിങ്ങനെയുള്ള കർണമധുരം പോലെ തോന്നുന്ന പദപ്രയോഗങ്ങൾ യുഫെമിസം (euphemism) മാത്രമാണ്. അവ ഡിസബിലിറ്റികളുള്ള വ്യക്തികളുടെ ജീവിതയാഥാർഥ്യങ്ങളെ മറച്ചുവെക്കുകയും അവരെ സമൂഹത്തിൽ നിന്ന് കൂടുതൽ വേർതിരിക്കുകയും ആണ് ചെയ്യുന്നത്. അവയൊന്നും തന്നെ രാഷ്ട്രീയമായി ശരിയായ വാക്കുകളല്ല. അതിനാൽ അത്തരം വാക്കുകൾ ഈ ലേഖനത്തിൽ ഉപയോഗിക്കുന്നില്ല.

ഡിസബിലിറ്റി പലപ്പോഴും ഒരു സ്ത്രീവാദ പ്രശ്നമായി വിശേഷിപ്പിക്കപ്പെടാറുണ്ട്. പ്രാചീന കാലം മുതൽ സ്ത്രീകളെ ഡിസേബിൾഡ് വ്യക്തികളുമായി താരതമ്യപ്പെടുത്താറുണ്ട്. ഉദാഹരണത്തിന് ഗ്രീക്ക് ചിന്തകൻ അരിസ്റ്റോട്ടിൽ 'അംഗഭംഗം വന്ന പുരുഷന്മാർ' എന്നായിരുന്നു സ്ത്രീകളെ വിശേഷിപ്പിച്ചത്. ഡിസബിലിറ്റി എന്ന അവസ്ഥയെയും സ്ത്രീത്വത്തെയും ബലഹീനത, നിഷ്ക്രിയത്വം, ആശ്രിതത്വം എന്നിവയുമായി ബന്ധപ്പെടുത്തിയാണ് സമൂഹം പലപ്പോഴും വീക്ഷിക്കാറുള്ളത്. വ്യവസ്ഥാപിത പ്രത്യയശാസ്ത്രം അവയെ അപ്രധാനമാക്കുന്നു. പെൺഭ്രൂണഹത്യ, യൂജിനിക്സ് പ്രസ്ഥാനം, വൈകല്യമുള്ള ഭ്രൂണത്തെ നശിപ്പിക്കുക എന്നിവ ചില ഉദാഹരണങ്ങൾ മാത്രം.

എല്ലാ സ്ത്രീകൾക്കും ഒന്നിലധികം സ്വത്വങ്ങളുണ്ട്. ഡിസബിലിറ്റി അതിൽ ഒരു സ്വത്വമാണ്. അത് 'സ്ത്രീ' എന്ന വിഭാഗത്തിന്റെ ഏകീകൃത സ്വഭാവത്തെ തകർക്കുകയും ജൻഡർ എന്ന ആശയത്തെ വെല്ലുവിളിക്കുകയും ചെയ്യുന്നു. ഡിസബിലിറ്റി എന്ന ഇന്റർസെക്ഷൻ സ്ത്രീകൾ തമ്മിലുള്ള അധികാര ബന്ധങ്ങൾ, ശരീരത്തിന്റെ അവസ്ഥ, ഡിസബിലിറ്റികളില്ലാത്തവർ ആസ്വദിക്കുന്ന പ്രത്യേക പ്രിവിലേജുകൾ, സ്വത്വ രാഷ്ട്രീയം എന്നിവയെക്കുറിച്ച് നിരവധി ചോദ്യങ്ങളാണ് ഉയർത്തുന്നത്.

ഡിസബിലിറ്റി സ്റ്റഡീസ് പണ്ഡിതനായ മൈക്ക് ഒലിവർ ഡിസബിലിറ്റി വൈകല്യത്തിൽ നിന്ന് എങ്ങനെ വ്യത്യസ്തമാണ് എന്നതിനെക്കുറിച്ചു എഴുതിയിട്ടുണ്ട്. വൈകല്യം ഒരു മെഡിക്കൽ ആശയമാണെങ്കിൽ ഡിസബിലിറ്റി എന്നത് വൈകല്യമുള്ള ആളുകൾ അഭിമുഖീകരിക്കുന്ന സാമൂഹിക അടിച്ചമർത്തലിനെയാണ് സൂചിപ്പിക്കുന്നത്. ഡിസേബിൾഡ് സ്ത്രീകളും പുരുഷന്മാരും അടിച്ചമർത്തലും വിവേചനവും നേരിടുന്നുണ്ട്. എന്നാൽ ദ്വിലിംഗാധിഷ്ഠിതവും പുരുഷകേന്ദ്രീകൃതവും ഏബ്ളിയിസ്റ്റുമായ ഒരു സമൂഹത്തിൽ, ഡിസേബിൾഡ് സ്ത്രീകളും വ്യത്യസ്ത ലൈംഗിക, ലിംഗ ആഭിമുഖ്യമുള്ള ഡിസേബിൾഡ് വ്യക്തികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വളരെയധികമാണ്.



ഒരു ഡിസബിലിറ്റി സ്റ്റഡീസ് ഗവേഷക ആയപ്പോൾ ആണ് ഞാൻ ഫെമിനിസത്തിലെ ഇന്റർസെക്ഷനുകളെക്കുറിച്ചു കൂടുതൽ മനസിലാക്കുന്നതും ഡിസബിലിറ്റി ഇന്റർസെക്ഷനെക്കുറിച്ചു പഠിക്കുന്നതും. സ്ത്രീവാദ പ്രസ്ഥാനത്തിന്റെ രണ്ടാം തരംഗത്തിൽ ഉയർന്നു വന്ന 'പേർസണൽ ഈസ് പൊളിറ്റിക്കൽ' എന്ന മുദ്രാവാക്യം ഡിസബിലിറ്റി ഫെമിനിസത്തെ സ്വാധീനിച്ചിട്ടുണ്ട്. 1980 കളിൽ ആണ് ഈ ഇന്റർസെക്ഷൻ രൂപപ്പെടുന്നത്. അതു വരെ സ്ത്രീ പ്രസ്ഥാനങ്ങളിലോ ഡിസബിലിറ്റി അവകാശ സമരങ്ങളിലോ ഡിസബിലിറ്റികളുള്ള സ്ത്രീകളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. ഡിസേബിൾഡ് ഫെമിനിസ്റ്റുകളുടെ അഭിപ്രായത്തിൽ, ജൻഡറിനെ പോലെ ഡിസബിലിറ്റിയും ഒരു സമൂഹസൃഷ്ടിയാണ്. അപ്രാപ്യമാക്കപ്പെടുന്ന ചുറ്റുപാടുകൾ, പല തരത്തിലുള്ള വിവേചനം എന്നിങ്ങനെയുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നത് ഡിസബിലിറ്റിയുള്ള വ്യക്തികൾക്ക് സമൂഹത്തിൽ തുല്യത കൈവരിക്കുന്നതിനു സഹായകമാകും. ഡിസബിലിറ്റിയുടെ അനുഭവം ഓരോ ഡിസേബിൾഡ് വ്യക്തിക്കും വ്യത്യസ്തമായിരിക്കും. ജൻഡർ ഉൾപ്പെടെ പല ഘടകങ്ങൾ കൂടി ചേർന്നാണ് ഒരു ഡിസേബിൾഡ് വ്യക്തിയുടെ അനുഭവങ്ങൾ രൂപപ്പെടുത്തുന്നത്. ഡിസബിലിറ്റികൾ ഉള്ള സ്ത്രീകൾക്ക് ഡിസബിലിറ്റി അടിസ്ഥാനമാക്കിയുള്ള വിവേചനങ്ങളും ലിംഗവിവേചനങ്ങളും ഒരുമിച്ചു നേരിടേണ്ടി വരുന്നുണ്ട്.

മുഖ്യധാരാ സ്ത്രീവാദത്തിന്റെ ചരിത്രത്തിലൂടെ കടന്നു പോകുമ്പോൾ ഒരു കാര്യം ബോധ്യമാകും. കൂടുതലും ഡിസബിലിറ്റികൾ ഇല്ലാത്ത സ്ത്രീകളുടെ പ്രശ്നങ്ങളിൽ ആണ് മുഖ്യധാരാ സ്ത്രീവാദപ്രവർത്തകർ ശ്രദ്ധ കേന്ദ്രീകരിച്ചതെന്നു മനസിലാക്കാൻ സാധിക്കും. ലോകത്തിന്റെ പല ഭാഗങ്ങളിൽ ഉള്ള സ്ത്രീപഠനകേന്ദ്രങ്ങൾ ഡിസേബിൾഡ് അല്ലാത്ത സ്ത്രീകളുടെ കാഴ്ചപ്പാടിന് മുൻതൂക്കം കൊടുക്കുന്ന പ്രവണത പലപ്പോഴും കാണിക്കുന്നുണ്ട്. പുരുഷകേന്ദ്രീകൃതവും ഏബ്ളിയിസ്റ്റും ആയ ഒരു സമൂഹത്തിൽ ഡിസബിലിറ്റികൾ ഉള്ള സ്ത്രീകളുടെ വ്യത്യസ്ത അനുഭവങ്ങളെ അവ അർഹിക്കുന്ന രീതിയിൽ പരിഗണിച്ചു പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ തേടുന്നതിൽ മുഖ്യധാരാ സ്ത്രീവാദികൾ പലപ്പോഴും പരാജയപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഇത് ഒരു തരം സാമൂഹിക അദൃശ്യതയായിട്ട് ആണ് ഞാൻ ഉൾപ്പെടെ പല ഡിസേബിൾഡ് സ്ത്രീവാദികളും വിലയിരുത്തുന്നത്. അത് കൊണ്ടാണ് ഞങ്ങൾക്ക് പലപ്പോഴും മുഖ്യധാരയിൽ ഉള്ള സ്ത്രീവാദപ്രവർത്തനങ്ങളെ ഞങ്ങളുടെ ജീവിതങ്ങളുമായി ബന്ധിപ്പിച്ചു മനസിലാക്കാൻ സാധിക്കാത്തത്.

ഇന്റർസെക്ഷണൽ സ്ത്രീവാദ ചർച്ചകളിൽ പലപ്പോഴും ഡിസേബിൾഡ് സ്ത്രീകൾ അദൃശ്യരാണ്. ബാക്കി പല ഇന്റർസെക്ഷനുകളും ചർച്ച ചെയ്യപ്പെടുമ്പോൾ ഡിസബിലിറ്റി എന്ന തുല്യപ്രാധാന്യമുള്ള ഇന്റർസെക്ഷൻ അവഗണിക്കപ്പെടുന്നു. അത് സ്ത്രീവാദത്തിന്റെ പരാജയം തന്നെയാണ്. പ്രശസ്ത ഇന്ത്യൻ ഡിസേബിൾഡ് സ്ത്രീവാദിയും പണ്ഡിതയുമായ ഡോ. അനിതാ ഘായുടെ അഭി




പ്രായത്തിൽ ഇന്ത്യയിലെ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളിലെ ഡിസബിലിറ്റി ഇന്റർസെക്ഷന്റെ അദൃശ്യതയെക്കുറിച്ച് തന്റെ ചിന്തകൾ എഴുത്തിലൂടെ പങ്കു വെച്ച സ്ത്രീപക്ഷ ചിന്തകയാണ് നിവേദിത മേനോൻ. സ്ത്രീവാദപ്രസ്ഥാനത്തിലെ ഡിസബിലിറ്റിയുടെ അദൃശ്യതയെ പുരുഷാധിപത്യ വ്യവസ്ഥിതിയുള്ള സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന അദൃശ്യതയുമായി താരതമ്യപ്പെടുത്താൻ കഴിയും എന്നാണ് നിവേദിതാ മേനോൻ നിരീക്ഷിക്കുന്നത്. ഇന്ത്യൻ സ്ത്രീവാദപ്രസ്ഥാനത്തിനെ സംബന്ധിച്ച് ശ്രദ്ധ കൊടുക്കേണ്ടതായ വളരെയധികം പ്രശ്നങ്ങളുണ്ട്. എന്നാൽ വളരെ കുറച്ച് റിസോഴ്സുകൾ മാത്രം ആണുള്ളത്. തൽഫലമായി അവകാശങ്ങൾ നിഷേധിക്കപ്പെട്ട ഡിസേബിൾഡ് ന്യൂനപക്ഷത്തേക്കാൾ ഡിസബിലിറ്റികൾ ഇല്ലാത്തവരെന്ന ഭൂരിഭാഗത്തിന്റെ ജീവിതങ്ങളിലേക്കാണ്

സ്ത്രീവാദപ്രസ്ഥാനം പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നത്.

ഇന്ത്യയിൽ, ഡിസബിലിറ്റിയോടുള്ള പൊതു സമീപനം ഇപ്പോഴും ദാനധർമ്മങ്ങളിൽ അധിഷ്ഠിതമാണ് എന്ന കാര്യം അനുഭവങ്ങളിലൂടെയും പഠനങ്ങളിലൂടെയും ഞാൻ മനസിലാക്കിയതാണ്. ഡിസബിലിറ്റികളുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഒരു നിയമം തന്നെ നിലവിലുണ്ടെങ്കിലും ഇപ്പോഴും നമ്മുടെ രാജ്യത്തു അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടക്കുന്നില്ല. ഇത് സ്ത്രീവാദപ്രസ്ഥാനങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. ഇന്ത്യ പോലെ പുരുഷാധിപത്യ മൂല്യങ്ങൾ അധികാരം സ്ഥാപിച്ച ഒരു രാജ്യത്തു നോൺ-ഡിസേബിൾഡ് സ്ത്രീകൾ കടന്നു പോകുന്ന വിവേചനങ്ങളും ചൂഷണങ്ങളും അതിക്രമങ്ങളും ചർച്ച ചെയ്യപ്പെടാറുണ്ട്. സമൂഹം പലപ്പോഴും ഡിസബിലിറ്റികൾ ഉള്ള വ്യക്തികളെ ശാരീരികമായി ആകർഷണീയരായി പരിഗണിക്കാറില്ല എന്ന വസ്തുത ജെന്നി മോറിസ് ഉൾപ്പെടെ പല ഡിസേബിൾഡ് ഫെമിനിസ്റ് വക്താക്കളും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സാധാരണയായി അംഗീകരിക്കപ്പെട്ട കാര്യങ്ങളിൽ നിന്നു ഏതെങ്കിലും തരത്തിൽ ഉള്ള വ്യതിയാനം കാണിക്കുന്നവയെ മാറ്റി നിർത്തുന്ന ഒരു സംസ്കാരത്തിൽ വൈകല്യങ്ങൾ ഉള്ളതിനാൽ ഡിസേബിൾഡ് ആക്കപ്പെടുന്ന ഉടലുകൾ അപൂർണ്ണതയുടെ പ്രതീകങ്ങളായി മാറുന്നു.

പുരുഷാധിപത്യ വ്യവസ്ഥയിൽ സ്ത്രീകൾ ചെയ്യണം എന്നു കല്പിക്കപ്പെട്ടിട്ടുള്ള ചില പ്രവർത്തികളുണ്ട്. വിവാഹം കഴിക്കുക, ഭാര്യയും മരുമകളും അമ്മയും എന്ന നിലകളിൽ ഭർത്താവിന്റെയും ഭർത്താവിന്റെ മാതാപിതാക്കളുടെയും മക്കളുടെയും കാര്യങ്ങൾ ശ്രദ്ധിക്കുക എന്നത് സ്ത്രീകളുടെ ധർമങ്ങൾ ആയിട്ടാണ് പുരുഷകേന്ദ്രീകൃത സമൂഹം കരുതുന്നത്. സുന്ദരമായ ശരീരത്തെക്കുറിച്ചുള്ള മിത്ത് വൈകല്യമുള്ള സ്ത്രീ ശരീരത്തെ സ്ത്രീത്വമില്ലാത്തതായി നിർവചിക്കുന്നു. അത്തരത്തിൽ സ്ത്രീത്വം നിഷേധിക്കപ്പെട്ട വൈകല്യമുള്ള സ്ത്രീശരീരങ്ങൾ ഡിസേബിൾഡ് കൂടി ആയിത്തീരുന്നു. ശാരീരിക രൂപത്തിന്റെ കാര്യത്തിൽ ഒരു ഡിസേബിൾഡ് സ്ത്രീ, പ്രത്യേകിച്ച് വീൽചെയർ ഉപയോക്താവായ ഒരു സ്ത്രീ, സമൂഹം മുന്നോട്ടു വെച്ചിട്ടുള്ള ഒരു 'നോർമൽ' സ്ത്രീയുടെ വാർപ്പച്ചടി രൂപവുമായി പൊരുത്തപ്പെടുന്നില്ലായിരിക്കാം. അതിനാൽ മേൽപ്പറഞ്ഞ പ്രവർത്തികൾ ചെയ്യാൻ പ്രാപ്തർ അല്ല ഡിസേബിൾഡ് സ്ത്രീകൾ എന്ന പൊതുബോധം ഇപ്പോഴും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ഈ പൊതുബോധം തെറ്റായ ഒരു ശരീരസങ്കല്പം സൃഷ്ടിക്കുന്നു. തങ്ങൾക്ക് അപൂർണങ്ങളായ ശരീരങ്ങൾ ആണെന്ന് പല ഡിസേബിൾഡ് സ്ത്രീകളും ചിന്തിക്കും. അത് അവരുടെ ആത്മവിശ്വാസത്തെ സാരമായി ബാധിക്കും. സ്വയം മൂല്യമില്ലാത്തവരെന്നു കരുതി അവർ തങ്ങളുടെ അസ്തിത്വത്തെ തന്നെ ചോദ്യം ചെയ്യുന്ന സ്ഥിതിയിലേക്ക് എത്തിച്ചേരും. അങ്ങനെ സ്ത്രീത്വവും ലൈംഗികതയും നിഷേധിക്കപ്പെടുന്നു. ഡിസബിലിറ്റികൾ ഉള്ള സ്ത്രീകൾക്ക് വീട്ടു




ജോലികൾ ചെയ്യാനും അർത്ഥവത്തായ ലൈംഗികബന്ധം നിലനിർത്താനും കഴിയില്ലെന്നത് തെറ്റായ ധാരണയാണ്. അത്തരം തെറ്റായ ധാരണകൾ പൊളിച്ചെഴുതി തങ്ങളുടേതായ രീതിയിൽ കുടുംബ ജീവിതം നയിക്കുന്ന ഡിസേബിൾഡ് സ്ത്രീകളെ എനിക്ക് അറിയാം. എന്നാൽ അവരുടെ എണ്ണം പരിശോധിച്ചാൽ വളരെ കുറവാണു. വിവാഹവും കുടുംബജീവിതവും മാതൃത്വവും ഒക്കെ ഡിസബിലിറ്റികൾ ഇല്ലാത്ത സ്ത്രീകൾക്ക് തിരഞ്ഞെടുക്കാൻ കഴിയുന്നവയാകുമ്പോൾ ഡിസേബിൾഡ് സ്ത്രീകൾക്ക് അവ തിരഞ്ഞെടുക്കാനുള്ള അവസരങ്ങൾ പോലും നിഷേധിക്കപ്പെടുന്നു.

അലൈംഗികത എന്ന ലൈംഗികമായ അഭിമുഖ്യത്തെ പലപ്പോഴും ഡിസബിലിറ്റിയുമായി സമൂഹം ചേർത്ത് വക്കാറുണ്ട്. അത് വഴി ഡിസേബിൾഡ് വ്യക്തികളെ, പ്രത്യേകിച്ചു ഡിസേബിൾഡ് സ്ത്രീകളെ, അലൈംഗികരായി ചിത്രീകരിക്കുന്നു. പരമ്പരാഗതമായി സ്ത്രീത്വം ശാരീരിക രൂപവുമായും പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ സ്ത്രീകൾ ചെയ്യേണ്ടതെന്ന് കരുതപ്പെടുന്ന കർത്തവ്യങ്ങൾ നിർവഹിക്കുവാൻ ഡിസബിലിറ്റികൾ ഉള്ള സ്ത്രീകൾ പ്രാപ്തർ അല്ലെന്ന മി

ഥ്യാ ധാരണ കാരണം പലപ്പോഴും അവരെ സ്ത്രീകൾ ആയിപ്പോലും പരിഗണിക്കുന്നില്ല.

എഴുത്തുകാരിയായ സീമന്തിനി നിരഞ്ജനയുടെ അഭിപ്രായത്തിൽ ഫെമിനിസ്റ്റ് പഠനങ്ങൾ ശരീരത്തിന് ഊന്നൽ നൽകുന്നത് പ്രതീകാത്മകമായിട്ടാണ്. ശരീരം അപരമായ ഒരു സാമൂഹിക യാഥാർഥ്യത്തെ സൂചിപ്പിക്കുന്ന ഒരു അടയാളം ആകുന്നു. അതിൽ പല സാമൂഹിക അർത്ഥങ്ങളും മറഞ്ഞിരിക്കുന്നുണ്ട്. സമൂഹത്തിന്റെ ഒരു നേർചിത്രമോ അല്ലെങ്കിൽ ഒരു പ്രതിബിംബമോ ആയി ശരീരത്തെ പഠിക്കുന്നു. എന്നാൽ ഇന്ത്യൻ ഫെമിനിസ്റ്റ് പ്രസ്ഥാനം വൈകല്യം ഉള്ള ശരീരത്തെ വിശകലനപരമായ അനന്തരഫലം ഉളവാക്കുന്ന ഒന്നായി പലപ്പോഴും കരുതിയിട്ടില്ല.

ഫെമിനിസത്തിന്റെ രണ്ടാം തരംഗത്തിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് സ്ത്രീകൾക്ക് തങ്ങളുടെ ശരീരങ്ങളിൽ ഉള്ള അവകാശത്തിലാണ് എന്നത് നമുക്ക് അറിയാം. പെൺ ഉടലുകളെ പുരുഷന്റെ voyeuristic നോട്ടത്തിനും ആനന്ദത്തിനും വേണ്ടി വസ്തുവൽക്കരിക്കുന്നതിനെ കാലങ്ങളായി സ്ത്രീപക്ഷ വാദികൾ എതിർക്കുന്നുണ്ട്. നോൺ-ഡിസേബിൾഡ് സ്ത്രീകൾ ലൈംഗികപരമായി വസ്തുവൽക്കരിക്കപ്പെടുമ്പോൾ അലൈംഗികരായിട്ടോ ലൈംഗികത ഇല്ലാത്തവരായിട്ടോ ഒക്കെയാണ് ഡിസേബിൾഡ് സ്ത്രീകൾ വസ്തുവൽക്കരിക്കപ്പെടുന്നത്. വൈകല്യങ്ങൾ ഉള്ള പെൺശരീരങ്ങളും പല തരത്തിലുള്ള ശാരീരികവും ലൈംഗികവും ആയ ആക്രമണങ്ങൾക്ക് വിധേയമാക്കപ്പെട്ടു ഡിസേബിൾഡ് ആകുന്നു എന്ന് പല പഠനങ്ങളും വെളിപ്പെടുത്തുന്നുണ്ട്.

അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനയായ ഹ്യൂമൻ റൈറ്റ്സ് വാച്ച് ഇന്ത്യയിൽ നടത്തിയ ഒരു പഠനം അനുസരിച്ചു ഡിസേബിൾഡ് സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുകയോ ശാരീരികമായി പീഡിപ്പിക്കപ്പെടുകയോ ലൈംഗികമായി ആക്രമിക്കപ്പെടുകയോ ചെയ്യാനുള്ള സാധ്യത മൂന്നിരട്ടിയാണ്. മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്ത കേസുകൾ ചില ഉദാഹരണങ്ങൾ മാത്രം. കേരളത്തിൽ കുറച്ചു നാളുകൾക്കു മുമ്പാണ് ബുദ്ധിപരമായി വെല്ലുവിളികൾ ഉള്ള പ്രായപൂർത്തി ആകാത്ത ഒരു പെൺകുട്ടിയെ പലർ ചേർന്ന് ചൂഷണം ചെയ്യുകയും ആ പെൺകുട്ടി ഗർഭിണിയാകുകയും തുടർന്ന് പോലീസ് പോക്സോ കേസ് എടുക്കുകയും ചെയ്തത്. ഈ വർഷം മലപ്പുറത്ത് കിടപ്പിലായ അമ്മയുടെ മുമ്പിൽ വെച്ചാണ് ശാരീരികവും മാനസികവും ആയ ബുദ്ധിമുട്ടുകൾ ഉള്ള മകൾ പീഡിപ്പിക്കപ്പെട്ടത്. ഡൽഹിയിൽ മെയ് മാസം അവസാനം ബസ് യാത്രക്കിടയിൽ വഴി തെറ്റി നിന്ന കാഴ്ചയില്ലാത്ത സ്ത്രീയെ വഴി കാണിച്ചു സഹായിക്കാം എന്ന വ്യാജേന ഒരിടത്തേക്ക് കൊണ്ടുപോയി ഒരാൾ പീഡിപ്പിക്കുകയും തുടർന്ന് അറസ്റ്റിലാവുകയും ചെയ്തു. മുകളിൽ സൂചിപ്പിച്ചതു ചില ഉദാഹരണങ്ങൾ മാത്രം. റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്ത അതിക്രമങ്ങൾ നിരവധി ഉണ്ടാകും. നോൺ-ഡിസേബിൾഡ് സ്ത്രീകൾക്ക് തങ്ങളുടെ ശരീരങ്ങളുടെ അവകാശം സ്ഥാപിക്കാൻ ഒരു പരിധി വരെയെങ്കിലും കഴിയുമ്പോൾ ഡിസേബിൾഡ് സ്ത്രീകൾക്ക് അത് ഒട്ടും എളുപ്പമല്ല. തങ്ങളുടെ ശരീരങ്ങളെ സംബന്ധിക്കുന്ന വിഷയങ്ങളിൽ തീരുമാനങ്ങൾ എടുക്കാൻ ഉള്ള അവസരങ്ങൾ ഡിസേബിൾഡ് സ്ത്രീകൾക്ക് പലപ്പോഴും കിട്ടുന്നില്ല. ഡിസേബിൾഡ് പെൺ ഉടലുകളിലേക്കുള്ള കടന്നുകയറ്റങ്ങൾ തടയാൻ നിലവിൽ രാജ്യത്തുള്ള നിയമ സംവിധാനങ്ങൾ പലപ്പോഴും അപര്യാപ്ത



ങ്ങൾ ആയിത്തീരുന്നു.

ഡിസേബിൾഡ് സ്ത്രീകൾക്ക് ലൈംഗിക, പ്രത്യുൽപാദന അവകാശങ്ങൾ പലപ്പോഴും നിഷേധിക്കപ്പെടുന്നു. അവയുമായി ബന്ധപ്പെട്ട വിവരങ്ങൾ പലപ്പോഴും ഡിസേബിൾഡ് സ്ത്രീകൾക്ക് ലഭ്യമല്ല. വിവാഹം, മാതൃത്വം തുടങ്ങിയ കാര്യങ്ങളിൽ സ്വന്തമായി തീരുമാനങ്ങളെടുക്കാൻ പലപ്പോഴും അവർക്കു കഴിയുന്നില്ല. ഈയടുത്തു നടന്ന ഉത്രയുടെയും ഹേനയുടെയും കൊലപാതകങ്ങൾ പരിശോധിച്ചാൽ 'കുറവുകൾ' ഉള്ള സ്ത്രീകളെ വിവാഹം കഴിക്കുന്നതിന് നഷ്ടപരിഹാരം എന്ന പോലെ സ്ത്രീധനം ആവശ്യപ്പെടുന്ന രീതി ഇപ്പോഴും നിലവിൽ ഉണ്ട് എന്നു ബോധ്യപ്പെടും.






ഞാൻ പലപ്പോഴും എഴുതാറും സംസാരിക്കാറുമുള്ള ഒരു വിഷയമാണ് അക്സിസിബിലിറ്റി. ഡിസബിലിറ്റിയുടെ തരം അനുസരിച്ച് ആവശ്യമുള്ള അക്സിസിബിലിറ്റിയിലും വ്യത്യാസങ്ങൾ വരും. ബധിരയായ സ്ത്രീകൾക്കും കാഴ്ചയില്ലാത്ത സ്ത്രീകൾക്കും പലപ്പോഴും പ്രധാനപ്പെട്ട വിവരങ്ങൾ ലഭ്യമാകാത്തതിന് കാരണം അക്സിസിബിൾ ആയ സൗകര്യങ്ങൾ ഇല്ലാത്തതാണ്. എന്നെപ്പോലെ വീൽചെയർ ഉപയോക്താക്കളായ സ്ത്രീകൾക്ക് പ്രധാനമായി ആവശ്യം റാമ്പ്, ലിഫ്റ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങളാണ്. ഇത്തരം സൗകര്യങ്ങളുടെ അഭാവം ശരീരത്തിന്റെ അധികാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അത് എങ്ങനെ എന്ന് ഒരു സംഭവത്തിലൂടെ വിശദമാക്കാം.

ഇന്ത്യയിൽ ഡിസബിലിറ്റി അവകാശങ്ങൾക്കു

**ഹെറ്ററോ സെക്ഷ്വൽ ഭൂരിപക്ഷം ആയ സമൂഹത്തിൽ നോൺ – ഡിസേബിൾഡ് സ്ത്രീകൾക്ക് തങ്ങളുടെ ജൻഡറും സെക്ഷ്വാലിറ്റിയും പ്രകടിപ്പിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ എത്രത്തോളമെന്നു നമുക്ക് അറിയാം. പ്രത്യേകിച്ച് LGBTIQA+ ആഭിമുഖ്യങ്ങൾ ഉള്ളവർ നേരിടുന്ന ആക്ഷേപങ്ങളും അതിക്രമങ്ങളും. അങ്ങനെ ഉള്ളപ്പോൾ ഏബ്ലിയിസം കൂടി പ്രകടിപ്പിക്കുന്ന ഈ സമൂഹത്തിൽ അലൈംഗികരെന്നു കരുതപ്പെടുന്ന ഡിസേബിൾഡ് സ്ത്രീകളുടെ, വിശേഷിച്ചു LGBTIQA+ വിഭാഗങ്ങളിൽ ഉള്ളവരുടെ, അവസ്ഥ ഊഹിക്കാവുന്നതേയുള്ളു. 'Margarita with a Straw' എന്ന സിനിമ ചിലരെ പ്രകോപിപ്പിക്കുകയും അസ്വസ്ഥരാക്കുകയും ചെയ്തതിൽ അദ്ഭുതപ്പെടാനില്ല. സമൂഹവും ഫെമിനിസ്റ്റ് പ്രസ്ഥാനവും ശ്രദ്ധ നൽകി പരിഹാരങ്ങൾ തേടേണ്ടതായി ഇത്തരത്തിൽ ഡിസേബിൾഡ് പെൺ/ക്വീർ ഉടലുകൾ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്.**



വേണ്ടി പ്രവർത്തിക്കുന്നവരിൽ ഒരാൾ ആണ് വീൽ ചെയർ ഉപയോക്താവായ വിരാലി മോഡി. 2017ൽ വിരാലി #MyTrainToo എന്ന ഒരു ക്യാമ്പയിൻ തുടങ്ങി. ട്രെയിനുകൾ വീൽചെയർ സൗഹൃദപരമാക്കിമാറ്റുകയായിരുന്നു ഉദ്ദേശ്യം. ഈ ക്യാമ്പയിനിന്നതേയുള്ളു. 'Margarita with a Straw' എന്ന സിനിമ ചിലരെ പ്രകോപിപ്പിക്കുകയും അസ്വസ്ഥരാക്കുകയും ചെയ്തതിൽ അദ്ഭുതപ്പെടാനില്ല. സമൂഹവും ഫെമിനിസ്റ്റ് പ്രസ്ഥാനവും ശ്രദ്ധ നൽകി പരിഹാരങ്ങൾ തേടേണ്ടതായി ഇത്തരത്തിൽ ഡി


Margarita With a Straw (2014)

ന് പ്രചോദനമായതു വിരാലിക്കു മൂന്ന് വ്യത്യസ്ത സന്ദർഭങ്ങളിലുണ്ടായ ദുരനുഭവങ്ങൾ ആയിരുന്നു. ട്രെയിനുകൾ വീൽചെയർ സൗഹൃദപരമല്ലാത്തതിനാൽ പോർട്ടർമാർ വീൽചെയർ സഹിതം ട്രെയിനിലേക്ക് കയറ്റുന്നതിനിടയിൽ വിരാലിയുടെ ശരീരത്തിന്റെ പല ഭാഗങ്ങളിലും അനാവശ്യമായി സ്പർശിച്ചു. അപ്പോൾ വിരാലിക്കുണ്ടായ മാനസിക ട്രോമയായിരുന്നു പിന്നീട് ആ ക്യാമ്പയിനിലേക്കു അവളെ എത്തിച്ചത്. വീൽചെയർ സൗഹൃദമല്ലാത്ത ഇടങ്ങളിൽ ചെല്ലുമ്പോൾ മറ്റുള്ളവരുടെ സഹായങ്ങൾ തേടേണ്ടി വരുന്ന ഡിസേബിൾഡ് സ്ത്രീകളും ഇത്തരം ചൂഷണങ്ങൾക്ക് വിധേയരാകാനുള്ള സാദ്ധ്യതകൾ തള്ളിക്കളയാൻ ആകില്ല.

ഹെറ്ററോ സെക്ഷ്വൽ ഭൂരിപക്ഷം ആയ സമൂഹത്തിൽ നോൺ-ഡിസേബിൾഡ് സ്ത്രീകൾക്ക് തങ്ങളുടെ ജൻഡറും സെക്ഷ്വാലിറ്റിയും പ്രകടിപ്പിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ എത്രത്തോളമെന്നു നമുക്ക് അറിയാം. പ്രത്യേകിച്ച് LGBTIQA+ ആഭിമുഖ്യങ്ങൾ ഉള്ളവർ നേരിടുന്ന ആക്ഷേപങ്ങളും അതിക്രമങ്ങളും. അങ്ങനെ ഉള്ളപ്പോൾ ഏബ്ളിയിസം കൂടി പ്രകടിപ്പിക്കുന്ന ഈ സമൂഹത്തിൽ അലൈംഗികരെന്നു കരുതപ്പെടുന്ന ഡിസേബിൾഡ് സ്ത്രീകളുടെ, വിശേഷിച്ചു LGBTIQA+ വിഭാഗങ്ങളിൽ ഉള്ളവരുടെ, അവസ്ഥ ഊഹിക്കാവുസേബിൾഡ് പെൺ/ക്വീർ ഉടലുകൾ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

സംഘടിതയുടെ ജൂലൈ ലക്കത്തിന് വേണ്ടി തന്നെ ഈ വിഷയത്തിൽ എഴുതാൻ സാധിച്ചതിൽ സന്തോഷമുണ്ട്. കാരണം 1990ൽ Americans with Disabilities Act രൂപീകരിച്ചതിന്റെ സ്മരണാർത്ഥം കഴിഞ്ഞ കുറച്ചു വർഷങ്ങളായി ജൂലൈ മാസം ഡിസബിലിറ്റി പ്രൈഡ് മാസമായി ആചരിക്കുന്നുണ്ട്. ഇവിടെ ഇന്ത്യയിലും ദേശഭേദമില്ലാതെ ജൂലൈ ഞാനുൾപ്പെടെ പല ഡിസേബിൾഡ് വ്യക്തികളും ഡിസബിലിറ്റി പ്രൈഡ് മാസമായി ആചരിക്കുന്നുണ്ട്. കാരണം അന്താരാഷ്ട്ര തലത്തിൽ ഡിസബിലിറ്റി അവകാശപ്പോരാട്ടങ്ങളുടെ ചരിത്രത്തിലെ ഒരു പ്രധാന വഴിത്തിരിവായിരുന്നു Americans with Disabilities Act (ADA).

ചർച്ചാവിഷയം




**ജയിൻസി ജോൺ**
ഗവേഷക വിദ്യാർത്ഥിനി
ഇംഗ്ലീഷ് ആന്റ് കംപാരറ്റീവ് ലിറ്ററേച്ചർ
സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള

# ഉടലിന്റെ രാഷ്ട്രീയം- ദളിത് സ്ത്രീപക്ഷ വായനകൾ



മീനാ കന്തസാമിയുടെ "Becoming a Brahmin" എന്ന കവിതയിൽ, ശൂദ്രനെ ബ്രാഹ്മണനാക്കുന്നതിനുള്ള അൽഗോരിതത്തെ കുറിച്ച് വളരെ സറ്റയറിക്കലായി പറയുന്നുണ്ട്. സുന്ദരിയായ ഒരു ശൂദ്രസ്ത്രീയെ ഒരു ബ്രാഹ്മണനുമായി വിവാഹം കഴിപ്പിക്കുക, അയാളുടെ പെൺകുട്ടിയെ അവൾ പ്രസവിച്ചാൽ, ആ കുട്ടിയെ വീണ്ടും ഒരു ബ്രാഹ്മണനുമായി വിവാഹം കഴിപ്പിക്കുക, ഈ പ്രക്രിയ മൂന്നോ നാലോ ആറു തവണകളായി തുടരുക, അവസാന പ്രൊഡക്ട് ഒരു ബ്രാഹ്മണൻ ആകുന്നു. ഈ അൽഗോരിതത്തെ പിന്തുണച്ചത് രാഷ്ട്രപിതാവായിരുന്നു എന്നും, കവയത്രി പറയുന്നു. എന്നാല്, ഒരു പറയനെ ബ്രാഹ്മണൻ ആക്കുന്നതിനുള്ള അൽഗോരിതത്തിനായി മറ്റൊരു രാഷ്ട്രപിതാവിനെ തന്നെ കാത്തിരിക്കുകയാണെന്നും, മനഃപൂർവമല്ലാത്ത കാലതാമസത്തിന് ക്ഷമാപണം എന്നും പറഞ്ഞ്, കവിത അവസാനിക്കുന്നു. മൂർച്ചയുള്ള ഈ കവിത, ജാതി വ്യവസ്ഥയുടെ നട്ടെല്ലായി സ്വന്തം ജാതിക്കുള്ളിൽ നിന്നു മാത്രമുള്ള വിവാഹം എങ്ങനെ നിലനിൽക്കുന്നു എന്നും, ജാതി ശുദ്ധിയിൽ, സ്ത്രീയുടെ ശരീരം എങ്ങനെ ഉപയോഗിക്കപ്പെടുന്നു എന്നും കൃത്യമായി പറഞ്ഞു വെക്കുന്നുണ്ട്. ജാതി ശുദ്ധി കൈവരിക്കാനുള്ള ഒരു അൽഗോരിതത്തിലും ഉൾപ്പെടാൻ പോലും സാധ്യതയില്ലാത്ത അത്രയ്ക്കും മലിനമായ,


മീനാ കന്തസാമി

ദേശരാഷ്ട്രത്തിന്റെ സമീപഭാവിയിലെങ്ങും ദൃശ്യമാകാത്ത ദളിത് സ്ത്രീ ശരീരങ്ങളുടെ രാഷ്ട്രീയം പറയേണ്ടതവശ്യമായിത്തീരുന്നതും ഇവിടെയാണ്.

സ്ത്രീപക്ഷ സിദ്ധാന്തങ്ങളുടെ ആരംഭകാലങ്ങളിൽ, സ്ത്രീയുടെ ശരീരവും, സാമൂഹ്യാവസ്ഥകളും വിചാരവ്യവസ്ഥയും തമ്മിലുള്ള ബന്ധത്തെ പൂർണമായും നിരാകരിക്കുന്ന നിലപാടുകളാണുണ്ടായിരുന്നത്. ഭൗതികമായതും ബൗദ്ധികമായതും എന്ന ദ്വന്ദവൽക്കരണവും അതോടൊപ്പം, സ്ത്രീകൾ ശരീരം കൊണ്ട് മാത്രം നിർവചിക്കപ്പെടേണ്ടവരും ബൗദ്ധികവും യുക്തിപരവുമായ യാതൊരു പ്രവർത്തനങ്ങൾക്കും പ്രാപ്തിയില്ലാത്തവരുമാണ് തുടങ്ങിയ, അന്നു നിലനിന്നിരുന്ന വിശ്വാസങ്ങളെ ചോദ്യം ചെയ്യുന്നതിന്റെ ഭാഗമായായിരുന്നു ഫെമിനിസ്റ്റ് ചിന്താധാര യുടെ ഇത്തരത്തിലുള്ള പ്രാരംഭ ഇടപെടലുകൾ. പിന്നീട്, സ്ത്രീസ്വത്വം നിർമ്മിക്കപ്പെടുന്നതിൽ ശരീരത്തിനുള്ള പങ്ക് അടിവരയിട്ടു കൊണ്ടും ലൈംഗികത, മാതൃത്വം, പ്രത്യുൽപാദനം തുടങ്ങി സ്ത്രീയുടെ ശരീരസംബന്ധമായ അവകാശങ്ങളെയും സങ്കീർണതകളെയും അടിവരയിട്ടു കൊണ്ടുമാണ് സ്ത്രീപക്ഷവാദം മുന്നോട്ടു പോയത്.

പാർശ്വവൽകൃതസമൂഹങ്ങളിലെ സ്ത്രീകളുടെ കാര്യത്തിൽ, അത് കറുത്ത വർഗക്കാരായവരോ ദളിതരോ ആദിവാസികളോ ആകട്ടെ, ശരീരം എന്നത് കുറേക്കൂടി സങ്കീർണവും പ്രാധാന്യമർഹിക്കുന്നതുമായിത്തീരുന്നു. ഒരു ദളിത് സ്ത്രീയെ സംബന്ധിച്ചിടത്തോളം, ശരീരം, സാമൂഹികവും ചരിത്രപരവും രാഷ്ട്രീയവുമായ നിലനിൽപിന്റെ അടിസ്ഥാനഘടകവും നിർണായകവുമാണ്. ജാതികേന്ദ്രീകൃതമായ ഇന്ത്യൻ സാമൂഹ്യ വ്യവസ്ഥിതിയിൽ ദളിത് ശരീരം എന്നത് ചൂഷണങ്ങളുടെയും അവഹേളനങ്ങളുടെയും മാറ്റിനിർത്തലിന്റെയും ചരിത്രം കൊണ്ടും സമകാലിക യാഥാർത്ഥ്യം കൊണ്ടും നിർവഹിക്കപ്പെടുന്ന ഒന്നാണല്ലോ. അതിൽ തന്നെ, ദളിത് സ്ത്രീയുടെ ശരീരം നിരന്തരമായ ജാതി വൈരാഗ്യത്തിനും ആക്രമണത്തിനും വിധേയമാക്കപ്പെട്ടു കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ, പാശ്ചാത്യ സ്ത്രീപക്ഷവിചാരത്തിന്റെ ഒരു പുനർവായനയായി കൂടി ദളിത് സ്ത്രീയുടെ ശരീരരാഷ്ട്രീയത്തെ കാണേണ്ടതുണ്ട്. ദളിത് സ്ത്രീപക്ഷ വായനകളിൽ ശരീരവും അതിന്റെ രാഷ്ട്രീയവും എത്രത്തോളം പ്രധാനമാണെന്ന് വിലയിരുത്താനാണ് ഈ ലേഖനത്തിൽ ശ്രമിക്കുന്നത്.

ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിലുള്ള അടിച്ചമർത്തൽ സ്ഥലകാലവ്യത്യാസമില്ലാതെ നിലനിന്നു പോരുന്ന ഒന്നാണെങ്കിലും, ഈ വിവേചനത്തിന്റെ സ്വഭാവവും രീതിയുമെല്ലാം, ഏതു സാമൂഹ്യ പശ്ചാത്തലത്തിലാണോ സാംസ്കാരിക ഇടത്തിലാണോ സ്ത്രീകൾ അല്ലെങ്കിൽ മറ്റു ലിംഗന്യൂനപക്ഷങ്ങൾ ഉൾപ്പെട്ടിരിക്കുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും. ജാതി, വർഗം, വംശം തുടങ്ങിയ ഘടകങ്ങൾ നിർണായകമായി തീരുന്നത് ഇവിടെയാണ്. വെളുത്ത വർഗക്കാരിയുടെയും ആഫ്രോ-അമേരിക്കൻ സ്ത്രീയുടെയും പുലയ സ്ത്രീയുടെയും പണിയ സ്ത്രീയുടെയും അനുഭവങ്ങളും അവർ നേരിടുന്ന വിവേചനവും, വ്യത്യസ്തവും ഓരോന്നും പ്രത്യേക വിധത്തിലുള്ള വിശകലനം ആവശ്യപ്പെടുന്നതുമാണ്. ഇതിൽ തന്നെ, ശാരീരികമായ പ്രത്യേകതകൾ വംശീയ അധിക്ഷേപങ്ങൾ



ക്ക് കാരണമായിത്തീരുന്നതും, അടിമത്തത്തിനും ലൈംഗിക അതിക്രമങ്ങൾക്കും കാരണമായി ശാരീരിക അദ്ധ്വാനത്തിന്റെയും ലൈംഗികതയുടെയും അടയാളങ്ങളായി അടിമശരീരങ്ങളെ പരിഗണിക്കുന്നതുമെല്ലാം വിമർശനവിധേയമായി തീരുന്നു. സ്ത്രീശരീരം രാഷ്ട്രീയത്തിന്റെ വിശാലമായ സാദ്ധ്യതകൾ ഇന്ത്യൻ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിലും, ശക്തമായ സാന്നിധ്യം അറിയിച്ചിട്ടുണ്ട്. എന്നാൽ, ഇസ് ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകതയെ കുറിച്ചുള്ള ചർച്ചകൾ ഉയർന്നു വന്നത്. ഇത്തരമൊരു ദളിത് സ്ത്രീപക്ഷ വിമർശനം രൂപപ്പെടുത്തിയെടുക്കുന്നതിൽ, ഉമാ ചക്രവർത്തിയുടെ ബ്രാഹ്മിണിക പുരുഷാധിപത്യം എന്ന ആശയം വലിയ പങ്കു വഹിച്ചു. മണ്ഡൽ വിരുദ്ധ പ്രക്ഷോഭങ്ങൾ ഒരേ സമയം ഇന്ത്യൻ പൊതുബോധത്തിന്റെ ജാതീയത തുറന്നു കാട്ടുകയും, സവർണ മേധാവിത്വവും ഏക




ന്ത്യൻ സാമൂഹ്യയാഥാർത്ഥ്യങ്ങളുടെ അടിസ്ഥാന ഘടകമായ ജാതി, ഇത്തരം ചർച്ചകളിൽ ഫലപ്രദമായി കടന്നു വന്നിട്ടുണ്ടോ എന്നത് വിലയിരുത്തേണ്ടതുണ്ട്.

പോസ്റ്റ് മണ്ഡൽ കാലഘട്ടത്തിലായിരുന്നു ഇന്ത്യയിലെ സ്ത്രീപക്ഷ ചിന്തയിൽ ജാതി അഡ്രതാനതയും നിലനിന്നിരുന്ന ഇന്ത്യൻ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ പോരായ്മകൾ വെളിച്ചത്തു കൊണ്ടു വരുകയും ചെയ്തുവെന്നു പറയാം. ജാതി അടിസ്ഥാനത്തിലും ലിംഗഭേദം അടിസ്ഥാനമാക്കിയും ശ്രേണീകരിക്കപ്പെട്ട സാമൂഹ്യ വ്യവസ്ഥിതിയാണ് ഇന്ത്യയിൽ നിലനിൽക്കുന്നതെന്നും ഈ

ബ്രാഹ്മിണിക സാമൂഹ്യക്രമമാണ് സ്ത്രീകളുടെ അടിച്ചമർത്തലിനു കാരണം എന്നും ഉമാ ചക്രവർത്തിയുടെ പഠനം സ്ഥാപിക്കുന്നു. ബ്രാഹ്മിണിക പുരുഷ മേധാവിത്വം പ്രബലപ്പെടുന്നതും പ്രവർത്തിക്കുന്നതും സ്ത്രീശരീരങ്ങളുടെ മേൽ ദൃശ്യവും അദൃശ്യവുമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടാണ്. ഉയർന്ന ജാതിയിൽ പെട്ട സ്ത്രീകളുടെ ലൈംഗികതയെയും പ്രത്യുൽപാദനത്തെയും നിയന്ത്രിക്കുന്നതു വഴി ജാതി ശുദ്ധി നിലനിർത്തുകയും പിതൃകേന്ദ്രീകൃതമായ കുംടുംബവ്യവസ്ഥിതി ഊട്ടിയുറപ്പിക്കപ്പെടുകയും ചെയ്യുന്നു. സ്ത്രീയുടെ ചാരിത്ര്യശുദ്ധി എന്ന നിർമ്മിതിയിലും അതു വഴി ജാതി ശുദ്ധിയിലുമാണ് ബ്രാഹ്മിണിക പുരുഷാധിപത്യം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. ഇന്നും ഇന്ത്യയിൽ നടക്കുന്ന ദുരഭിമാനക്കൊലകളുടെ കാരണവും ഇതു തന്നെയാണ്.

ജാതി ഇല്ലാതാക്കാനുള്ള ഒരേയൊരു വഴി മിശ്രവിവാഹങ്ങളാണെന്ന അംബേദ്കർ ആശയം ഇന്നും അസാദ്ധ്യമായ ഒന്നായി തുടരുന്നതിന്റെ പിന്നിലും, ആത്യന്തികമായി സ്ത്രീ ശരീരവുമായി ബന്ധപ്പെട്ട അലിഖിതനിയമങ്ങളും നിയന്ത്രണങ്ങളുമാണ്. ഹിന്ദു സാമൂഹ്യ ഘടനയുടെ നിർമ്മിതി തന്നെ സ്ത്രീയും ഭൂമിയും ഉൾപ്പെടുന്ന ഒരു നിയന്ത്രിത മേഖലയുടെയും അതിനുള്ളിലെ ആചാരശുദ്ധിയുടെയും സംരക്ഷണത്തിലൂടെയാണ് സാദ്ധ്യമായത്. ഇവിടെ, പുരുഷന്റെയും കുലത്തിന്റെയും അഭിമാനം സ്ത്രീയുടെ ശരീരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആർത്തവവുമായി ബന്ധപ്പെട്ട് മേൽ ജാതി സമൂഹങ്ങളിൽ നിലനിന്നിരുന്ന ചടങ്ങുകളുടെ ആന്ത്രോപോളജിക്കൽ പഠനങ്ങൾ, സ്ത്രീയുടെ ശുദ്ധിയും ജാതിശുദ്ധിയും തമ്മിലുള്ള ബന്ധം ചൂണ്ടിക്കാട്ടുന്നു. ശൈശവവിവാഹങ്ങളുടെ പോലും കാരണം, ഇത്തരത്തിൽ ജാതിയ്ക്കു പുറത്തേക്ക് സ്ത്രീ പോകാതിരിക്കുക എന്നതായിരുന്നു. വർണസങ്കരം മുതലായ, പുരാതന ഗ്രന്ഥങ്ങളിലെ ആശയങ്ങൾ രക്തശുദ്ധി, ജാതിശുദ്ധി എന്നിവ സംരക്ഷിക്കുന്നതിനും അതിനായി സ്ത്രീശരീരങ്ങളെ നിയന്ത്രിക്കുന്നതിനുമുള്ള തെളിവുകളായി പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. സ്ത്രീയുടെ ലൈംഗികതയെയും സ്ത്രീശരീരത്തെയും നിയന്ത്രിച്ചു കൊണ്ടും സംരക്ഷിച്ചു കൊണ്ടുമാണ്, ഇന്ത്യയിൽ കാലാകാലങ്ങളായി ജാതിവ്യവസ്ഥ നിലനിന്നു പോരുന്നത്. ജാതി ശുദ്ധി മലിനമാക്കപ്പെടും എന്ന ഭയം കൊണ്ട്, സ്ത്രീയുടെ സഞ്ചാരം, വസ്ത്രധാരണം, എന്നിവയെല്ലാം നിയന്ത്രിക്കപ്പെടുന്നു., കാലങ്ങളായി രൂപപ്പെട്ടു വന്ന ഈ മനുവാദതത്ത്വങ്ങളാണ് സമകാലിക സമൂഹത്തിലും നിലനിൽക്കുന്നത്.

ദളിത് സ്ത്രീ രാഷ്ട്രീയത്തെ സ്വതന്ത്രവും വ്യത്യസ്തവുമായ ഒന്നായി അടയാളപ്പെടുത്തി കൊണ്ടാണ് 1995 ൽ ഗോപാൽ ഗുരുവിന്റെ "Dalit Women Talk Differently" എന്ന ലേഖനം കടന്നു വരുന്നത്. സ്ത്രീകൾക്കെതിരായ അക്രമങ്ങളിൽ ജാതി ഒരു ഘടകമായി പരിഗണിക്കണമെന്നും ദളിത്-ആദിവാസി സ്ത്രീകൾ നേരിടുന്ന ലൈംഗികാതിക്രമങ്ങളിൽ അവരുടെ സാമൂഹ്യ പശ്ചാത്തലം എങ്ങനെ പ്രധാനമായിത്തീരുന്നുവെന്നും ഗുരു ചൂണ്ടിക്കാട്ടുന്നുണ്ട്. ലൈംഗിക അതിക്രമങ്ങളെ, കുറ്റകൃത്യം, ആൺ-ഹിംസ മനഃശാസ്ത്രപരമായ കാരണങ്ങൾ തുടങ്ങിയ പൊതു വിഭാഗങ്ങൾ ഉപയോഗിച്ചു മാത്രമല്ല, ജാതി എന്ന സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലം കൂടി കണക്കിലെടുത്ത് വിശകലനം ചെയ്യേണ്ടതുണ്ട് എന്നു പറഞ്ഞു വെക്കുന്നുണ്ടെങ്കിലും, ഈ പഠനത്തിൽ ദളിത് സ്ത്രീയുടെ ശരീരം എങ്ങനെ ജാതി അധിക്ഷേപത്തിന്റെ സ്ഥിരമായ ഇരയായി മാറ്റപ്പെടുന്നു എന്നുള്ളതിലേക്ക് കടക്കുന്നില്ല. സവർണസ്ത്രീയുടെയും ദളിത് സ്ത്രീയുടെയും അനുഭവപരിസരങ്ങൾ തമ്മിൽ വലിയ വ്യത്യാസം ഉണ്ടെന്നും അതിനാൽ തന്നെ ദളിത് സ്ത്രീ തന്നെയാണ് ദളിത് സ്ത്രീവാദത്തെ മുന്നോട്ടു നയിക്കേണ്ടത് എന്നും ഗുരു പറഞ്ഞു വയ്ക്കുന്നു. ഇവിടെ, ഉയർത്തിക്കാട്ടിയ വ്യത്യാസം, പ്രതിനിധാനം എന്നൊരു ഘടകത്തിലേയ്ക്കു ചുരുങ്ങേണ്ട ഒന്നല്ല. അതു പോലെ, ലൈംഗികാതിക്രമങ്ങളിൽ മറ്റു കാരണങ്ങൾക്കൊപ്പം ജാതി കൂടി ചേർത്തു വായിക്കുന്നതു കൊണ്ടു മാത്രം, ദളിത് സ്ത്രീ നേരിടുന്ന ശാരീരിക അതിക്രമങ്ങളെ പൂർണമായും മനസിലാക്കാൻ കഴിയില്ല. ജാതീയമായ വിവേചനം പേറിക്കൊണ്ടാണ്, ഒരു ദളിത് സ്ത്രീ പിറന്നു വീഴുന്നതു തന്നെ. സ്ത്രീ എന്ന ലിംഗഭേദ വ്യവഹാരത്തിന്റെ അടയാളങ്ങളോടൊപ്പമോ അതിലേറെയോ ജാതിയുടെ അടയാളങ്ങൾ ദളിത് സ്



ത്രീ ശരീരത്തിൽ ആലേഖനം ചെയ്യപ്പെടുന്നു. സാമൂഹികവും ചരിത്രപരവുമായി അശുദ്ധി അടിച്ചേൽപ്പിക്കപ്പെട്ട സ്ത്രീ ശരീരങ്ങളായാണ് ദളിത് സ്ത്രീ നിലനിൽക്കുന്നത്. ആ നിലനിൽപ് തന്നെ, അവരുടെ ശരീരത്തിന്മേലുള്ള കർത്തൃത്വം ഇല്ലാതാക്കുന്നതാണ്. അതു കൊണ്ടു തന്നെയാണ്, ദളിത് സ്ത്രീയുടെ ശരീരം, ജാതിയുടെ പേരിലുള്ള അതിക്രമങ്ങളിൽ ആദ്യത്തെ ഇരയായി തീരുന്നതും. ഇവിടെ, ലൈംഗികാതിക്രമങ്ങളിൽ കടന്നു വരുന്ന മറ്റു ഘടകങ്ങളേക്കാൾ ജാതി സുപ്രധാനമായി തീരുന്നു. ദളിത് സ്ത്രീയുടെ ഏറ്റവുംപാർശ്വവൽക്കരിക്കപ്പെട്ട അവസ്ഥ കൊണ്ടും തന്നെ മറ്റു സ്ത്രീകളെക്കാൾ, കൂടുതൽ ആഴത്തിൽ സാമൂഹ്യയാഥാർത്ഥ്യങ്ങളെ നോക്കികാണുന്നതിനുള്ള ത്രാണി അവർക്കുണ്ടെന്ന് ഗോപാൽ ഗുരു വാദിക്കുന്നു. മുഖ്യധാരാ സ്ത്രീവാദത്തിന്റെ അധീശത്വശബ്ദങ്ങളോടു മാത്രമല്ല, ദളിത്‌വാദത്തിലെ തന്നെ ശബ്ദങ്ങളോടും കലഹിച്ചു കൊണ്ടാണ്, ദളിത് സ്ത്രീ ജ്ഞാനപരമായും രാഷ്ട്രീയപരമായും അവരുടെ ദൃശ്യത വീണ്ടെടുക്കേണ്ടത് എന്ന് ഗുരു അടിവരയിട്ടു പറയുന്നുണ്ട്. ഇവിടെ, ഗുരു ചൂണ്ടിക്കാണിക്കുന്ന പ്രതിനിധാനത്തിന്റെ പ്രശ്നങ്ങൾ ഉന്നയിക്കപ്പെടുന്നതിനും മുമ്പ് തന്നെ, ദളിത് ശരീരങ്ങൾ, അതിൽ തന്നെ, ദളിത് സ്ത്രീ ശരീരങ്ങൾ സാമൂഹികമായി ഒരു നിത്യമായ അധകൃതാവസ്ഥയിലാണ് നിലകൊള്ളുന്നത്, എന്നു കൂടി കണക്കിലെടുക്കേണ്ടിയിരിക്കുന്നു. അനുഭവങ്ങളുടെ വ്യത്യാസ്തതയും വിശാലതയും സ്വന്തമായുള്ളപ്പോൾ തന്നെ, അതുന്നയിക്കപ്പെടേണ്ട രാഷ്ട്രീയ-സാംസ്കാരിക-ജ്ഞാന വേദികളിൽ ദളിത് സ്ത്രീ അവളുടെ ശരീരം എന്നതിൽ പരിമിതപ്പെട്ടു പോകുന്നു. ദളിത് സ്വത്വങ്ങളെ നിരന്തരമായി മാറ്റി നിർത്തുന്ന കൽപിത അശുദ്ധിയാണ് ഇവിടെ ഒന്നാമതായി പ്രവർത്തിക്കുന്നത്. (ഗുരുവിന്റെ ലേഖനത്തിൽ അദ്ദേഹം രൂപപ്പെടുത്തിയ ദളിത് പുരുഷമേധാവിത്വം എന്ന ആശയം സമകാലിക ദളിത് സ്ത്രീ ചിന്തകർ അതിന്റെ ദളിത് വിരുദ്ധ സ്വഭാവം ചൂണ്ടിക്കാട്ടി നിരാകരിക്കുന്നുണ്ട്. ദളിത് പുരുഷ ശരീരങ്ങളുടെ മേലും ആഫ്രോ-അമേരിക്കൻ പുരുഷ ശരീരങ്ങളുടെ മേലും, ഒരേ സമയം കൽപിക്കപ്പെടുന്ന തീവ്ര ലൈംഗികതയും പുരുഷത്വമില്ലായ്മയും, അവയുടെ ജാതീയതയും വംശീയവുമായ വ്യംഗ്യാർത്ഥങ്ങളും കൂടെ ഇവിടെ ചേർത്തു വായിക്കേണ്ടതാണ്. ദളിത് സ്ത്രീ ശരീരത്തിന്റെ, മുൻപു സൂചിപ്പിച്ച നിരന്തരമായി അക്രമവിധേയമാകുന്ന അവസ്ഥയ്ക്ക് ഈ ഘടകങ്ങൾ കൂടെ കാരണമാകുന്നുണ്ട്.) ശരീരത്താൽ മാത്രം നിർവചിക്കപ്പെടുന്ന ദളിത് സ്ത്രീക്ക് ഗുരു സൂചിപ്പിച്ച ഈ ജ്ഞാനപരമായ ദൃശ്യത എത്തിപ്പിടിക്കാവുന്നതിലപ്പുറമായിത്തീരുന്നു.

അക്കാദമിക് രംഗത്ത് ദളിത് സ്ത്രീവാദചർച്ചകൾക്ക് ഉമാ ചക്രവർത്തിയുടെയും ഗോപാൽ ഗുരുവിന്റെയും പഠനങ്ങൾ ശക്തമായ തുടക്കം കുറിച്ചു. ഗുരുവിന്റെ ലേഖനത്തിനു തുടർച്ചയായി ഷർമിള റെഗേയുടെ ദളിത് സ്ത്രീവാദ നിൽപ് സ്ഥാന (സ്റ്റാൻഡ് പോയിന്റ്) സിദ്ധാന്തം കടന്നു വന്നു. ദളിത് സ്ത്രീ വീക്ഷണകോണിലൂടെ എല്ലാ വിഭാഗങ്ങളിലും പെട്ട സ്ത്രീകളുടെ വിമോചനം സാദ്ധ്യമാണെന്ന് റെഗെ വാദിച്ചു. സവർണ സ്ത്രീയുടെ വിശേഷാധികാരങ്ങൾ തുറന്നു കാട്ടിക്കൊണ്ടു തന്നെ, ഫെമിനിസ്റ്റ് പ്രസ്ഥാനത്തിനു കൈവരേണ്ടുന്ന വിശാലമായ സഖ്യങ്ങളുടെ ആവശ്യകത റെഗെ ഉയർത്തിക്കാട്ടി. ദളിത് സ്ത്രീ വീക്ഷണം എന്നത്, പാരമ്പര്യമായി കിട്ടുന്നതല്ല, എന്നും അത് നിരന്തരമായി സ്വയവിമർശനത്തിലൂടെ നേടിയെടുക്കേണ്ട ഒന്നാണെന്നും റെഗെ വാദിക്കുന്നു. മുൻപ് സൂചിപ്പിച്ചതുപോലെ ദളിത് സ്ത്രീ ശരീരം വിന്യസിക്കപ്പെടുന്ന സാംസ്കാരിക-രാഷ്ട്രീയ ഇടങ്ങളിൽ, ഇത്തരം ഒരു സഖ്യം എത്രത്തോളം പ്രാ



യോഗികമാക്കപ്പെടുന്നുണ്ട് എന്നതും കൂടി ഇവിടെ പ്രധാനമാണ്. റെഗെയുടെ ദളിത് സ്ത്രീ വീക്ഷണം, മുഖ്യധാരയിൽ നിൽക്കുന്ന സ്ത്രീകൾക്ക് വളരെ പ്രയോജനകരമായി ഉപയോഗപ്പെടുത്താവുന്ന ഒന്നായിത്തീരുകയും, മറിച്ച്, ദളിത് സ്ത്രീയ്ക്ക് അവരുടെ സ്വന്തം അനുഭവത്തിൽ നിന്നുള്ള വീക്ഷണം പോലും പ്രകടിപ്പിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു - പ്രത്യേകിച്ച്, അക്കാദമിക്-ആക്ടിവിസ്റ്റ് മേഖലകളിലെ ദൃശ്യത എന്നത് ഒരു തരം മത്സരസ്വഭാവം കൈവരിച്ചു കഴിഞ്ഞ ഈ ഘട്ടത്തിൽ. ദളിത് സ്ത്രീ വീക്ഷണം എന്നതിൽ ദളിത് സ്ത്രീശരീരരാഷ്ട്രീയത്തിന്റെ ഭാഗം, എങ്ങനെയാണ്, ദളിതരല്ലാത്ത സ്ത്രീകൾ, നേടിയെടുക്കുക, അല്ലെങ്കിൽ, അത്തരമൊരു താദാത്മ്യത്തിന്, അവർ തയ്യാറാകുമോ മുതലായ അനേകം ചോദ്യങ്ങൾ ഇവിടെ കടന്നു വരുന്നുണ്ട്.

അക്കാദമികമായ ദളിത് ഫെമിനിസ്റ്റ് ചർച്ചകൾക്കു വളരെ മുമ്പ് തന്നെ ഇന്ത്യയിൽ ദളിത് സ്ത്രീകൾ അവരുടെ അവകാശങ്ങൾക്കായുള്ള പ്രക്ഷോഭങ്ങൾ തുടങ്ങുകയും സ്വതന്ത്രമായ ഒരു ദളിത് സ്ത്രീ രാഷ്ട്രീയപ്രസ്ഥാനം രൂപപ്പെടുകയും ചെയ്തിരുന്നു. 1980 കളിൽ തന്നെ, ആരംഭിച്ച ഇത്തരം സംവാദങ്ങളിൽ, തൊട്ടു കൂട്ടായ്മ, ദേവദാസി സമ്പ്രദായം, തോട്ടിപ്പണി തുടങ്ങിയ വിഷയങ്ങൾ കടന്നു വന്നിരുന്നു. ജാതിയുടെ അടിസ്ഥാനത്തിലുള്ള വിവേചനവും അദ്ധ്വാനത്തിന്റെ ചൂഷണവും ലിംഗാടിസ്ഥാനത്തിലുള്ള അടിച്ചമർത്തലും നേരിടുന്ന ദളിത് സ്ത്രീ, ദളിതരിൽ തന്നെ ദളിതരാണെന്ന് റൂത്ത് മനോരമയെ പോലുള്ളവർ ചൂണ്ടിക്കാട്ടി. ദളിത് സ്ത്രീ ശരീരങ്ങൾ മേൽ ജാതിയിൽ പെട്ട പുരുഷന്മാരുടെ എതിർക്കപ്പെടാൻ കഴിയാത്ത അതിക്രമങ്ങൾക്കിരയാകുന്ന അവസ്ഥയും നിർബന്ധിത ലൈംഗികത്തൊഴിലിലേയ്ക്കും ബാർ ഡാൻസിങ്ങിലേയ്ക്കുമെല്ലാം തള്ളപ്പെടുന്ന സാഹചര്യവുമെല്ലാം, വിവിധ ദളിത് സ്ത്രീ സംഘടനകൾ ഉയർത്തിക്കാട്ടിയിരുന്നു. സൈദ്ധാന്തിക തലത്തിൽ ഉള്ളതിനേക്കാൾ, ശരീര രാഷ്ട്രീയത്തിന്റെ ഇടപെടലുകൾ കാണപ്പെടുന്നത് ഇത്തരം സംഘടനാപ്രവർത്തനങ്ങളിലും പ്രക്ഷോഭങ്ങളിലുമാണ്. പൊതു-സ്വകാര്യ ഇടങ്ങളിൽ, സവർണപുരുഷന്റെയും ദളിത് പുരുഷന്റെയും വിവേചനങ്ങളെ ചെറുത്തു തോൽപ്പിച്ചു കൊണ്ടാണ് ദളിത് സ്ത്രീ അവളുടേതായ രാഷ്ട്രീയം സംസാരിക്കുന്നത് എന്നതും ഏറെ പ്രധാനമാണ്. അത്തരം ചെറുത്തു നിൽപ്പുകളുടെ ചരിത്രവും അവയിൽ ശരീരം എങ്ങനെ നിർവചിക്കപ്പെടുകയും കർത്തൃത്വനിർമ്മിതിയ്ക്കായി ഉപയോഗിക്കപ്പെടുന്നു എന്നതും, ദളിത് സ്ത്രീ വാദത്തിന്റെ ജ്ഞാനമേഖലയിലേക്ക് കൂടുതലായി കടന്നു വരേണ്ടതുണ്ട്.

ദളിത് സ്ത്രീകളുടെ, അടിമ സ്ത്രീകളുടെ, ആദിവാസി സ്ത്രീകളുടെ ഉടലുകൾ നിർവചിക്കപ്പെടുന്നത് ജാതി കേന്ദ്രീകൃതമായ തത്വങ്ങൾ വഴിയാണ്. മാതൃത്വം, പാലൂട്ടൽ തുടങ്ങിയവ അടിമജാതിയിൽ പെട്ട സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവർക്ക് നിഷേധിക്കപ്പെട്ട അവകാശങ്ങളായിരുന്നു. താഴ്ന്ന ജാതിക്കാരായ സ്ത്രീകളുടെ ശരീരം, മേൽ ജാതിക്കാരുടെ തുറന്ന അതിക്രമങ്ങൾക്ക് പാത്രമായിരുന്ന കാലവും, മാറു മറയ്ക്കുന്നതു തുടങ്ങി ശരീരസംബന്ധമായ എല്ലാ അവകാശങ്ങളും ദളിത് സ്ത്രീകൾ പോരാട്ടങ്ങളിലൂടെ നേടിയെടുത്തതാണെന്നും ഇവിടെ ചിന്തിക്കേണ്ടതുണ്ട്. ഇന്നും, സമൂഹമാധ്യമങ്ങളിലും മറ്റും, സംസാരിക്കുന്ന ദളിത് സ്ത്രീ, നേരിടുന്ന വെർബൽ അബ്യൂസിന്റെ സ്വഭാവം, പ്രാഥമികമായി അവരുടെ ശരീരത്തെ ലക്ഷ്യമാക്കിയുള്ളതാണ്. ഇന്നും, ആദിവാസി സ്ത്രീയുടെ ശരീരം, ഫെറ്റിഷൈസ് ചെയ്തു കൊണ്ടുള്ള വ്യവഹാരങ്ങളാണ് നിലനിന്നു പോരുന്നത്. ഇത്തരം, സ്ഥിരവും നിരന്തരവുമായ വിവേചനപാത്രമായി നിൽക്കുമ്പോൾ തന്നെ, ദളിത് സ്ത്രീ ശരീരങ്ങൾ പോരാട്ടങ്ങളുടെയും അതിജീവനത്തിന്റെയും പ്രതീകങ്ങളാണ്. മീനാ കന്തസാമിയുടെ മറ്റൊരു കവിതയിലേക്ക് തിരിച്ചു വന്നാൽ, ഇനിയും ഒരു രാഷ്ട്രപിതാവിനെ കാത്തിരിക്കുകയോ ജാതിശുദ്ധിയുടെ നീണ്ട പ്രക്രിയയിൽ ഇടം കിട്ടാൻ പ്രതീക്ഷിക്കുകയോ ചെയ്യാതെ, 'നിങ്ങൾ അപമാനിക്കുന്ന തെരുവു പെണ്ണുങ്ങളാണ് ഞങ്ങൾ, നിങ്ങൾ ഭാര്യമാരായി തിരഞ്ഞെടുക്കാത്തവർ, ജീവപര്യന്തം വിധിക്കാൻ നിങ്ങൾക്ക്കഴിയുന്നവരല്ല ഞങ്ങൾ' എന്നുള്ള പ്രതിരോധം തന്നെയാണ് ദളിത് സ്ത്രീയുടെ ശരീര രാഷ്ട്രീയം.

### ഗ്രന്ഥസൂചി


**Kandasamy, Meena** , 'Becoming a Brahmin'

**Kandasamy, Meena** , 'Backstreet Girls' in *Ms.Militancy*

**Chakravarti, Uma**,'Conceptualising Brahminical Patriarchy in Early India: Gender,Caste, Class and State '

**Guru, Gopal**, 'Dalit Women Talk Differently'

**Rege,Sharmila**, 'Real Feminism and Dalit Women'

**Rege, Sharmila**,'Dalit Women Talk Differently: A Critique of " Difference" and Towards a Dalit Feminist Standpoint Position'

ചർച്ചാവിഷയം



**ഡോ. നീതു ദാസ് കെ.**
അധ്യാപിക , ഇംഗ്ലീഷ് വിഭാഗം
സെന്റ് ജോസഫ്സ് കോളേജ്,
ആലപ്പുഴ

# സ്വീകരണമുറിയിലെ വിമതശബ്ദം: ജാസ്മിൻ എം. മൂസ ഉയർത്തുന്ന സാമൂഹിക പാഠങ്ങൾ

'ജാസ്മിൻ എം. മൂസ' എന്ന പ്രശസ്ത ഫിറ്റ്നസ് ട്രെനെർ "ബിഗ്ഗ് ബോസ്സ്" എന്ന മലയാളം ടി വി റിയാലിറ്റി ഷോയിലെ മത്സരാർഥിയാണ്. അബ്യൂസീവ് ആയ വിവാഹബന്ധം വളരെ ചെറിയ പ്രായത്തിൽ തന്നെ വേർപെടുത്തി, മതത്തിന്റെയും സമൂഹത്തിന്റെയും വേലിക്കെട്ടുകൾ തകർത്തു ജീവിതം പോരാടി നേടിയെടുത്ത ജാസ്മിൻ, പബ്ലിക് ആയി 'കമിങ് ഔട്ട്' നടത്തി പാർട്ണറിനോടൊപ്പം ജീവിക്കുന്ന ഒരു ലെസ്ബിയൻ വ്യക്തിയാണ്. 'ജാസമിൻ മൂസ എന്ന പെണ്ണുടൽ' എങ്ങനെയാണ് മലയാളിയുടെ സ്ഥിരം കാഴ്ചാ വാർപ്പുമാതൃകകൾക്കേറ്റ തിരിച്ചടിയാകുന്നത് എന്നാണ് ഈ ലേഖനം പരിശോധിക്കുന്നത്. എന്താണ് ജാസ്മിൻ എന്ന വ്യക്തി മലയാളിയുടെ കാഴ്ചമുറിയിൽ ഉയർത്തുന്ന രാഷ്ട്രീയം? കൃത്യമായി ഒരു കൃത്യമായി തൊഴിലാളി വർഗ്ഗ ഉപഭോക്തൃ (പ്രോലിറ്ററിയൻ, കൺസ്യൂമറിസ്റ്റ്) പ്രേക്ഷകരെ ലക്ഷ്യം വെച്ച് കൊണ്ട് നിർമിച്ചിരിക്കുന്ന ഇത്തരം വീട്ടിട റിയാലിറ്റി ഷോ എങ്ങനെയാണ് ജാസ്മിൻ മൂസ എന്ന ക്വിയർ വ്യക്തിയെ സ്വീകരണമുറികളിൽ വരച്ചു കാട്ടുന്നത്?

കറുത്ത വർഗ്ഗക്കാരും താഴ്ന്ന മധ്യവർഗ്ഗ സ്ത്രീകളും ക്വിയർ വ്യക്തികളും ഉൾപ്പെടുന്ന പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ അദൃശ്യരാക്കിയും വാർപ്പുമാതൃകകൾ സൃഷ്ടിച്ചുകൊണ്ടും കാഴ്ചശീലങ്ങളിലും രാഷ്ട്രീയത്തിലും ടെലിവിഷൻ പരിപാടികൾ കൃത്യമായി ഒരു പ്രത്യയശാസ്ത്ര ഭരണകൂട ഉപകരണമായി (ISA) പ്രവർത്തിച്ചു വന്നതിനെക്കുറിച്ച് ധാരാളം പഠനങ്ങൾ നിലവിലുണ്ട്. പുരുഷൻമാർ പാചകത്തിലും ഗൃഹപരിപാലനത്തിലും ശിശുപരിപാലനത്തിലും അപ്രാപ്തരാണ് എന്ന കൺസ്ട്രക്റ്റുകൾ സൃഷ്ടിക്കുന്ന ടെലിവിഷൻ പരസ്യങ്ങളെയും പരിപാടികളെയും പറ്റി ജെ. ഡി.



ബ്രൗണ്, കെ. കാംപ്ബെൽ എന്നീ ഗവേഷകർ അവരുടെ പഠനങ്ങളിൽ പരാമർശിക്കുന്നുണ്ട്. കുഞ്ഞുങ്ങളെ ചിത്രീകരിക്കുന്ന പരസ്യങ്ങളിൽ സ്ത്രീ സാന്നിധ്യം മാത്രം അവതരിപ്പിച്ചു കൊണ്ട് ടി വി പരിപാടികളും പരസ്യങ്ങളും ഒരു വിഷലിപ്ത ആണത്ത മാതൃക (ടോക്സിക് മാസ്കുലിൻ പാറ്റേൺ) സൃഷ്ടിക്കുന്നു എന്ന് ഇവരുടെ പഠനങ്ങൾ പ്രതിപാദിക്കുന്നു.

പുരുഷന്മാരെ അക്രമണോത്സുകരായും സഹസതല്പരരായും കായിക ശക്തിയുള്ളവരായും വൈകാരികമായി ബന്ധങ്ങളിൽ ഏർപ്പെടാത്തവരായും ചിത്രീകരിക്കുന്ന ടെലിവിഷൻ, സ്ത്രീകളെ നിഷ്ക്രിയരായും അനർഹരും കഴിവു കുറഞ്ഞ പ്രൊഫഷനലുകളായും ചിത്രീകരിക്കുന്നു. ഈ സ്വഭാവ വിശേഷണം ഉള്ളവർ മാത്രമാണ് യഥാർത്ഥത്തിൽ ഈ ലിംഗതന്മയിൽ ഉള്ളതെന്ന് പറയുന്നതോടൊപ്പം തന്നെ ഈ പരസ്യങ്ങൾ മറ്റേതൊരു വ്യക്തി സങ്കല്പത്തെയും പുറം തള്ളുകയും ചെയ്യുന്നുണ്ട്.




ടെലിവിഷൻ പോപ്പുലിസ്റ്റ് മാധ്യമമാകുന്നതിന് എത്രയോ കാലം മുൻപുള്ള കുലസ്ത്രീ സങ്കല്പത്തെ ശക്തിപ്പെടുത്തിയും, 'നല്ല സ്ത്രീ'- 'ചീത്ത സ്ത്രീ' ദ്വന്ദങ്ങൾ നിർമിച്ചു കൊണ്ടും ഒരു തരം ജ്ഞാനമാതൃക ഹിംസ (എപ്പിസ്റ്റേമിക് വയലൻസാണ്) രണ്ട് പതിറ്റാണ്ടുകളായി മലയാളത്തിലെ പല ടി വി പരിപാടികളും ചെയ്തു കൊണ്ടിരിക്കുന്നത്. അബ്യൂസീവ് ബന്ധങ്ങളെയും കറക്റ്റീവ് റേപ്പിനെയും നിർബന്ധിത വിവാഹങ്ങളെയും ഒക്കെ മഹത്വവൽക്കരിച്ച് കൊണ്ടാണ് പല പരിപാടികളും വീട്ടകങ്ങളിൽ ജനകീയമാകുന്നത് തന്നെ. ടോക്സിക് പുരുഷനും പാസ്സീവ് സ്ത്രീയും പുതിയ കാല ആഖ്യാനങ്ങളിൽ 'കലിപ്പനും കാന്താരിയും' എന്ന് കൃത്യമായി സ്ഥാപിക്കപ്പെടുമ്പോൾ പുതിയ തലമുറയും ഈ നിർമിതിയിൽ അഭിരമിക്കുന്നു. ടി വി പരിപാടികളുടെ യൂട്യൂബ് ആരാധകരിൽ അധികവും ഇരുപത് വയസ്സിനു താഴെ വരുന്ന യുവ തലമുറയാണെന്നതും അവരുടെ കമന്റുകൾ പലതും ഈ വാർപ്പുമാതൃകകളെ ആഘോഷിക്കുന്നതാണെന്നതും ഒരു സാമൂഹിക പഠനം തന്നെ ആവശ്യപ്പെടുന്നുണ്ട്.

സ്ത്രീ കഥാപാത്രങ്ങളുടെ ഒരു ദ്വന്ദം സൃഷ്ടിക്കാൻ കേരളത്തിലെ ടി വി പരമ്പരകൾക്ക് കഴിഞ്ഞിട്ടുണ്ട്. 'നല്ല സ്ത്രീ' എന്നത്, സ്വന്തമായി നിലപാടില്ലാത്ത, ദിനേന സാരി ചുറ്റി, ഭർത്താവിന്റെ 'കുടുംബത്തിലെ വിളക്കും' 'സാന്ത്വന'വുമൊക്കെയാകുന്ന സ്ത്രീയാണെന്ന പ്രതിനിധാനം അപകടകാരമാം വിധം ആഴത്തിൽ ഈ പരമ്പരകൾ പതിപ്പിക്കുകയുണ്ടായി. 'പരമ്പരയിലെ ചീത്ത സ്ത്രീ' എപ്പോഴും 'നല്ല സ്ത്രീ'യുടെ ഭർത്താവിന്റെ സഹപ്രവർത്തക ആയ ഉദ്യോഗസ്ഥ ആയിരിക്കുകയും അവർ നല്ല സ്ത്രീയുടെ കുടുംബഘടന തകർക്കുന്ന അപരവ്യക്തിയാണെന്നുമുള്ള ഒരു പരിചിത വാർപ്പുമാതൃക ഈ സീരിയലുകൾ സൃഷ്ടിച്ചു.

മേല്പറഞ്ഞവ ഹൃദിസ്ഥമാക്കിയ ഒരു സമൂഹത്തിലേക്കാണ് പാശ്ചാത്യ രാജ്യങ്ങളിൽ വളരെയേറെ ജനപ്രീതിയാർജ്ജിച്ച 'ബിഗ് ബോസ്സ്' എന്ന പരിപാടി അരങ്ങേറുന്നത്. 100 ദിവസം വീടും നാടുമായി ഒരു ബന്ധവുമില്ലാതെ കുറെ വ്യക്തികളെ ഒരു വീട്ടിൽ താമസിപ്പിച്ച് അവരുടെ ചിന്തകൾ, സംഭാഷണം, പ്രവർത്തനങ്ങൾ എന്നിവ ക്യാമറകൾ വഴി മോണിറ്റർ ചെയ്തു ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന ഒരു മാനസിക കളി ആണ് ബിഗ് ബോസ് എന്ന റിയാലിറ്റി ഷോ. തങ്ങൾ ക്യാമറയിൽ റെക്കോർഡ്




ചെയ്യപ്പെടുന്നെവെന്ന് പൂർണ ബോധ്യമുണ്ടെങ്കിലും യാതൊരു ബാഹ്യ ബന്ധവുമില്ലാതെ കുറെ അപരിചിതരുടെ കൂടെ 100 ദിവസം തുടർച്ചയായി

താമസിക്കുമ്പോൾ ഒരു മത്സരാർഥിയുടെ യഥാർത്ഥ വ്യക്തിത്വവും ചിന്താശേഷിയും അളക്കാൻ കഴിയുമെന്നും മാനസിക വൈകാരിക കായിക ശക്തിയുടെ അളവുകോലിൽ വിജയിയെ തെരഞ്ഞെ




ടുക്കാൻ കഴിയും എന്നതുമാണ് ഷോയുടെ തത്വം. പ്രേക്ഷകർ മത്സരാർഥിയുടെ ഗെയിം ഇഷ്ടപ്പെടുന്നുവെങ്കിൽ അവരെ വോട്ട് ചെയ്ത് നിലനിർത്തുകയും അല്ലാത്ത പക്ഷം മത്സരാർഥി പുറത്തു പോകുകയും ചെയ്യും. ഓരോ മത്സരാർഥിയുടെയും പ്രകടനവും വോട്ടും എല്ലാ ആഴ്ചയും വിലയിരുത്തപ്പെടും. സമൂഹത്തിന്റെ ഒരു പരിഛേദം എന്ന നിലയിൽ അതിലെ ഓരോ മത്സരാർഥിയും മാതൃകാപരമായി സമൂഹത്തിലെ വിവിധ തുറകളിൽ നിന്നുള്ളവരുടെ പ്രതിനിധികളാകുന്നു. കഴിഞ്ഞ 3 മുൻ സീസണുകളിൽ നിന്ന് ഈ സീസൺ വ്യത്യസ്തമാകുന്നത് അതിലെ ക്വിയർ പ്രാതിനിധ്യം കൊണ്ടാണ്. 'ലെസ്ബിയൻ' എന്നു പരസ്യമായി കമിങ് ഔട്ട് നടത്തിയിട്ടുള്ള രണ്ട് സ്ത്രീകൾ, ഗേ ആയ ഒരു പുരുഷൻ, ജൻഡർ നോൺ കൺഫേമിങ് ആയ ഒരു വ്യക്തി എന്നിവരുൾപ്പെടുന്ന ഷോ കേരളത്തിലെ മുഖ്യധാരയിൽ ക്വിയർ സംവാദങ്ങൾ കുറച്ചെങ്കിലും എത്തിച്ചിട്ടുണ്ട് എന്ന് പറയാതെ വയ്യ.

'ബിഗ്ഗ് ബോസ്സ് സീസൺ 4' ൽ ആദ്യന്തം ജനപ്രിയരായ മത്സരാർത്ഥികൾ റോബിൻ രാധാകൃഷ്ണനും ജാസ്മിൻ മൂസയുമാണ്. ഇതിൽ റോബിന്റെ ടോക്സിക് മാസ്കുലിൻ സ്വത്വം ഒരു ആരാധകവൃന്ദത്തെ ആദ്യമേ സൃഷ്ടിച്ചെടുത്തു. കേരളത്തിലെ ജനങ്ങൾ അത്യന്തികമായി ഒരു 'ഹൈപ്പർ മാസ്കുലിൻ' പുരുഷനെ തന്നെയാണ് എപ്പോഴും നായകൻ ആക്കുക എന്ന കാര്യം തന്നെയാണ് ഇവിടെയും ആവർത്തിച്ചത്. റോബിന്റെ അമിത ദേഷ്യം, സഹമത്സരാർഥിയോടുള്ള പ്രണയം എന്നിവ നോർമലൈസ് ചെയ്യപ്പെടുകയും അത് ഒരു നായകന്റെ സ്വഭാവ വിശേഷങ്ങളായി ആഘോഷിക്കപ്പെടുകയും ചെയ്തു. ഷോയിൽ റോബിന് പ്രണയം തോന്നിയ പെൺകുട്ടിയുടെ അപര സ്ഥാനം ആണ് ടെലിവിഷൻ ജാസ്മിന് കൊടുത്തത്. ഇത് ടി വി സീരിയലുകളിലെ നല്ല സ്ത്രീ- ചീത്ത സ്ത്രീ പാറ്റേണുകൾ പഠിച്ച വീട്ടകങ്ങൾക്ക് വേഗം സ്വീകാര്യമായി. 'നല്ല സ്ത്രീ' എന്നത് അടക്കവും ഒതുക്കവും ഉള്ള പെൺ മത്സരാർഥിയും 'ചീത്ത സ്ത്രീ' എന്നത് സാമ്പ്രദായിക കുടുംബ വ്യവസ്ഥിതിയുടെ ലംഘനം നടത്തിയ ജാസ്മിനും ആകുന്നത് സൂക്ഷ്മമായി പരിശോധിക്കണം. സീരിയലുകളിൽ നിന്ന് വിഭിന്നമായി ബിഗ്ഗ് ബോസ്സ് ഷോയിൽ പ്രേക്ഷക വിലയിരുത്തൽ ഒരു പ്രധാന ഘടകം ആണെന്നതിനാൽ പ്രേക്ഷകരുടെ കൾച്ചറൽ റിസെപ്റ്റിവിറ്റി ഇവിടെ ചർച്ചകൾക്ക് വഴി വെക്കുന്നു.

ജാസ്മിൻ മലയാളിയുടെ സ്വീകരണ മുറിയിൽ ഒരു കൗണ്ടർ മൂവ്മെന്റ് അല്ലെങ്കിൽ വിപ്ലവം സൃഷ്ടിച്ചു എന്ന് അടയാളപ്പെടുത്തുക തന്നെ വേണം. റോബിനെ നായകനാക്കി ആഘോഷിക്കുന്ന യൂട്യൂബ് വീഡിയോകളിലും ഇൻസ്റ്റാഗ്രാം റീലുകളിലും അപരവ്യക്തിയാകുന്നത് ജാസ്മിനാണ്. പക്ഷെ ഇതിനിടയിലും സമാന്തരയിടങ്ങളിൽ ജാസ്മിനും അവരുടെ വ്യക്തിത്വവും നിലപാടുകളും ചർച്ചയായി. നൃത്തം ചെയ്യാത്ത, ദേഷ്യപ്പെടുന്ന, ഉറക്കെ അഭിപ്രായം പറയുന്ന, അസഭ്യവാക്കുകൾ ഉപയോഗിക്കുന്ന, ലെസ്ബിയൻ ആയ, മോഡേൺ വസ്ത്രധാരിയായ ജാസ്മിനും അവരുടെ സാന്നിധ്യവും മലയാളിയുടെ ഗൃഹ സദസ്സുകളിൽ 'വിമതശബ്ദം' എന്ന നിലയിൽ ചർച്ച ചെയപ്പെട്ടു.

ജാസ്മിന്റെ ലൈംഗിക ചായ്‌വും അഭിപ്രായങ്ങളും ഭൂരിപക്ഷം വരുന്ന, ടോക്സിക് മാസ്ക്യൂലിനിറ്റി ആഘോഷിക്കുന്ന പ്രേക്ഷകർ പുറം തള്ളുന്നുവെങ്കിലും ഇങ്ങനെ ഒരു സ്ത്രീ സങ്കൽപ സാധ്യത ഇത് വരെ വിപണനം ചെയ്യാത്ത ചാനൽ ഒരു സാധ്യതയായി കണ്ടു. മലയാളി ഇത് വരെ കൈയ്യടിച്ച വാർപ്പു മാതൃകകളെ ജാസ്മിൻ പൊളിച്ചെഴുതി എന്നത് മാത്രമല്ല അത് കൃത്യമായി വീട്ടകങ്ങളിൽ എത്തിച്ചുവെന്നതും ഒരു വിപ്ലവം തന്നേയാണ്. കുലമഹിമയും, ജാതീയതയും, ട്രാൻസ്ഫോബിയയും, ഹോമോഫോബിയയും ആഘോഷിക്കുന്ന മലയാളിയുടെ സ്വീകരണമുറിയിൽ ജാസ്മിൻ മൂസ നടത്തിയ ക്രാഷ് ലാന്റിങ് ഒരു വിജയമാണ്.

ചർച്ചാവിഷയം



**അമിത്ത് കെ.**
ഗവേഷകൻ
മലയാള വിഭാഗം
ശ്രീ ശങ്കരാചാര്യ
സംസ്കൃത സർവകലാശാല കാലടി

# ഉലച്ചിലിന്റെ രാഷ്ട്രീയം

## ശരീരം, ചലനം, ലിംഗപദവി



ശരീരം, ചലനം, ലിംഗപദവി ഈ മൂന്ന് സങ്കല്പനങ്ങളേയും ചേർത്തുവച്ച് ആലോചിക്കാനുള്ള ശ്രമമാണിത്. മോഹിനിയാട്ടം പരിശീലിക്കുന്ന ഒരാൾ(ൺ), ശരീരത്തെയും സമൂഹത്തെയും ആനൃത്തരൂപത്തെയും അടുത്തറിയാൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗം എന്നേ ഇതിനെ വിശേഷിപ്പിക്കേണ്ടതുള്ളൂ. സത്താപരമായ സംവർഗം എന്ന നിലയ്ക്കല്ല ഇവിടെ ആൺ, പെൺ എന്നീ വിഭാഗങ്ങളെ അടയാളപ്പെടുത്തുന്നത് എന്ന് ആമുഖമായി പറയട്ടെ. ജൈവികമായതോ ആർജിച്ചെടുക്കുന്നതോ ആയ പ്രത്യേകതകൾ ഈ വിഭാഗങ്ങൾക്കോരോന്നിനും സവിശേഷമായി ഉണ്ടായിരിക്കണം എന്നോ അതിനാൽ അവ വിഭിന്നങ്ങളാണ് എന്നോ ലേഖനം പറഞ്ഞു വയ്ക്കുന്നില്ല. ചരിത്രത്തിൽ ഉറച്ചുപോയ സംവർഗങ്ങൾ എന്നേ ആൺ, പെൺ എന്നീ സംജ്ഞകൾ ഉപയോഗിക്കുമ്പോൾ അർത്ഥമാക്കുന്നുള്ളൂ. അതിനാൽ തമ്മിൽ കലരാത്ത, അനന്യമായ വിഭാഗങ്ങളാണവ എന്ന് മനസ്സിലാക്കേണ്ടതില്ല. ആ നിലയ്ക്ക് സ്വന്തം തന്മയെത്തന്നെ പൂർണമായ അർത്ഥത്തിൽ ആൺ എന്ന് വിളിക്കാൻ ഇവിടെ മുതിരുന്നുമില്ല. ചരിത്രപരവും ഭാഷാപരവുമായി ഈ വഴിയിൽ പൊതുവെ ഉയരുന്ന വെല്ലുവിളികൾ ലേഖനത്തിനും നേരിടേണ്ടി വരും എന്ന് സാരം.

മോഹിനിയാട്ടം പഠിക്കുന്ന പുരുഷൻ എപ്പോഴും നേരിടേണ്ടി വരുന്ന ചോദ്യമാണ്, മോഹിനിയാട്ടം പുരുഷന്മാർ ചെയ്യുമോ എന്നത്. നിലവിൽ മോഹിനിയാട്ടം അവതരിപ്പിക്കുന്ന പുരുഷനർത്തകരെ എണ്ണിയെടുത്തു പറഞ്ഞാൽ മാത്രം തീരുന്നതല്ല ആ സംശയം. അതിനകത്ത് ഒരു കലാരൂപത്തിന്റെ സൗന്ദര്യശാസ്ത്രപരമായ അംശങ്ങൾ എങ്ങനെയാണ് ലിംഗപദവിപരം ആയിത്തീരുന്നത് എന്നതിനെ സംബന്ധിക്കുന്ന ചില കാര്യങ്ങളുണ്ട്. ശരീരത്തെ, അതിന്റെ ചലനത്തെ ലിംഗപദവിപരം ആക്കിത്തീർക്കുന്നതിന്റെ രാഷ്ട്രീയവുമുണ്ട്. അത്തരം ചില കാര്യങ്ങളെക്കുറിച്ചാണ് ഈ ലേഖനം.

മോഹിനിയാട്ടം 'സ്ത്രീകളുടെ കല' എന്ന് പൊതുവെ അംഗീകരിക്കപ്പെടുമ്പോഴും എല്ലാ സ്ത്രീകളേയും മോഹിനിയാട്ടത്തിന് ഇണങ്ങുന്നവരാണെന്ന് കണക്കാക്കി കാണുന്നില്ല. മെലിഞ്ഞു നീണ്ട ശരീരമുള്ളവർക്ക് യോജിച്ചതല്ല മോഹിനിയാട്ടം എന്ന പൊതുബോധം ശക്തമാണ്. ഉയരമുള്ള ശരീരത്തിന്റെയും മെലിഞ്ഞു നീണ്ട കൈകാലുകളുടേയും പേരിൽ മാറ്റിനിർത്തപ്പെട്ടിട്ടുണ്ടെന്ന് ദിവ്യ നെടുങ്ങാടിയെപ്പോലുള്ള നർത്തകർ തുറന്നു പറയാറുണ്ട്. മോഹിനിയാട്ടത്തിന് ചേർന്ന സ്ത്രീശരീരം, ചേരാത്ത സ്ത്രീ ശരീരം എന്ന ദ്വന്ദം സമൂഹം നിർമ്മിച്ചിട്ടുണ്ട്. അവിടെയാണ് 'സ്ത്രീ' എന്ന സംവർഗത്തെ തന്നെ പ്രശ്നവൽക്കരിക്കേണ്ടി വരുന്നത്. സ്ത്രീകളുടെ കല എന്നതിലെ സ്ത്രീ എന്താണ് എന്ന് ചോദിക്കേണ്ടി വരുന്നത്. 'സ്ത്രൈണം' എന്ന് സാമ്പ്രദായികമായി നിർവചിച്ചെടുത്ത കല്പനയോട് തീർത്തും യോജിച്ച് പോകുന്ന ഒരു ശരീരമാണ് മോഹിനിയാട്ടത്തിന് അനുഗുണമായ സ്ത്രീ ശരീരമായി പൊതുവെ കണക്കാക്കുന്നത്.

മോഹിനിയാട്ടചലനത്തെ പലപ്പോഴും അടയാളപ്പെടുത്തുന്നത് 'ഉലച്ചിൽ' ആയാണ്. ഈ ഉലച്ചിലിനെ തെങ്ങോലകളുടെ, നെൽക്കതിരിന്റെ ചലനത്തോട് ചേർത്തുനിർത്തി അവതരിപ്പിക്കുന്നത് പതിവാണ്. നാട്യശാസ്ത്രഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ ഈ ഉലച്ചിലിനെ 'ആന്തോളിക' എന്ന സാങ്കേതികപദത്തിലൂടെ ഡോ. നീന പ്രസാദ് അവതരിപ്പിക്കുന്നുണ്ട്. എങ്ങനെ ആയാലും ഒരു നൈരന്തര്യത്തെ മോഹിനിയാട്ട ചലനത്തിൽ കണ്ടെടുക്കാം. ആ ചലനം ക്രമത്തിൽ ആവർത്തിക്കുന്ന ഒന്നാണ്. വർത്തുളവുമാണ്. മോഹിനിയാട്ടത്തിലുള്ള 'ആട്ടം' എന്താണെന്നതും പരിശോധിച്ചുനോക്കാവുന്നതാണ്. 'ഊഞ്ഞാലാട്ടം', 'ചാഞ്ചാട്ടം' എന്നിവ പോലെ, 'ആട്ടം' ചേർന്ന വാക്കുകൾ ഇപ്പോഴും പ്രചാരത്തിലുണ്ടല്ലോ. അവിടെയൊക്കെ ആട്ടം എന്നത് ഇളക്കത്തേയോ നിരന്തരമുള്ള ചലനത്തെ



**മോഹിനിയാട്ടചലനത്തെ പലപ്പോഴും അടയാളപ്പെടുത്തുന്നത് 'ഉലച്ചിൽ' ആയാണ്. ഈ ഉലച്ചിലിനെ തെങ്ങോലകളുടെ, നെൽക്കതിരിന്റെ ചലനത്തോട് ചേർത്തുനിർത്തി അവതരിപ്പിക്കുന്നത് പതിവാണ്. നാട്യശാസ്ത്രഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ ഈ ഉലച്ചിലിനെ 'ആന്തോളിക' എന്ന സാങ്കേതികപദത്തിലൂടെ ഡോ. നീന പ്രസാദ് അവതരിപ്പിക്കുന്നുണ്ട്. എങ്ങനെ ആയാലും ഒരു നൈരന്തര്യത്തെ മോഹിനിയാട്ട ചലനത്തിൽ കണ്ടെടുക്കാം. ആ ചലനം ക്രമത്തിൽ ആവർത്തിക്കുന്ന ഒന്നാണ്. വർത്തുളവുമാണ്. മോഹിനിയാട്ടത്തിലുള്ള 'ആട്ടം' എന്താണെന്നതും പരിശോധിച്ചുനോക്കാവുന്നതാണ്. 'ഊഞ്ഞാലാട്ടം', 'ചാഞ്ചാട്ടം' എന്നിവ പോലെ, 'ആട്ടം' ചേർന്ന വാക്കുകൾ ഇപ്പോഴും പ്രചാരത്തിലുണ്ടല്ലോ.**



യോ ഒക്കെ കുറിക്കുന്നു. അത് സ്ത്രൈണമായ ഗുണമായി കണക്കാക്കപ്പെടുന്ന സമൂഹമാണ് നമ്മുടേത്. അപ്പുറത്ത് ഉറപ്പിന്റെയും ദൃഢതയുടെയും പര്യായമാണ് ആണത്തം എന്നത്. അതിനാൽ ഉലയുന്ന, ആടുന്ന ഒരു പുരുഷശരീരം സങ്കല്പിക്കാൻ ഈ സമൂഹത്തിന് ബുദ്ധിമുട്ടുണ്ടാവുന്നത് സ്വാഭാവികമാണ്.

ആണുങ്ങൾ മോഹിനിയാട്ടം ചെയ്യുമോ എന്ന ചോദ്യത്തിന് അനുബന്ധമായി ഉയരുന്ന വേറെ ചില ചോദ്യങ്ങളും ഉണ്ട്. ഏത് വേഷം ധരിക്കും? മുടി എന്തു ചെയ്യും? എന്നിങ്ങനെ ആഹാര്യത്തെ സംബന്ധിക്കുന്നവയാണ് അതിലൊരു വിഭാഗം. മറ്റൊരു വിഭാഗം മോഹിനിയാട്ടത്തിൽ അവതരിപ്പിച്ചു കാണുന്ന വിഷയങ്ങളെ പറ്റിയുള്ളതാണ്. ശൃംഗാരം എങ്ങനെ അവതരിപ്പിക്കും? നായികയുടെ ഭാവങ്ങൾ എങ്ങനെ കൊണ്ടുവരും? എന്നീ ചോദ്യങ്ങൾ അക്കൂട്ടത്തിൽ പെടുന്നു. വാസ്തവത്തിൽ ഈ ചോദ്യങ്ങളുടെ ആധാരം സാമൂഹികമായി നടക്കുന്ന ശരീരചലനത്തിന്റെ ലിംഗപദവി ക്രമപ്പെടുത്തൽ (ജെന്ററിങ്) എന്ന പ്രക്രിയയാണെന്നാണ് ഈ ലേഖനം വാദിക്കുന്നത്. അതിന്റെ അനുബന്ധമായി ഉയരുന്ന പ്രശ്നങ്ങളാണ് മേൽപ്പറഞ്ഞവ. അങ്ങനെ നോക്കുമ്പോൾ ആണുങ്ങൾ മോഹിനിയാട്ടം ചെയ്യുമോ എന്ന ചോദ്യത്തിനടിയിൽ ആൺശരീരം ഉലയാനുള്ളതാണോ എന്ന ചോദ്യം അടിഞ്ഞു കിടക്കുന്നതായി കാണാം. അതിനാൽ ഉറച്ചു പടുത്ത ഒരു ശരീരത്തിൽ നിന്ന് വിടുതി നേടിയ, രാഷ്ട്രീയപ്രാധാന്യമുള്ള ശരീരമാണ് ഒരു മോഹിനിയാട്ട നർത്തകന്റേത് എന്ന് പറയാം.

### ഉപസംഹാരം

'സ്ത്രീകളുടെ കല' എന്ന സംജ്ഞയെ പ്രശ്നവൽക്കരിക്കുമ്പോൾ ശരീരത്തെയും അതിന്റെ ചലനത്തെയും ലിംഗപദവിപരമായി പരുവപ്പെടുത്തി ചെയ്തുവന്നതിന്റെ രാഷ്ട്രീയമാണ് തെളിഞ്ഞു വരുന്നത്. ഓരോ ലിംഗപദവി സ്വത്വത്തിനും പൂർവ്വനിശ്ചിതമായ ചില ശാരീരിക പ്രത്യേകതകളും, ശരീരചലന സാധ്യതകളും സാമൂഹം കല്പിച്ചിട്ടുണ്ട്. മോഹിനിയാട്ടത്തെ സ്ത്രീകളുടെ കല എന്ന് വിളിച്ചുപോരുന്നത് അതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ പുതിയൊരു ശരീരസാധ്യത മുന്നോട്ട് വയ്ക്കാൻ മോഹിനിയാട്ടം അവതരിപ്പിക്കുന്ന നർത്തകന് സാധിച്ചേക്കും. കാരണം സമൂഹം പരിചയപ്പെട്ടിട്ടില്ലാത്ത ഒരു പുതിയ പുരുഷശരീരമാണ് മോഹിനിയാട്ടനർത്തകന്റേത്. അത് ഉലയുന്ന ഒരു പുരുഷശരീരമാണ്.

**( ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്ന നടനകൈരളിയിലെ മോഹിനിയാട്ട വിദ്യാർത്ഥിയുമായ ലേഖകൻ, സാൻ ഫ്രാൻസിസ്കോയിലെ Nava Dance Theatre സൗത്ത് ഏഷ്യൻ നർത്തകർക്ക് വേണ്ടി നടത്തുന്ന വിർചൽ റെസിഡൻസി പ്രോഗ്രാമിൽ, മോഹിനിയാട്ടത്തിൽ ഫെല്ലോഷിപ്പ് കരസ്ഥമാക്കിയിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ വ്യത്യസ്ത വിഭാഗത്തിൽ ഉൾപ്പെടുന്ന പത്ത് കലാകാരൻമാരെയാണ് ഇതിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളത്.)*

*ചിത്രങ്ങൾ : ആസാദ്*



**ഡോ. ജിജി ജെ. അലക്സ്**
അധ്യാപിക
ഹ്യൂമാനിറ്റീസ് വിഭാഗം
IIST തിരുവനന്തപുരം

# ഉടൽ, ലിംഗത്വം: മലയാള ചലച്ചിത്ര ഗാനങ്ങളിലെ ഭക്ഷണപ്രതിനിധാനങ്ങളുടെ ദൃശ്യരാഷ്ട്രീയം




സിനിമ കാഴ്ചക്കാരുടെ ദൃശ്യസംസ്കാരത്തെ പല രീതിയിൽ ഉരുവപ്പെടുത്തുന്ന ഒരു മാധ്യമമാണ്. അതിലെ കഥ, കഥാപാത്രങ്ങൾ, ദേശം, പ്ലോട്ട്, വസ്തുവകകൾ, അങ്ങനെ പലതും കാഴ്ചയെ സ്വാധീനിച്ചും, കാഴ്ചയാൽ സ്വാധീനിക്കപ്പെട്ടുമിരിക്കുന്നു.സിനിമയിൽ 'ഭക്ഷണം' എന്ന പരികൽപ്പനം മറ്റേതൊരു ആശയത്തെ പോലെയും, ഒരു സങ്കൽപ്പവും, കാലാനുസൃതമായി വ്യതിയാനപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു അവസ്ഥയുമാണ്. സിനിമയിലെ ഭക്ഷണ പ്രതിനിധാനങ്ങൾ, അവയെ പ്രകടമാക്കുന്ന ഭാഷ, ബിംബങ്ങൾ എന്നിവ സമകാലിക സാമൂഹിക സാംസ്കാരിക യാഥാർഥ്യങ്ങളേയും, കാഴ്ചപ്പാടുകളേയും വ്യക്തമാക്കുന്നു. മലയാള സിനിമാ ഗാനങ്ങൾ/ ഗാനരംഗങ്ങൾ അവയുടെ വരികളിലൂടെയും, ദൃശ്യങ്ങളിലൂടെയും, എങ്ങനെയാണ് സാമൂഹിക സാംസ്കാരിക വിനിമയ മാധ്യമങ്ങളായി മാറുന്നത് എന്നന്വേഷിക്കുന്നതിനുള്ള ഒരു ശ്രമമാണ് ഈ പഠനം. തിരഞ്ഞെടുത്ത മലയാള സിനിമ ഗാനങ്ങളിൽ ഭക്ഷണം, അടുക്കള, രുചിയോർമ്മകൾ, തുടങ്ങിയ ബിംബങ്ങളിലൂടെ കാഴ്ചക്കാർക്ക് വെളിപ്പെടുത്തുകയും, മറച്ചുപിടിക്കുകയും ചെയ്യുന്ന ചില സാമൂഹിക-സാംസ്കാരിക രാഷ്ട്രീയ വ്യവഹാരങ്ങളുടെ വായനയാണ് ഇവിടെ നടത്തുന്നത്. സിനിമ പലപ്പോഴും

ആൺനോട്ടങ്ങളുടെയും, പുരുഷേച്ഛകളുടെയും, അധികാരത്തിന്റെയും, ഈറ്റില്ലമാകുമ്പോൾ അതിലെ ഭക്ഷണ പരികല്പനകൾ പൊളിറ്റിക്കൽ ആകുന്നുവെന്നു കാണുവാൻ സാധിക്കും.

സിനിമയിലെ ഭക്ഷണപ്പാട്ടുകളെ മൂന്നായി തരം തിരിക്കാം. 1. സ്ക്രീനിൽ ഭക്ഷണം, അതുമായി ബന്ധപ്പെടുന്ന വസ്തുക്കൾ, വ്യക്തികൾ, എന്നിവയും; വരികളിൽ ഭക്ഷണ പരാമർശങ്ങളും കാണുവാൻ സാധിക്കും: 'ഓ..... പ്ലാത്തൂരേ ശിവന്റമ്പലത്തിന്റടുത്തുള്ള വീട് പ്ലാഞ്ചോട്... ' (കുട്ടൻപിള്ളയുടെ ശിവരാത്രി ), 'കുട്ടി ദോശ റവ ദോശ...' (കമ്മത്ത് ആൻറ് കമ്മത്ത്), 2. ചില ഗാനങ്ങളിൽ ഭക്ഷണ പരാമർശങ്ങളുണ്ടെങ്കിലും അവയെ ദൃശ്യവൽക്കരിക്കാറില്ല: 'കപ്പ കപ്പ...' (ബാച്ചലേഴ്സ് പാർട്ടി), 'കണ്ടോ നിന്റെ കണ്ണിൽ...' (സൺഡേ ഹോളിഡേ) 3. മറ്റു ചില ഗാനങ്ങളിൽ ഭക്ഷണം ദൃശ്യപ്പെടുന്നുണ്ടെങ്കിലും വരികളിൽ ഭക്ഷണത്തിന്റെ സൂചനകൾ ഉണ്ടാകാറില്ല: 'പരിമിത നേരം...' (മധുരം), 'പറയാതെ വന്നെൻ...' (ബ്രോ ഡാഡി ). ഇപ്രകാരം തരം തിരിക്കപ്പെട്ട ഗാനങ്ങളിൽ ഭക്ഷണം ഒരു ഏജൻസി ആയി മാറുകയാണ്. അത് ദേശം, സംസ്കാരം, ഗൃഹാതുരത്വം, ലിംഗപരത, ഉപഭോഗം, സമകാലികത,അധികാരം എന്നിവയുമായി ചേർത്തും പേർത്തും വായിക്കപ്പെടുന്നു.

എന്താണ് ഭക്ഷണം? റൊളാങ് ബാർത് ഇതിനു നൽകുന്ന ഉത്തരം ഇപ്രകാരമാണ്, "അത് സ്ഥിതിവിവര കണക്കുകൾക്കോ പോഷകാഹാര പഠനങ്ങൾക്കോ ഉപയോഗിക്കാവുന്ന ഉല്പന്നങ്ങളുടെ ഒരു ശേഖരണം മാത്രമല്ല. അത് ആശയ വിനിമയത്തിനുള്ള ഒരു വ്യവസ്ഥയും, സങ്കൽപ്പങ്ങളുടെ ചട്ടക്കൂടും, ആചാരങ്ങളുടെയും, അവസ്ഥകളുടെയും, പെരുമാറ്റങ്ങളുടെയും, ആചാരമര്യാദാസംഹിതയും ആണ് (24).' അതായത് ഭക്ഷണം ഒരു വിഷയമാണ്, അത് ഒരു ബിംബമാണ്, അങ്ങനെ അത് ഒരു വ്യവസ്ഥയുമാണ്. ആണധികാരം സ്വായത്തമാക്കിയ ഒരു സമൂഹത്തിൽ, പുരുഷ മേൽക്കോയ്മ അടിച്ചേല്പിക്കപെടുന്നത് പലപ്പോഴും ഭാഷയിലൂടെയും കാഴ്ചയിലൂടെയുമാണ്. അതിന്റെ ബഹിർസ്ഫുരണങ്ങളാണ് ചലച്ചിത്രഗാനങ്ങളും. ചിത്രവും, ഗാനവും ചേരുമ്പോൾ അവിടെ കാഴ്ചയും ഭാഷയും ഉണ്ട്. എന്നാൽ നമ്മുടെ (പ്രേക്ഷകന്റെ കാഴ്ചയുടെ ഭാഷയെ നിശ്ചയിക്കുന്നത് ഇത്തരം പരികല്പനകളാണ്. )

ഭക്ഷണം പെണ്ണുടലുമായി ചേർത്ത് വായിക്കുമ്പോൾ മലയാള സിനിമയിൽ ഭക്ഷണത്തിന്റെ പ്രതിനിധാനങ്ങളും പരികല്പനകളും പെണ്ണിനേയും, അവളുടെ സ്വത്വത്തെയും, ഉടലിനെയും പലപ്പോഴും കാഴ്ചവസ്തുക്കൾ, കച്ചവട സാമഗ്രി, ഉപഭോഗ വസ്തു എന്നിവയൊക്കെ ആയിയാണ് കരുതുന്നത്. എപ്രകാരം ഭക്ഷണം അല്ലെങ്കിൽ ആഹാരം അത് ആഹരിക്കുന്ന ആളിന്റെ വയർ നിറക്കുന്നുവോ, വിശപ്പകറ്റുന്നുവോ, പെണ്ണുടലിനെ ദൃശ്യവൽക്കരിക്കുമ്പോൾ, ആ കാഴ്ചകളും, വരികളും,



ഭോജ്യവികാരങ്ങൾ ഉണ്ടാക്കുകയും, പലയാവർത്തി അത്തരം അനുഭവങ്ങളും, കാഴ്ചകളും അനുഭവിക്കുമ്പോൾ അത് ഒരു സ്വാഭാവിക ക്രമമായി മാറുകയും ചെയ്യുന്നു, അങ്ങനെ ഒരു വ്യവസ്ഥ രൂപികരിക്കപ്പെടുന്നു.


മലയാള സിനിമയിൽ ഇപ്രകാരം സ്വാഭാവികമാക്കപ്പെട്ടിട്ടുള്ള പരികല്പനകൾ പെണ്ണുടലിനെയും, അവളുടെ സ്വത്വത്തെയും ദൃശ്യവൽക്കരിക്കുന്നതു എങ്ങനെയെന്ന് നോക്കാം.

*വേനലിൽ ഒരു മഴ* എന്ന സിനിമയിലെ അതിപ്രശസ്തമായ "അയല പൊരിച്ചതുണ്ട്" എന്ന ഗാനം ഒന്ന് നോക്കാം. ഗാനരംഗത്തു ദൃശ്യമാകാത്ത അയല പൊരിച്ചതും, കരിമീൻ വറുത്തതും കൊടംപുളിയിട്ടു വെച്ച ചെമ്മീൻ കറിയും, തുമ്പപ്പൂ നിറമുള്ള ചെറുമണിച്ചോറും, ഉപ്പിലിട്ട മാങ്ങയും, ഒക്കെ ഒരുക്കി കാമുകി തന്റെ കാമുകനെ ക്ഷണിക്കുന്നു. മലയാളികൾ കൊതിയോടും രുചിയോടും കഴിക്കുന്ന ഒരു നാടൻ ഊണിന്റെ രുചിയുടെയും, സമൃദ്ധിയുടെയും സുദീർഘമായ ഒരു വർണ്ണനയാണിവിടെ. മലയാളത്തിൽ പിന്നീട് വന്ന പല ആഹാരപ്പാട്ടുകളും ഇതിനോട് ചേർത്ത് വായിക്കുന്നതാണ്. ഏറ്റവും രുചികരമായ വിഭവങ്ങളുടെ അവയുടെ ശ്രവ്യതയെയും രുചിയേയും പ്രൊജക്ട് ചെയ്യുന്നു. ഇവിടെ വിവരിച്ചിരിക്കുന്ന വിഭവങ്ങൾ ആകർഷണ വസ്തുക്കളാണ്, അവയെ കാമുകന്റെ മുൻപിൽ അവതരിപ്പിക്കുന്നതിലൂടെ കാമുകി വെളിപ്പെടുത്തുന്നത്; ഭക്ഷണം ആസ്വദിക്കാനുള്ളതാണെന്നും അതിനാൽ അതിൽ അഭിരമിക്കു

കയും ചെയ്യണമെന്നുമാണ്. അപ്പോൾ ഭക്ഷണം ഒരു ഭോഗവസ്തു ആയി മാറുന്നു. ഭക്ഷണം ഒരു agency ആയി ഉപയോഗിക്കുന്ന കാമുകി ഒരു വശീകരിക്കുന്ന ഏജന്റ് ആയി മാറുന്നു. എന്റെ കൈവശം ഇതെല്ലാമുണ്ട് എന്ന് പറഞ്ഞു കാമുകനെ ക്ഷണിക്കുന്ന കാമുകി ഓരോ ഭക്ഷ്യ വിഭവങ്ങളെയും ഭോഗവസ്തുക്കളായി തന്റെ കാമുകന്റെ മുൻപിൽ വിവരിക്കുമ്പോൾ ഇന്ദ്രിയങ്ങളാൽ ആസ്വദിക്കേണ്ടുന്ന ഭക്ഷണത്തെ കൊതി, രുചി, എന്നീ ചോദനകളിലൂടെയാണ് പ്രകടമാക്കുന്നത്. എന്നാൽ പിന്നീട് വന്ന പല ഗാനങ്ങളിലും ഭക്ഷണത്തെ ശരീരമായും , അതിനെ ഒരു വസ്തുവായും അങ്ങനെ നോട്ടമേൽക്കുന്ന ശരീരം ഒരു വസ്തുവാകുകയും ചെയ്യുന്നിടത്തു കാഴ്ചക്കാർക്ക് ലഭിക്കുന്ന കാഴ്ചരതി എന്ന തലത്തിലേക്കും പരിണമിക്കുന്നു.

ബാച്ചലേഴ്സ് പാർട്ടി എന്ന സിനിമയിലെ ഹെൽസോങ് സൺഡേ ഹോളിഡേ എന്ന സിനിമയിലെ പബ് സോങ് എന്നിവ ഇതിനു ഉദാഹരണങ്ങളാണ്. ഭക്ഷണം നൽകുന്ന തൃപ്തി, നിർവൃതി, സന്തോഷം എന്നിവ രണ്ടു തരത്തിലാകാം. അത് നമ്മുടെ കാഴ്ചക്ക്/ നോട്ടത്തിനു സുഖം പകരാം, അല്ലെങ്കിൽ നമ്മുടെ സുഖാനുഭവങ്ങളെ ഉത്തേജിപ്പിക്കാം. ഭക്ഷണവും അതുമായി ബന്ധപ്പെടുന്ന വ്യക്തിയും transfer ചെയ്യുന്ന കാഴ്ചരസങ്ങൾ ഭക്ഷണത്തെ അതീന്ദ്രിയ തലത്തിലേക്ക് ഉയർത്തുകയും ഉണർത്തുകയും ചെയ്യുന്നത് പോലെ അത് കാണുന്ന വ്യക്തിയെയും സുഖിപ്പിക്കുന്നു. ' കപ്പപ്പുഴുക്ക്/ ചക്ക വരട്ടി" എന്ന ഗാനം ഭോഗവസ്തു/ ഭോഗം എന്നീ ദ്വന്ദ്വങ്ങളെ ബന്ധിപ്പിക്കുന്നു. നരകത്തിൽ നൃത്തം ചവിട്ടുന്ന ഒരു സംഘം ആൺ പെൺ ശരീരങ്ങൾക്കു കപ്പപ്പുഴുക്കും ചക്ക വരട്ടിയതും ഭോഗവസ്തുക്കൾ ആകുമ്പോൾ പ്രേക്ഷകർ അവ നൃത്തം ചവിട്ടുന്നവരുടെ ശരീരങ്ങളോടും നോട്ടങ്ങളോടും ചേർന്നാണ് വായിക്കുന്നത്.






ആൺനോട്ടങ്ങളാണ് ഈ ഗാനത്തിലുടനീളം വ്യക്തമാകുന്നത്. ' സ്ത്രീകൾ തങ്ങളുടെ പരമ്പരാഗതവും പ്രകടനപരവുമായ പങ്കുകളാൽ ഒരേ സമയം നോട്ടമേൽക്കപെടുകയും, പ്രദർശനവസ്തുവാക്കപ്പെടുകയും ചെയ്യുന്നു, അവരുടെ ആകാരത്താൽ ശക്തമായ ദൃഷ്ടിഗോചരവും രതിജന്യവുമായ രഹസ്യചിഹ്നങ്ങളാൽ ക്രോഡീകരിക്കപ്പെട്ടിട്ടുള്ളതു അവരുടെ നോട്ടമേൽക്കപ്പെടലിനെയാണ് സൂചിപ്പിക്കുന്നത്,'' (808–809, 1975 ) എന്ന് ലോറ മൽവി പറയുന്നത് ഇവിടെ ചിന്തനീയമാണ്.

ഇതേ മാതൃകയിൽ വാർക്കപ്പെട്ടിട്ടുള്ള മറ്റൊരു ഗാനമാണ് *സൺഡേ ഹോളിഡേ* എന്ന ചിത്രത്തിലുള്ളത്. ''കണ്ടോ നിന്റെ കണ്ണിൽ"എന്ന ഗാനം, പ്രത്യേകിച്ച് ഒരു അർത്ഥമോ സാഹചര്യം ആവശ്യപ്പെടുന്ന ഒരു നിമിത്തമോ അല്ലെങ്കിൽ കൂടെ, "ആ കവിളത്തെ പിഞ്ഞാണത്തിൽ/ മോരിൽ മുങ്ങിയ" എന്ന് ചോദ്യവും, "നിൻ ചട്ടികളിൽ ഒരു ചീലാവായി എന്നും നീന്താൻ തോന്നുന്നതും,'' / 'ഒട്ടിച്ചേരും നെയ്ച്ചോറായി നമ്മൾ' എന്ന് പാടുമ്പോഴുമെല്ലാം ശരീരത്തെ വ്യവഹാര വ്യവസ്ഥകൾ അല്ലെങ്കിൽ പാത്രങ്ങളാക്കുക എന്ന രാഷ്ട്രീയമാനം കൂടി അവിടെ കൈവരിക്കുന്നുണ്ട്. സാധാരണയായി തമിഴ് ചലച്ചിത്ര ഗാനങ്ങളിൽ വളരെയധികം പ്രയോഗിച്ചിട്ടുള്ള ഈ രീതി മലയാളചലച്ചിത്ര ഗാനങ്ങളുടെ സൂക്ഷമാവലോകനത്തിലൂടെ വ്യക്തമാകും. ചട്ടി, ചീലാവ്, നെയ്ച്ചോറ്, എന്നീ പരാമർശങ്ങൾ ശരീരം/വസ്തു എന്നീ ദ്വന്ദ്വങ്ങളെ സൂചിപ്പിക്കുന്നു.

ചെമ്പാവ്, പുന്നെല്ല് , നെല്ലിക്ക, മണ്ണപ്പം, തുടങ്ങിയ ചില പ്രതീകങ്ങൾ ഗ്രാമം, കുട്ടിക്കാലം, ഗതകാലം, നഷ്ടസ്വപ്നങ്ങൾ, എന്നീ images പ്രേക്ഷകനിലേക്കു കൊണ്ടുവരുന്നു. *ഇബിലീസ്* എന്ന സിനിമയിൽ തന്റെ കാമുകിക്ക് നെയ്യപ്പത്തിന്റെ മണമാണെന്നാണ് കാമുകൻ അദ്ദേഹത്തിന്റെ മുത്തശ്ശനോട് പറയുന്നത്. ഇത് പോലെ ഗൃഹാതുരത്വം ഉണർത്തുന്ന വിഭവങ്ങളാണ് സുലൈമാനിയും (ഉസ്താദ് ഹോട്ടൽ), ചെമ്പാവ് പുന്നെല്ലിൻ ചോറും. മലയാളിയുടെ ഭക്ഷണശീലങ്ങളെ വ്യക്തമാക്കുന്നുണ്ടെങ്കിലും "ചെമ്പാവ് പുന്നെല്ലിൻ ചോറും" എന്ന ഗാനം ആൺപെൺ ദ്വന്ദ്വങ്ങളെ ഭക്ഷണത്തോട് ബന്ധപ്പെടുത്തുന്നത്,

ആണധികാര വ്യവസ്ഥിതിയുടെ ലിംഗപദവി പ്രതീക്ഷകളെ വെളിപ്പെടുത്തുന്നതിലൂടെയാണ്; ' മുളകരച്ചൊരുക്കിയ പരൽമീനിൻ കറി കൂട്ടീട്ടെരിവ്കൊണ്ടിടം കണ്ണ് തുടിച്ചവനെ" എന്ന് അവനെ പറ്റി പാടുമ്പോൾ, അവളെ പറ്റി പാടുന്നത് ' പഴം പുളിശ്ശേരി ചാറിൽ പിടിക്കുമ്പോൾ വഴുക്കണ മധുരമാം പഴം പോലെ വലക്കുന്നോളെ" എന്നാണ്. എത്ര മാത്രം vulnerable ആണ് അവൾ എന്ന് നോക്കൂ. അവൾ വലക്കുന്നവളും ആണ്. മറ്റൊരു ഉത്തരവാദിത്തം കൂടി ആണധികാര വ്യവസ്ഥിതിയുടെ അധീശത്വ പ്രതീക്ഷകളിൽ ഉണ്ട്, ചൂടു കഞ്ഞി കുടിക്കുമ്പോൾ വിയർപ്പാറ്റാൻ അടുത്ത് വായോ" എന്ന് വിളിക്കുമ്പോൾ വിഭവ സമൃദ്ധമായ സദ്യ ഒരുക്കി മച്ചുനനെ ഊണിനു ക്ഷണിക്കുന്ന കാമുകിയുടെ അതേ റോൾ തന്നെയാണ് പെണ്ണിൽ നിന്നും സമൂഹം പ്രതീക്ഷിക്കുന്നത്.

എന്നാൽ ഒരു നാടിനെയോ ദേശത്തെയോ ചലച്ചിത്രഗാനത്തിലൂടെ രേഖപ്പെടുത്തുമ്പോൾ കുറെ കൂടെ തുറവിയും വിശാലതയും ദർശിക്കാവുന്നതാണ്. ഉദാഹരണമായി അങ്കമാലി ഡയറീസ് എന്ന സിനിമയിൽ "തമരടിക്കുന്ന കാലമായെടി തിയ്യാമേ" എന്ന ഗാനത്തിൽ അങ്കമാലി എന്ന ഭൂപ്രകൃതിയെ അവിടുത്തെ ആഘോഷങ്ങൾ, വിരുന്നുകൾ, ആഹാരശീലങ്ങൾ, കൂട്ടായ്മകൾ, സുരപാന സദസ്സുകൾ എന്നിവയിലൂടെ കാണാം. എന്നാൽ നായകന് വന്നു പോകുന്ന നായികമാരെ നോക്കുമ്പോൾ അവരുടെ ബന്ധങ്ങളെ സൂചിപ്പിക്കാനായി കൊടുക്കുന്ന വിശേഷണം പോലും, "പെപ്പേയും സീമയും കുഞ്ചുവിന്റെ കടയിലെ കപ്പയും മുട്ടയും പോലെ ഉദാത്ത ചേർച്ച എന്നാണ്. ആൺ പെൺ ബന്ധങ്ങളെ ഭക്ഷണചേർച്ച (ഫുഡ് കോമ്പോ) ആയി പരിഗണിക്കപ്പെടുമ്പോൾ കപ്പയും മുട്ടയും എന്ന ജോഡി ഒരു പ്രത്യേക ഭൂപ്രകൃതിയിലെ ആളുകളുടെ ഇഷ്ടഭോജ്യമാണ്. ഭൂപ്രകൃതി മാറുന്നതനുസരിച്ചു രീതിയി ചേരുവകൾ വ്യത്യാസപ്പെടാം. കഥയിൽ രണ്ടിലധികം കാമുകിമാർ പല കാലഘട്ടത്തിലായി വന്നു പോകുന്നുണ്ട് പെപ്പെക്ക്, അപ്പോൾ ആ ബന്ധങ്ങളെല്ലാം ഓരോതരം കോമ്പോ ആണ്. കപ്പ-മുട്ട, കപ്പ-മീൻ, കപ്പ-ബീഫ്, കപ്പ-മുളക്, ഇങ്ങനെ വ്യത്യസ്തമായ ജോഡികളിൽ കപ്പ ഒരു അവിഭാജ്യ ഘടകമായതു പോലെ ഒന്നിലധികം കാമുകിമാർ ഉണ്ടായിരുന്ന പെപ്പെയുടെ വർദ്ധിത ആണത്തം (ഹൈപ്പർ മാസ്കുലിൻ) ഇവിടെ വ്യക്തമാകുന്നു.

അങ്ങനെ ഭക്ഷണമെന്ന ജൈവവ്യവസ്ഥ, മാറുന്ന കാലത്തിനനുസരിച്ചു വ്യത്യസ്തങ്ങളായ കർമ്മങ്ങളനുഷ്ഠിക്കുന്നു. എന്നാൽ മാറുന്ന കാലത്തിനനുസരിച്ചു മാറാത്ത ജെന്റർ എക്സ്പെക്റ്റേഷനെയും ആധീശത്വ ആണധികാര പ്രത്യയശാസ്ത്രത്തെയും പൊളിച്ചടുക്കുകയാണ് ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ എന്ന ചലച്ചിത്രം ചെയ്തത്. ഇവിടെ അടുക്കളയും, തീൻമേശയും ലിംഗപദവി ഇടമായി ആണ്. ഈ ഇടങ്ങളെ പെണ്ണുടലുമായി വായിച്ചെടുക്കുകയാണ് സിനിമയിൽ. സദാ കത്തിക്കൊണ്ടിരിക്കുന്ന അടുപ്പ്, അടുക്കളയിലെ വിഭവപ്പെരുമ, തീൻമേശയിലെ എച്ചിൽ തുടങ്ങിയ ബിംബങ്ങൾ പെണ്ണുടൽ, ലിംഗ വ്യക്തിത്വം, പെണ്ണിടം, സ്വത്വ പ്രതിസന്ധി എന്നിവയെ പ്രശ്നവത്കരിക്കുന്നു.



ഉത്തമയായ ഭാര്യ പാചകം നിർബന്ധമായും അറിഞ്ഞിരിക്കണം എന്ന 'കുലസ്ത്രീ' ചിന്തയും, ഗൃഹഭരണം, ഗൃഹലക്ഷ്മി,തുടങ്ങിയ നിർവ്വചനങ്ങളും സമൂഹം, സ്ത്രീയിൽ നിന്നും പ്രതീക്ഷിക്കുന്ന ചില gendered expectations ആണ്. സമകാലിക മലയാള സിനിമയിൽ പാചകം ചെയ്യുന്ന പുരുഷന്മാർ, പാചകം, തൊഴിലോ, വിനോദമോ ആക്കിയിട്ടുള്ളവർ ഉണ്ടെങ്കിലും, പുതിയ കുപ്പിയിലെ പഴയ വീഞ്ഞെന്നോണം വീട്ടാളുകളും ബഹു ചുമതല നിർവ്വാഹകരും സംരംഭകരും ഒക്കെ ആയ ഭാര്യമാരും മറ്റൊരു വശത്തു പെരുകുന്നുണ്ട്. ഈ കാഴ്ചപ്പാടിനെ വിമർശിക്കുന്ന സിനിമയാണ് മധുരം. രണ്ടു വ്യക്തികൾ തമ്മിലുള്ള ആത്മബന്ധത്തെ ഊട്ടിയുറപ്പിക്കുന്നതോടൊപ്പം ഭാര്യാഭർത്തൃബന്ധം സുഗമമാക്കുന്നതിന് ഭാര്യ ഒരു പാചക വിദഗ്ദ്ധ ആയെങ്കിൽ മാത്രമേ സാധിക്കുകയുള്ളു എന്ന 'കുലസ്ത്രീ' കാഴ്ചപ്പാടിനെ ഇവിടെ വിമർശി

ക്കുന്നു.

എങ്കിലും മലയാളസിനിമാഗാനങ്ങളിൽ ആണധികാരങ്ങളും ആൺനോട്ടങ്ങളും പ്രകടമാകുന്നത് ഒരു വ്യത്യസ്ത രീതിയിലാണ്. പുരുഷൻ പാചകം ചെയ്യുമ്പോൾ അത് ഒരു പ്രാഗൽഭ്യം ആയി കരുതുകയും, അയാൾ ഇടപെടുകയും പാചകം ചെയ്യുകയും ചെയ്യുന്ന ഇടങ്ങൾ exoticise ചെയ്യപ്പെടുകയും ചെയ്യുന്നു (എന്റെ മെഴുതിരി അത്താഴങ്ങൾ). അടുക്കള ഒരു ലിംഗപദവി ഇടമായിമാറുന്നതോടൊപ്പം പുരുഷൻ പാചകം ചെയ്യുമ്പോൾ അതിന്റെ 'ആഘോഷവും', സ്ത്രീ പാചകം ചെയ്യുന്നതിന്റെ 'ദൈനംദിനകതയും' പല സിനിമ ഗാനങ്ങളിലും വായിക്കുവാൻ സാധിക്കും.

*ബ്രോ ഡാഡി* എന്ന സിനിമയിൽ ആധുനിക ത്വരിതയുഗവും, ചെറുപ്പക്കാരുടെ ആഹാരശീലങ്ങളും ദൃശ്യവത്കരിക്കുന്നതോടൊപ്പം മറ്റൊരു തലമുറ ഈ വേഗതയെ എങ്ങനെ സ്വന്തമാക്കുന്നു എന്നും വ്യക്തമാക്കുന്നുണ്ട്. വിശാലമായ ഓപ്പൺ കിച്ചണിൽ ചൂട് ഇടിയപ്പം ചുട്ട് ഭർത്താവിനെ പരിപോഷിപ്പിക്കുന്ന ഭാര്യയും ഭാര്യ ഗർഭവതി ആകുമ്പോൾ മേശ നിറയെ വിഭവങ്ങളൊരുക്കി ഭാര്യയെ സ്നേഹിക്കുന്ന ഭർത്താവും ഇടപെടുന്ന ഭക്ഷണം അതിന്റെ തനതു സ്വഭാവമായ, വിശപ്പ്, രുചി,കൊതി,ആകാംഷ എന്നിവയിൽ നിന്നുമകന്ന് സമ്പത്തു, ആർഭാടം, സുലഭ്യത, എന്നീ സ്വഭാവങ്ങൾ കൈവരിക്കുന്നു. മേശ നിറയെ വിഭവങ്ങൾ ഉണ്ടെങ്കിലും ക്യാമറ ഫോക്കസ് ചെയ്യുന്നത് നായകന്റെയും നായികയുടെയും മുഖഭാവങ്ങളിലേക്കാണ്, നായകൻ നളനായും, അപാരമായ കഴിവുള്ളവനായും, അതിൽ ഭാര്യ അഭിമാനിക്കുകയും ചെയ്യുമ്പോൾ അതും മറ്റൊരു തരം ആഹ്ലാദിക്കൽ ആകുന്നു. റിലീസ് ചെയ്യാനിരിക്കുന്ന *തല്ലുമാല* എന്ന സിനിമയിലെ ''കണ്ണിൽ പെട്ടോളെ" എന്ന പാട്ടിലെ വരികൾ ഇങ്ങനെ പോകുന്നു. ' അള്ളാ ആണേ നിന്നെ കണ്ടാൽ, മോരും കാച്ചി തേങ്ങാച്ചോറിൽ ബീഫും കൂട്ടി സേമിയ പായസം തന്നൊരു കിക്കിൽ കണ്ടൊരു നിന്നെ," അങ്ങനെയങ്ങനെ ആണ് ആഗ്രഹങ്ങൾ.




ഇപ്രകാരം മലയാള സിനിമ ഗാനങ്ങൾ പലപ്പോഴും ലിംഗവ്യത്യാസങ്ങൾ ഭക്ഷണപ്രതിനിധാനങ്ങളിലൂടെ പ്രകടമാക്കാറുണ്ട്. "ഉണ്ണിമധുരം" നാമോർക്കുന്നതു നായകന്റെ കണ്ടുപിടിത്തമെന്ന രീതിയിലും, ദോശപ്പെരുമയും, ചക്കയുടെ മഹത്വവും നാമോർക്കുന്നതു അത് ദൃശ്യലോകത്തു പ്രകടിപ്പിച്ച നായകന്മാരിലൂടെയുമാണ്. എന്നാൽ നായികയെയും പെണ്ണുടലിനെയും പ്രകടിപ്പിക്കുന്ന ഭക്ഷണം സിനിമയിൽ ദൃശ്യവത്കരിക്കുമ്പോൾ അത് ശരീരത്തെയും, ഭോഗത്തെയും,ലൈംഗികതയെയും, പെണ്ണുടലിന്മേലുള്ള ആണധികാരത്തെയും വ്യക്തമാക്കുന്നു. സിനിമയിൽ ഭക്ഷണം വിശപ്പകറ്റാൻ മാത്രമല്ല, പെണ്ണുടലിനെ, കാമനകളെ, ആസക്തികളെ ഒക്കെ വ്യക്തമാക്കാൻ കൂടിയാണ്. ഭക്ഷണം വിശപ്പകറ്റുന്ന, രുചി പകരുന്ന വസ്തു എന്നതിലുപരിയായി പുരുഷകാമനകളെ പ്രകടിപ്പിക്കുന്ന, പെണ്ണുടലിനെ ഭോഗവസ്തുവാക്കുകയും , ആഹരിക്കുകയും ചെയ്യുന്ന ക്യാമറ കണ്ണുകളിലൂടെ കാണുവാനും മലയാള ചലച്ചിത്ര ഗാനങ്ങൾ വഴിയൊരുക്കുന്നു.

### ഗ്രന്ഥസൂചി


**Barthes, Roland.** "Towards a Psychosociology of Contemporary Food Consumption." Annals, Economies, Societies, Civilizations. No 5. September-October, 1961.pages 977-986. https://scholarblogs.emory.edu/sustainablefooditaly/files/2016/07/rolandbarthes.pdf

**Mulvey, Laura**. "Visual Pleasure and Narrative Cinema."https://www.amherst.edu/system/files/media/1021/Laura%2520Mulvey, %2520Visual %2520Pleasure.pdf

**Swenson, Rebecca**. ''Domestic Divo? Televised Treatments of Masculinity, Femininity and Food." Carole Cunihan and Penny Van Esterik. Ed. *Food and Culture, A Reader.* Routledge, New York and London, 2013. Pages 137- 153.

പഠനം



**ഡോ. ഇപ്ഷിത പ്രധാൻ**
അധ്യാപിക
ലിബറൽ ആർട്സ് വിഭാഗം
എസ്.ആർ.എം.യൂണിവേഴ്സിറ്റി
ആന്ധ്ര പ്രദേശ്



വിവർത്തക:

**ഡോ. അനു കുര്യാക്കോസ്**
അധ്യാപിക, ഇംഗ്ലീഷ് വിഭാഗം
എസ്.ആർ.എം.യൂണിവേഴ്സിറ്റി
ആന്ധ്ര പ്രദേശ്

# സൗന്ദര്യാത്മക അധ്വാനം, ശരീരം, സ്ത്രീത്വം:

## ഒരു റീട്ടെയിൽ ഷോപ്പ്-ഫ്ളോറിൽ നിന്നുള്ള നേർചിത്രം





### സൗന്ദര്യാത്മക അധ്വാനവും റീട്ടെയിൽ ഷോപ്പ്-ഫ്ളോറും

റീട്ടെയിൽ മേഖല സേവന ദാതാവും സ്വീകർത്താവും തമ്മിൽ നേരിട്ടുള്ള ആശയവിനിമയം സാധ്യമാവുന്ന ഇടമാണ്. അഭിമുഖ ആശയ വിനിമയത്തിലൂടെ സേവന ദാതാവിന്റെ ശരീരവും സേവനത്തിന്റെ ഭാഗമാവുന്നു. ഒരു റീട്ടെയിൽ ഷോപ്പ് -ഫ്ളോറിൽ, ഒരു തൊഴിലാളിയുടെ ശരീരത്തിന്റെ വ്യക്തിപരമായ സവിശേഷതകൾ ഇത്തരം കൊടുക്കൽ വാങ്ങലുകളിൽ നേരിട്ട് ഭാഗഭാക്കാവുന്നു, അതിനാൽതന്നെ ആ ശരീരങ്ങൾ കർശനമായ ഭക്ഷണക്രമം, വ്യായാമം അല്ലെങ്കിൽ സൗന്ദര്യവർദ്ധക വസ്തുക്കളുടെ പ്രയോഗം എന്നിവയിലൂടെ സ്വീകാര്യമായ ആകൃതിയിലേക്ക് പുനർനിർമ്മിക്കേണ്ടതുണ്ട്. സേവന ദാതാവിന്റെ ശരീരം അങ്ങനെ നൽകുന്ന സേവനത്തിന്റെ ഗുണനിലവാരത്തിന്റെ ഒരു പ്രധാന ആട്രിബ്യൂട്ടായി മാറുന്നു. തൊഴിലിന്റെ ഭാഗമായി ഒരാൾ തന്റെ ശരീരത്തിൽ ഒരു പ്രത്യേകതരം രൂപഭാവം ഉണ്ടാക്കിയെടുക്കേണ്ടി വരുന്നെങ്കിൽ അതിനെ 'സൗന്ദര്യാത്മക അധ്വാനം' എന്ന് വിളിക്കുന്നു. ഈ അധ്വാനത്തിന്റെ പ്രകടമാ

യ സൂചനകൾ, കടയിലെ നിലയിലെ ജീവനക്കാർ അവർ ജോലി ചെയ്യുന്ന ബ്രാൻഡുകൾ തീരുമാനിക്കുന്ന രീതിയിൽ വസ്ത്രം ധരിക്കണം എന്നതാണ്. ഡോക്ടറൽ ഗവേഷണത്തിന്റെ ഭാഗമായി 2014–2017 കാലയളവിൽ ഹൈദരാബാദിലെ ഒരു റീട്ടെയിൽ ഷോപ്പ്-ഫ്ളോറിൽ നടത്തിയ ഫീൽഡ് പഠനത്തിൽ നിന്നുമുള്ള വിവരങ്ങളുടെ പശ്ചാത്തലത്തിലുള്ളതാണ് ഈ ലേഖനം.

ഒരു റീട്ടെയിൽ ഷോപ്പ്-ഫ്ളോറിലെ ജീവനക്കാരിയാവാനുള്ള യോഗ്യതകൾ, തൊഴിലുടമകൾ നിർമ്മിച്ച 'മാതൃകാപരമായ സ്ത്രീത്വത്തിന്റെ' മൂർത്തീഭാവത്തെക്കുറിച്ച് ഒരു ധാരണ നമുക്ക് തരുന്നു. വനിതഷോപ്പ്-ഫ്ളോർ ജീവനക്കാരുടെ കാര്യത്തിൽ അവരുടെ ശരീരവും അതോടൊപ്പം അവർ എവിടെ നിൽക്കുന്നു എന്നതും സ്ത്രൈണതയുടെ നിർണായകഘടകമാവുന്നു. ഈ മൂർത്തീഭാവം ഒരു 'ജെന്റേഡ് മെറ്റീരിയാലിറ്റി' ആവുന്നു (Hughes & Witz, 1997). ഈ മെറ്റീരിയലിറ്റി സ്ത്രീത്വത്തെക്കുറിച്ചുള്ള സങ്കല്പങ്ങളിലൂടെ സ്ത്രീ ശരീരത്തെ നിയന്ത്രിക്കുന്നതിനോ പ്രതിനിധീകരിക്കുന്നതിനോ ശ്രമിക്കുന്നു. ഇങ്ങനെ ജൻഡേർഡ് ആയിട്ടുള്ള ഉടലിനെക്കുറിച്ചുള്ള ലോകവ്യാപകമായ പ്രതീക്ഷകളാണ് ഇത്തരം ഒരു ഷോപ്പിംഗ് മാളിൽ ഉറപ്പിക്കപ്പെടുന്നത്.

### അവതരണാത്മകതയും ഒരുങ്ങലും

എന്റെ പഠനത്തിൽ അവതരണാത്മകതയ്ക്ക് ഒരുപാട് പ്രാധാന്യമുണ്ട്. സാധാരണയായി ഇത്, വൃത്തിയായ യൂണിഫോം, ബൺ കൊണ്ട് ഒതുക്കിക്കെട്ടിയ മുടി, ചായം പുരട്ടിയ നഖങ്ങൾ, അണിയിച്ചൊരുക്കിയ മുഖം, വൃത്തിയായ ഷൂസ് എന്നിവയെ സൂചിപ്പിക്കുന്നു. രൂപഭാവങ്ങളിൽ മാറ്റം വരുത്തി, ഒരുങ്ങലിലൂടെ അവതരണാത്മകത നേടിയെടുക്കുന്നത് സ്ത്രൈണതയെക്കുറിച്ചുള്ള ഒരു പ്രത്യേക വീക്ഷണം ഉത്ബോധിപ്പിക്കുന്നു. വോൾഫിന്റെ അഭിപ്രായത്തിൽ (2002), സൊസൈറ്റിയുടെ പിതൃമേധാവിത്വ സ്റ്റാൻഡേർഡിനാനുസൃതമായി നിർമ്മിതമായിരിക്കുന്ന കറൻസിയാണ് സൗന്ദര്യം. ആളുകൾ സൗന്ദര്യമെന്ന കറൻസി മുഖാന്തിരമാണ് സമൂഹത്തിൽ വിലയിരുത്തപ്പെടുന്നത്, പക്ഷെ സ്ത്രീകൾ പുരുഷന്മാരേക്കാളധികമായി പരുഷമായ സൗന്ദര്യ സ്റ്റാൻഡേർഡ്കൾക്ക് വിധേയരാക്കപ്പെടുന്നു. സൗന്ദര്യത്തിന്റെ പരമ്പരാഗത കാഴ്ചപ്പാടിലൂടെ സ്ത്രൈണതയുടെ മൂർത്തീഭാവം പ്രചരിപ്പിക്കുന്ന മിത്ത്, ഷോപ്പ് – ഫ്ളോറിലെ ഒരുക്കൽ പ്രക്രിയയിലും പ്രകടമാണ്.

ഈ പഠനത്തിൽ 'ഒരുങ്ങൽ' എന്നത് തൊഴിലാളി തന്റെ ശരീരത്തിൽ വരുത്തുന്ന പ്രകടമായ മാറ്റങ്ങളുൾക്കൊള്ളുന്ന പ്രവർത്തികളെ സൂചിപ്പിക്കുന്നു. കൗതുകകരമായ വസ്തുത എന്താണെന്നാൽ, ഷോപ്പ്-ഫ്ളോർ തൊഴിലാളിയുടെ ഉടൽ മാത്രമല്ല ഇവിടെ ഒരുങ്ങലിനു വിധേയമാവുന്നത്, ഷോപ്പിലെ പെൺ പ്രതിമകളും ആഴ്ചയിലൊരിക്കലോ അതിൽക്കൂടുതൽ തവണയോ ഒരുക്കപ്പെടുന്നു. ഷോപ്പ്-ഫ്ളോറിൽ പ്രദർശനത്തിനായി പെൺ പ്രതിമകൾ ഒരുക്കപ്പെടുന്ന പ്രക്രിയയും പെണ്ണുടലുകളുമായി ബന്ധപ്പെട്ട, ലിംഗപരമായ സ്റ്റീരിയോടൈപ്പുകളുടെ അടിച്ചേൽപ്പിക്കലാണ്. പെൺ പ്രതിമയെ ഒരുക്കുകയെന്നതുതന്നെ വളരെ ശ്രമകരമായ ഒരു ജോലിയാണ്, അതിനായി പ്രതിമയെ വിവിധ ഭാഗങ്ങളാക്കി വേർതിരിച്ചതിനു ശേഷം പുതിയ ഫാഷനിലുള്ള ഡ്രസ്സ് ധരിപ്പിച്ച് വീണ്ടും കൂട്ടി യോജിപ്പിക്കണം. ഒരിക്കൽ, മൂന്നു സ്റ്റെപ്പുകളിലായുള്ള ഈ ഒരുക്കൽ പ്രക്രിയ കഴിഞ്ഞപ്പോൾ, പ്രതിമയെ ഡ്രസ്സ് ചെയ്യിക്കാൻ ചുമതലയുള്ള റെസ്പൊൺഡെൻറ്, പ്രതിമയുടെ മാറിടത്തിന്റെ 'ലുക്ക്' ഒരുക്കിയതിൽ തൃപ്തി വരാതെ അത് വീണ്ടും ഒരുക്കാൻ ആഗ്രഹിച്ചു. പ്രതിമയെ ഒരു കമ്മീസോ ബ്രായോ ധരിപ്പിക്കാൻ അവർ ഒരുമ്പെടുകയായിരുന്നു!



### ഉപഭോക്താവിന്റെ നോട്ടം

സിനിമയിലെ സ്ത്രീ കഥാപാത്രത്തെ പുരുഷ നായകനും പ്രേക്ഷകരും എങ്ങനെ നോക്കിക്കാണുന്നു എന്ന് നിർണ്ണയിക്കുന്ന ഒരു പുരുഷ നോട്ടത്തെക്കുറിച്ച് സംസാരിച്ചുകൊണ്ട് ലോറ മൾവിയാണ് (1975) തന്റെ ലേഖനത്തിൽ 'നോട്ടം' എന്ന ആശയം അവതരിപ്പിച്ചത്. റീട്ടെയിൽ ഷോപ്പ്-ഫ്ളോറി

ലെ കാഴ്ചവസ്തുക്കളാവുന്ന സ്ത്രീകളെക്കുറിച്ചു സംസാരിക്കാൻ, സ്ത്രീകളെങ്ങനെയാണ് അതിമനോഹരമായ ഒരു സ്ഥലത്തെ വ്യവസ്ഥാപിത പ്രവർത്തനത്തിന്റെ അതിവിപുലമായ വിവരണമുള്ള ആ ഷോപ്പ്- ഫ്ളോറിൽ പ്ലേസ് ചെയ്യപ്പെടുന്നതെന്നു ഞാനെന്റെ വാദത്തിലൂടെ വ്യക്തമാക്കാം. സേവനദാതാവിന്റെയും സേവനസ്വീകർത്താവിന്റെയും അവതരണാത്മകതയ്ക്ക് ഒരേ പോലെ പ്രാധാന്യം നൽകുന്ന ഉപഭോക്തൃ സംസ്കാരത്തെ ആധാരമാക്കിയാണ് ഈ വിവരണത്തിന്റെ തലം. ഈ അവതരണാത്മകതയുടെ ഘടന ഒരു സൗന്ദര്യ ബോധത്തിന്റെ അടിച്ചേൽപ്പിക്കലിലാണ്.

സുമനു തന്റെ മുഖത്ത് അതിനനുസരിച്ചുള്ള ഒരുക്കം വേണ്ടി വരുന്നത്. അവളിലൂടെയാണ് ഒരു പൊട്ടൻഷ്യൽ കസ്റ്റമർ, പ്രൊഡക്ടിന്റെ ഗുണം മനസ്സിലാക്കുന്നതും അവളുടെ മെയ്ക് അപ്പ് ചെയ്യാനുള്ള കഴിവ് മനസ്സിലാക്കുന്നതും. ഈ മെയ്ക് ഓവർ ഒരുപാട് സമയം ഒന്നും നിലനിൽക്കില്ലെങ്കിലും കൗണ്ടറിന്റെ മറ്റേതലയ്ക്കലുള്ള അവളുടെ സാന്നിധ്യം, സ്ത്രൈണതയുടെ ദൃശ്യത കസ്റ്റമേഴ്സിൽ സൃഷ്ടിക്കുകയും, അവർ അവളുടെ മെയ്ക് ഓവർ കണ്ടു വിശ്വസിച്ചു ഈ പ്രോഡക്റ്റ് വാങ്ങാൻ തീരുമാനിക്കുകയും ചെയ്യുന്നു. ഈ തിരഞ്ഞെടുപ്പ് വെറുതെയല്ല. ഒരു സ്ത്രീയുടെ ശരീ



'ലുക്കി'ൽ വ്യത്യാസം വരുത്തുന്നതിനെയാണ് 'മെയ്ക്-ഓവർ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഞങ്ങൾ അവരുടെ മുഖം കോട്ടൺ കൊണ്ട് വൃത്തിയാക്കി ഞങ്ങളുടെ തന്നെ പ്രോഡക്ട് ഉപയോഗിച്ചു മെയ്ക്-അപ്പ് ചെയ്യുന്നു. പ്രൊഫഷണലുകളിൽ നിന്നും മെയ്ക് അപ്പ് ധരിച്ചു കഴിഞ്ഞാൽ അവർ ഭംഗിയുള്ളവരായി കാണപ്പെടുന്നു. നോക്കൂ, അവർ വീട്ടിലും മെയ്ക് അപ്പ് ഉപയോഗിക്കുന്നുണ്ട്. പക്ഷെ, ഞങ്ങൾ ചെയ്യുന്ന രീതിയിൽ മെയ്ക് അപ്പ് ചെയ്യാൻ അവർക്ക് കഴിയുമെന്ന് തോന്നുന്നില്ല, അതിനാലാണവർ വരുന്നത് (സുമൻ, ഒരു മെയ്ക് അപ്പ് ബ്രാൻഡിന്റെ തൊഴിലാളി).

ഒരു മെയ്ക് ഓവർ ആഗ്രഹിക്കുന്ന സ്ത്രീകളെ മെയ്ക് അപ്പ് ചെയ്യുകയും അത്തരം പ്രോഡക്ട് വിൽക്കുകയും ചെയ്യുന്ന സ്പോട്-സ്റ്റോറിലെ ഒരു തൊഴിലാളിയാണ് സുമൻ. അതുകൊണ്ടാണ്

രം എങ്ങനെ പ്രത്യക്ഷപ്പെടണം എന്നതിനെക്കുറിച്ചുള്ള നിയമങ്ങൾ ഇതിനകം നിർദ്ദേശിച്ചിട്ടുള്ള ഒരു ഉപഭോക്തൃ സംസ്കാരത്തിന്റെ പശ്ചാത്തലത്തിലാണ് ഇത് ഉണ്ടാക്കിയിട്ടുള്ളത് (Bartky, 1988, Grosz,1994). ഉപഭോക്താവിന്റെ ശ്രദ്ധ ആകർഷിക്കാനുള്ള മറ്റൊരു മാർഗ്ഗം, ചില ശരീരഭാഗങ്ങൾ വളരെ പ്രാധാന്യമുള്ളതായി ഊന്നിപ്പറയുക എന്നതാണ്, ഇത് ഷോപ്പ്-ഫ്ളോറിലെ ജീവനക്കാരുടെ ജോലിയുടെ പ്രാധാന്യത്തെ അടയാളപ്പെടുത്തുന്നു.

മറ്റൊരു റെസ്പൊൺഡെൻറ് ആയ ശില്പക്ക്, തന്റെ ജോലി വളരെ പ്രധാനമുള്ളതാണ്, അവൾ അതിനെ ഒരു ഡോക്ടറുടെ ജോലിയോടാണ് താദാമ്യപ്പെടുത്തുന്നത്, കാരണം, അവൾക്ക് സ്ത്രീ ശരീരത്തിലെ വളരെ പ്രധാനപ്പെട്ട അവയവമായ സ്തനങ്ങളെക്കുറിച്ചു ധാരണയുണ്ട്. വ്യത്യസ്ത

ശരീരങ്ങൾക്ക് അനുയോജ്യമായ സൈസിനെ മെറ്റീരിയലിനെക്കുറിച്ചും അവൾക്ക് അറിവുണ്ട്. ഭാര്യമാർക്കും സ്ത്രീ സുഹൃത്തുക്കൾക്കും സമ്മാനങ്ങൾ വാങ്ങാനെത്തുന്ന പുരുഷ ഉപഭോക്താക്കളോടും സൈസിനെക്കുറിച്ചും മെറ്റീരിയലിനെക്കുറിച്ചും ചർച്ച ചെയ്യുന്നതിന് അവൾക്ക് ബുദ്ധിമുട്ട് തോന്നാറില്ല. ബ്രാസിയറിനെക്കുറിച്ചുള്ള അവളുടെ അറിവ്- അണ്ടർവയേർഡ്, പുഷ്-അപ്പ്, കോട്ടൺ, സിന്തറ്റിക്, സ്ട്രാപ്പ്ലെസ്- ഒരു സ്ത്രീയെ നോക്കി ബ്രേസിയർ സൈസ് ശരിയായി ഊഹിക്കുന്നതിനുള്ള കഴിവ് കാണിക്കുന്നത്- ഉപഭോക്താവിന് ഇഷ്ടപ്പെടുന്ന തരം നിരവധി ബദലുകൾ അവർക്ക് തിരഞ്ഞെടുക്കാനായി നൽകാൻ കഴിയും എന്നതാണ്. ഒരു സ്ത്രീയുടെ ശരീരത്തിന് ശരിയായ ബ്രേസിയർ അത്യന്താപേക്ഷിതമാണ് എന്നത് സ്ത്രീ ശരീരത്തെ ഉചിതമായ വസ്ത്രങ്ങളാൽ നന്നായി പരിപാലിക്കണമെന്ന് സ്ഥിരീകരിക്കുന്നതിനുള്ള ഒരു മാർഗമാണ്. ഇങ്ങനെ, ഉപഭോക്താക്കളെ ശരിയായ ഉൽപ്പന്നത്തിലേക്ക് നയിക്കുന്നതിൽ തന്റെ പങ്ക് ശിൽപ കണ്ടെത്തുന്നുവെന്നത് വളരെ പ്രധാനമാണ്.



ബോർഡ്യേഷ്യൻ (1984) ക്യാപിറ്റലിന്റെ ഫെമിനിസ്റ്റ് വായനയിൽ ഉപഭോക്താവിന്റെ പുരുഷനോട്ടം സ്ത്രൈണതയെ ഉറപ്പിക്കുകയും സ്ത്രൈണതയെന്നത് സാംസ്കാരികവും സാമ്പത്തികവുമായ ഒരു ക്യാപിറ്റലുമാണെന്നു സ്ഥാപിക്കുകയും ചെയ്യുന്നു. ശരീരം പ്രാഥമിക ശ്രദ്ധാ കേന്ദ്രമാവുന്ന ഇത്തരം ഉപഭോക്തൃ സംസ്കാരത്തിൽ, ഷോപ്പ്-ഫ്ളോറിലെ സ്ത്രീ തൊഴിലാളികൾ അവരുടെ ഉടൽ കല്പിതമായിരിക്കുന്ന സ്ത്രൈണതയെ ഊട്ടിയുറപ്പിക്കാനുപയോഗിക്കുന്നു. ദിവസേനയുള്ള തൊഴിൽ പരിചയത്തിലൂടെയാണവളിതാർജ്ജിച്ചെടുക്കുന്നത്. ഒരു സാംസ്കാരിക മൂലധനത്തിൽ തന്റെ അറിവിനെ അവൾ ശാശ്വതമായിക്കാണുകയും ഇതേ സാംസ്കാരിക മൂലധനം തന്റെ ഉപഭോക്താവിലേക്ക് പകർന്നു കൊടുക്കുകയും ചെയ്യുന്നു.

## ഉപസംഹാരം

പെണ്ണുടലും അതിന്റെ അവതരണാത്മകതയും പുരുഷമാനദണ്ഡങ്ങളാലാണെപ്പോഴും നിർണയിക്കപ്പെടുന്നത്. സാമൂഹികമായ സാധൂകരണം നേടുന്നതിന് അനുയോജ്യമായ/ശരിയായ/ട്രെൻഡി വസ്ത്രങ്ങളോടുകൂടിയ ശരീരമായിരിക്കണം സ്ത്രീകൾ ആഗ്രഹിക്കേണ്ടത്. ഒരു റീട്ടെയിൽ സൈറ്റിലെ ഉപഭോഗം സുഗമമാക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ മുതലാളിത്ത തൊഴിലുടമകൾ ആഗ്രഹിക്കുന്ന രൂപഭാവങ്ങൾ സൃഷ്ടിക്കാൻ അവരുടെ ശരീരത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്, അതിനെ സൗന്ദര്യാത്മക അധ്വാനം എന്ന് വിളിക്കുന്നു. ഒരു ഷോപ്പ് ഫ്ലോറിൽ തങ്ങളുടെ ദൈനംദിന ജോലിയുടെ ഭാഗമായി, സ്ത്രീ-പുരുഷ തൊഴിലാളികൾ ശരീര-പ്രാതിനിധ്യത്തിന്റെ നിർദ്ദിഷ്ട രൂപങ്ങൾക്ക് അനുയോജ്യരാവാൻ നിർബന്ധിതരാവുന്നു. എന്നാൽ ഇത്തരമൊരു ജോലി അതിന്റെ വിശദാംശങ്ങളിലും പ്രവർത്തിക്കുന്ന രീതിയിലും ലിംഗഭേദം വെളിപ്പെടുത്തുന്നു.

## ഗ്രന്ഥസൂചി

**Bartky, Sandra Lee**. 1988. 'Foucault, Femininity and the Modernization of Power' in Irene Diamond and Lee Quinby (eds.): Feminism and Foucault: Reflections on Resistance (61-86). Boston: Northeastern University Press

**Bordieu, Pierre**. 1984. Distinctions: A Social Critique of the Judgement of Taste. Harvard: Harvard University Press [ Translated by Richard Nice]

**Grosz, Elizabeth**. 1994. Volatile Bodies: Toward a Corporeal Feminism. Bloomington and Indianapolis: Indiana University Press

**Hughes, Alex and Witz, Anne**. 1997. 'Feminism and the matter of Bodies', Body & Society, 3(1): 47-60

**Mulvey, Laura**. 1989. Visual and Other Pleasures. London: Palgrave Macmillan

**Pathak, Gauri**. 2014. 'Presentable: The Body and Neoliberal Subjecthood in Contemporary India', Social Identities: Journal for the Study of Race, Nation and Culture, 20(4-5): 314-329

**Wolf, Naomi.** 2001. The Beauty Myth: How Images of Beauty are Used Against Women. New York: HarperCollins

ചർച്ചാവിഷയം




**നിരുപമ സുനീത**
ഗവേഷക വിദ്യാർത്ഥിനി
ഇംഗ്ലീഷ് വിഭാഗം
എംജി യൂണിവേഴ്സിറ്റി കോട്ടയം


# ബോഡി ഷെയ്മിങ്ങും യുട്യൂബും : ചില കോവിഡ്കാല ചിന്തകൾ




ഞാൻ ഉദ്ദേശിക്കുന്ന വിഷയത്തിൽ എത്തിപ്പെടാൻ കുറച്ചു മുഖവുര പറയാൻ എന്നെ അനുവദിക്കണേ... പറഞ്ഞുവരുന്നത് ബോഡി ഷെയ്മിങ്ങിനെക്കുറിച്ചാണ്. ഏതു വേദിയിലും വളരെ നോർമലൈസ്ഡ് ആയ, എക്കാലവും യുക്തിയുക്തമാണ് എന്ന് പരക്കെ അംഗീകരിക്കപ്പെട്ട, ഒട്ടും അസാധാരണമല്ലാത്ത, ഒരുദൈനം ദിനവൃത്തിയാണ് നമ്മൾ മലയാളികൾക്ക് ബോഡി ഷെയ്മിങ്. പക്ഷെ അത് നോർമലൈസ് ചെയ്തുചെയ്ത് നമ്മൾ എത്തുന്ന ഇടങ്ങൾ ഏതാണെന്നു അറിയുമ്പോൾ ഭയം തോന്നുന്നു.

ഈ വിഷയത്തെപ്പറ്റി തർക്കിക്കുവാൻ വരും മുമ്പേ ഇനിപ്പറയുന്ന സ്ഥിരം രംഗം ഒന്ന് ഭാവനയിൽ കാണുക. വളരെക്കാലങ്ങൾക്കു ശേഷം വളരെ പ്രിയപ്പെട്ട ഒരാളെ കണ്ടുമുട്ടുകയാണ്. അപ്പോൾ നമ്മൾ സാധാരണയായി പറയുന്നതെന്താണ്?

'തടിച്ചല്ലോ',

'ആകെ ക്ഷീണിച്ചു പോയല്ലോ',

'എടോ തന്റെ നിറമൊക്കെ എവിടെപ്പോയി ',

'എന്ത് തലമുടി ഉണ്ടായിരുന്നതാ',

പ്രിയപ്പെട്ട ഒരു വ്യക്തിയോട് സ്നേഹം പ്രകടിപ്പിക്കുന്ന സീൻ ആണിത് എന്നോർക്കുക. ഇപ്പോൾ നിങ്ങൾക്ക് മനസ്സിൽ തോന്നിയത്, 'അതിനെന്താ പ്രശ്നം? ഇതിൽ തെറ്റൊന്നുമില്ലല്ലോ, അവർ സ്നേഹം കൊണ്ട് പറയുന്നതല്ലേ' എന്നാണോ? എങ്കിൽ സീൻ കുറച്ചു കൂടി വിശാലമായി കണ്ടോളൂ.

'ഹൊ വല്ലാതങ്ങ് തടിച്ചല്ലോ, അവിടത്തെ റേഷൻ കട കൊള്ളാല്ലോ' (കുലുങ്ങിച്ചിരിക്കുന്നു),

'ആകെ ക്ഷീണിച്ചു പോയല്ലോ, കാശൊക്കെ ബാങ്കിലിടാതെ വല്ലോം മേടിച്ചു തിന്ന് കേട്ടോ'. (കസേരയിൽ ചാരിയിരുന്ന് രണ്ടു കാലും വിറപ്പിച്ചു കൊണ്ട് കൂടുതൽ തൃപ്തിയോടെ ചായ

മൊത്തുന്നു )

'ഫാനിനു അടുത്തേക്കൊന്നും പോയി നിൽക്കല്ലേ, പറന്നു പോകും!' ( ചുറ്റും നിന്നവർക്ക് ചിരിച്ചോ എന്നൊരു പ്രോംപ്റ്റ് കൊടുത്തു കൊണ്ട് അട്ടഹസിക്കുന്നു.)

'എടോ തന്റെ നിറമൊക്കെ എവിടെപ്പോയി, ഇപ്പൊ മേക്കപ്പൊന്നും ഇടാറില്ല?' ( ഒരു വെടക്ക് ചിരി)


'എന്ത് തലമുടി ഉണ്ടായിരുന്നതാ. കുളിക്കാനൊക്കെ മടി കാണിച്ചാൽ ഇങ്ങനിരിക്കും, എലിവാലുപോലെയാകും, നരച്ചു പോകും നേരത്തേ' ( സ്വന്തം മുടി വാരിക്കെട്ടുന്നു)

ഇത് സ്നേഹിക്കുന്നവരുടെ അങ്കമാണെങ്കിൽ, നിങ്ങളെപ്പറ്റിയുള്ള ഒരു വെറും റഫറൻസ് പറയുന്ന മലയാളികളായ അപരിചിതരുടെ ഭാഷ അല്പം കൂടി കടുക്കും.

'പൊട്ടക്കണ്ണി (നിങ്ങൾ കണ്ണട ധരിക്കുന്നുണ്ടെങ്കിൽ), കറമ്പി/ തടിച്ചി/ മുരിങ്ങക്കോൽ/ മൊട്ടച്ചി /കൊന്ത്രമ്പല്ലി തുടങ്ങി നിങ്ങളുടെ ശരീരത്തിന്റെ അവസ്ഥ അനുസരിച്ചുള്ള എന്തും ആവാം നിങ്ങളുടെ വിശേഷണം .

ഒരാളെ കണ്ടുമുട്ടിയ ഉടനെ അയാളുടെ ശരീരത്തെക്കുറിച്ച് ഒരു അധമാഭിപ്രായം പറയുക എന്നത് ശീലവും ശരിയും ആക്കുന്ന സമൂഹം നമ്മൾ മാത്രമായിരിക്കില്ല. പക്ഷെ ഇങ്ങനെയൊക്കെ പറയുന്ന പൂർണ്ണ സാക്ഷരതയുള്ള, സാമൂഹിക സൂചികകളിൽ നിവർന്നു ഗർവ് കാണിക്കുന്ന സമൂഹം, ഒരു പക്ഷെ നമ്മൾ മാത്രമാവാം.

മിക്കവാറും ഒരു കൂട്ടം ആളുകളുടെ മുന്നിൽ വെച്ചാണ് പലരും ഈ അഭിപ്രായമൊക്കെ തട്ടിവിടുന്നത്. എന്നിട്ടത് ചുറ്റുമുള്ള എല്ലാവരും കൂടി ചേർന്ന് ചിരിച്ച് ആഘോഷിക്കാറാണ് പതിവും. ഈ തമാശ നിങ്ങളോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതിനുള്ള മാർഗമായി കണക്കാക്കപ്പെടുകയുമാണ്. അത് പറയുന്നവരുടെ ശബ്ദത്തിലെ ഭാവവും ധ്വനിയും (ടോൺ) ഒക്കെ എപ്പോഴും അവഗണിക്കപ്പെടുന്നു. അത് കേൾക്കുന്നവരാകട്ടെ മിക്കപ്പോഴും അസ്വസ്ഥരാവുകയും ചെയ്യും. എന്നാൽ ഈ തമാശ പറഞ്ഞ ആളോട് നിങ്ങൾ അതിനെക്കുറിച്ച് എന്തെങ്കിലും എതിർത്ത് പറഞ്ഞു നോക്കൂ...അവൻ/അവൾ ഉടനെ അസ്വസ്ഥനാകും, ഒരു പക്ഷെ നമ്മളെ തിരിച്ചു ഒരു അപരാധിയാക്കിയെന്നും വരും. ഇനി ഇതു വീട്ടിൽ ചെന്ന് പറഞ്ഞു നോക്കൂ, അത് വ്യക്തിപരമായി എടുക്കരുതെന്ന് അവർ നമ്മളോട് ആവശ്യപ്പെടും, അത് വെറും തമാശയായി കണക്കാക്കാനും പറയും. എന്നാലും ഇത്തരം കമന്റുകളിലെ ശരികേടോ, മര്യാദയില്ലായ്മയോ, അത് കേൾക്കുന്നവർക്കുണ്ടാവുന്ന ബുദ്ധിമുട്ടോ ഒരിക്കലും അംഗീകരിക്കപ്പെടാറില്ല.



കൗമാരം മുതൽ നിരന്തരം ബോഡി ഷെയിമിങ്ങിനു ഇരയായിട്ടുള്ള വ്യക്തി എന്ന നിലയിൽ വളരെ ബോധ്യത്തോടെയാണ് ഞാൻ ഇത് പറയുന്നത്. ആദ്യകാലത്ത് അസ്വസ്ഥത തോന്നിപ്പിച്ചിട്ടുള്ള സംഭാഷണങ്ങളെയും വ്യക്തികളെയും പിന്നീട് നിരീക്ഷിച്ചപ്പോൾ ഞാൻ ചിലതു ശ്രദ്ധിച്ചു.

കുടുംബ / സൗഹൃദ ഒത്തുചേരലുകളിൽ മിക്കപ്പോഴും എന്നോടുള്ള സംഭാഷണങ്ങൾ ആരംഭിക്കുന്നത് എന്റെ ശരീരത്തെക്കുറിച്ചും ഞാൻ എങ്ങനെ കാണപ്പെടുന്നു വെന്നുമുള്ള അഭിപ്രായങ്ങളോടെയാണ്. ഇത് പലപ്പോഴും ഒരു മുഖവുര അഥവാ ശരലയൃലമസലൃ ആയി പലരും ഉപയോഗിക്കുന്നുണ്ടായിരുന്നു.

വളരെ ചെറിയ ഒരു രൂപമായിരുന്നു ഞാൻ. ഭാരം കുറവ്, ഉയരവും അങ്ങനെ തന്നെ, മെലിഞ്ഞ ശരീരം. ഇംഗ്ളീഷിൽ 'petite' എന്ന് യാതൊരു ഡെക്കറേഷനും ഇല്ലാതെ പറയും. പക്ഷെ കാണുന്നവർക്കു ഉത്കണ്ഠ എന്റെ ആരോഗ്യത്തെക്കുറിച്ചു മാത്രമല്ല ...

ഇങ്ങനെ കമ്പു പോലെ ഇരുന്നാൽ ചെറുക്കനെ കിട്ടൂല കേട്ടോ!

ഗർഭിണിയാകുമ്പോൾ നിങ്ങൾക്ക് പ്രശ്നങ്ങളുണ്ടാകും...

എന്നിങ്ങനെ പോകും ഉദാഹരണങ്ങൾ.

ചുരുക്കിപ്പറഞ്ഞാൽ, എല്ലാ കമന്റുകളും ഭാര്യയും മാതാവും ആകാനുള്ള എന്റെ കഴിവിന് നേരെ ചൂണ്ടുവിരൽ നീട്ടുന്നവ! (എനിക്ക് അതിനു താല്പര്യം ഉണ്ടോ എന്ന് പോലും ഇതിൽ ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ എന്നത് വേറെ ഒരു വിഷയം). എന്ത് പഠിക്കുന്നു, എവിടെ, എങ്ങനെയുണ്ട് കഴിഞ്ഞ പരീക്ഷയുടെ മാർക്ക്, ജോലിക്കു ശ്രമിക്കുന്നുണ്ടോ തുടങ്ങിയ ചോദ്യങ്ങളൊന്നും പൊതുവെ എന്നോട് ചോദിക്കാറില്ല, എന്റെ ശരീരം അതിനു മുന്നേ തന്നെ തൊഴിലില്ലാത്ത ആ ചോദ്യകർത്താവിനുള്ള 'പുല്ലും വൈക്കോലും' കൊടുത്തു കഴിഞ്ഞിട്ടുണ്ടാകും. ദിവസവും ഇങ്ങനെ ഒരു അവസ്ഥയിലൂടെ കടന്നു പോകുന്ന കൗമാരക്കാരുടെ മാനസികാഘാതം നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുമോ? അവരുടെ മനസിൽ സ്വാഭാവികമായും തോന്നുക ശരീരം ഒരുനിശ്ചിത രീതിയിൽ അല്ലെങ്കിൽ അവരവർക്കു എന്തോ കുഴപ്പം ഉണ്ടെന്നല്ലേ? ഇത്തരം 'നിരുപദ്രവകരമായ' അഭിപ്രായങ്ങൾ ഒരാളുടെ ആത്മാഭിമാനത്തെയും ആത്മ വിശ്വാസത്തെയും സാരമായി ബാധിക്കുന്ന കാര്യമാണ്.

ഒരു കാലത്ത് എന്റെ ഫോട്ടോ എടുക്കാനോ സാമൂഹ്യമാധ്യമങ്ങളിൽ അപ്‌ലോഡ് ചെയ്യാനോ ആരെയും ഞാൻ അനുവദിക്കുമായിരുന്നില്ല. സുഹൃത്തുക്കൾ ആരെങ്കിലും ഫോട്ടോ അപ്‌ലോഡ് ചെയ്യുകയാണെങ്കിൽ, അതിൽ എന്നെ അൺടാഗ് ചെയ്യാൻ ഞാൻ ശ്രദ്ധിക്കുമായിരുന്നു. ('ഡാ തടിയാ', 'തമാശ' തുടങ്ങിയ സിനിമകൾ ഈ വിഷയത്തെ വളരെ തന്മയത്വത്തോടെ സമീപിച്ചിട്ടുണ്ട്.) സ്വന്തം ശരീരത്തെ പറ്റി അനാവശ്യ പരാമർശങ്ങൾ സോഷ്യൽ മീഡിയ പ്രൊഫൈലുകളിലെ കമന്റുകളിൽ കാണുന്നത് വളരെ വിഷമം ഉണ്ടാക്കുന്ന ഒന്നാണ്. നമ്മുടെ ശരീരം മറ്റുള്ളവർക്ക് കയ്യടക്കാൻ കഴിയുന്ന ഒരു




പൊതു സ്വത്താണ് എന്നു തോന്നിക്കുന്ന അവസരം തന്നെയാണിത്. ബോഡിഷേമിങ്ങ് ആൺകുട്ടികളെ ബാധിക്കുന്ന ഒന്നല്ല എന്ന് ഞാൻ ഇവിടെ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. അവരുടെ കഥ മറ്റൊരു അദ്ധ്യായമായി എഴുതേണ്ടുന്ന ഒന്ന് തന്നെയാണ്. എന്നാൽ പെൺകുട്ടികൾ ഇത്തരം പെരുമാറ്റം കൂടുതൽ നേരിടേണ്ടി വരുന്നു എന്ന് തോന്നിയിട്ടുണ്ട്. സ്ത്രീയുടെ ശരീരം എങ്ങനെയായിരിക്കണം എന്നതിന് പുരുഷാധിപത്യസമൂഹം ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഇത് ചെറുപ്പം മുതലേ സ്ത്രീയുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്നു. ഇതിനു പിന്നിൽ ഉപഭോക്തൃവിപണിയും, മാട്രിമോണിയൽ മാർക്കറ്റുകളും തീർച്ചയായും ഉണ്ട്. ഒപ്പം ഇതേ സമൂഹത്തിലെ മറ്റു സ്ത്രീകളും. അതത്രെ നമ്മുടെ 'ശീലം.'

അപ്പോൾ പറഞ്ഞു വന്നത് കോവിഡും ബോഡി ഷേമിങ്ങും തമ്മിൽ ഞാൻ നിരീക്ഷിച്ച ബന്ധത്തെപ്പറ്റിയാണ്. 2020ൽ കോവിഡ് 19 രംഗപ്രവേശം ചെയ്തതു മുതൽ ഒരു പുതിയ പദാവലിയും ജീവിതരീതിയും നമ്മുടെ ജീവിതങ്ങളെ മാറ്റിമറി

ച്ചു. വീടുകളിൽ പൂർണ്ണമായി ഒതുങ്ങിയ ജീവിതങ്ങളായ നമ്മളെ വർക്ക് ഫ്രം ഹോമും ലോക്ക്ഡൗണും കൊണ്ടെത്തിച്ചത് ലാപ്ടോപ്പുകളുടെയും മൊബൈൽ ഫോണുകളുടെയും വർദ്ധിച്ച ഉപയോഗത്തിലേക്കാണ്. . ഇതിലൂടെ ഉണ്ടായ ഒരു പ്രധാന മാറ്റം സോഷ്യൽ മീഡിയ നമ്മുടെ ജീവിതത്തെ ഏറ്റെടുത്ത ശീഘ്രഗതിയാണ്. ഫേസ്ബുക്കും ടിറ്ററും മാത്രം ഉള്ള ലോകത്ത് നിന്നും പെട്ടെന്ന് സാധാരണ സോഷ്യൽ മീഡിയ യൂസർമാർ യുട്യൂബിന്റെയും ഇൻസ്റ്റയുടെയും ലോകത്തേക്ക് ധാരാളമായി ആകർഷിക്കപ്പെട്ടു. അവിടെ നിരത്തി വച്ചിട്ടുള്ള അതുവരെ അത്ര ഗൗനിക്കാത്ത വിഭവങ്ങൾ (കണ്ടെന്റ്) മാറിയ സാഹചര്യത്തിൽ ചൂടപ്പം പോലെ പ്രേക്ഷകരെ വശീകരിക്കാൻ തുടങ്ങി എന്ന് വേണമെങ്കിൽ പറയാം. അത്തരം യുട്യൂബ്വീഡിയോകളുടെ മാസ്മരലോകത്ത് പെട്ട് പോയ വ്യക്തികളിൽ ഒരാളായിരുന്നു ഞാനും. (ഞാൻഎന്റെ ചർച്ച മലയാളത്തിലെവീഡിയോകളിൽ മാത്രമായി പരിമിതപ്പെടുത്തുന്നു, കേരളീയരല്ലാത്തവർ ഈ ഈ വിഷയത്തിൽ ഏർപ്പെടുന്നില്ല എന്ന് ഇവിടെ അർത്ഥമാക്കുന്നില്ല)

പ്രിവിലേജ്ഡ് ആയ സാഹചര്യങ്ങളിൽ പെട്ടവർ തന്നെയാണ് ഈ ചർച്ചയിലെ കഥാപാത്രങ്ങൾ. കോവിഡും ലോക്ക്ഡൗണും ഇവർക്ക് കുടുംബത്തോടൊപ്പം സമയം ചെലവഴിക്കാൻ കിട്ടിയ ഒരു അവസരവും കൂടി ആയിരുന്നു.അവരിൽ ഭൂരിഭാഗവും ഈ സമയത്തെ അനുഗ്രഹമായി കരുതി. ഈ വിഭാഗത്തിന് ജോലി നഷ്ടപ്പെടുമെന്നോ പകുതി ശമ്പളമേ ലഭിക്കുള്ളുവെന്നോ വിഷമിക്കേണ്ടി വന്നിട്ടില്ല. അതുകൊണ്ടു തന്നെ സ്വയം മെച്ചപ്പെടുത്തുന്നതിലായിരുന്നു അവരുടെ ശ്രദ്ധ. ഇവരുടെ മുന്നിലേക്കാണ് യു ട്യൂബർമ്മാരുടെ ഘോഷയാത്ര വന്നെത്തിയത്. കോൺടെന്റ് ക്രിയേറ്റർ, ഇൻഫ്ലുൻസർ, വ്ലോഗർ എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ ഇവർ അറിയപ്പെട്ടു. അന്നുമുതൽ കോൺടെന്റ് നയിക്കുന്ന ലോകം പുതിയ 'നോർമൽ' ആയിത്തീരുകയായിരുന്നു. കോൺടെന്റ് ക്രിയേറ്റർസ് കൃത്യമായി ഈ പ്രിവിലേജ്ഡ് പ്രേക്ഷകർക്ക് വേണ്ടുന്ന വിഭവങ്ങൾ തന്നെയാണ് വിളമ്പിയത്. ആരോഗ്യമുള്ള ചർമ്മമോ മുടിയോ ലഭിക്കുന്നത് മുതൽ വിദേശരുചിയിലുള്ള വിഭവങ്ങൾ എങ്ങനെ പാചകം ചെയ്യാം, ഒരു പുതിയ ഭാഷ എങ്ങനെ പഠിക്കാം, അങ്ങനെ സൂര്യന് കീഴിലുള്ള എന്തിനെ പറ്റിയും വീഡിയോകൾ സുലഭമായി.

സമ്പൂർണ്ണ ലോക്ക് ടൗണിന്റ പ്രാരംഭ ഘട്ടത്തിൽ ആളുകൾ അവരുടെ വീടുകളിലേക്ക് വേണ്ടുന്ന പച്ചക്കറികളും മറ്റു ഭക്ഷണസാമഗ്രികളും ശേഖരിക്കുന്ന തിരക്കിലായിരുന്നു. ഒരു മാസത്തിനപ്പുറം എന്താവും ലോകം എന്ന് പോലും വ്യക്തമല്ലാത്ത ഒരു കാലമായിരുന്നല്ലോ അത്. ബന്ദും സമരവും ഒക്കെ പരിചയം ഉള്ള ജനം ആയതുകൊണ്ട് കരുതലോടെയുള്ള ഒരു സമീപനം ആയിരുന്നു തുടക്കത്തിൽ. എന്നാൽ മഹാമാരിയുടെ ഗൗരവം അവർ അറിഞ്ഞു തുടങ്ങിയിരുന്നില്ല. ഈ സമയത്താണ് കോൺടെന്റ് ക്രിയേറ്റർസ് ഉ




രുളക്കിഴങ്ങിനും തക്കാളിക്കും നമ്മുടെ മുഖം മിനുക്കാമെന്നും വാഴപ്പഴവും മുട്ടയും കൊണ്ട് ഹെയർ മാസ്കുണ്ടാക്കാം എന്നും പേർത്തും പേർത്തും പറഞ്ഞു തന്നത്. നമ്മുടെ അടുക്കളയിലെയും മുറ്റത്തെയും ഏതാണ്ട് എല്ലാ വസ്തുക്കളും ശരീരം മനോഹരമാക്കാൻ എങ്ങനെ ഉപയോഗിക്കാം എന്ന് യു ട്യൂബ് നിയമങ്ങൾക്കുള്ളിൽ നിൽക്കാൻ ശ്രദ്ധിച്ചു കൊണ്ട് അവർ പഠിപ്പിച്ചു. ഇത്തരം വീഡിയോകളുടെ ഒരു പെരുമഴപ്പെയ്ത്തായിരുന്നു 2020 ന്റെ മദ്ധ്യകാലത്ത്. അങ്ങനെ ഭംഗികൂടാൻ വേണ്ടി ചെയ്യുന്നവയെക്കുറിച്ച് പറയുമ്പോൾ അതിൽ ഒരു പൊളിറ്റിക്കൽ ഇൻകറക്ട്നെസ്സ് ഉണ്ടല്ലോ! അതാണ് ഇവിടുത്തെ ചർച്ച വിഷയവും. ഈ വിഷയത്തെ ബന്ധപ്പെട്ട വീഡിയകളുടെ വർദ്ധനവ് സാമൂഹിക മാനദണ്ഡങ്ങൾക്ക് അനുസൃതമായി ശരീരത്തോടുള്ള അമിതമായ ആസക്തിയെ സാക്ഷ്യപ്പെടുത്തുന്നു. ഈ യൂട്യൂബ് വീഡിയോകളുടെ സൂക്ഷ്മ വിശകലനം, ഒരു മഹാമാരി താണ്ഡവമാടുമ്പോഴും നമ്മുടെ ശാരീരിക രൂപങ്ങളിൽ നാം എത്രമാത്രം ശ്രദ്ധാലുക്കളാണ് എന്ന് കാണിക്കുന്നു.

ഇൻസ്റ്റാഗ്രാം, യൂട്യൂബ് തുടങ്ങിയ വേദികൾ ആളുകളുമായി നേരിട്ട് ആശയവിനിമയം നടത്താൻ സാധിക്കുന്നവയാണ്. ആദ്യം ഒക്കെ DIY (do it yourself) നിന്നാണ് ആരംഭിച്ചത്. വെയ്റ്റ് ലോസ് ചലഞ്ച് യൂട്യൂബിലും ഇൻസ്റ്റാഗ്രാമിലും ഏറ്റവും പ്രചാരമുള്ള വിഷയങ്ങളിലൊന്നായിരുന്നു. ഡയറ്റിംഗ്, വ്യത്യസ്തതരം ഭക്ഷണരീതികൾ, വ്യത്യസ്തതരത്തിലുള്ള വ്യായാമങ്ങൾ ഇങ്ങനെ ശരീരഭാരം കുറയ്ക്കാൻ സാധ്യമായ എല്ലാ വഴികളും ഈ വീഡിയോകൾ കാണിച്ചുതന്നു. കാഴ്ചക്കാർ ധാരാളമാകുമ്പോൾ ഉണ്ടാകുന്ന ഒരു സ്വാഭാവിക പ്രയാണത്തിൽ ഇത്തരം വീഡിയോസ് പുതിയ മാനങ്ങളിലേക്കു വളർന്നു. അവതാരകയോടൊത്ത് weight loss challenges, ക്ലാസ്സ്, കൺസൾട്ടേഷൻ അങ്ങനെ പല പുതിയ മട്ടുകളിലേക്ക് അവതരണം വളരുകയും അവരുടെ സ്വാധീനവും വരുമാനവും വർദ്ധിക്കുകയും ചെയ്തു. ശരീരഭാരം കൂട്ടുക, വയറിലെ കൊഴുപ്പ് കുറയ്ക്കുക, കൈയിലെ കൊഴുപ്പ് കുറയ്ക്കുക തുടങ്ങിയവയായിരുന്നു മറ്റ് ജനപ്രിയ വീഡിയോകൾ. ഈ വീഡിയോകൾക്കു കാഴ്ചക്കാരുടെ എണ്ണം കൂടിയപ്പോൾ കോൺടെന്റ് ക്രിയേറ്റർ എന്ന അവതാരം ഇൻഫ്ലുൻസർ ആയി മാറാൻ തുടങ്ങി. പലരെയും വൻകിട കച്ചവടക്കാർ സമീപിക്കാൻ തുടങ്ങി അവരുടെ ഉത്പന്നങ്ങളുടെ വേദിആയി ഇവിടം മാറി. വീഡിയോ ഒടുവിൽ വരെ കാണുന്നവർക്കു മാത്രം നൽകുന്ന ഇവരുടെ കോഡുകൾ ഉപയോഗിച്ച് പ്രേക്ഷകർക്ക് പ്രത്യേക കിഴിവിൽ അതാത് ഉത്പന്നങ്ങൾ വാങ്ങാൻ അവസരം ലഭിച്ചു.

മഹാമാരി സമയത്തു ഓൺലൈൻ ഷോപ്പിംഗ് ഒരു സാധാരണ പ്രവർത്തനമാതായിരുന്നു മറ്റൊരു പ്രധാന മാറ്റം. മുമ്പ് അത് ചെയ്യാൻ മടിച്ചവർ പോലും ഓൺലൈൻ ഷോപ്പിംഗ് പതിവാക്കി. ഒപ്പം ഇത്തരം ആനുകൂല്യങ്ങൾ കൂടിയായപ്പോൾ യൂട്യൂബും ഇൻസ്റ്റാഗ്രാമും ജനങ്ങളുടെ ഷോപ്പിംഗ് ശീലങ്ങളെ മാറ്റിമറിച്ചു.

ശരീരഭാരം മാത്രമല്ല ഇത്തരം വീഡിയോകൾ കൈകാര്യം ചെയ്ത വിഷയം. ചർമ്മം,തലമുടി, മുഖസൗന്ദര്യം എന്നിവയും പ്രധാന ആശങ്കകളായിരുന്നു. ഫെയ്സ് വാഷുകൾ, ടോണറുകൾ, സെറം, ഫേഷ്യൽ ഓയിലുകൾ, മോയ്സ്ചുറൈസറുകൾ തുടങ്ങി കോസ്മെറ്റിക് വ്യവസായത്തിലെ വ്യത്യസ്ത ഉൽപ്പന്നങ്ങളും അവ ഉപയോഗിക്കേണ്ട രീതികളും ഈ വീഡിയോകൾ നമുക്ക് പരിചയപ്പെടുത്തി തന്നു. മേക്കപ്പ് ഉൽപ്പന്നങ്ങൾ പ്രൊഫഷണൽ രീതിയിൽ ഉപയോഗിക്കാൻ അവർ പഠിപ്പിച്ചു. ഡബിൾ ക്ലെൻസിംഗ്, മൈക്രോ നീഡിലിംഗ്, ഹെയർ എക്സ്റ്റൻഷൻ തുടങ്ങിയ പുതിയ സൗന്ദര്യ പ്രവണതകൾ കാണിച്ചു തന്നു. പുതുതായി വന്നതോ, അതുവരെ പച്ച പിടിക്കാത്തതോ ആയ ഷോപ്പിംഗ് വെബ്സൈറ്റുകൾ ഇവർ പരിചിതമാകി. ഹാൾ വീഡിയോസ് ആയിരുന്നു വേറെ ഒരു ജനപ്രിയ വിഷയം. പ്രത്യേകിച്ചും ഓൺലൈൻ ഷോപ്പിംഗ് വെബ്സൈറ്റുകളിലെ മെഗാ സെയിൽസ് സമയത്ത് ഹാൾ വീഡിയോകൾ കാണാൻ ആളുകൾ ഇഷ്ടപ്പെട്ടിരുന്നു .




സമൂഹ മാധ്യമങ്ങളുടെ ഒരു പ്രധാന സവിശേഷത പ്രേക്ഷകർക്കു ഇഷ്ടപ്പെട്ടോ ഇല്ലയോ എന്ന് ഉടനെ അറിയാൻ പറ്റും എന്നതാണ്. അവരുടെ ഇഷ്ടാനുസരിച്ചു ആണ് വീഡിയോസ് ഉണ്ടാക്കപ്പെടുന്നതും വിഡിയോസിന്റെ വ്യൂസും (എത്ര പേരു കണ്ടു എന്നത്) കമന്റ് സെക്ഷനും കണ്ടു കഴിഞ്ഞാൽ വീഡിയോയുടെ സ്വീകാര്യതയെ പറ്റി ഏകദേശം ഒരു ധാരണ വരും. കോൺടെന്റ് ക്രിയേറ്റേഴ്സും എന്റെ ജീവിതത്തിലെ ഒരു ദിവസം, എന്റെ ബാഗിൽ എന്താണുള്ളത്, ഫോണിലുള്ളത്, റൂം ടൂർ തുടങ്ങിയ വീഡിയോകൾ നിർമ്മിക്കാൻ പലപ്പോഴും നിർബന്ധിതരാകുന്നു. കട്ടിയുള്ള കറുത്ത പുരികങ്ങൾ, ആരോഗ്യമുള്ള ചർമ്മം, ആരോഗ്യമുള്ള മുടി, ശരീരത്തിൽ നിന്ന് കൊഴുപ്പ് നീക്കം ചെയ്യൽ തുടങ്ങി സമൂഹത്തിലെ സൗന്ദര്യമാനദണ്ഡങ്ങൾ അനുസരിച്ചു നമ്മുടെ ഏതു ശരീരഭാഗവും മാറ്റി എടുക്കാനും കഴിയും. ആധുനികസാങ്കേതികവിദ്യ ഉപയോഗിച്ച് ഉണ്ടാക്കുന്ന മാറ്റങ്ങൾ ആണ് അവയെല്ലാം എന്നിരിക്കിലും മഹാമാരിയും ലോക്കഡൗണും സാമൂഹ്യമാധ്യ

മങ്ങളുടെ അതിപ്രസരവും ജനസ്വാധീനവും തന്നെയാണ് ആളുകളെ ഈ നടപടി ക്രമങ്ങളെ പറ്റി കൂടുതൽ ബോധവാന്മാരാക്കിയത്. പലപ്പോഴും ഈ പ്രവർത്തനങ്ങൾ മുഴുവനും അതു മൂലം വരുന്ന മാറ്റങ്ങളും കാണിക്കുകയും ചെയ്യാറുണ്ട്. ട്രാൻസ്ഫോർമേഷൻ/ മെയ്ക് ഓവർ വീഡിയോകൾ ആളുകളെ വലിയ അളവിൽ സ്വാധീനിക്കുന്നു. വീഡിയോയുടെ താഴെ വരുന്നേ കമന്റ്സ് നോക്കിയാൽ ആളുകൾ ഇതിനെ പറ്റി ചോദിക്കുന്ന സംശയങ്ങളും, അത് ചെയ്തവർ അനുഭവങ്ങൾ വിവരിക്കുന്നതും കാണാം.

കോൺടെന്റ് ക്രിയേറ്റർ/ഇൻഫ്ലുൻസർ എന്നിവരെ ഡോക്ടർമാരെ പോലെ കാണുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്. എന്നെ വല്ലാതെ വിഷമിപ്പിച്ച ഒരു വിഷയമായിരുന്നു സ്തനവലിപ്പത്തെ പറ്റി ഉള്ള വിഡിയോയകൾ. ഒരു പ്രത്യേക വലിപ്പത്തിലുള്ള സ്തനങ്ങൾ ഇല്ലാത്തതിൽ സങ്കടപ്പെടുന്ന പെൺകുട്ടികളെ കമന്റ് വിഭാഗത്തിൽ കാണാൻ ഇടയായി. ചിലർ തങ്ങൾക്ക് ഒരു ഭർത്താവിനെ ലഭിക്കുമോ എന്ന് വരെ ആശങ്കാകുലരായിരുന്നു, മറ്റു ചിലരാകട്ടെ ഈ വിഷയത്തെക്കുറിച്ച് പരാതിപ്പെടുന്ന കാമുകനെ/ഭർത്താവിനെക്കുറിച്ച് എഴുതിക്കണ്ടു. ഒരു സ്ത്രീയുടെ ശരീരം എങ്ങനെ ഇരിക്കണം എന്ന് സമൂഹം/കമ്പോളം പറയുന്നതിന്റെ തെളിവല്ലേ ഇതെല്ലാം?


ഒരു നിശ്ചിത അളവിലും വലുപ്പത്തിലും അല്ല നിങ്ങളുടെ ശരീരം എങ്കിൽ സമൂഹം നിങ്ങളെ തെറ്റുകാരാക്കും എന്ന് ചിലരെങ്കിലും വിശ്വസിക്കാൻ ഇട വരുത്തുന്ന ഇടപെടലുകൾ ഒരു നിയന്ത്രണവും ഇല്ലാതെ യു ട്യൂബിൽ നിലനിന്നു പോവുകയാണ്. അങ്ങനെ ഒരാളുടെ സ്വകാര്യ ഇടത്തിൽ കയ്യേറുന്നതിൽ ആരും തെറ്റും കാണുന്നില്ല. ഒരു പരാതിയും ആരും ഉന്നയിച്ചു കണ്ടുമില്ല.

ഒരു സ്ത്രീയുടെ ശരീരം അവളുടെ ഭർത്താവിന് മാത്രം അവകാശപ്പെട്ടതാണ് എന്ന ബോധത്തിൽ നിന്ന് വരുന്നത് അല്ലെ ഇതെല്ലം?

ബലാത്സംഗത്തക്കുറിച്ചുള്ള സമൂഹത്തിന്റെധാരണയെ പറ്റി ദി ന്യൂസ് മിനിറ്റിന് നൽകിയ അഭിമുഖത്തിൽ പ്രവീണ കോടോത്ത് വിശദീകരിക്കുന്ന ഒന്നുണ്ട്. ഒരു സ്ത്രീയെ ശിക്ഷിക്കാൻ ഉപയോഗിക്കുന്ന ഒരു ആയുധം ആണ് ബലാത്സംഗം. ശരീരം ഒരു വ്യക്തിയുടേതാണ് (ഭർത്താവ്), മറ്റാരെങ്കിലും നിങ്ങളെ സ്പർശിക്കുന്നത് നിങ്ങളുടെ സ്വഭാവദൂഷ്യത്തെ ചൂണ്ടികാണിക്കുന്നു. ഭർത്താവിന്റെ മാനസികവും ശാരീരികവുമായ പീഡനങ്ങൾ വിസ്മയ എന്ന മരണപ്പെട്ട പെൺകുട്ടി സഹിച്ചതിന്റെ ഒരു കാരണം അവളുടെ ശരീരത്തിൽ ആദ്യമായി സ്പർശിച്ച പുരുഷൻ കിരൺ

ആയിരുന്നു എന്നതാണ്. (വിസ്മയുടെ അച്ഛൻ ഒരു അഭിമുഖത്തിൽ പറഞ്ഞത്) ശരീരം ഒരു പുണ്യപാത്രമാണെന്ന ഇത്തരം തെറ്റിദ്ധാരണകൾ ഇന്നും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ഇവ എന്താണ് സൂചിപ്പിക്കുന്നത്? ഒരു സ്ത്രീയുടെ ശരീരം അടിസ്ഥാനപരമായി ഒരു പുരുഷന്റേതാണ് എന്നല്ലേ?

പരോമിത വോഹ്റയുടെ അൺലിമിറ്റഡ് ഗേൾ




സ് (2002) എന്ന ഡോക്യുമെന്ററിയിൽ പുരുഷവീക്ഷണത്തിന്റെ കണ്ണടകളെക്കുറിച്ച് ഒരു പരാമർശം ഉണ്ട്.

സാങ്കല്പികമായ ഈ കണ്ണട വച്ചാൽ പുരുഷന്റെ കണ്ണിലൂടെ സ്ത്രീകളെ നോക്കിക്കാണാൻ കഴിയും. ഈ കണ്ണാടിയിൽ കൂടി നോക്കിയാൽ സ്ത്രീകളെ ലൈംഗികക്കണ്ണുകളിൽ കൂടി മാത്രമേ കാണാൻ കഴിയുകയുള്ളൂ. ഈ പുരുഷവീക്ഷണത്തിന്റെ കണ്ണടകളിലൂടെയത്രെ ഒരാൾ എപ്പോഴും ഒരു സ്ത്രീയുടെ ശരീരത്തിലേക്ക് നോക്കുന്നത്!

ചർച്ചാവിഷയം



**ഡോ. അനുപമ എ. പി.**
അധ്യാപിക
ഇംഗ്ലീഷ് വിഭാഗം
VIT-AP യൂണിവേഴ്സിറ്റി

# ക്യാൻവാസ്/വാചകം എന്ന നിലയിൽ പെണ്ണുടൽ എങ്ങനെയാണ് മലയാള സിനിമകളെ രൂപാന്തരപ്പെടുത്തുന്നത്?




‘പെണ്ണുടൽ’ ഒരു ക്യാൻവാസോ എഴുത്തോ? മലയാളസിനിമകളുടെ തുടക്കത്തിൽ തന്നെ ഉന്നയിക്കപ്പെട്ട ഈ ചോദ്യം, ചലച്ചിത്രത്തിലെ സ്ത്രീകളുടെ അവതരണങ്ങളുടെ പൊതു മാനദണ്ഡങ്ങൾ മനസ്സിലാക്കുകയും പഠിക്കുകയും ചെയ്യുന്നു. എല്ലാ മാനുഷിക അനുഭവങ്ങളിലുമെന്ന പോലെ ഒരു പെണ്ണുടൽ ജനനസമയത്ത് നിർണയിക്കപ്പെടുന്ന ചില പൊതുധാരണകളിലേക്ക് എത്തിപ്പെടാനുള്ള ശ്രമം തുടരുന്നതായി കാണാം, ഇത് ഒരു വിവേചനാത്മക ക്രമത്തെ സൂചിപ്പിക്കുന്നു. ഈ ലേഖനം ഒരു നൂറ്റാണ്ടിലെ മലയാള സിനിമകളിൽ ചിത്രീകരിച്ചിരിക്കുന്ന സ്ത്രീ ശരീര-സിനിമാ ഇന്റർഫേസിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, മലയാള ചലച്ചിത്ര സംസ്കാരത്തിലെ സ്ത്രീകളുടെ സ്റ്റീരിയോടൈപ്പിംഗ്, സ്ത്രീ സൗഹൃദങ്ങൾ, സോഫ്റ്റ് പോൺ എന്നിവയെ അഭിസംബോധന ചെയ്യുന്നു. പെണ്ണുടൽ എന്നത് പുരുഷന്മാർക്കു വേണ്ടിയുള്ള ഒരു ഉപഭോഗവസ്തുവായിക്കണക്കാക്കപ്പെടണോ അതോ സ്വതന്ത്ര ഘടകമായി കണക്കാക്കപ്പെടണോ എന്ന വിഷയം സമകാലിക മലയാള സിനിമകളിൽ ഉയർന്നുവന്നിട്ടുണ്ട്. പെണ്ണുടലുകൾ സുഖകരമല്ലാത്തതും അമ്പരപ്പിക്കുന്നതുമാ

ണെന്ന സാമൂഹിക ധാരണകളിലൂന്നിയ ചലച്ചിത്രങ്ങൾ ഉടലുകളുടെ ജൈവികമായ ചാക്രികതയെയും അവ എങ്ങനെ അവതരിപ്പിക്കപ്പെടുന്നു എന്നതിലും അപഹാസ്യമായ മാതൃകകൾ സൃഷ്ടിച്ചു. ഒരു ക്യാൻവാസ്/ടെക്സ്റ്റ് എന്ന നിലയിൽ സ്ത്രീ ശരീരം അർത്ഥമാക്കുന്നത് പ്രത്യക്ഷത്തിൽ എണ്ണമറ്റ പ്രശ്നങ്ങളിൽ അകപ്പെടുക എന്നതാണ്, അതിൽ ആദ്യത്തേത് മേൽ സൂചിപ്പിച്ച വാദവുമായി ബന്ധപ്പെട്ടതാണ്. എന്തുകൊണ്ടാണ് സ്ത്രീകളുടെ ശരീരം ഈ നിലയിലേക്ക് തരംതാഴ്ത്തപ്പെട്ടത്? സ്ത്രീയെ പുരുഷന്റെ ചരക്കായി ചിത്രീകരിക്കുന്നതിൽ സമൂഹത്തിന്റെ പങ്ക് എന്താണ്? അതിൽ സിനിമകളുടെ പങ്ക് എന്താണ്? ലേഖനത്തിലെ പഠനത്തിന് അടിവരയിടുന്ന ഈ ചോദ്യങ്ങൾ ഒരു ചർച്ചയ്ക്ക് തുടക്കമിടുമെന്ന് പ്രതീക്ഷിക്കുന്നു. അത് ആത്യന്തികമല്ല, സംവാദങ്ങൾക്കായി കൂടുതൽ വ്യക്തമായ മറ്റു കാഴ്ചപ്പാടുകൾ സൃഷ്ടിച്ചേക്കാം.

'ഐറ്റം' എന്ന വാക്കു പെണ്ണുടലിനെ ഓപ്പൺ തിയേറ്ററിൽ ഒരു ഒബ്ജക്റ്റ് ആയി അവതരിപ്പിക്കുന്നതിലൂടെ റേപ്പിനെ ഗ്രാഫിക്കലായും വോയ്റിസ്റ്റിക് ആയുമുള്ള ഒരു സോഫ്റ്റ് പോൺ ഉപഭോഗ വസ്തുവത്കരിയ്ക്കുകയാണ്. 1999-ൽ മാധ്യമങ്ങൾ ഉപയോഗിച്ച 'ഐറ്റം നമ്പർ' എന്ന ആശയം വസ്ത്രധാരണത്തിന്റെ വിവിധ തലങ്ങളിൽ, സ്ത്രീ ശരീരഘടനയെയും സ്ത്രീ വ്യക്തിത്വത്തെയും ചില നിശ്ചിത വഴികളിൽ പകർത്താനുള്ള അനന്തമായ സാധ്യതകൾ പ്രദാനം ചെയ്യുന്നു. ചലച്ചിത്ര പ്രവർത്തകർ ഐറ്റം ഗേളിനോടുള്ള അവരുടെ സമീപനങ്ങളിൽ ഈ ധാരണ ഉപയോഗിക്കുന്നു. കാബറേ നർത്തകി, ബാർ നർത്തകി, നാടോടി നർത്തകി എന്നിങ്ങനെ ഓരോന്നിലും നാമകരണം തന്നെ വ്യത്യസ്തമാണ്. ഐറ്റം ഗാനത്തിലെ 'സ്പേഷ്യൽ ബ്രേക്ക്' മലയാള സിനിമയിൽ ഒരിടവേളയായി മാറുന്നത് കാണാം. ഐറ്റം ഗേൾ തന്റെ ശരീരത്തെ, കാമനകൾ ഉദ്ദീപിപ്പിക്കുന്ന ഉടലാക്കി മാറ്റുന്ന പ്രക്രിയയിലൂടെ, സിൽക്ക് സ്മിതയെന്ന ധീരയായ നായിക സൃഷ്ടിക്കപ്പെട്ടു. സ്ഫടികം എന്ന ചിത്രത്തിലെ 'ഏഴിമല പൂഞ്ചോല' എന്ന ഗാനത്തിൽ സിൽക്ക് സ്മിത തന്റെ ഉടലിനെ ഒരു വശീകരണ മാധ്യമമായി ഉപയോഗിച്ചിരിക്കുന്നു.

സ്ഫടികം പോലുള്ള സിനിമകളിലൂടെ പെണ്ണുടലുകളെ അവതരിപ്പിക്കുന്നതിൽ മലയാള സിനിമ കാര്യമായ പരിവർത്തനത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ടെന്ന് ഈ ചിത്രം ധഏഴിമല പൂഞ്ചോല സ്ഫടികം (1995)പ വ്യക്തമാക്കുന്നു. ഈ ചിത്രത്തിൽ കാണിച്ചിരിക്കുന്ന രംഗം ശിഥിലമായ സ്ത്രീ ശരീരത്തെ പ്രാധാന്യമുള്ളതായി അവതരിപ്പിച്ചിരിക്കുന്നു. ആ ഗാനരംഗത്തിൽ അവരുടെ ശരീര വർണ്ണനകൾ കൂടെ ചേർന്നിരിക്കുന്നു. നടി, നടന്റെ ശരീരം മസ്സാജ് ചെയ്യപ്പെടുമ്പോൾ അയാൾ പ്രകടിപ്പിക്കുന്ന അസഹിഷ്ണുതഭാവം യഥാർത്ഥത്തിൽ ലൈംഗിക തൃഷ്ണകൾ സാധിച്ചെടുക്കാനുള്ള കാഴ്ചക്കാരുടെ വ്യഗ്രതയെയാണ് സൂചിപ്പിക്കുന്നത്. പുരുഷ കാണികളെ ആകർഷിക്കുന്നതിനായി വസ്ത്രങ്ങൾ, സംഗീതം, നൃത്ത ചലനങ്ങൾ എന്നിവ ഉപയോഗിച്ച് പെണ്ണുടലിനെ ലൈംഗികമായി വസ്തുവത്കരിച്ചിരിക്കുന്നു. വാണിജ്യ വിജയത്തിനായി രസകരമായ നൃത്തം അവതരിപ്പിക്കുന്ന രീതിയിൽ അൽപവസ്ത്രധാരിണിയായ ഒരു പെണ്ണുടൽ ഈ രംഗത്തിൽ ചിത്രീകരിച്ചിരിക്കുന്നു. ഇത്തരത്തിലുള്ള പാട്ടുകൾ പെണ്ണുടലിനെ പരമാവധി മുതലെടുത്തുകൊണ്ടും ദുരുപയോഗം ചെയ്തുകൊണ്ടും കാണികളെ ആകർഷിക്കാനാണ് പ്രയോജനപ്പെടുത്തുന്നത്.



ഏഴിമല പൂഞ്ചോല ഗാനരംഗം
സ്ഫടികം (1995)

മധുരരാജയിലെയും മാറ്റിനിയിലെയും ചില രംഗങ്ങളിൽ മുകളിൽ പറഞ്ഞ വ്യക്തതയോടെയാണ് മമ്മൂട്ടിയ്ക്കൊപ്പം പോണോഗ്രാഫി താരം സണ്ണി ലിയോണി ഐറ്റം ഡാൻസ് അവതരിപ്പിച്ചത്. ഈ മെലഡികളിൽ, നൃത്തം അവതരിപ്പിക്കാൻ ആകർഷകമായ സ്ത്രീ ശരീരങ്ങളെ ഉപയോഗിക്കുന്നു. ശരീരത്തിന്റെ വിവിധ ഭാഗങ്ങൾ വിച്ഛേദിക്കപ്പെട്ട യൂണിറ്റുകളാണ്, മുഴുവൻ ശരീരത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുപകരം, സ്ത്രീ ശരീരത്തിന്റെ ചില പ്രത്യേക ഭാഗങ്ങളെ ചുറ്റിപ്പറ്റിയാണ് ക്യാമറ ചലിക്കുന്നത്. ഉദാഹരണത്തിന്, 'ചോളി കെ പീച്ചേ ക്യാ ഹേ' എന്ന ഹിന്ദി വരികളിലും ഏറ്റവും പുതിയ, 'ചിപ്ക ലേ സയ്യാൻ ഫെവിക്കോൾ സെ' യിലും ഇത് കാണാം. സ്ത്രീകളെ വസ്തു

ക്കളായി പ്രതിനിധീകരിക്കുന്ന ഐറ്റം നമ്പറുകളുടെ ഏകീകരണത്തിനുള്ള ഒരു സൈറ്റായി പെണ്ണുടൽ രൂപാന്തരപ്പെടുന്നു. ഒരു സ്ത്രീയെ ഒരു കൂട്ടം പുരുഷന്മാർ പീഡിപ്പിക്കുകയും വശീകരിക്കുകയും ചെയ്യുന്നതായി ചിത്രീകരിക്കുന്ന ഒരു പാട്ടും നൃത്തവും നിസ്സംശയമായും സർഗ്ഗാത്മകമാണെങ്കിലും, അത് വിരോധാഭാസമാണ്.


പൃഥ്വിരാജിന്റെ ആദ്യ ചിത്രമായ ലൂസിഫറിലും വാലുഷ ഡിസൂസ അഭിനയിച്ച അതേ ഐറ്റം ഗാനം ഇതിനു തെളിവാണ്.

കോറിയോഗ്രാഫിയിൽ സ്തനങ്ങളുടെയും പെൽവിസിന്റെയും ലൈംഗിക കാമനകൾ ഉണർത്തുന്ന രീതിയിൽ ബോധപൂർവമായി ഉയർത്തിക്കാണിക്കുന്നു. സ്ത്രീയെ മൊത്തത്തിൽ ചിത്രീകരിക്കുന്നതിനുപകരം, അവളുടെ നെഞ്ച്, മധ്യഭാഗം, കാലുകൾ, കണ്ണുകൾ, വായ എന്നിവയിൽ വേഗത്തിൽ ക്യാമറ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പാശ്ചാത്യ വസ്ത്രങ്ങൾക്ക് പകരമായി, നായികയുടെ 'ശുദ്ധി'യെ പ്രതീകപ്പെടുത്താൻ യഥാർത്ഥത്തിൽ ഉ




ദ്ദേശിച്ചിരുന്നതിനെ ശൃംഗാരവൽക്കരിക്കുന്ന പരമ്പരാഗത ഇന്ത്യൻ വസ്ത്രധാരണത്തിന്റെ ലൈംഗികവൽക്കരിക്കപ്പെട്ട വ്യാഖ്യാനങ്ങളാണ് ഐറ്റം സോംഗ് വസ്ത്രങ്ങൾ. ഈ നൃത്ത നമ്പരുകൾ അവയുടെ താളം ഉപയോഗിച്ച് ഒരു പാർട്ടിയുടെ മൂഡ് ഉയർത്താൻ മാത്രമുള്ളതല്ല എന്നതാണ് പ്രശ്നം. ഈ 'ഐറ്റം ഡാൻസ് നമ്പറുകൾ' സ്ത്രീത്വത്തെ തരംതാഴ്ത്തുന്ന ഒരു പ്ലാറ്റ്ഫോമായി കാണാം. പ്രധാന കഥാപാത്രത്തെ (ഒരു സൂപ്പർസ്റ്റാർ) പോലും ഒരു വസ്തുവായി ചിത്രീകരിച്ച്, അല്പവസ്ത്രങ്ങളും കനത്ത മെയ്ക് അപ്പും ധരിച്ച്, സാധ്യമായ ഏറ്റവും നിന്ദ്യമായ രീതിയിൽ സ്ത്രീവിരുദ്ധ ഗാനങ്ങൾക്ക് നൃത്തം ചെയ്യുന്നു. തൽഫലമായി, വിനോദത്തിന്റെയും വസ്തുനിഷ്ഠതയുടെയും സമർത്ഥമായ മിശ്രണമായ 'ഐറ്റം ഡാൻസ്' മലയാളം മസാല മൂവി പാക്കേജിലെ ഒഴിവാക്കാനാവാത്ത ഒരു ഘടകമായി മാറിയെന്ന് നമുക്ക് അവകാശപ്പെടാം.

പുരുഷാധിപത്യ സംസ്കാരം പുരുഷനെ "മാനദണ്ഡമായും" സ്ത്രീയെ 'അപരയായും'കാണുന്നതിനാൽ, അവൾ എല്ലായ്പ്പോഴും ഒരു പുരുഷ



ന്റെ കണ്ണിലൂടെയാണ് വീക്ഷിക്കപ്പെടുന്നത്. സ്റ്റീരിയോടൈപ്പുകൾ തകർക്കാനുള്ള ആഗ്രഹം ഉണ്ടായിരുന്നിട്ടും, സ്ത്രീകൾ പലപ്പോഴും ഇത്തരം ശരീര പ്രദർശനത്തിന് നിർബന്ധിതരാവുന്നു. ഇത്തരം രംഗങ്ങളിൽ പെൺകുട്ടി ഒരു പ്രലോഭകയുടെ വേഷം സ്വീകരിക്കുന്നതാണ് നാം കാണുന്നത്. അവൾ പുരുഷനോട് താൻ അവന്റെ പരിധിക്കപ്പുറത്താണെന്നും എന്നാൽ അയാൾക്ക് അവളെ വേണമെങ്കിൽ അവൻ സമ്പന്നനായിരിക്കണമെന്നും പ്രകോപനപരമായി പറയുന്നത് കാണാം "ഷീലാ കി ജവാനി" ഗാനം ഒരു സ്ത്രീയുടെ വീക്ഷണത്തെ കുറിച്ചുള്ളതാണെങ്കിലും, അത് അവളെ നെഗറ്റീവ് വെളിച്ചത്തിൽ ചിത്രീകരിക്കുന്നു; അവൾ ഒരു "വാമ്പ്"ആണ്, അവളെ ആകർഷിക്കാനുള്ള ഒരേയൊരു മാർഗ്ഗം അവൾക്ക് ഭൗതിക വസ്തുക്കൾ നൽകുക എന്നതാണ്. സിനിമാ ബിസിനസിൽ സ്ഥാപിതമായ ലിംഗപരമായ പുരുഷാധിപത്യവും അതുപോലെ തന്നെ പഴക്കമുള്ള സ്ത്രീവിരുദ്ധ പരിതസ്ഥിതിയും അത്തരം പാട്ടുകളിൽ അഭിനയിക്കാൻ തിരഞ്ഞെടുക്കുമ്പോൾ സ്ത്രീകൾ ശാക്തീകരിക്കപ്പെടുന്നു എന്ന ആശയത്തിന്റെ ധ്രുവങ്ങളാണ്. സ്ത്രീ സ്വയം തീരുമാനമെടുക്കുകയാണോ അതോ ആധിപത്യം പുലർത്തുന്ന വികലമായ സാമൂഹിക ഘടനയാണോ അവൾക്ക് വേണ്ടി ഇത് എടുക്കുന്നത്? സ്ത്രീകളെ പൊതുവെ ലൈംഗിക വസ്തുക്കളായോ കാഴ്ച വസ്തുക്കളായോ കാണുന്ന ഒരു വ്യവസായത്തിൽ ശാക്തീകരണത്തിനും അടിസ്ഥാനപരമായ പക്ഷപാതത്തിനും ഇടയിലുള്ള രേഖയെ മറികടക്കാൻ സ്ത്രീകൾ നിർബന്ധിതരാകുന്നു.

ചർച്ചാവിഷയം

**മായ വിജയൻ**
ഗവേഷക വിദ്യാർത്ഥിനി
ഇലക്ട്രിക്കൽ &
ഇലക്ട്രോണിക്സ് വിഭാഗം
എസ്.ആർ.എം.യൂണിവേഴ്സിറ്റി
ആന്ധ്ര പ്രദേശ്



# അഴകളവുകൾ പുനഃനിർവചിക്കുമ്പോൾ :

## ഒരു അനുഭവക്കുറിപ്പ്



നിറയെ നിലത്തെഴുത്തുകളും കൊടികളും തോരണങ്ങളും നിറഞ്ഞ കോളേജ് ഗ്രൗണ്ടിൽ നിന്നും, ക്ലാസ് മുറിയിൽ എത്തുന്ന പെൺകുട്ടികളെയും കാത്തുനിൽക്കുന്ന സീനിയർ ആൺകുട്ടികൾ... അവരുടെ ഇടയിലൂടെ നടന്നുനീങ്ങുന്ന പെൺകുട്ടികളിൽ ഒരുവളെ വഴി തടഞ്ഞു നിർത്തികൊണ്ട് ഒരു ആൺകുട്ടിയുടെ കമൻറ് 'താടിയും മീശയും ഒക്കെ എന്നെക്കാൾ കൂടുതൽ ഉണ്ടല്ലോ...' എല്ലാ ആൺകുട്ടികളും അവളുടെ മുഖത്തേക്ക് തുറിച്ചു നോക്കുന്നു... ഒരു നിമിഷം പരിസരം മറന്നവൾ പകച്ചു നിന്നു പോയി.

'നീ എന്താ താടീം മീഷേം ഷേവ് ചെയ്തോ? ഇപ്പോ കൊള്ളാം...' ഓണാവധി കഴിഞ്ഞു കോളേജിൽ എത്തിയ ആ പെൺകുട്ടിയോട് അതേ സീനിയർ ആൺകുട്ടിയുടെ കമന്റ്. ഇതു കേട്ടു നിന്ന ക്ലാസ്സിലെ മറ്റു വിദ്യാർത്ഥികളും സീനിയർ വിദ്യാർത്ഥികളും അവളുടെ മുഖത്തേക്ക് സൂക്ഷ്മമായി നോക്കുന്നു. ഭൂമി തുരന്ന് താഴേക്ക് പോയാൽ നന്നായി എന്ന് അവൾ ആഗ്രഹിച്ച നിമിഷങ്ങൾ... തന്റെ മുഖത്ത് ഇതിനു മാത്രം താടിയും മീശയും വളർന്നു നിന്നിരുന്നോ എന്ന ചിന്തയിൽ അവൾ അടുത്ത കണ്ട ബഞ്ചിലേക്കു നീങ്ങി. വഴി തടഞ്ഞു കൊണ്ട് പിന്നേയും ചോദ്യങ്ങൾ. ആ ചോദ്യങ്ങൾ ഒന്നു തന്നെ അവൾ കേട്ടതേയില്ല.

***

പെൺ ഉടലിനെ ഇഞ്ചോടിഞ്ചു വിശകലനം ചെയ്തു അവലോകനം ചെയ്യുന്ന ആൺ സംഘങ്ങൾ... ചില നിമിഷങ്ങളിൽ ബുർക്ക ഒരു അവശ്യ വസ്ത്രമായി എനിക്കു തോന്നിയിരുന്നു. സ്കൂളുകളിലും കോളജുകളിലും എന്നു വേണ്ട, പെൺ

ഉടലുകൾ ചർച്ചയാകുന്ന വേദികൾ ബന്ധു സമാഗമങ്ങളിൽ പോലും ഉണ്ട്. പലപ്പോഴും തല താഴ്ത്തി നടക്കേണ്ട സാഹചര്യങ്ങൾ അല്ലെങ്കിൽ മാറുമറക്കേണ്ട സാഹചര്യം, മറവിൽ ഒളിക്കാൻ ആഗ്രഹിക്കുന്ന കൗമാരക്കാർ ഏറെ. ഉടലുകൾ മൂടി നടക്കുക; ഓരോ പെൺമനസും ചൂണ്ട കൊളുത്തുകളിൽ നിന്നും രക്ഷപെടാൻ കണ്ടെത്തുന്ന വഴി...

എന്തുകൊണ്ട് പെൺകുട്ടികൾക്ക് അവരുടെ ശരീരം മറക്കേണ്ടി വരുന്നു? മുഖസൗന്ദര്യവർദ്ധക വസ്തുക്കളെ ആശ്രയിക്കാൻ നിർബന്ധിതരാകേണ്ടി വരുന്നു? അവളുടെയുള്ളിൽ സൃഷ്ടിക്കപ്പെടുന്ന ഭയം... സമൂഹത്തിന്റെ കണ്ണുകൾ തീക്ഷ്ണമായി പതിയാതിരിക്കുക എന്ന ചിന്ത... ഒരു മനുഷ്യ ശരീരത്തിൽ ഉണ്ടാകുന്നതല്ലേ ഇതെല്ലാം, എങ്കിലും എന്തുകൊണ്ട് അവൾ സമൂഹത്തിൽ ദുർവ്യാഖ്യാനിക്കപ്പെടുന്നു?





സ്ത്രീ സൗന്ദര്യം... ചില കുത്തകകൾ വ്യാഖ്യാനിക്കുന്ന സൗന്ദര്യം നേടാൻ മുന്നോട്ടു വരുന്നത് സമൂഹത്തെ മാത്രം ഭയന്നാണ്.

എന്റെ ഒരു ആൺ സുഹൃത്ത് ഒരു പെൺ സുഹൃത്തിന്റെ സൗന്ദര്യത്തെ വർണ്ണിച്ചത് ഇങ്ങനെയാണ്:– "അവരുടെ മുൻവശം ഫ്ലാറ്റ് എൽ. ഇ. ഡി. ടിവി പോലെയാണ്." ഒരാളെ പെണ്ണ് , ആണ് എന്നൊക്കെ പറയാൻ സമൂഹം ചില നിരീക്ഷണങ്ങൾ ഉണ്ടാക്കി വച്ചിട്ടുണ്ട്. അത്തരം മാനദണ്ഡങ്ങൾക്ക് വെളിയിൽ പോകുന്നവർ സമൂഹത്തിന്റെ പരിഹാസത്തിനിരയാകുന്നു. മാറിടത്തിന്റെ വലുപ്പം നോക്കി, രോമവളർച്ച മുഖത്ത് അധികമുള്ളത് കൊണ്ട് 'ശരിക്കും പെണ്ണ്' തന്നെയാണോ എന്ന് സംശയം ഉണ്ട് എന്ന് പറഞ്ഞ സഹപാഠി ഉണ്ട് എനിക്ക്. ഒരു സ്ത്രീ എന്ന നിലയിൽ എനിക്ക് ഉണ്ടായ അനുഭവങ്ങളാണ് ഞാനിതുവരെ ഇവിടെ എഴുതിയത്.

പെണ്ണുടലിനെ കാഴ്ചയിലൂടെ ആസ്വദിക്കുകയും കണ്ണുകൊണ്ടു പോസ്റ്റ്മോർട്ടം ചെയ്യുകയും ചെയ്യുന്നവരുണ്ട്. 'കാഴ്ചക്കസുഖകരമായ ഉടലുകളുള്ള സ്ത്രീകൾ' (വിമർശനകരമായ എന്നാൽ ഒഴിവാക്കാനാവാത്ത പ്രയോഗം)– പരിഹസിക്കപ്പെടേണ്ടവരല്ല. ഉയരം, നിറം, ശരീരത്തിന്റെയും അതിലെ അവയവങ്ങളുടെയും ആകാരം, വലിപ്പം,... എന്നിങ്ങനെ നിരവധിയായ കാര്യങ്ങൾ വെച്ചു ഒരു വ്യക്തിയെ പരിഹസിക്കുമ്പോൾ മനസ്സിലാക്കേണ്ടത് അത് തനിക്കു നേരെ ആയിരുന്നെങ്കിൽ എത്ര വേദനാജനകമാണെന്നാണ്. പലപ്പോഴും ആളുകളെക്കുറിച്ചു അടയാളം പറയുമ്പോഴും ഇത് കേട്ടിട്ടുണ്ട്: കറുത്ത പെൺകുട്ടി, തടിച്ച സ്ത്രീ... എന്നിങ്ങനെ. ഇത്തരം പ്രയോഗങ്ങൾ നെഗറ്റീവ് ആവുന്നത് ഈ നാമവിശേഷണങ്ങൾ വ്യക്തികളെ അപഹസിക്കാൻ ഉപയോഗിക്കുന്ന ആശയങ്ങളുടെ ഭാഗമാവുന്നതു കൊണ്ടാണ്. ബോഡി ഷെമിങ് നേരിടേണ്ടി വരുന്നത് പെണ്ണുടലുകൾ മാത്രമാണെന്ന് പറഞ്ഞു വെയ്ക്കുകയല്ല; മറിച്ചു, ഒരു സ്ത്രീയെന്ന നിലയിലുള്ള വ്യക്തിയനുഭവങ്ങൾ വിവരിക്കുകയായിരുന്നു.

പരിഹസിക്കുന്നവരും പരിഹസിക്കപ്പെടുന്നവരും മേല്പറഞ്ഞ ഉടലുകളുടെ സൗന്ദര്യ മാനദണ്ഡങ്ങൾ പുനഃ നിർവചനം ചെയ്യണം. സമീപകാലത്തു സോഷ്യൽ മീഡിയയിൽ വന്നു കൊണ്ടിരിക്കുന്ന പല ചർച്ചകളും ഇത്തരം ബോഡി ഷെമിങ്ങിനെ അടപടലം വിമർശിക്കുന്നുണ്ട്. അത്തരം ചർച്ചകൾക്ക് ലഭിക്കുന്ന പോസിറ്റീവ് റെസ്പോൺസ് വളരെ പ്രതീക്ഷ തരുന്നു. ഒരു ഉദയം അധികദൂരയല്ലാതെ കാണുന്നു.

ചർച്ചാവിഷയം



**സജ്ന എൻ.**
HSS അദ്ധ്യാപിക
RGMR HSSS നൂൽപ്പുഴ വയനാട്

# ദളിത് സ്ത്രീ ശരീരങ്ങളുടെ രാഷ്ട്രീയം

## നാടൻ പാട്ട്, നോവൽ, സിനിമ എന്നിവയിലൂടെ



'ദളിത്' എന്നത് ഒരു ജീവിതാവസ്ഥ ആണ്, അത് ഏതെങ്കിലും ഒരു പ്രത്യേക ജാതിയെ കുറിക്കുന്ന പദമല്ല. ജാതി-വർണ്ണവ്യവസ്ഥ തകർത്തെറിഞ്ഞ ഇന്ത്യൻ സാമൂഹിക വ്യവസ്ഥിതിയില്, ജനത്തെ മാത്രം അടിസ്ഥാനപ്പെടുത്തി നിർവചിക്കപ്പെട്ട് സാമൂഹിക പദവിയിൽ നിന്നും അധികാരത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ട, താഴെ തട്ടിലേക്ക് എറിയപ്പെട്ടവരെ കുറിക്കുന്ന പദമാണിത്. ദളിത് എന്ന പദം ഒരു സമുദായത്തോട് ചേർത്ത് ആദ്യമായിട്ട് ഉപയോഗിച്ചത് മഹാത്മാ ജ്യോതിബ ഫുലെ ആയിരുന്നു. ദളിത് എന്ന പദം ആദ്യമായി പട്ടികജാതി വിഭാഗത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചത് അംബേദ്കർ ആണ്. ജാതിയെ വിശകലനം ചെയ്യുമ്പോൾ അദ്ദേഹം 'അയിത്തജാതിക്കാർ' അഥവാ 'അസ്പൃശ്യർ' എന്നീ വാക്കുകൾ ഉപയോഗിച്ചിരുന്നു. ഗാന്ധിജി 'ഹരിജൻ' എന്ന പദം ആണ് ഉപയോഗിച്ചത്. സൈമൺ കമ്മീഷൻ വ്യത്യസ്ത സംസ്കാരങ്ങളിൽ ഉള്ള ഒരു പറ്റം അവർണ്ണ ജാതികളെ ഏകീകരിച്ച് പട്ടികപ്പെടുത്തുകയും 1935ലെ ഗവൺമെൻറ് ഓഫ് ഇന്ത്യ ആക്ടിൽ

ഈ പദം ഔദ്യോഗികമായി രേഖപ്പെടുത്തുകയും ചെയ്തു.. ഈ തരത്തിലുള്ള ഒരു പേര് ഈ ജനത സ്വയമേ സ്വീകരിച്ചത് അല്ല എന്നതു കൂടി നമ്മൾ ഓർക്കേണ്ടതുണ്ട്.. ദളിത് ഒരു ജാതി അല്ല, മറിച്ച് ഒരു തിരിച്ചറിവാണ്. ദളിത് എന്നത് ഒരു പദവി ബോധമാണ്. ഒരേസമയം ജാതി വിരുദ്ധതയും സ്വയംബോധവും ആണിത്. ഓരോരുത്തരുടെയും നിരന്തര വ്യക്തി പ്രകടനങ്ങൾ പോലും ജാതി അടിസ്ഥാനത്തിൽ ആണ് എന്ന് തിരിച്ചറിയാൻ കഴിയാത്ത വിധം അന്തർലീനമായാണ് നമുക്കിടയിൽ ജാതി പ്രവർത്തിക്കുന്നത്.


സാവിത്രീഭായ് ഫുലെ

പുരുഷാധിപത്യ വ്യവസ്ഥിതിയിൽ ജാതിവ്യവസ്ഥ നിലനിൽക്കുന്നതിനുള്ള ശക്തമായ മാർഗങ്ങളാണ് സ്ത്രീകളെ കൃത്യമായി നിയന്ത്രിച്ചിരുന്നതും ജാതി ചിട്ടകൾ പാലിക്കേണ്ടി വരുന്നതും. ഉന്നത ജാതിക്കാരായ പുരുഷന്മാരുടെ ബഹുമാന്യതയും പദവിയും സംരക്ഷിക്കുന്നവരായാണ് സവർണ്ണ സ്ത്രീകളെ കണക്കാക്കുന്നത്. ഭാര്യ, അമ്മ, കന്യക എന്നീ നിലകളിലുള്ള സ്ത്രീപങ്കാളിത്തം ആണ് വേദകാലം മുതൽക്കേ സ്ത്രീകൾക്കായി നിർണയിക്കപ്പെട്ടിരുന്നത്. അത് തികച്ചും പുരുഷാധിഷ്ഠിത വ്യവസ്ഥിതിയില് നിന്ന് കൊണ്ടുള്ളതാണ്. സ്ത്രീ ലൈംഗികതയ്ക്കു മേൽ ഏർപ്പെടുത്തിയിരുന്ന കഠിനമായ നിയന്ത്രണങ്ങൾ പുരുഷാധിപത്യ സമൂഹത്തിന് മേൽക്കോയ്മ കൂട്ടുന്നതിന്സഹായകരമായി. പുരുഷാധിപത്യ വ്യവസ്ഥിതി സവർണ്ണ സ്ത്രീകളുടെ ലൈംഗികതയ്ക്കുമേൽ കനത്ത വിലക്കുകൾ കൊണ്ടുവരികയും ചാരിത്ര്യം,പാതിവ്രത്യം എന്നുള്ളത് അനുഷ്ഠാന ആചാരമായി മാറുകയും ചെയ്തു. ജാതി ആചാരങ്ങളെയും സ്വജാതിയിൽ നിന്ന് വിവാഹം നിലനിർത്തുന്നതിനുമുള്ള ഏറ്റവും പ്രായോഗികമായ വഴിയായിരുന്നു ജാതിയിൽ നിന്നും പുറത്താക്കുക എന്നുള്ളത്. ഒരു ദളിത് അവർണ്ണ സ്ത്രീയുടെ ജീവിതം ഒരിക്കലും ഇപ്രകാരം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല. സാമ്പത്തിക സാമൂഹിക കാർഷിക ഉത്പാദന പ്രക്രിയയിൽ കൃത്യമായി അവർ പ്രവർത്തിച്ചിരുന്നു. സാമൂഹിക അംഗീകാരം നൽകാതെ അധ്വാനിക്കുന്ന, എളുപ്പത്തിൽ വിധേയയാകുന്ന ഒരുവളെന്ന ലേബൽ ആണ് പൊതുസമൂഹം ചാർത്തി നൽകിയിരുന്നത്. സ്ത്രീകളുടെ ലിംഗപദവി സാമൂഹിക ജാതിയ പിന്നോക്കാവസ്ഥയിൽ അടിസ്ഥാനപ്പെടുത്തി നിർമ്മിച്ച ആയിരുന്നു അവരുടെ വീക്ഷണത്തിൽ കീഴാള സ്ത്രീകൾക്ക് യാതൊരു അവകാശങ്ങളും കുലീനതയും ഉണ്ടായിരുന്നില്ല മാത്രമല്ല അവർ ഹൈന്ദവ മാനദണ്ഡങ്ങൾക്ക് അധീന ആയിരുന്നുമില്ല അതുകൊണ്ടുതന്നെ കന്യക, കുടുംബിനി, പതിവ്രത എന്നിങ്ങനെ സ്ത്രീ സ്വഭാവങ്ങളെ മഹത്വവൽക്കരിക്കുന്ന പദങ്ങൾ ഒന്നുതന്നെ അവരുമായി ചേർന്നിരുന്നില്ല. സവർണ്ണ സ്ത്രീകളെ തറവാട്ടമ്മ എന്ന് വിളിക്കുമ്പോൾ കീഴാള സ്ത്രീ ചന്തപെണ്ണായി മാറുകയാണ്. സ്ത്രീകളുടെ മേൽ പാതിവ്രത്യ ആചാരം ഇല്ല എന്നതും അവർ തൊഴിൽ ഉത്പാദന മേഖലയിൽ ഗണ്യമായ പങ്കുവഹിക്കുന്നു എന്നുള്ളതും ആദരണീയ ആയി അവരെ കണക്കാ ക്കാനുള്ള ഘടകങ്ങൾ ആയിരുന്നില്ല.

## ദളിത് സാഹിത്യം

ദളിത് സാഹിത്യം വികസിച്ചുവന്ന കാലഘട്ടത്തിൽ ജാതിവരേണ്യത, ചൂഷണം, വിവേചനം എന്നിവയായിരുന്നു പ്രധാന ചിന്താധാരകൾ. ദളിത് ഇതര എഴുത്തുകാരിലൂടെ ദളിത് ജീവിതങ്ങൾ ദൃശ്യമാകുന്നുണ്ടായിരുന്നു. തൊണ്ണൂറുകളിലാണ് ദളിത് സാഹിത്യസൃഷ്ടികൾ ശക്തമായ ചർച്ചകൾക്ക് വിധേയമാകുന്നത്. ദളിത് സ്ത്രീകളുടെതായി പറയത്തക്ക സാഹിത്യരചനകൾ ഒന്നുംതന്നെ കണ്ടിരുന്നില്ല. ദളിത് സ്ത്രീകൾ അക്കാലത്ത് ദൃശ്യവൽക്കരിക്കപ്പെട്ടിരുന്നില്ല. നാടൻ പാട്ടുകളിലും കവിതകളിലും ആത്മകഥയിലും ഒഴിച്ചുനിർത്തിയാൽ എല്ലായിടത്തും അവർ അദൃശ്യർ ആയിരുന്നു. സവർണ്ണ സ്ത്രീകൾ ജാതിപേരുകളിൽ അറിയപ്പെട്ടപ്പോൾ അവർണ്ണ സ്ത്രീകൾ പുലച്ചി, പറച്ചി, വണ്ണാത്തി, നായടിച്ചി, പണിച്ചി, എന്നിങ്ങനെയും തൂറി, കോപ്പി, ചാഴി, ചേര തുടങ്ങിയ പുഴു, ശുദ്ര ജീവികളുടെ പേരുകളിലുമാണ് അറിയപ്പെട്ടിരുന്നത്.

ചെങ്ങന്നൂരാതി, ഇടനാടൻ പാട്ട് എന്നിവയിലെല്ലാം ദളിത് സ്ത്രീകളെക്കുറിച്ച് പരാമർശമുണ്ട്. മണ്ണിനോട് ഇവർക്കുള്ള ബന്ധവും അവരുടെ അധ്വാനവും കണക്കിലെടുത്ത് മണ്ണിൽനിന്ന് വേർതിരിക്കാതെ അവരുടെ സാമൂഹിക അസ്ഥിത്വം മണ്ണിനോടൊപ്പം കൈമാറ്റം ചെയ്യാവുന്ന ഉപകരണമായാണ് പ്രവർത്തിച്ചു കൊണ്ടിരുന്നത്. മനുഷ്യൻറെ വികാരങ്ങളും സുഖദുഃഖങ്ങളും തനതായ താളത്തിൽ നാടൻ പാട്ടുകൾ ആ വഹിച്ചിരുന്നു. ജാതി നൽകിയ അയിത്തം ലൈംഗിക പീഡനം, കൊലപാതകം, വിശപ്പിന്റെ വിളികൾ തുടങ്ങിയവ മുഴങ്ങുന്ന ഒട്ടനവധി പാട്ടുകൾ പിൽക്കാലത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ദളിത് സ്ത്രീ അവളുടെ സ്വകാര്യ ജീവിതത്തിലും സുരക്ഷിത ആയിരുന്നില്ല. സാമ്പത്തിക കാർഷികോത്പാദന പ്രക്രിയയിൽ വ്യാപൃത ആയിരിക്കുമ്പോഴും മറ്റ് സമൂഹത്തിലെ സ്ത്രീകളെ പോലെ മിച്ചം വെക്കാൻ ഒരു സമയം അവർക്കുണ്ടായിരുന്നില്ല. കറുത്ത സ്ത്രീകളെ കാമപൂർത്തിയ്ക്കും സന്തോഷത്തിനും വേണ്ടിയുള്ള ഉപകരണങ്ങളായാണ് കണ്ടിരുന്നത്. അവരുടെ അധ്വാനശേഷി ഉപയോഗിക്കുന്നതിനു പുറമേ അവരെ ശാരീരിക ചൂഷണത്തിനും വിധേയരാക്കിയിരുന്നു. സ്ത്രീ ആസ്വദിക്കപ്പെടാനുള്ളതാണ് എന്ന ഈ ബ്രാഹ്മണിക സങ്കല്പം കേരളത്തിൽ അനുഭവവേദ്യമാകുന്നത് നാടൻപാട്ടുകളിൽലൂടെയാണ്. ഈ നാടൻ പാട്ടുകൾ ഒരുകാലത്ത് ഒരു ജനത അനുഭവിച്ചിരുന്ന ക്രൂരതകളുടെ കണക്കാണ്. തൻറെ ശരീരത്തെ, അധ്വാനത്തെ, ചൂഷണം ചെയ്യുന്ന ജന്മിയെ വെല്ലുവിളിക്കുന്നതാണ് മിക്ക നാടൻ പാട്ടുകളുടെയും ഇതിവൃത്തം.




നീലിയമ്മ തോറ്റം വ്യഭിചാര കുറ്റം ആരോപിച്ചു കുഞ്ഞു നീലി എന്ന സ്ത്രീയെ തമ്പ്രാനും തുറക്കാരും ബലികൊടുക്കാൻ ആവശ്യപ്പെടുമ്പോൾ സത്യാവസ്ഥ ബോധ്യപ്പെടുത്തി നീലി മരിക്കുന്നതാണ്. പൂമാതെ പൊന്നമ്മ നാടുവാഴിയുടെ ഇംഗിതത്തിന് വഴങ്ങാതിരുന്ന പുലയത്തി പൊന്നമ്മയെ പിഴച്ചു എന്ന് ആരോപിച്ച് ചുട്ടുകൊല്ലുന്നതാണ്. മുലയും തലയും കരിക്കപ്പെട്ട പുലയസ്ത്രീ സവർണ്ണ പുരുഷാധിപത്യത്തെ ആണ് അടയാളപ്പെടുത്തുന്നത്. മിക്ക പാട്ടുകളിലും പുലയന് അയിത്തം കൽപ്പിച്ച് മാറ്റി നിർത്തുമ്പോഴും, പെണ്ണുങ്ങളെ പായ വിരിക്കാൻ ക്ഷണിക്കുന്നതും, അതിൽ അവരുടെ നിസ്സഹായതയും വ്രണപ്പെടുന്ന അഭിമാനബോധവും കാണാം. ദളിത് സ്ത്രീ തൻറെ ശരീരത്തിന്റെയും ലൈംഗികതയുടെയും മേൽ സ്ഥാപിക്കുന്ന അഭിമാനബോധം നാടൻ പാട്ടുകളിൽ ശക്തമായി അടയാള പെടുത്തിയിട്ടുണ്ട്:

**അന്തിയായാൽ പുഞ്ചക്ക്**
നീര് തേവി കൂട്ടണം
പുഞ്ച നീര് നനക്കുമ്പോൾ
പുള്ള പീച്ചി കൂട്ടുമ്പോൾ
ഞാനയഞ്ഞ മാടത്തെ
പായിലങ്ങ് കിടക്കണ്

ഒരു ദളിത് സ്ത്രീയുടെ ജീവിത നേർക്കാഴ്ചയാണ് ഈ വരികൾ. കായികാധ്വാനത്തിന് അപ്പുറം അന്തിയായാലും വിശ്രമമില്ലാത്ത ജോലി ഭാരവും കുഞ്ഞിൻറെ കരച്ചില് കേൾക്കുമ്പോൾ പോലും ഒന്നും പ്രതികരിക്കാൻ ആവാതെ തമ്പുരാന്റെകൂടെ പായയിൽ ആണെന്ന് ആത്മനിന്ദയോടെയാണ് അവൾ ഓർക്കുന്നത്. അപമാനിക്കപ്പെടുന്ന സ്ത്രീ ശരീരങ്ങളുടെ കഥയാണ് മിക്ക നാടൻ പാട്ടുകളിലൂടെയും ഇതിവൃത്തം. ദളിത് സ്ത്രീ ശരീങ്ങളെ അധ്വാന ശേഷിക്ക് അപ്പുറത്തേക്ക് ശാരീരിക ചൂഷണത്തിനും കടുത്ത പീഡനത്തിനും ഇരയാക്കുന്നു എന്ന് സൂചിപ്പിക്കുന്ന നിരവധി നാടൻ ശീലുകൾ കാണാം.

വളരെ ചുരുക്കം നോവലുകൾ മാത്രമാണ് വരെ ദളിത് പ്രമേയം ആക്കി എഴുതപ്പെട്ടിട്ടുള്ളത്. 'ആദ്യ കാല മലയാള നോവൽ' എന്നറിയപ്പെട്ട ഘാതകവധം (The Slayer Slain 1859) മിസ്സിസ് കോളിൻസ് എഴുതാൻ ആരംഭിക്കുകയും 1864 ൽ അവരുടെ മരണശേഷം മിസ്റ്റർ കോളിൻസ് അത് പൂർത്തിയാക്കുകയും ചെയ്തു. 1877 ൽ പുറത്തിറങ്ങിയ മലയാള പരിഭാഷ


ദളിതരുടെ ജീവിതാവസ്ഥ വിശകലനം ചെയ്യുന്നു. വിദ്യാഭ്യാസത്തിനും വഴിനടക്കാനുള്ള അവകാശത്തിനുമായി ക്രിസ്തുമതത്തിലേക്ക് വഴിമാറിയ പുലയർ ഞായറാഴ്ച പ്രാർഥനാ ദിനമായി അനുവദിക്കുന്നതിനായി നടത്തുന്ന പ്രയത്നങ്ങളും തന്മൂലമുണ്ടാകുന്ന പ്രശ്നങ്ങളിൽ പെട്ട് ഒരു കുഞ്ഞ് മരിക്കുന്നതും ആണ് കഥ. മലയാള നോവൽ സാഹിത്യത്തിലെ ആദ്യത്തെ രക്തസാക്ഷി കൂടിയാണ് ആ കുഞ്ഞ്. കരയാൻ പോലും ശേഷിയില്ലാതെ, പ്രതികരിക്കാൻ ശേഷിയില്ലാത്ത അടിമ ജീവിതം നയിക്കുന്ന ദളിത് സ്ത്രീകളെ നോവൽ അടയാളപ്പെടുത്തുന്നു.

ആർച്ച് ഡീക്കൻ കോശിയുടെ പുല്ലേലി കുഞ്ചു എന്ന നോവൽ 1882 ലാണ് എഴുതപ്പെട്ടത്. അടിമകളെപ്പോലെ ജീവിക്കുന്ന ദളിത് സമൂഹവും ക്രിസ്തുമതം സ്വീകരിച്ചതുമൂലം രണ്ടാം കിടക്കാര് ആകുന്ന ദളിത് സമൂഹവും ദളിത് സ്ത്രീയുടെ ജീവിത നേർക്കാഴ്ചയുമായി നോവലിനെ യഥാർത്ഥവത്ക്കരിക്കുന്നു.

ഞങ്ങളെ കണ്ട ഉടനെ കടുവയെ കണ്ട പശുക്കളെപ്പോലെ എല്ലാം കൂടെ വിരണ്ടും നിലവിളിച്ചും കൊണ്ടു തിരിച്ചോടി. പിടിച്ചോളിൻ എന്ന് ഭട്ടേരി കല്പിച്ചു. പപ്പു മുതൽ പേരും പിറകേ എത്തി. ആ പുലയരിൽ എട്ടൊൻപതുമാസം ഗർഭമുള്ള പുലയി ഉണ്ടായിരുന്നു. അവളും ചില കിടാങ്ങളും പിറകായിപ്പോയി. അടിയോട്ടിൽ പപ്പു ഓടിച്ചെന്ന ചെലവിൽ ഒരു പുലയക്കിടാവിനെ തൂക്കിയെടുത്തു ആ പുലയിയുടെ പുറത്തടിച്ചു. അതിനോടെ അവർ വയറും തല്ലി കവിന്നുവീണു. ഉടനെ പ്രസവവും കഴിഞ്ഞു.... ശേഷം പുലയരിൽ കയ്യിൽ കിട്ടിയതിനെ ഒക്കെ അവർ നുറുങ്ങെ നല്കി. നാലഞ്ചുകിടാങ്ങളെ എടുത്ത് കാട്ടിലേക്ക് എറിഞ്ഞു. ചുമടു ഇട്ടും കളഞ്ഞു ഓടിപ്പോയവരെ മാത്രം പിടികിട്ടിയില്ല. അവരുടെ നെല്ലെല്ലാം പപ്പുവും കൂട്ടരും തട്ടിത്തൊഴിച്ച് കാട്ടിൽ ചീന്തിക്കളഞ്ഞു.

ഗർഭിണിയായ പുലയ സ്ത്രീയെ മർദ്ദിക്കുന്ന കാഴ്ച ദളിത് സ്ത്രീകളുടെ ഭീതിജനകമായ ജീവിതാവസ്ഥ രേഖപ്പെടുത്തുന്നുണ്ട്. ക്രിസ്തുമത പ്രഖ്യാപനമാണ് ഈ നോവലിൻറെ യഥാർത്ഥ ലക്ഷ്യമെങ്കിലും യാഥാർത്ഥ്യ വിവരണങ്ങൾ കേരള





ഘാതകവധം

"THE SLAYER SLAIN"

A TALE

BY MRS: RICHARD COLLINS OF COTTAYAM,

1859

TRANSLATED INTO MALAYALAM WITH ILLUSTRATIONS

COTTAYAM:

ത്തിലെ അടിമദളിത് ജീവിതങ്ങളിലേക്ക് ഉള്ള സാമൂഹിക നേർക്കാഴ്ചകളാണ്. ആദ്യകാല ദളിത് നോവലുകൾ യാതൊരുവിധ അവകാശങ്ങളും ലഭിക്കാത്ത, ശാരീരിക ചൂഷണത്തിനു വിധേയരായി അടിമ ജീവിതം നയിച്ചിരുന്ന, പ്രതികരണശേഷിയില്ലാത്ത സ്ത്രീ ജീവിതങ്ങളെ ആണ് സൂചിപ്പിക്കുന്നത്.

തകഴിയുടെ ശ്രദ്ധേയമായ നോവലുകളിൽ എല്ലാം ശക്തമായ ദളിത് ജീവിതങ്ങളെ അടയാളപ്പെടുത്തിയിരിക്കുന്നു, കാർഷിക രംഗത്ത് ശക്തമായി പ്രവർത്തിക്കുമ്പോഴും ചൂഷണങ്ങൾക്കെതിരെ പ്രവർത്തിക്കുവാൻ തയ്യാറായ ഒരു ജനതയെയാണ് കൃതികൾ ആഖ്യാനം ചെയ്യുന്നത്. രണ്ടിടങ്ങഴി, തോട്ടിയുടെ മകൻ , തലയോട്, ചെമ്മീൻ എന്നിവ ശക്തമായ ദളിത് ജീവിത ആഖ്യാനങ്ങളാണ്. തകഴിയുടെ രണ്ടിടങ്ങഴി, അഴകും വൃത്തിയുമുള്ള പുലയ പെണ്ണുങ്ങളെ ലൈംഗിക ആവശ്യത്തിനു വേണ്ടി ഉപയോഗിക്കാൻ തക്കം പാർത്തിരിക്കുന്ന ജന്മി പുത്രന്മാരെ ആവിഷ്കരിച്ചിരിക്കുന്നു. 'ഒന്ന് പെറ്റു കഴിഞ്ഞ പെണ്ണിനെ തമ്പുരാൻ നോക്കില്ല' എന്ന് കൂട്ടുകാരി പറയുമ്പോൾ കോരനോട് 'എനി

ക്കൊന്ന്  എനിക്കൊന്ന് പെറണം' എന്നു ചിരുത പറയുന്നിടത്ത്, മാനം സംരക്ഷിക്കാൻ വ്യാകുലപ്പെടുന്ന സ്ത്രീകളുടെ യാതനകൾ കാണാം. തകഴിയുടെ മറ്റു നോവലുകളിൽ നിന്നും വ്യത്യസ്തമായി ആത്മാഭിമാനമുള്ള വ്യക്തമായ നിരീക്ഷണങ്ങൾ ഉള്ള ശക്തയായ ദളിത് സ്ത്രീയാണ് ചിരുത.

ടി. കെ. സി. വടുതലയുടെ ചങ്ങലകൾ നുറുങ്ങുന്നു 1979, നനവുള്ള മണ്ണ്, കറ്റയും കൊയ്ത്തും തുടങ്ങിയ ശ്രദ്ധേയമായ നോവലുകളിൽ പുലയ സമുദായത്തിലേക്ക് വെളിച്ചം വീശുന്ന ഒരുപാട് കാര്യങ്ങൾ കാണാൻ കഴിയും. ദളിത് ശരീരങ്ങളെ ചൂഴ്ന്നു നടക്കുന്ന സവർണ്ണ ജന്മി അടയാളങ്ങൾ കൃതികൾ ശക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. മതപരിവർത്തനം ചെയ്ത കീഴാള ജീവിതങ്ങളാണ് കൂടുതലും ടി. കെ. സി. യുടെ കൃതികൾ ആലേഖനം ചെയ്തത്. ഓ. വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം മാജിക് റിയലിസത്തിന്റെ  അനന്ത സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് ദളിത് സ്ത്രീ ശരീരങ്ങളിലേക്കുള്ള നേർക്കാഴ്ചയാണ്. എം. മുകുന്ദൻറെ ഒരു ദളിത് യുവതിയുടെ കഥനകഥ ദളിത് ജീവിത പ്രമേയമാണ്. പ്രമേയത്തിന്റെ പുതുമയും പ്രസക്തിയും മറ്റ് കൃതികളിൽ നിന്ന് ഇതിനെ വ്യത്യസ്തമാക്കുന്നുണ്ട്. വ്യക്തമായ ലക്ഷ്യബോധ്യത്തോടെയാണ് നാടകകൃത്ത് നാരായണനും സംവിധായകൻ കരിമ്പുലിയും നാടകം അവതരിപ്പിക്കാൻ തയ്യാറാവുന്നത്. റേപ്പിന് ഇരയാക്കപ്പെട്ട ഒരു യുവതിയുടെ കഥ മാത്രമല്ല അത്, അടിച്ചമർത്തപ്പെട്ട ഒരു സമൂഹത്തിന്റെ നിസ്സഹായമായ നിലവിളി കൂടെ ആണ്. യാഥാസ്ഥിതികമായ കാരണങ്ങളാൽ രാധിക കഥാപാത്രത്തെ അവതരിപ്പിക്കാൻ വിസമ്മതിക്കുകയും വസുന്ധര അത് ഏറ്റെടുക്കുകയും, സവർണ്ണ നാടകനടിയുടെ കദനകഥയായി മാറുകയും, 'ദളിത്' എന്ന പദം എങ്ങനെയാണ് കച്ചവടവത്കരിക്കപ്പെടുന്നത് എന്നതിനുള്ള തെളിവ് കൂടിയാകുന്നു ഈ കൃതി.

ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രധാന സംഘടകയാണ് സാറാ ജോസഫ്. അലാഹയുടെ പെണ്മക്കൾ, മാറ്റാത്തി, ബുധിനി എന്നീ  കൃതികൾ ശക്തമായ സ്ത്രീ പ്രമേയങ്ങളിൽ ഉള്ള കൃതികളാണ്.  ജവഹർലാൽ നെഹ്റുവിനെ ഹാരം അണിയിച്ചതിന്റെ പേരിൽ സമാനതകളില്ലാത്ത ദുരന്ത ജീവിതം നേരിടേണ്ടിവന്ന  ദളിത് സ്ത്രീയുടെ കഥയാണ് ബുധിനി. പെരുമാൾ മുരുകൻ തന്റെ കീഴാളൻ എന്ന നോവലിൽ ദളിത്  അടിമ ജീവിതത്തിലേക്ക് നയിക്കപ്പെട്ട കീഴാള ജനതയുടെ ദുരിതപൂർണമായ ആഖ്യാനമാണ്. കീഴാളർ ആയി ജനിക്കുന്ന സ്ത്രീശരീരങ്ങൾ എവിടെയും സുരക്ഷിതരല്ല എന്നു നമുക്ക് കാണാൻ കഴിയും. ഭാമ എഴുതിയ കരുക്ക് ഒരു ദളിത് സ്ത്രീയുടെ യഥാർത്ഥ അനുഭവ കഥ പറയുന്നു. തമിഴ് സാഹിത്യത്തിൽ ദളിത് ഫെമിനിസത്തിന്റെ ശക്തമായ കാഴ്ചപ്പാടുകൾ നിരത്തിയ കൃതിയാണ് കരുക്ക്. സ്ത്രീകൾ അവരുടെ ശരീരങ്ങളുമായും സത്വങ്ങളുമായും നിരന്തരം കലഹിച്ചു കൊണ്ടിരിക്കുന്നു. സംഗതി എന്ന കൃതിയിൽ മുഴുവൻ ആഖ്യാനവും പന്ത്രണ്ട് അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. 'സംഗതി' എന്ന വാക്കിന്റെ അർത്ഥം സംഭവങ്ങൾ, അങ്ങനെ ഓരോ കഥകളിലൂടെയും ഉപകഥകളിലൂടെയും ഓർമ്മകളിലൂടെയും നോവൽ ദളിത് സ്ത്രീകളുടെ ജീവിതത്തിൽ നടക്കുന്ന സംഭവത്തെ ചിത്രീകരിക്കുന്നു.  ദളിത് സമൂഹത്തിലെ നിരവധി തലമുറകളിലെ സ്ത്രീകളുമായി സംഗതി ഇടപെടുന്നു. ദലിത് സമൂഹത്തിന്റെ ദൈനംദിന സംഭവവികാസങ്ങൾ - പരസ്പരബന്ധിതമായ സംഭവങ്ങളാൽ നിറഞ്ഞതാണ് പുസ്തകം. ശരൺകുമാർ ലിംബാളെ യുടെ അകർമാശി(അർധ ജാതി)യുടെ ആമുഖത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. 'എന്റെ ചരിത്രം എൻറെ അമ്മയുടെ ജീവിതമാണ്. ഏറിയാൽ അമ്മൂമ്മ വരെ പോകുന്നത്, അതിനപ്പുറം എനിക്ക് പൂർവികർ ഇല്ല.' മേൽ ജാതിക്കാരൻ ബലാൽസംഗത്തിനിരയാക്കിയ  ഒരു ദളിത് യുവതിയുടെ ജീവിത മായി അക്കർമാശിയെ വായിക്കാവുന്നതാണ്. ദളിത് സ്ത്രീശരീരങ്ങൾ കൃത്യമായി സവർണ്ണരുടെ ഭോഗവസ്തുവായി മാറുന്നതും അതിൽനിന്ന് കരകയറാനാകാത്ത സ്ത്രീ ജീവിതങ്ങളും അക്കർമാശി നമുക്ക് കാട്ടിത്തരുന്നുണ്ട്.




### ദളിത് ആഖ്യാനങ്ങളും ചലച്ചിത്രങ്ങളും

സിനിമാവ്യവസായത്തിന് പ്രധാന  ആകർഷണങ്ങളിലൊന്ന് അതിൻറെ തുടക്കം മുതൽ ഒടുക്കം വരെ പെർഫെക്റ്റ് ആയ ശരീരങ്ങളിലേക്ക് നോക്കുകയും അതിൽ പ്രത്യേക ആഗ്രഹങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുക എന്നതാണ്. സിനിമകൾvoyeuristic , സ്കോപോഫിലിക്,

ആനന്ദത്തിനുള്ള ഇടം കൂടിയാണ്. സാമൂഹികവും, രാഷ്ട്രീയവും, ജാതിയവുമായ പല അവസ്ഥകളും ശരീരത്തിന്റെ നിർമ്മിതികൾ ആയാണ് സിനിമ ഉത്പാദിപ്പിക്കുന്നത്. ശരീരത്തെ ഉപരിനിലനിൽക്കുന്ന ഈ വ്യവസായത്തിൽ മുൻവിധി വേരൂന്നിയതിനാൽ അമ്പേ തഴയപ്പെട്ടു പോയവരാണ് ദളിത് സ്ത്രീശരീരങ്ങൾ. മറ്റ് ഉയർന്ന ജാതി ശരീരങ്ങൾക്ക് വിപരീതമായി വളരെ സ്റ്റീരിയോടിപ്പിക്കൽ ആയ ദളിത് ആണിന്റേയും പെണ്ണിന്റെയും ശരീര നിർമ്മിതിയാണ് സിനിമയിൽ നടക്കുന്നത്. ദളിതർ കറുത്തവരും ദുർബലരും ആയി ചിത്രീകരിക്കപ്പെടുന്നു. അതേപോലെതന്നെ കറുത്ത ചർമവും അനാകർഷതയും ദളിത് സ്ത്രീ ശരീരങ്ങളുടെ പ്രത്യേകതയായി മാറുന്നു. സവർണ്ണ സ്ത്രീശരീരം സദാചാരത്തിന് പ്രതീകമാണ്.

മലയാള സിനിമയുടെ ചരിത്രം 1928–ലെ വിഗതകുമാരനിൽ നിന്നുമാണ് ആരംഭിക്കുന്നത്. സ്ത്രീകൾ അഭിനയ രംഗത്തേക്ക് കടന്നുവരാൻ തയ്യാറല്ലാത്ത സാമൂഹിക സാഹചര്യങ്ങളിൽ നിന്നാണ് റോസി ആദ്യ മലയാള നായിക ആകുന്നത്. താൻ അഭിനയിച്ച സിനിമ പോലും കാണാൻ ഭാഗ്യമില്ലാതെ ജന്മനാട്ടിൽ നിന്ന് ആട്ടിപ്പായിക്കപ്പെട്ട റോസിക്ക് അപ്പുറം ഒരു ദളിത് നായികയും മലയാള കൊമേഴ്സ്യൽ സിനിമാരംഗത്ത് വന്നിട്ടില്ല എന്നുള്ളത് ആശങ്കജനകം ആണ്. ആദ്യകാലങ്ങളിൽ നായികാ കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ മിസ് കുമാരി, ഷീല പോലുള്ള സവർണ്ണ ക്രിസ്ത്യാനി സ്ത്രീകളും പിന്നീട് പത്മിനി, രാഗിണി, ജയഭാരതി, സീമ എന്നിവരിലുമെത്തി. സീമയ്ക്ക് ശേഷം മലയാള സിനിമയിൽ ഉണ്ടായ പുരോഗമനപരമായ മാറ്റം തങ്ങളുടെ പേരിനൊപ്പം ജാതിവാൽ കൂടി ചേർക്കുക എന്ന ജാതി പുരോഗമനം ആണ്. മഞ്ജുവാര്യർ, സംയുക്ത വർമ്മ, നവ്യാ നായർ തുടങ്ങി സവർണ്ണ നായികമാർ കീഴാള സ്ത്രീകളെ അവതരിപ്പിക്കുമ്പോഴും കറുത്ത പെയിന്റ് അടിച്ച് സവർണ്ണ സ്ത്രീശരീരങ്ങൾ ഞാനാരാണെന്നും എവിടെയാണെന്ന് നിരന്തരം ഓർമ്മപ്പെടുത്തുന്നു. ഒരു ദളിത് ശരീരങ്ങളിലേക്ക് അവരുടെ നേർക്കാഴ്ചകൾ എത്തുന്നില്ല. മാത്രമല്ല. എവിടേയും ഞാൻ ആരാണ് എന്ന് വെളിവാക്കുന്നു. അത് ഏത് ജാതി ശരീരത്തിൽ വേഷ പകർച്ച നടത്തിയാലും.



വിഗതകുമാരനിലെ നായിക റോസി

1954ലെ നീലക്കുയിലിലൂടെ നീലി എന്ന പുലയ സ്ത്രീ മലയാള ചലച്ചിത്രചരിത്രത്തിലേക്ക് നടന്നുകയറി. സവർണ്ണ സ്കൂൾ അധ്യാപകനായ ശ്രീധരൻനായർ തന്റെ കാമുകിയായ ദളിത് യുവതിക്ക് നൽകുന്ന പേരിൽ നിന്നാണ് ചിത്രത്തിന് പേര് വന്നത്. അവൾ ഗർഭിണിയായപ്പോൾ ശ്രീധരൻ നായർ അവളെ ഉപേക്ഷിച്ചു. അവൾ രഹസ്യ ലൈംഗിക ബന്ധങ്ങൾക്ക് അനുയോജ്യയും പൊതു അംഗീകാരത്തിന് വിവാഹമെന്ന സോഷ്യൽ ഇൻസ്റ്റിറ്റ്യൂഷന് പറ്റാത്തവളും ആയി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. നീലിയുടെ ശരീരത്തെ മാത്രം പ്രണയിച്ച നിർദയനായ ശ്രീധരനെ വെള്ളപൂശുന്ന സവർണ്ണതയ്ക്ക് അനുകൂലമായ ഒരു ക്ലൈമാക്സ് ഉണ്ടാക്കുന്നതിലും ഈ സിനിമ വിജയിച്ചിട്ടുണ്ട്. ചെമ്മീൻ എന്ന വിശ്വവിഖ്യാതമായ രാമു കാര്യാട്ട് സിനിമയും പറയുന്നത് കീഴാള സ്ത്രീകളെ നിയന്ത്രിക്കാൻ ലഭ്യമായ എല്ലാ മാർഗങ്ങളും അവലംബിക്കുന്ന പുരുഷാധിപത്യ സമൂഹത്തെക്കുറിച്ച് ആണ്. ചാരിത്ര്യം, കുടുംബം, പതിവ്രത എന്നീ മതിൽ കെട്ടുകൾ തീർത്ത് അന്ധവിശ്വാസത്തിലൂന്നി കറുത്തമ്മയുടെ പ്രണയത്തെ കെട്ടിയിടുന്ന സമൂഹത്തെ കുറിച്ചാണ് സിനിമ പറയുന്നത്. വിജാതീയ പ്രണയ ബന്ധങ്ങൾക്ക് മുതിരുന്ന സ്ത്രീ അനഭിമതയും കുടലയുമായി മാറി. അത്തരം സ്ത്രീകഥാപാത്രങ്ങൾ കൊല്ലപ്പെടുകയോ ആത്മഹത്യയിലേക്ക് നയിക്കപ്പെടുകയോ ചെയ്യപ്പെടുന്നു.

ഈ കാലഘട്ടങ്ങൾക്കു ശേഷം ശക്തമായ ദളിത് സാമൂഹികജീവിതത്തിൽ ഊന്നിയ മലയാള സിനിമകൾ ഉണ്ടായിട്ടില്ല. ഗോതമ്പ് നിറമുള്ള സ്ത്രീശരീരങ്ങൾ അഭിമതവും ആകർഷണീയതയുടെ അടയാളവും ആയിമാറി. ഭരതന്റെയും പത്മരാജന്റെയും, ജോർജിന്റെയും സിനിമകളിൽ കീഴാള വേഷം ചെയ്തിരുന്ന സൂര്യ മാത്രമാണ് ഇതിന് ഒരു അപവാദം. ഇതിൽനിന്ന് ദളിത് ജീവിതാവസ്ഥ കൈകാര്യം ചെയ്യുന്ന കമ്മട്ടിപ്പാടം (2016) എന്ന സിനിമയിലേക്ക് വരുമ്പോഴും കാര്യങ്ങൾ വ്യതസ്തമാകുന്നില്ല. അതിൽ അഭിനയിച്ചിരിക്കുന്ന സ്ത്രീ കഥാപാത്രത്തിന് കറുത്ത ചായം പൂശി ജീവിക്കു

ക എന്നതിനപ്പുറം സിനിമയിൽ പ്രത്യേകിച്ച് ഒന്നും ചെയ്യാൻ ഉണ്ടായിരുന്നില്ല. 2016 ൽ തന്നെ പുറത്തിറങ്ങിയ കിസ്മത്ത് യഥാർത്ഥ സംഭവങ്ങളെ ആധാരമാക്കി ഷാനവാസ് കെ ബാവക്കുട്ടി സംവിധാനം ചെയ്ത കഥയാണ്. എസ്. സി. പ്രമോട്ടറും ഗവേഷകയും ആയ അനിത സവർണ്ണ മുസ്ലിം യുവാവിനെ പ്രേമിക്കുന്നതിലൂടെ അവർക്ക് നേരിടേണ്ടി വരുന്ന സാമൂഹിക യാഥാർത്ഥ്യങ്ങളാണ് സിനിമയുടെ ഉള്ളടക്കം. പോലീസ് സ്റ്റേഷനിൽ നിന്നും നേരിടേണ്ടിവരുന്ന ജാതി ചൂഷണങ്ങൾ സിനിമയ്ക്ക് പുതിയ മാനം നൽകുന്നു.

സവർണ്ണ മനസ്സിലെ ദളിത് ശരീരം ഇരുണ്ടതും വിരൂപത ഉള്ളതും പരുക്കനും ആണ്. സിനിമ സൃഷ്ടിക്കുന്ന സൗന്ദര്യാത്മകതയ്ക്ക് വിഭിന്നമായി ദളിത് ശരീരം കറുത്തതും വിരൂപമായതും അല്ലാതെ സങ്കൽപ്പിക്കാനാവില്ല. മിക്കവാറും എല്ലാ ദളിത് അനുകൂല സിനിമകളിലും കറുത്ത ചായം പൂശിയ ശരീരങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ അതാണ്. കാക്കോത്തിക്കാവിലെ അപ്പൂപ്പൻതാടികൾ എന്ന സിനിമയിൽ രേവതി, കാവ്യാ മാധവൻ (ഒരിക്കൽ), പത്മപ്രിയ (കറുത്ത പക്ഷികൾ), നമ്മൾ എന്ന സിനിമയിൽ ഭാവന, തുടങ്ങി മിഡിൽ ക്ലാസിനു താഴെയുള്ള ജീവിതങ്ങളെ കുറിച്ച് പരാമർശിക്കുന്ന സിനിമകളിലെല്ലാം നായികയെ കറുത്ത പെയിൻറ് അടിച്ചു നിർത്തുന്നു. ദളിത് സ്ത്രീ കഥാപാത്രമായി മാറുന്ന മിക്കവാറും എല്ലാ സിനിമകളിലും അവളുടെ സ്വത്വത്തെ കവർന്നെടുക്കുകയും മറ്റുള്ളവർക്ക് സഹതാപം തോന്നുന്ന വിധം മാറ്റപ്പെടുകയും ചെയ്യുന്നു. മേല്പറഞ്ഞ സിനിമകളിൽ എവിടെയും സ്വന്തമായി അസ്തിത്വമുള്ള ഒരു ദളിത് നായികയെ കാണാൻ കഴിയില്ല. പെയിൻറ് അടിച്ച സവർണ്ണ നായികമാർ ദളിത് നായികയുടെ വേഷം ചെയ്യുകയും സിനിമ പ്രേക്ഷകരെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു.

ദളിത് സ്ത്രീ ശരീരങ്ങളെ സിനിമയിൽ ദൃശ്യമാക്കുമ്പോൾ അവർ പ്രബലരായ സവർണ്ണ സ്ത്രീകളിലൂടെ കറുത്ത ചായം പൂശി സൃഷ്ടിക്കപ്പെടുമ്പോൾ സവർണ്ണ സ്ത്രീശരീരങ്ങൾ ഒരിക്കലും ദളിത് സ്ത്രീകളെ അടയാളപ്പെടുത്തുന്നില്ലന്ന് മാത്രമല്ല, ദളിത് സ്ത്രീ അവളുടെ അധ്വാനശരീരത്തിൽ മാത്രമായി ചുരുങ്ങുകയും ചെയ്യുന്നു. പാർവതി തിരുവോത്ത് കൈകാര്യം ചെയ്ത രാച്ചിയമ്മ (2021) എന്ന സിനിമയിൽ എത്തി നിൽക്കുമ്പോഴും സ്ഥിതി വ്യത്യസ്തമാകുന്നില്ല.

സിനിമകളിലും നോവലുകളിലും എങ്ങനെയാണ് അധികാരം സ്ത്രീ ശരീരങ്ങളെ ഉപഭോഗവസ്തുവായി നോക്കിക്കാണുന്നത് എന്ന് വെളിവാക്കപ്പെടുന്നു. ദളിത് സ്ത്രീകളുടെ ശരീരത്തിന്റെയും ലൈംഗികയുടെയും മേൽ അധികാരം സ്ഥാപിച്ചെടുക്കുകയും ചൂഷണത്തിന് വിധേയരാക്കുകയും ചെയ്യുന്നതിനെതിരെ പ്രതിഷേധ സ്വരമുയർത്തുന്നവരെ നാടൻപാട്ടുകളിൽ കാണാൻ കഴിയും. നാടൻ പാട്ടുകൾ കൂടുതലും സവർണ്ണ വ്യവസ്ഥ എങ്ങനെയാണ് അധികാരം ഉപയോഗിച്ചുകൊണ്ട് ദളിത് ശരീരങ്ങളെ കാർഷിക സാമ്പത്തിക ശാരീരിക ആക്രമണങ്ങൾക്ക് വിധേയരാക്കുന്നത് എന്ന കാണിച്ചുതരുന്നു. എവിടെയും ബ്രാഹ്മണിക ജാതിവ്യവസ്ഥയിൽ ദളിത് സ്ത്രീ ശരീരങ്ങൾ കടന്നാക്രമണങ്ങളും സാമ്പത്തിക സാമൂഹിക അസമത്വങ്ങൾക്കും വിധേയരാകുന്നു എന്നതിൽ തർക്കമില്ല. സ്ത്രീ വെറും ലൈംഗിക വസ്തുക്കളായി ചരക്ക് വൽക്കരിക്കുന്ന ബലാത്സംഗ സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിൽ ജാതിയതയും വളരെ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ദൈനംദിന ജീവിതത്തിൽ ഉയർന്ന സദാചാരമൂല്യങ്ങൾ പുലർത്തിയാലും പൊതുജന സവർണ്ണ വീക്ഷണത്തിൽ വിലയിരുത്തുന്നത് ജാതി അടിസ്ഥാനമാക്കി മാത്രമാണ്, അതുകൊണ്ടാണ് ദളിത് സ്ത്രീശരീരങ്ങൾ ആക്രമിക്കപ്പെടുമ്പോൾ സമൂഹം നിശബ്ദരാകുന്നതും സവർണ ശരീരങ്ങൾ ക്ക് വേണ്ടി മുറവിളി കൂട്ടുന്നതും. ഐ.എ.എസ്. നേടിയാലും ദളിത് സ്ത്രീ ശരീരങ്ങൾ ജാതി ശരീരങ്ങൾ മാത്രം ആയി മാറുന്നത് വരേണ്യ, 'ഫെയർ ആൻഡ് ലൗലി സംസ്കാര'ത്തിൽ കുടുങ്ങി ദളിത് സ്ത്രീ ശരീരങ്ങളെ അംഗീകരിക്കാത്ത ബ്രാഹ്മണിക വരേണ്യ അജണ്ടയുടെ പ്രതിഫലനം തന്നെ ആണ്.


കമ്മട്ടിപ്പാടം സിനിമയിൽ ഷോൺ റോമി

ചർച്ചാവിഷയം




**റോസ്മരിയ മാത്യു**
സീനിയർ റിസർച്ച് ഫെല്ലോ
ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ
സ് ഗാന്ധിഗ്രാം റൂറൽ
ഇൻസ്റ്റിട്യൂട്ട് തമിഴ്നാട്





**ഡോ.എസ്. ബാലസുന്ദരി**
അധ്യാപിക
ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ്
ഗാന്ധിഗ്രാം റൂറൽ
ഇൻസ്റ്റിട്യൂട്ട് തമിഴ്നാട്





വിവർത്തക:

**ഡോ. അനു കുര്യാക്കോസ്**
അധ്യാപിക
ഇംഗ്ലീഷ് വിഭാഗം
എസ്.ആർ.എം.യൂണിവേഴ്സിറ്റി
ആന്ധ്രപ്രദേശ്


# ലെറ്റസ് ബ്ലീഡ് ഫ്രീ: ടാബൂവിൽ നിന്നും മര്യാദകളിലേക്കും സ്വതന്ത്ര ഇടത്തിലേക്കും



സൊമാറ്റോയുടെ ആർത്തവാവധി നയം ആർത്തവാവധിയെക്കുറിച്ചുള്ള തീവ്രമായ ചർച്ചകൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. ഇതിന്റെ വെളിച്ചത്തിൽ ഈ ലേഖനം ദൈനംദിന ജീവിതത്തിൽ ആർത്തവത്തെക്കുറിച്ചുള്ള സാമൂഹിക ധാരണകളെ പരിശോധിക്കുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിലെ ആർത്തവ മര്യാദയുടെ നൈരന്തര്യത്തെ വിശകലനം ചെയ്തുകൊണ്ട് ആർത്തവത്തിന്റെ വ്യക്തിഗത അനുഭവങ്ങൾ സാമൂഹിക ധാരണകളെ എങ്ങനെയാണ് സ്വാധീനിക്കുകയെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

## ആമുഖം

സൊമാറ്റോയുടെ ആർത്തവാവധി നയത്തിനു വമ്പിച്ച സ്വീകാര്യതയും മൂർച്ചയുള്ള വിമർശനവും നേരിടേണ്ടി വന്നു. ഈ തീരുമാനം സാമൂഹികഇടങ്ങളിൽ ആർത്തവത്തെ വെളിച്ചത്തേക്ക് കൊണ്ട് വരികയും അത്തരമൊരു അവധി വേണോ വേണ്ടയോ എന്നും, അത് സ്ത്രീകൾക്ക് യഥാർത്ഥത്തിൽ

ഒരു വിമോചനമാണോ എന്നതിനെക്കുറിച്ചുമുള്ള ക്രിയാത്മകമായ ചർച്ചകൾക്ക് വഴിയൊരുക്കി. അത് ഫെമിനിസത്തിന്റെ, തുല്യതയില്ലാത്ത ലോകത്തിനെതിരെയുള്ള ദീർഘനാളായുള്ള പോരാട്ടത്തിന്റെ പരാജയമാണോ അതോ സ്ത്രീശരീരത്തിന്റെ ജൈവികമായ പ്രത്യേകതകൾ സ്വീകരിക്കപ്പെട്ടതിന്റെ ആഘോഷവേളയാണോ എന്ന വലിയ കോലാഹലങ്ങൾ തന്നെ പൊട്ടിപ്പുറപ്പെടാൻ ഇടയാക്കി. ഈ സംവാദങ്ങൾ തുടരവേ, പ്രസ്തുത തീരുമാനം ഞങ്ങളുടെ മനസ്സിലേക്ക് ആർത്തവവുമായി ബന്ധപ്പെട്ടു ഞങ്ങളുടെ സുഹൃത്തുക്കളും സഹപ്രവർത്തകരും അനുഭവിച്ചിരുന്നതോ പങ്കു വച്ചതോ ആയ ചില സംഭവങ്ങൾ കൊണ്ട് വരുന്നു. കോളേജ് കാലം മുതൽ തന്നെ നമ്മളിൽ പലരും ആർത്തവവുമായി ബന്ധപ്പെട്ടു വേദനകളനുഭവിച്ചതും, പാവാടയിലെങ്ങാനും പുരണ്ട നേർത്ത ചോരപ്പാടുകൾ ചൂണ്ടിക്കാണിക്കുന്ന സഹയാത്രികരോട് ഒഴിവുകഴിവുകൾ പറഞ്ഞതും, അങ്ങനെ ഓർത്തെടുക്കാനാനവധി സംഭവങ്ങൾ കാണും നമുക്കോരോരുത്തർക്കും. പിന്നീട്, തൊഴിൽ ചെയ്യുന്ന സ്ത്രീകളാവുമ്പോഴേക്കും നമ്മൾ, 'സാമൂഹിക അംഗീകാരമുള്ള,' എന്നാൽ പെട്ടന്ന് മനസ്സിലാവുന്ന, 'ഓ എനിക്ക് തലവേദനയാണ്' അല്ലെങ്കിൽ "ചെറിയ അസ്വസ്ഥതയാണ്" എന്നിങ്ങനെയുള്ള കാരണങ്ങൾ പറഞ്ഞു കൊണ്ട് വിശ്രമം ആവശ്യമാണെന്ന് പറയാതെ പറയും. തൊഴിലിടങ്ങളിൽ സത്യസന്ധമായി ആരെങ്കിലും ഇത് തുറന്നു പറയാൻ തുനിഞ്ഞാൽ, തന്റെ ശബ്ദം ഉയർന്നതിനെതിരെ അവൾക്ക് തുറിച്ചു നോട്ടമോ ശാസനയോ നേരിടേണ്ടി വരുന്നു.




ഈ ആർത്തവാവധിയെക്കുറിച്ചുള്ള തീരുമാനത്തിൽ ഞങ്ങളെ ആകർഷിച്ചത്, ഒഴിവുകഴിവുകൾ കണ്ടു പിടിക്കുന്നതിനു പകരം നേരിട്ട് നിങ്ങളുടെ സഹപ്രവർത്തകരോട്, നിങ്ങൾക്ക് ആർത്തവസംബന്ധമായ ബുദ്ധിമുട്ടുകളാണെന്നു തുറന്നു പറയാം എന്നതാണ്. 'ആർത്തവാവധിക്കു അപേക്ഷ നൽകുമ്പോൾ ആർക്കും ലജ്ജയോ കളങ്കമോ വേണ്ട, 'സി.ഇ.ഒ ദീപിന്ദർ ഗോയൽ ചൂണ്ടിക്കാണിച്ചു.' നിങ്ങളുടെ ആൾക്കാരോടോ ആന്തരിക സംഘങ്ങളോടോ ഇ-മെയിലിനോ നിങ്ങൾ ആർത്തവാവധിയിലാണെന്നു മറുപടി പറയുന്നതിൽ ഒരു മടിയും വിചാരിക്കേണ്ടതില്ല," അദ്ദേഹം കൂട്ടിച്ചേർത്തു (Mihindukulasuriya 2020). എല്ലാ സ്ത്രീകൾക്കും അത് വേണമെന്നില്ലായിരിക്കും, എന്നാൽ ഇതിനർത്ഥം ഒരു സ്ത്രീയ്ക്കും അത് വേണ്ട എന്നല്ല. ആർത്തവസമയത്ത് കഠിനമായ വേദനയും അസ്വസ്ഥതകളുമനുഭവിക്കുന്ന സ്ത്രീകളുണ്ട്, അവർക്കിതൊരു വലിയ ആശ്വാസമാകും. ഈ കഥയുടെ ഏറ്റവും നല്ല ഭാഗമെന്താണെന്നു വെച്ചാൽ അത് ചുറ്റുപാടും അടിഞ്ഞു കൂടിയ നിശബ്ദത തകർക്കുന്നതിനുള്ള മറ്റൊരു സുപ്രധാന ചുവടുവയ്പ്പാണ് എന്നതിൽ സംശയമില്ല എന്നതാണ്. നിങ്ങളുടെ ജീവിതത്തിൽ ആർത്തവമില്ല എന്ന് നിങ്ങൾക്കിനി ഭാവിക്കേണ്ടി വരില്ല, അതും ഒരു സാനിറ്ററി നാപ്കിൻ വരെ പൊതിഞ്ഞു വാങ്ങേണ്ട അവസരത്തിൽ; ആ പൊതിയിൽ നാപ്കിൻ ആണെന്ന് പൊതി കണ്ടാൽ എല്ലാവരും മനസ്സിലാകുകയും ചെയ്യുന്ന സാമൂഹിക ചുറ്റുപാടിൽ. ഇതുമായി ബന്ധപ്പെട്ടിങ്ങനെ പല കാര്യങ്ങളും അടക്കത്തിൽ സംസാരിക്കുകയും രഹസ്യമാക്കി വെയ്ക്കുകയും ചെയ്യേണ്ടി വരുന്നുണ്ട്. തങ്ങൾക്ക് ആർത്തവമാണെന്നു പറയുന്നതിന് പകരം, പെൺകുട്ടികൾക്കു ഒരു നൂറു ക്ളിഷേ ഒഴിവുകഴിവുകൾ, അസ്വസ്ഥതയാണെന്നും തലവേദനയാണെന്നും വയറുവേദനയാണെന്നും നിഷ്കളങ്കമായി പറയേണ്ടി വരുന്നു. അതെ, ആർത്തവത്തെക്കുറിച്ചു നിശബ്ദതയും നിഗൂഢതയും പാലിക്കുന്ന സമൂഹത്തിൽ അത്ര എളുപ്പത്തിൽ പറയാൻ കഴിയില്ല. ഒരിയ്ക്കൽ ഞങ്ങളുടെ സുഹൃത്ത് ഒരു സൂപ്പർ മാർക്കറ്റിലെ സെയിൽസ്മാനോട് സാനിറ്ററി നാപ്കിന്റെ പാക്കറ്റ് പൊതിയണ്ട എന്ന് പറഞ്ഞപ്പോൾ അയാളവളെ പരിഭ്രമത്തോടെ നോക്കിയിട്ട് ഇങ്ങനെ പറഞ്ഞു, ''സഹോദരി, ഇത്തരം സാധനങ്ങൾ നന്നായി പൊതിയണം. ആളുകൾ കണ്ടാലെന്തു പറയും?" ഓരോ പാക്കറ്റും വെവ്വേറെ പൊതിയാൻ അയാൾ നിർബന്ധിച്ചു, ഒടുവിൽ

തന്റെ പാക്കിംഗ് വ്യായാമം പൂർത്തിയാക്കിയപ്പോൾ, അയാൾ അത്യധികം സന്തോഷവാനും സംതൃപ്തനുമായി, വിശാലമായ ചിരിയോടെ പത്രത്തിൽ പൊതിഞ്ഞ ചെറിയ പാക്കറ്റുകൾ അവൾക്ക് നൽകി. വിഡ്ഢിത്തമോ തമാശയോ ആയി തോന്നിയേക്കാമെങ്കിലും, അത് ആർത്തവത്തെ ചുറ്റിപ്പറ്റിയുള്ള ആഴത്തിലുള്ള കളങ്കത്തെയും വളരെ സാധാരണവും ജീവശാസ്ത്രപരമായ ഈ പ്രക്രിയയോടുള്ള സാമൂഹിക മനോഭാവത്തെയും പ്രതിഫലിപ്പിക്കുന്നു.

ആർത്തവത്തെ സംബന്ധിച്ചുള്ള നിഗൂഢതയും നിശബ്ദതയും വളരെക്കാലം മുമ്പേ തന്നെ, ജെർമെയ്ൻ ഗ്രീർ തന്റെ പ്രധാന കൃതിയായ ഫീമെയിൽ യൂനക് (1970)ൽ പ്രസ്താവിക്കുന്നു, 'ആർത്തവത്തോട് നമുക്കിപ്പോഴും പ്രകടമായ വെറുപ്പ് ഉണ്ട്, പ്രധാനമായും അത് ഉയർന്നു വന്നിരിക്കുന്നത് രഹസ്യാത്മകതയിൽ നിന്നാണ്. സ്ത്രീകൾ ഇപ്പോഴും സാനിറ്ററി പാഡുകൾ വലിയ വിവേചനത്തോടെയാണ് വാങ്ങുന്നത്, അതിനു വേണ്ടി മാത്രം അവർ ഹാൻഡ്ബാഗുകൾ കൊണ്ട് പോകുന്നു. (57)' അവരിപ്രകാരം തുടർന്നു: "നിങ്ങൾക്ക് വിമോചനം നേടിയ ഒരുവളാണെന്നു സ്വയം തോന്നുന്നുവെങ്കിൽ ഒരിക്കലെങ്കിലും നിങ്ങൾ നിങ്ങളുടെ ആർത്തവരക്തമൊന്നു രുചിച്ചു നോക്കണം– അത് നിങ്ങളെ അസുഖപ്പെടുത്തുന്നുവെങ്കിൽ നിങ്ങളിനിയും ഒരുപാട് ദൂരം പോകേണ്ടതുണ്ട് (57).' തീർച്ചയായും ഇത് നമ്മുടെ കമല ദാസ് നമ്മോടു ആവശ്യപ്പെട്ടത് ഓർമ്മപ്പെടുത്തിത്തരുന്നു: "അവനു എല്ലാം നൽകുക/ നിങ്ങളെ ഒരു സ്ത്രീയാക്കുന്നത് അവനു നൽകുക നീണ്ട / മുടിയുടെ സുഗന്ധം/ മാറിടങ്ങൾക്കിടയിലെ വിയർപ്പിന്റെ ഗന്ധം/ ചൂടുള്ള ആർത്തവരക്തത്തിന്റെ ഞെട്ടൽ ഒപ്പം നിങ്ങളുടെ / അവസാനിക്കാത്ത സ്ത്രൈണ ദാഹങ്ങളും" (1216). 'പുരുഷന്മാർ ആർത്തവിച്ചിരുന്നെങ്കിൽ' എന്ന Gloria Steinem ന്റെ കൗതുകകരമായ നിരീക്ഷണങ്ങൾ ഒരു പക്ഷേ അതിലും പ്രശസ്തമാണ്. മറ്റു പുസ്തകങ്ങളിലൊന്ന് ക്രിസ് ബോബെലിന്റെ ന്യൂ ബ്ലഡ് : തേർഡ് വേൾഡ് ഫെമിനിസം ആൻഡ് ദി പൊളിറ്റിക്സ് ഓഫ് മെൻസ്ട്രഷൻ (2010) ആണ്, അതിൽ അവൾ ആർത്തവ ആക്ടിവിസത്തിന്റെ തുടക്കവും പരിണാമവും കണ്ടെത്തുകയും ആർത്തവ ആക്ടിവിസ്റ്റ് പ്രസ്ഥാനത്തിന്റെ രണ്ട് പ്രധാന വിഭാഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യുന്നു– 'ഫെമിനിസ്റ്റ് ആത്മീയതവാദികളും' (feminist spiritualists) 'സമ്പൂർണ ആർത്തവവാദികളും' (radical menstruators). 1970കൾ സ്ത്രീകളുടെ ആരോഗ്യ പ്രസ്ഥാനം, പരിസ്ഥിതിവാദം, ഉപഭോക്തൃ ആക്ടിവിസം എന്നിവയുടെ സംയോജനത്തോടെ ആർത്തവ പ്രവർത്തനത്തിന്റെ ഉയർച്ചയും നിർണായ



കമായ ആർത്തവ ബോധത്തിന്റെ വികാസവും കണ്ടു. സ്ത്രീകളുടെ ആരോഗ്യ പ്രസ്ഥാനം പുരുഷ മേധാവിത്വ ??സംവിധാനത്തിലുള്ള വൈദ്യ ശാസ്ത്രത്തിൽ സ്വന്തം ശരീരത്തിനും ആരോഗ്യത്തിനും മേലുള്ള സ്ത്രീകളുടെ നിയന്ത്രണത്തെക്കുറിച്ച് ചോദ്യങ്ങൾ ഉന്നയിച്ചപ്പോൾ ആർത്തവ പ്രവർത്തകർ ആർത്തവ ഉൽപന്നങ്ങളുടെ സുരക്ഷയെയും ആർത്തവത്തെക്കുറിച്ചുള്ള സാമൂഹിക ധാരണയെയും ചോദ്യം ചെയ്തു (Mathew 2018:197).

### ആർത്തവ മര്യാദകൾ

ആർത്തവത്തെക്കുറിച്ചുള്ള അവബോധവും ആക്ടിവിസവും വർദ്ധിച്ചുവരുന്നുണ്ടെങ്കിലും, ദൈനംദിന ജീവിതത്തിൽ ആർത്തവത്തെക്കുറിച്ചുള്ള വ്യക്തിഗത അനുഭവങ്ങൾ നാം ജീവിക്കുന്ന സമൂഹത്തിന്റെ ലിംഗപരമായ മുൻവിധികളിൽ നിന്ന് മുക്തമല്ല. ആർത്തവ ഉൽപന്നങ്ങൾ വാങ്ങുന്നതും സൂക്ഷിക്കുന്നതും ഉപയോഗിക്കുന്നതും സാധാരണ സംഭാഷണങ്ങളിൽ ആർത്തവത്തെക്കുറിച്ച് സംസാരിക്കുന്നതും മുതൽ അത്തരം സംഭവങ്ങളുടെ ചലച്ചിത്ര പ്രതിനിധാനങ്ങളിൽ വരെ, ആർത്തവ മര്യാദകൾ കാണാതെ പോകാനാവില്ല. ക

ഴിഞ്ഞ ദശകത്തിലെ ഒരു ജനപ്രിയ മലയാളം സിനിമയിൽ, ഒരു വനിതാ കലാലയത്തിൽ പ്രവേശനം നേടിയ ഏക വിദ്യാർത്ഥിക്ക് (male student) അബദ്ധത്തിൽ സാനിറ്ററി നാപ്കിൻ ലഭിച്ചപ്പോൾ അയാൾ അപമാനകരമായ അവസ്ഥയിൽ അകപ്പെടുന്ന ഒരു രംഗമുണ്ട്. ക്ലാസ്സിലെ പെൺകുട്ടികൾ വൃത്തിയായി പൊതിഞ്ഞ പാക്കറ്റ് പരസ്പരം കൈമാറുകയും, അവന്റെ ഊഴമായപ്പോൾ അവൻ തന്റെ മുന്നിൽ ഇരിക്കുന്ന വ്യക്തിക്ക് അത് കൈമാറുന്നത് ടീച്ചർ കാണുകയും ചെയ്യുന്നു. പാക്കറ്റിൽ എന്താണെന്ന് കൃത്യമായി മനസ്സിലാക്കുമ്പോൾ, അവൻ ലജ്ജിക്കുകയും, ക്ലാസ്സ് മുഴുവൻ പൊട്ടിച്ചിരിക്കുകയും ചെയ്യുമ്പോൾ, ടീച്ചർ ആരെങ്കിലും (ഒരു പെൺകുട്ടി) അവനിൽ നിന്ന് അത് മേടിക്കാൻ ആവശ്യപ്പെടുന്നു. ഇത് പ്രേക്ഷകരെ നാണിപ്പിക്കുകയും ഉച്ചത്തിൽ ചിരിപ്പിക്കുകയും ചെയ്ത നിഷ്കളങ്കവും രസകരവുമായ ഒരു രംഗം ആയിത്തോന്നുമെങ്കിലും, ആർത്തവ മര്യാദയുടെ ഏക നിയമവും ഒരു പ്രധാന ആശയവും വെളിപ്പെടുത്തുന്നു– "സ്ത്രീകൾ ഒരു തരത്തിലും ആർത്തവത്തിലേക്ക് പുരുഷന്മാരുടെ ശ്രദ്ധയെ ആകർഷിക്കരുത്''. പലരും 'മെൻസ്ട്രൽ ടാബൂ'; 'മെൻസ്ട്രൽ സ്റ്റിഗ്മ' എന്നിങ്ങനെയുള്ള പദങ്ങൾ ഉപയോഗിക്കുമ്പോൾ സോഫി ലോവ്സ് എന്ന ഇംഗ്ലീഷ് സോഷ്യോളജിസ്ട് 'ആർത്തവ മര്യാദ' എന്ന പദം ഉപയോഗിച്ചുകൊണ്ട് ആർത്തവവുമായി ബന്ധപ്പെട്ട് സ്ത്രീകളും പുരുഷന്മാരും പാലിക്കുന്ന സാമൂഹിക നിയമങ്ങൾ അല്ലെങ്കിൽ ആർത്തവവുമായി ബന്ധപ്പെട്ട സാമൂഹിക ആചാരങ്ങൾ സൂചിപ്പിക്കുന്നു. പലപ്പോഴും 'ആർത്തവ മര്യാദ' എന്നാൽ എന്താണെന്ന് വ്യക്തമായി പഠിപ്പിക്കുന്നില്ലെങ്കിലും അറിയാതെ തന്നെ മുതിർന്ന സ്ത്രീകളിൽ നിന്നും പെൺകുട്ടികളിലേക്ക് അവ കൈമാറ്റം ചെയ്യപ്പെടുന്നു. ആർത്തവ മര്യാദയുടെ ഏറ്റവും പ്രധാനപ്പെട്ടതും പൊതുവായതുമായ ഘടകങ്ങൾ ഒളിയ്ക്കുകയോ മറയ്ക്കുകയോ ചെയ്യുക, പൊതു / സ്വകാര്യ വ്യത്യാസം, രഹസ്യവും നിശബ്ദതയും, അല്ലെങ്കിൽ പ്രത്യേക ഭാഷയുടെ ഉപയോഗം എന്നിവയാണ്. ഒരു വലിയ പൊതുവിടത്തിൽ മാത്രമല്ല, ഏറ്റവും സ്വകാര്യയിടങ്ങളിലും ആർത്തവ മര്യാദകൾ പാലിക്കപ്പെടണമെന്നു പ്രതീക്ഷിക്കപ്പെടുന്നു (ഉദാ: ഒരു കുടുംബത്തിൽ) (Mathew 2018: 400). ഗേൾസ് ഇൻ പവർ (2006) എന്ന തലക്കെട്ടിലുള്ള തന്റെ കൃതിയിൽ ലോറ ഫിംഗേഴ്സൺ, ആർത്തവവുമായി ബന്ധപ്പെട്ട് ഭാഷയുടെ 'പ്രത്യേക ഉപയോഗം' ആഴത്തിൽ വിശകലനം ചെയ്യുന്നു. അത്തരം പദപ്രയോഗങ്ങൾ അത് നേരിട്ട് പ്രസ്താവിക്കാനോ പരസ്യമായി പരാമർശിക്കാനോ പാടില്ല എന്ന ആശയത്തെ ശക്തിപ്പെടുത്തുകയും, അതേസമയം സംസാരിക്കുന്ന ആളുടെ ആർത്തവത്തെക്കുറിച്ചുള്ള മനോഭാവവും വെളിപ്പെടുത്തുന്നു.

ദൈനംദിന ജീവിതത്തിലെ ആർത്തവ മര്യാദകളെക്കുറിച്ചുള്ള ഒരു ചർച്ച, ആർത്തവത്തെ സമകാലിക കാലഘട്ടത്തിൽ ലജ്ജാകരമാക്കുന്നതോ അല്ലെങ്കിൽ അതിനോടുള്ള പ്രബലമായ സാമൂഹിക മനോഭാവത്തെ രൂപപ്പെടുത്തുന്നതോ ആയ ഘടകങ്ങൾ കൃത്യമായി എന്തെല്ലാമാണെന്ന് ചിന്തിക്കാൻ പ്രേരിപ്പിക്കേണ്ടതുണ്ട്. ആർത്തവത്തെക്കുറിച്ചുള്ള, 'നിഗൂഢമായിരിക്കേണ്ടത്' അല്ലെങ്കിൽ 'അശുദ്ധം' എന്നിങ്ങനെയുള്ള സാമൂഹിക–സാംസ്കാരിക ധാരണ കണക്കിലെടുക്കെടുക്കുമ്പോൾ, മെഡിക്കൽ പാഠപുസ്തകങ്ങളിൽ ആർത്തവത്തെ 'പരാജയം' അല്ലെങ്കിൽ 'പരാജയപ്പെട്ട ഉൽപ്പാദനം' അല്ലെങ്കിൽ ഗർഭാശയ പാളിയുടെ 'അവശിഷ്ടങ്ങൾ' എന്നിങ്ങനെ പ്രതിനിധാനം ചെയ്തിരിക്കുന്നതും ശ്രദ്ധിക്കേണ്ടതുണ്ട്. അതിന്റെ പിന്നിലുള്ള ശാസ്ത്ര തത്വങ്ങൾ നിരാകരിക്കാതെ തന്നെ മറഞ്ഞിരിക്കുന്ന പ്രതിനിധ്യത്തിന്റെ രാഷ്ട്രീയം ശ്രദ്ധിക്കേണ്ടതുണ്ട്. സമകാലിക കാലഘട്ടത്തിൽ ആർത്തവത്തിന്റെ സാമൂഹിക ഘടനയെ സ്വാധീനിക്കുന്ന നിരവധി ഘടകങ്ങളിൽ, വാണിജ്യം ഒരു പ്രധാന പങ്ക് വഹിക്കുന്നു. മികച്ച ബ്രാൻഡായ സാനിറ്ററി നാപ്കിൻ അല്ലെങ്കിൽ മറ്റ് ആർത്തവ ഉൽപ്പന്നങ്ങളുടെ ശരിയായ തിരഞ്ഞെടുപ്പും ഉപയോഗവും അവ ഉപയോഗിച്ച് പരിഹരിക്കാൻ കഴിയുന്ന ഒരു 'ശുചിത്വ പ്രശ്നമായാണ്' വളരെക്കാലമായി ആർത്തവത്തെ കാണുന്നത്. ''വൃത്തിയായി സൂക്ഷിക്കപ്പെടേണ്ട"തെന്നും ആർത്തവ രക്തത്തിലെ അഴുക്കിനെക്കുറിച്ചുമാണ് 'സാനിറ്ററി നാപ്കിൻ' എന്ന വാക്ക് പോലും ഒരാളെ ഓർമിപ്പിക്കുന്നത് . ആർത്തവ ഉൽപന്നങ്ങളുടെ വ്യാവസായിക വളർച്ച ആർത്തവത്തെ ഒരു 'ശുചിത്വ പ്രതിസന്ധിയാക്കി മാറ്റി, ഉചിതമായ ഉൽപ്പന്നം തിരഞ്ഞെടുക്കുന്ന പ്രക്രിയ ഇതിലൂടെ ലഘൂകരിക്കപ്പെട്ടു' വ്യവസായത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും യോജിപ്പിൽ, വാണിജ്യസാമ്പത്തിക ശക്തി സ്ത്രീശരീരത്തെക്കുറിച്ചുള്ള വ്യവഹാരത്തിൽ ആധിപത്യം സ്ഥാപിച്ചു. ഹഫ്നഗേൽ ചൂണ്ടിക്കാണിച്ചതുപോലെ, (1) ശുദ്ധീകരിക്കൽ ആർത്തവത്തെ ഒരു ശുചിത്വ പ്രതിസന്ധിയായി വിപണനം ചെയ്യുന്നതിലൂടെ ആർത്തവ പ്രക്രിയ നിയന്ത്രിക്കുന്നതിന് പ്രത്യേക ആർത്തവ ഉൽപ്പന്നങ്ങൾ വാങ്ങേണ്ടതുണ്ട് എന്ന ധാരണ സൃഷ്ടിക്കപ്പെട്ടു (2) രോഗാവസ്ഥ: ശാരീരികവും ഹോർമോൺ സംബന്ധമായതുമായ രോഗങ്ങളിൽ ഒന്നായി ആർത്തവം മാറ്റപ്പെട്ടു. (3) വില്പന: ആർത്തവവും ആർത്തവകാലവും ആർത്തവ സംരക്ഷണ ഉൽപ്പന്നങ്ങൾ സ്ഥിരമായി വാങ്ങേണ്ട ജീവിത സംഭവങ്ങളായി സ്ഥാപിക്കപ്പെട്ടു . . . ' (2012: 85) അങ്ങനെ വാണിജ്യം ഒരു വാഹനമായി മാറി. ശരിയായ ആർത്തവ ഉൽപ്പന്നം ഉ

പയോഗിച്ചു 'രക്തസ്രാവം' നിയന്ത്രിക്കുന്നതിലൂടെ, സ്ത്രീ ശരീരത്തിന്റെ 'പ്രതിസന്ധി' എളുപ്പത്തിൽ പരിഹരിച്ചു ആർത്തവം നന്നായി 'നിയന്ത്രിക്കപ്പെടണം' എന്ന അടിസ്ഥാന ആശയത്തിലാണ് വ്യവസായം അഭിവൃദ്ധി പ്രാപിക്കുന്നത്.

ഈ ചർച്ചയിൽ പ്രാധാന്യമുള്ള മറ്റൊരു അനുബന്ധ ഘടകം ഒരു 'മാതൃകാ' ഉടൽ അവതരിപ്പിക്കുന്നത്തിലെ പരസ്യങ്ങളുടെ പങ്ക് ആണ്. അത് ഒരു അനുയോജ്യമായ ശരീരത്തെ പ്രതിനിധീകരിക്കുന്നു എന്ന് മാത്രമല്ല, ഈ ശരീരത്തെ ഉപഭോക്താക്കൾ നേടിയെടുക്കാൻ ശ്രമിക്കേണ്ട അഭിലഷണീയമായ ഒന്നായി ഉയർത്തിക്കാട്ടുകയും ചെയ്യുന്നു. ആർത്തവത്തെ 'വാണിജ്യവൽക്കരണം' എന്ന് പറയുമ്പോൾ, കോർപ്പറേറ്റ് മേഖല 'മാതൃകാ 'സ്ത്രീ ശരീരം എന്ന ആശയം തീരുമാനിക്കുകയും രൂപകൽപ്പന ചെയ്യുകയും ചെയ്യുന്നു. പതിറ്റാണ്ടുകൾക്ക് മുമ്പുള്ളതിനേക്കാൾ കൂടുതൽ സ്ത്രീകൾക്ക് ഇപ്പോൾ ആർത്തവ ഉൽപന്നങ്ങൾ എളുപ്പത്തിൽ ആക്സസ് ചെയ്യാനും ഉപയോഗിക്കാനും കഴിയുമെന്നതിൽ സംശയമില്ല, എന്നാൽ ഈ പരസ്യങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന അടിസ്ഥാന ആശയങ്ങൾ കാണാതെ പോകാനാവില്ല. ലാറ ഫ്രീഡൻഫെൽഡ്സ്, The Modern Period (2009) എന്ന തന്റെ കൃതിയിൽ, പരസ്യദാതാക്കൾ ഒരു ആധുനിക ശരീരത്തെ, നന്നായി കൈകാര്യം ചെയ്യപ്പെടുന്നതും ദുർഗന്ധമില്ലാത്തതും ചോർന്നൊലിക്കാത്തതും സ്വയംബോധമോ ഉത്കണ്ഠയോ ഉണ്ടാക്കാത്തതും ആർത്തവത്തിൻറെ തെളിവൊന്നും പ്രദർശിപ്പിക്കാത്തതുമായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നതായി കുറിക്കുന്നു. സ്ക്രീനിൽ നമ്മൾ കാണുന്ന സാനിറ്ററി നാപ്കിനുകളുടെ മിക്ക പരസ്യങ്ങളും, ഒരു പെൺകുട്ടി തനിക്ക് ആർത്തവമാണെന്ന് കണ്ടെത്തുകയും ശരിയായ ബ്രാൻഡ് സാനിറ്ററി നാപ്കിൻ ലഭിക്കുമ്പോൾ അവളുടെ പെട്ടെന്നുള്ള ഉത്കണ്ഠ പരിഹരിക്കപ്പെടുകയും ചെയ്യുന്ന ഒരു ക്ലീഷേ ആശയം ഉപയോഗിക്കുന്നു. ആർത്തവമാണെന്ന് മറയ്ക്കുന്നതാണ് നല്ലതാണെന്ന ആശയമാണ് ഈ പരസ്യങ്ങളിൽ നമ്മിൽ ഭൂരിഭാഗവും ഇഷ്ടപ്പെടുന്നത്. വെളുത്ത വസ്ത്രം ധരിച്ച് രസകരമായ പാർട്ടിക്ക് പോകുന്ന പെൺകുട്ടിയായാലും ട്രോഫിയുമായി സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങുന്ന സ്കൂൾ വിദ്യാര്ഥിനിയായാലുമെല്ലാം ശരിയായ ആർത്തവ ഉൽപ്പന്നം തിരഞ്ഞെടുത്ത് 'ആർത്തവ പ്രദർശന പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിനെ' കുറിച്ചാണ് പരസ്യങ്ങൾ ഊന്നൽ നൽകുന്നതെന്ന് തോന്നുന്നു. ആത്യന്തികമായി, ആർത്തവ ഉൽപ്പന്നത്തിന്റെ ശരിയായ ബ്രാൻഡ് എന്നാൽ വെളുത്ത വസ്ത്രത്തിൽ ഒരു രക്തക്കറ പോലും ഉണ്ടാക്കാത്ത ഒന്നാണ് എന്നതാണ്! അത്തരം പരസ്യങ്ങൾ പ്രത്യക്ഷത്തിൽ പുരോഗമനപരവും ആധുനികവുമാണെന്ന് തോന്നുമെങ്കിലും, പ്രത്യേകിച്ച്, ആർത്തവിക്കുന്ന പെണ്ണുടലുകൾക്കുറിച്ചുള്ള അവരുടെ ധാരണയിൽ, 'ആർത്തവത്തെക്കുറിച്ചു ആകുലതയില്ലാത്ത ശക്തരും ആഹ്ലാദഭരിതരുമായ സ്ത്രീകളുടെ' ചിത്രങ്ങൾ കാണാമെങ്കിലും, ആർത്തവവും സ്ത്രീ ശരീരവുമായി ബന്ധപ്പെട്ട നാണക്കേടിനെയും വൃത്തിയെയും പറ്റിയുള്ള ലിംഗപക്ഷപാതപരമായ ചരിത്രസങ്കൽപ്പങ്ങളുടെ അടിയൊഴുക്കും ദർശിക്കാതിരിക്കാനാവില്ല.



## ഉപസംഹാരം

"ആർത്തവം സ്ത്രീകളെ അപരയാക്കുന്നില്ല; അവൾ അപരയായതുകൊണ്ടാണ് ആർത്തവം ഒരു ശാപ'മെന്നു എലിസബത്ത് കിസ്സിംഗ് ശരിയായി നിരീക്ഷിക്കുന്നു (qtd. in Hufnagel 2012: 1). ആർത്തവം ഒരു പുരുഷ പ്രശ്നമായിരുന്നെങ്കിൽ എന്ന, ആർത്തവത്തെക്കുറിച്ച് സാധ്യമായതും തികച്ചും വ്യത്യസ്തമായ ധാരണ അവതരിപ്പിക്കുന്നതുമായ, Gloria Steinem ന്റെ കള Men Could Menstruate," എന്ന തമാശയും ചിന്തയും ഉണർ

ത്തുന്ന ഒരു ഭാഗം വായിക്കുമ്പോൾ ഇത് കൂടുതൽ വ്യക്തവും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതുമാണ്. എന്നാൽ 'ആർത്തവാവധി' എന്ന സ്ത്രീകളുടെ പ്രശ്നമായ യാഥാർത്ഥ്യം കണക്കിലെടുക്കുമ്പോൾ, അത് ഒരു തരത്തിലും സ്ത്രീ ബലഹീനതയെ അല്ല അംഗീകരിക്കുന്നത്, സ്ത്രീ ശരീരത്തിന്റെ ആരോഗ്യകരമായ സ്വീകാര്യതയെയാണ്. ആർത്തവമുള്ള അവരുടെ ശരീരത്തെക്കുറിച്ചു ലജ്ജിക്കേണ്ട കാര്യമില്ലെന്ന് നമ്മുടെ പെൺകുട്ടികളെ പഠിപ്പിക്കുന്നതിനുള്ള ഒരു വലിയ ചുവടുവയ്പ്പാണിത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, അത് ദൈനംദിന തലത്തിൽ ആർത്തവത്തെ അപകീർത്തി നീക്കുകയും അതേക്കുറിച്ച് ക്രിയാത്മകമായ സംഭാഷണം ആരംഭിക്കുകയും ചെയ്യുന്നു എന്നതാണ്. ആർത്തവാവധിയെ സ്ത്രീസമൂഹം എങ്ങനെ കാണുന്നു എന്നതാണ് അടുത്തതായി ശ്രദ്ധിക്കേണ്ടത്. ആർത്തവസംബന്ധമായി ഒരു ദിവസം അവധി ആവശ്യപ്പെടുന്ന സ്ത്രീകൾ ബലഹീനരോ അ




ല്ലെങ്കിൽ ആർത്തവ ബുദ്ധിമുട്ടുകൾ പെരുപ്പിച്ചുകാട്ടുന്നവരോ ആയി വിലയിരുത്തപ്പെടുന്നു. സ്ത്രീകൾ ബലഹീനരാണ് എന്ന തരത്തിലുള്ള ഇത്തരം തെറ്റായ അനുമാനങ്ങൾ ഇല്ലാതാക്കേണ്ടതുണ്ട്. ഒരു സ്ത്രീക്ക് ആർത്തവാവധി വേണ്ടി വരുമ്പോൾ മറ്റൊരാൾക്ക് അത് ആവശ്യമില്ലാതെ വരുന്നു. അതുപോലെ, ആർത്തവാവധി എന്ന ലഭ്യമായ ഓപ്ഷൻ ഉപയോഗിക്കുന്നതിൽ ലജ്ജാകരമായ യാതൊന്നും ഉണ്ടാകേണ്ടതില്ല, 'ആളുകൾ എന്ത് പറഞ്ഞേക്കാം' എന്ന ചിന്ത തള്ളിക്കളയേണ്ടതാണ്. ആർത്തവ ആക്ടിവിസം എന്നത് പ്രത്യേകമായ എന്തെങ്കിലും പ്രിവിലെജുകൾ ആവശ്യപ്പെടുന്നില്ല, അത് വ്യത്യസ്തതകൾ അംഗീകരിച്ചു കൊണ്ടുള്ള സമത്വമാണാവശ്യപ്പെടുന്നത്. ആർത്തവത്തെക്കുറിച്ചു തന്റെ കലയിലൂടെ സംസാരിക്കാനാരംഭിച്ച ജെൻ ലൂയിസ്, കവിതാശകലങ്ങളിലൂടെ ആർത്തവത്തെക്കുറിച്ചുള്ള ആശങ്കകളവതരിപ്പിച്ച എമിലി ബാസ്, ലുസില്ലെ ക്ലിഫ്ടൺ, 'Happy to Bleed' or 'Red Alert: You've Got a Napkin' തുടങ്ങിയ നമ്മുടെ രാജ്യത്തെ ആർത്തവ കാമ്പയിനുകൾ, Red Cycle പോലുള്ള ഗ്രൂപ്പുകൾ എന്നിവർ ആർത്തവം എന്നത് അശുദ്ധമായ ഒരു പ്രക്രിയ അല്ലെന്നും അത് നിശബ്ദമാക്കപ്പെടേണ്ടതോ ഒളിച്ചു വെക്കേണ്ടതോ ആയിട്ടുള്ള നിസ്സാരകാര്യമല്ലെന്നു വെളിവാക്കുന്നു. ആർത്തവാവധി തീർച്ചയായും ആർത്തവ കളങ്കം മായ്ക്കുന്നതിനും കൂടുതൽ ലിംഗ സൗഹൃദ പ്രൊഫഷണൽ ഇടങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ധീരമായ ചുവടുവയ്പ്പാണെങ്കിലും, ഇനിയും വളരെയധികം കാര്യങ്ങൾ ചർച്ച ചെയ്യാനുണ്ട്. അങ്ങനെ ആർത്തവാവധി വന്നെങ്കിലും, ആർത്തവത്തെക്കുറിച്ചുള്ള സ്റ്റിഗ്മ ഇനിയും ഇനിയും മാറേണ്ടതുണ്ട്....

### ഗ്രന്ഥസൂചി

**Bobel, Chris** (2010): *New Blood: Third- Wave Feminism and the Politics of Menstruation*, USA: Rutgers UP.

"Capitalizing on the Curse: The Business of Menstruation." *Google Books*. <https://books.google.co.in/books/about/Capitalizing_on_the_Curse.html?id=K-XaAAAAMAAJ& source=kp_book_description&redir_esc=y>

**Das, Kamala.** "The Looking Glass." *PoemHunter.com*. <_HYPERLINK "https://www/"https://www. poemhunter.com/poem/the-looking-glass-11/ >

**Fingerson, Laura** (2006): *Girls in Power: Gender, Body, and Menstruation in Adolescence*, Albany: State U of New York P.

**Frank, Priscilla.** "Artist Explores The Unexpected Beauty Of Menstrual Blood Using Macrophotography." *Huffpost*. 07 Dec 2017. <https://www.huffingtonpost.in/entry/jen-lewis-beauty-in-blood_n_7205908?ri18n=true >

**Freidenfelds, Lara** (2009): *The Modern Period: Menstruation in Twentieth-Century America*, USA: John Hopkins UP.

**Greer, Germaine** (1971): *The Female Eunuch*,

USA: McGraw.

**Hufnagel, Glenda Lewin** (2012): *A History of Women's Menstraution from Ancient Greece to the Twenty- First Century: Psychological, Social, Medical, Religious, and Educational Issues*, USA: Edwin Mellen Press.

**Johari, Aarefa**. "'Red Alert: You've Got a Napkin' campaign – Kerala activists fight menstrual taboos #Vaw." *Kractivism*. <https://kractivist.org/red-alert-youve-got-a-napkin-campaign-kerala-activists-fight-menstrual-taboos-vaw/ >

**Laws, Sophie** (1990): *Issues of Blood: The Politics of Menstruation*, London: Macmillan.

**Martin, Emily** (1991): "The Egg and the Sperm: How Science has Constructed a Romance Based on Stereotypical Male-Female Roles." *Signs* Vol 16, No 3, pp 485- 501. *JSTOR*. Web. <https://web.stanford.edu/~eckert/PDF/Martin1991.pdf>

— (2001): *The Woman in the Body: A Cultural Analysis of Reproduction*, Boston: Beacon Press.

**Mathew, Rosemaria Regy** (2018): "The Crimson Journey from Taboo to Etiquette." *Language in India* Vol 18, No 3, pp 398-406. Web. <http://languageinindia.com /march2018/rosemariacrimsonjourney1.pdf>

— (2018): "A Bloody Fight: An Overview Of Menstrual Activism." *Global Journal of Advanced Research* Vol 5, No 5, pp 197-199. Web. <_http://gjar.org/publishpaper /vol5issue5/ d823r27.pdf >

**Mihindukulasuriya, Regina.** 'They need to rest this out' — Zomato introduces 'period leave' for women, transgender staff." *The Print*. 09 Aug 2020.< https://theprint.in/india/they-need-to-rest-this-out-zomato-introduces-period-leave-for-women-transgender-staff/478084/ >

**Sathyendran, Nita.** "Thinking Red and Green." The Hindu. 02 June 2017. <https://www.thehindu.com/society/shradha-shreejaya-on-the-pioneering-work-of-sustainable-menstruation-kerala-collective/article18707416.ece>

**Steinem, Gloria** "If Men Could Menstruate." <http://ww3.haverford.edu/ psychology/ddavis/ p109g/steinem.menstruate.html>

"The Last Enemy To Be Conquered Is Mother Nature: Menstruation in Advertising." <https://www.reed.edu/anthro/adprojects/2011/case jacobson spillane/#:~:text=The%20Always%20slogan%2C%20%22Have%20a,advertisements%20for%20Tampax%20brand%20tampons>

"Why are Indian women 'Happy to Bleed'?" *BBC*. 23 Nov 2015.

<https://www.bbc.com/news/world-asia-india-34900825 >

**Wisher, Yolanda.** "Rubyfloetics: A Period Poem Mixtape." *Poetry Foundation*, 29 Apr. 2015.
Web. <https://www.poetryfoundation.org/harriet/2015/04/rubyfloetics-a-period-poem-mixtape>






# എവിടെ സ്ത്രീക്ഷേമം...?

സ്ത്രീകളുടെ ക്ഷേമത്തിൽ കേരളം എവിടെ നിൽക്കുന്നു എന്നത് നമ്മെ ആശയക്കുഴപ്പത്തിലേക്ക് തള്ളിവിടുന്ന ഒരു ചോദ്യമാണ്.വിദ്യാഭ്യാസവും തൊഴിലും സ്വാതന്ത്ര്യവും സ്വത്വബോധവും എല്ലാം നേടിയെടുക്കാവുന്ന സാഹചര്യം കേരളത്തിലുണ്ട് എന്നത് സത്യമാണ്.അതുകൊണ്ടാണല്ലോ അതിജീവിക്കാനും തുറന്നു പറയാനും സ്ത്രീകൾ മുന്നോട്ടുവരുന്നത്. അപ്പോൾ ഒരു ചോദ്യം ബാക്കി നിൽക്കുന്നു. സ്ത്രീകൾക്കുമാത്രമേ വിദ്യാഭ്യാസം കിട്ടുന്നുള്ളോ? അതോ മറ്റുള്ളവരുടെ മേൽ വിദ്യയൊന്നും ഫലിക്കുന്നില്ലേ?അതിജീവിച്ചാലും തുറന്നുപറഞ്ഞാലും കൂടെനിൽക്കാൻ വിരലിലെണ്ണാവുന്ന ആളുകൾ മാത്രം. ആളും തരവും നോക്കാതെ ശക്തമായ നിലപാടുള്ള ഒരു സർക്കാരിന്റെ പോരായ്മ അനുഭവപ്പെട്ടുതുടങ്ങിയിരിക്കുന്നു.പീഡനങ്ങളും ശ്രമങ്ങളും പുറത്തുവരുമ്പോൾ കൂടെനിൽക്കുന്നതല്ലല്ലോ അതിനുള്ള പരിഹാരം.

പണത്തിന്റെ പിന്നാലെ പോകാത്ത ഒരു സംവിധാനമെങ്കിലും ഇവിടുണ്ടോ എന്നു തിരയുകയാണ് ഞാൻ.പെണ്ണിനെ കാണുമ്പോൾ കാമം വിരിയാത്ത എത്ര ആളുകൾ ഇവിടുണ്ട്? പലരും മീ ടു പുറത്തുവിട്ടാൽ പലർക്കും പുറത്തിറങ്ങാൻ കഴിയാതെവരും. അതിനർത്ഥം ഇവരൊക്കെ സഹിക്കുന്നു എന്നല്ല കേട്ടോ.സ്വതന്ത്രയായി പുറത്തിറങ്ങുന്ന ഓരോ പെണ്ണിനേയും ഇതൊക്കത്തന്നെയാണ് കാത്തിരിക്കുന്നത് എന്നാണ് തലമൂത്ത നടൻ മധു പോലും പറഞ്ഞത്. ഇവിടെ കവിയാണെങ്കിലും ഫെമിനിസ്റ്റാണെങ്കിലും നടിയാണെങ്കിലും അവരിലെ ശരീരം മാത്രമേ ഇവർക്കൊക്കെ കാണാൻ കഴുയുന്നുള്ളൂ.

നമ്മളെയൊക്കെ നന്നായിട്ടറിയാവുന്നവർപോലും തുറിച്ചുനോക്കാനും മുട്ടിയുരുമ്മാനും മിനക്കെടുന്നതുകാണുമ്പോൾ പറഞ്ഞിട്ടെന്തുകാര്യം എന്നുതോന്നിപ്പോകും; പ്രതികരിക്കാൻവൈകിയെന്നും. സമത്വത്തിനുവേണ്ടി പെൺകുട്ടികളുടെ തോളിൽ കൈയിട്ടു നടക്കുന്ന ചില വിദ്വാൻമാരുണ്ട്.ആളില്ലാത്തയിടത്ത് സെക്സ് ആവശ്യപ്പെടാനും തൊട്ടുംതലോടിയും സ്നേഹം പ്രകടിപ്പിക്കാനും ഇക്കൂട്ടർ മറക്കാറില്ല.ഇവരുടെയൊക്കെ ലൈംഗിക ദാരിദ്ര്യം എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല എന്നു പറയരുത്. മനസ്സിലാകുന്നുണ്ട്. ശരിക്കും മനസ്സിലാകുന്നുണ്ട്. രഹസ്യമായും പരസ്യമായും ദാരിദ്ര്യം പ്രകടിപ്പിക്കുന്ന ഇവരെ സൂക്ഷിക്കുക.അല്ലെങ്കിൽ മനോനിലവീണ്ടെടുക്കാൻ കാലമേറെയെടുത്ത പല പെൺകുട്ടികളുടേയുമൊപ്പം നിങ്ങളും ചേർക്കപ്പെടും.



ചർച്ചാവിഷയം



**അലീന ഫിലിപ്പ്**
MCJ LLB
കണ്ടെന്റ് റൈറ്റർ, കോഴിക്കോട്

# മാറ്റാൻ കഴിയുന്ന ശീലങ്ങൾ




പേരുചൊല്ലി വിളിക്കപ്പെടുന്നത് ഓരോ വ്യക്തിക്കും നൽകുന്ന സന്തോഷം അളവറ്റതാണ്. വട്ടപ്പേരുകളിൽ അറിയപ്പെട്ട് സ്വന്തം പേര് മറന്നുപോയ മനുഷ്യരുമുണ്ട് നമുക്കിടയിൽ. അവനവനായി അംഗീകരിക്കപ്പെടുക എന്നത് തന്നെയാണ് നിങ്ങൾക്ക് ചുറ്റുമുള്ളവർക്ക് നൽകാനാവുന്ന വിലയേറിയ സമ്മാനം. ഈ ലോകത്തിൽ ഒരു സ്വതന്ത്ര വ്യക്തിയായി അടയാളപ്പെടുത്താൻ സാധിക്കാതെ ജീവിതത്തോട് യുദ്ധം ചെയ്ത് തകർന്നുപോയ എത്രയോ മനുഷ്യരുടെ കഥകൾ നാം ദിനംപ്രതി കേൾക്കുന്നു.

തടിയൻ, തടിച്ചി, കോലൻ, തോട്ടി, ചുള്ളിക്കമ്പ്, കറുമ്പി, കറുമ്പൻ, കുറുക്കൻ, കരിവണ്ട്, കരടി, പല്ലൻ, ഫുട്ബോൾ, മച്ചിങ്ങ തുടങ്ങി അനേകം പേരുകളിൽ ചുറ്റുമുള്ളവരെ അടയാളപ്പെടുത്തുമ്പോൾ നിങ്ങളവരെ വ്യക്തിഹത്യ ചെയ്യുകയാണ്. അവരുടെ ആത്മവിശ്വാസത്തെ തകർക്കുകയാണ്. എനിക്ക് കുറവുള്ളതുകൊണ്ടല്ലെ അവർ അങ്ങനെ വിളിക്കുന്നത് എന്ന് വിചാരിച്ച് യാതൊരു വിഷമവും ഇല്ലാതെ തള്ളിക്കളയുന്നവരും നിരവധി. ആർക്കും ആരെയും കളിയാക്കാനും വിധിക്കുവാനും അർഹതയില്ല എന്ന് സമൂഹം എന്നാണ് മനസ്സിലാക്കുക.

ഒരു വ്യക്തി, അല്ലെങ്കിൽ സഹജീവി എന്നല്ലാതെ നിറം, പൊക്കം, ശരീരഘടന തുടങ്ങി ഏതെല്ലാം സ്റ്റാൻഡേഡുകൾ ഉപയോഗിക്കാമോ അവയൊക്കെയും ഉപയോഗിച്ചാണ് നിങ്ങളെ സമൂഹം വരച്ചിടുക. പലപ്പോഴും അത്രയേറെ അടുപ്പമുള്ളവർ ആകും നിങ്ങളെ ഡാ തടിയാ എന്ന് സ്നേഹം ചാലിച്ച് വിളിക്കുക. കേട്ട് കേട്ട് ശീലമാണെങ്കിലും സ്നേഹം കൊണ്ടാണല്ലോ എന്നോർത്താലും ആ വ്യക്തിയിൽ നിങ്ങൾ ആഴത്തിൽ മുറിവുണ്ടാക്കുകയാണ്. അയാളുടെ കോൺഫിഡൻസ് തകർക്കുകയാണ്.

നിങ്ങളുടെ അഭിനവ സ്നേഹം അവരിൽ തങ്ങൾക്കെന്തോ കുറവുണ്ടെന്ന ചിന്തയെ ഊട്ടിയുറപ്പിക്കുകയാണ്. ഈ സമൂഹത്തിൽ ജീവിക്കാൻ എന്തൊക്കെയോ ഗുണങ്ങൾ ആവശ്യമുണ്ടെന്നും അവ തങ്ങളിൽ ഇല്ലെന്നുമുള്ള ഒരു ചിന്ത (വിഷമുള്ള്) ഓരോ നിമിഷവും പലർ ചേർന്ന് ചുറ്റുമുള്ള മനുഷ്യരിലേക്ക് കുതിവെക്കുകയാണ്. അടുപ്പമുള്ളവർ സമ്മാനിക്കുന്ന ഈ മുറിവുകൾക്കൊപ്പം നിൽക്കുന്ന മറ്റൊരു വിഷമുണ്ട്. നിങ്ങളുടെ നാട്ടിലുള്ള ഒരു പെൺകുട്ടി വഴിയിലൂടെ വെറുതെ നടന്നുപോകുന്നു എന്ന് സങ്കൽപ്പിക്കുക. ഒരു കാര്യവുമില്ലാതെ അവളോട് വിശേഷം തിരക്കാൻ ചെല്ലുന്ന ചിലർ. ‘അയ്യോ മോളെ, മെലിഞ്ഞുപോയല്ലോ?’, ‘ആകെ കറുത്തുപോയല്ലോ മോളെ, കുറച്ചു മഞ്ഞൾ ഒക്കെ തേക്ക്!’, ‘ആകെ വിളറിവെളുത്തല്ലോ, എന്തേലും അസുഖം ആണോ?’




എന്താണ് ശെരിക്കും നിങ്ങളുടെ പ്രശ്നം. മാന്യമായ രീതിയിൽ അഭിസംബോധന ചെയ്യാൻ അറിയില്ല എന്നതാണോ? വഴിയെ പോകുന്നവർ വെളുത്താലും കറുത്താലും മെലിഞ്ഞാലും തടിച്ചാലും നിങ്ങൾക്ക് എന്താണ് വിഷയം? ഇത്തരം ചോദ്യങ്ങൾക്ക് നല്ല മറുപടി കൊടുക്കുന്നവർ വളരെ ചുരുക്കമായിരിക്കും. ബാക്കിവരുന്ന ഭൂരിഭാഗം ഹതഭാഗ്യർ എന്തൊക്കെയോ കാരണങ്ങളാൽ കള്ളം പിടിക്കപ്പെട്ട കുട്ടിയുടെ ചിരിയോടെ നിങ്ങൾക്ക് മുന്നിൽ നിൽക്കുന്നു, മുറിവുകൾ ആഴത്തിൽ വരയപ്പെടുന്നു.

സ്വന്തം വീടുകളിൽ, നാട്ടിൽ, സ്കൂളുകളിൽ, കോളേജിൽ, കളിയിടങ്ങളിൽ, ജോലിസ്ഥലങ്ങളിൽ എന്നുവേണ്ട എല്ലായിടങ്ങളിലും ഭീകരമായ ബോഡി ഷെയിമിങ് നടക്കുന്നുണ്ട്. പലപ്പോഴും അതിനു ഇരയാകുന്നവർപോലും തിരിച്ചറിയുന്നില്ല സംഭവിക്കുന്നത് ബോഡി ഷെയിമിങ് ആണെന്നും അത് തങ്ങളുടെ മാനസികനിലയെ കാര്യമായി ബാധിച്ചുകൊണ്ടിരിക്കുകയാണെന്നും.

കുടവയർ ചാടി വരുവാണല്ലോ, ഭക്ഷണം കഴിക്കുന്നത് നിയന്ത്രിക്കണം, ഇപ്പോൾ പാകം തടിയാണ്, ഇനി തടിച്ചാൽ വൃത്തികേടാകും, തിന്നുന്നതൊക്കെ എവിടെപ്പോയി, ശരീരത്തിൽ പിടിക്കുന്നില്ലല്ലോ എന്നു തുടങ്ങിയ തീൻമേശയിൽ ഉയരുന്ന കമന്റുകൾ നന്നായി ഭക്ഷണം കഴിക്കുന്ന ആരോഗ്യമുള്ള മനുഷ്യരെ അനാവശ്യമായി തങ്ങളുടെ ശരീരത്തേക്കുറിച്ച് ചിന്തിപ്പിച്ച് അപകടകരമായ ഡയറ്റുകളിലേക്കും ഭക്ഷണം കഴിക്കാതെ നടക്കുന്നതിലേക്കും എല്ലാറ്റിലുമുപരി എന്റെ ശരീരം കൊള്ളൂലല്ലോ എന്നുള്ള സ്ട്രെസ്സ്, ടെൻഷൻ ഒക്കെയാൽ വരുന്ന മാനസികപ്രശ്നങ്ങളിലേക്കും നയിക്കുന്നു. കമന്റടിക്കുന്നവർ തങ്ങളുടെ പ്രിയപ്പെട്ടവരുടെ നന്മയേക്കരുതി പറയുന്നതെങ്കിലും ആത്മഹത്യ പ്രവണതക്ക് വരെ പലപ്പോഴും ഇവ കൊണ്ടെത്തിക്കുന്നു.

ബയോളജി പഠിപ്പിക്കാൻ അസ്ഥികൂടത്തിന് പകരമായി മെലിഞ്ഞ ശരീരമുള്ള കുട്ടികളെ വിളിക്കുന്ന അധ്യാപകർ ഉള്ള ക്ലാസ്മുറികളിൽ എന്താണ് ചെയ്യേണ്ടത് എന്നറിയാതെ നിൽക്കുന്ന കുട്ടികളുടെ മാനസികാവസ്ഥ ഒന്നോർത്തുനോക്കൂ. മറ്റുകുട്ടികളുടെയും അധ്യാപകന്റെയും ചിരികൾക്കിടയിൽ തൊലിയുരിഞ്ഞ് നിൽക്കുമ്പോൾ ഒരല്പം കരുണക്കായി ആ കുട്ടി ചുറ്റും നോക്കിക്കാണും. ബോഡി ഷെയിമിങ്ങിന്റെ ബാലപാഠങ്ങൾ കുഞ്ഞുമനസുകളിലേക്ക് കോരിയിടുകയാണ് നിങ്ങൾ ചെയ്യുന്നത്.

വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കൂട്ടുകാർക്ക് ഇടയിലും അല്ലാതെ സംഘം ചേർന്ന് അനിഷ്ടം തോന്നുന്നവരെ കളിയാക്കുമ്പോഴും (bullying) വിവരവും വിദ്യാഭ്യാസവുമുള്ള അധ്യാപകർ കുട്ടികളെ കളിയാക്കുകയോ വഴക്കുപറയുകയോ ചെയ്യുമ്പോഴും ബോഡി ഷെയിമിങ് നടക്കാറുണ്ട്. കടുംനിറമുള്ള വസ്ത്രങ്ങൾ നിനക്ക് ചേരില്ല, നീ കറുത്തിട്ടല്ലെ, ഒപ്പനക്ക് മണവാട്ടിയാകുവാനുള്ള സൗന്ദര്യം പോര, കുറുക്കൻ, കരിവണ്ട്, വെള്ളപ്പാറ്റ, തോട്ടിക്കോൽ, ഉണ്ടപ്പൻ തുടങ്ങിയ അനേകം അമ്പുകൾ


**queen.shru** I was called an elephant ..too many times to count.. Now that i think back on it..elephants are such cute animals, I should not have felt as bad as I did! 😂

തറച്ചാണ് പല വിദ്യാർത്ഥികളും പഠനം പൂർത്തിയാക്കുന്നത്. പാതിവഴിയിൽ തളർന്നുവീണവർ അനവധി.

തൊഴിലിടങ്ങളിൽ നോർമലൈസ് ചെയ്യപ്പെട്ട രീതിയിലാണ് ബോഡി ഷെയിമിങ് നടക്കുന്നത്. സഹപ്രവർത്തകയുടെ വിവിധ ശരീരഭാഗങ്ങളും സഹപ്രവർത്തകന്റെ കഷണ്ടിതലയും എങ്ങനെയാണ് നിങ്ങൾക്ക് തമ്മിൽ പറഞ്ഞു ചിരിക്കാനുള്ള വകയാകുന്നത്. ഉയർന്ന ഉദ്യോഗസ്ഥരെ വെറുപ്പിക്കാൻ മടിച്ച് കാലങ്ങളോളം ബോഡി ഷെയിമിങ്ങും മറ്റ് അക്രമങ്ങളും സഹിക്കുന്ന നിരവധി കീഴ്ജീവനക്കാർ.

സിനിമ മേഖലയിലും മറ്റുമുള്ള സ്ത്രീകളുടെ സോഷ്യൽ മീഡിയ പോസ്റ്റുകളുടെ കമന്റ് സെഷൻ നോക്കിയാൽ ബോഡി ഷെയിമിങ്ങിന്റെ ഭ

യാനകമായ രീതികൾ കാണാം. ഗായിക സയനോരയുടെ വസ്ത്രധാരണവും അവർ മനസ് നിറഞ്ഞ് ഡാൻസ് ചെയ്യുന്നതുമൊക്കെ നിങ്ങളെ എങ്ങനെയാണ് അസ്വസ്ഥരാക്കുന്നത്.

ബോളിവുഡ് സൂപ്പർ സ്റ്റാർ വിദ്യ ബാലൻ അവരുടെ കരിയറിന്റെ ആദ്യകാലങ്ങളിൽ സൗത്ത് ഫിലിം ഇൻഡസ്ട്രിയിൽ നിന്നും നിരവധി റിജക്ഷനുകൾ ഏറ്റുവാങ്ങിയിട്ടുണ്ട്. വളരെയധികം മെലിഞ്ഞിരുന്ന ആ കാലങ്ങളിലും അവർക്ക് തന്റെ തടിയാണ് സിനിമകൾ കിട്ടാത്തതിന് കാരണം എന്നാണ് തോന്നിയിരുന്നത്. എന്നാലിന്ന് ശരീരത്തേക്കുറിച്ച് ആകുലപ്പെടാതെ ആരോഗ്യകരമായി ഇരിക്കുക എന്നതിലേക്ക് അവർ വളർന്നിരിക്കുന്നു. കഹാനി, പരിണീത, തുംഹാരി സുലു പോലെ നിരവധി സിനിമകളിൽ ശക്തമായ അനേകം കഥാപാത്രങ്ങളും അവരെ തേടിയെത്തി.

മിക്കവാറും എല്ലാ നടിമാരും തന്നെ അവരുടെ ശരീരത്തേക്കുറിച്ച് തുടർച്ചയായി കമന്റുകൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയാണ്. നടന്മാർ പ്രായമായാലും തടികൂടിയാലും നായകരായി വിലസുമ്പോൾ അല്പമൊന്ന് തടിച്ചാൽ നടിമാരെ തെടിയെത്തുക കുടുംബിനി, അമ്മ വേഷങ്ങൾ ആണ്.

ഏതോ കാലത്ത് കവികളും മറ്റും എഴുതിവച്ച സൗന്ദര്യ അളവുകോലുകൾ ഇപ്പോഴും പിന്തുടരുന്ന പരസ്യചിത്രങ്ങളിൽ ബോഡി ഷെയിമിങ്ങിലേക്ക് നയിക്കുന്ന മറ്റൊരു ഘടകമാണ്. തുടർച്ചയായി മെലിഞ്ഞ് വെളുത്ത് പൊക്കമുള്ള സ്ത്രീകൾ ആണ് സുന്ദരികൾ എന്ന ഒരു തെറ്റായ ബോധം പൊതുജനങ്ങളിൽ നിറക്കുന്ന രീതിയിലാണ് സ്വർണം, വസ്ത്രം, സൗന്ദര്യവർധക വസ്തുക്കൾ തുടങ്ങിയവയുടെ പരസ്യങ്ങൾ.

ചിലമനുഷ്യരിൽ ഒട്ടുമേ സന്തോഷം ഉണ്ടാകാറില്ല. അവർക്ക് പോലും അറിയില്ല എന്ത് കാരണം കൊണ്ടാണ് സന്തോഷിക്കാൻ സാധിക്കാത്തതെന്ന്. തുടർച്ചയായി നിങ്ങളുടെ കുറവുകൾ കേട്ട് കേട്ട് തന്നോട് തന്നെ ഇഷ്ടമല്ലാത്ത അവസ്ഥയിൽ എത്തിയാൽ എങ്ങനെ ചുറ്റും നടക്കുന്ന കാര്യങ്ങളിൽ സന്തോഷിക്കുവാൻ കഴിയും. 'Self Love' അവനവനോട് ഇഷ്ടം തോന്നിയാൽ അല്ലെങ്കിൽ വളർത്തിയെടുത്താൽ മാത്രമേ നമുക്ക് ബോഡി ഷെയിമിങ്ങിലൂടെ തകർന്നുപോയ കോൺഫിഡൻസ്, ജീവിതം തിരിച്ചുപിടിക്കാൻ സാധിക്കൂ.



മാറ്റാൻ കഴിയുന്ന ശീലങ്ങൾ മാത്രമേ നമുക്കെല്ലാവർക്കും ഉള്ളൂ. ഇതുവരെ അറിഞ്ഞോ അറിയാതെയോ തുടർന്നു വന്നിരുന്ന വട്ടപ്പേരുകൾ, കളിയാക്കലുകൾ എല്ലാം മനപ്പൂർവം മാറ്റിയെടുക്കാം. നമുക്ക് ചുറ്റുമുള്ള മനുഷ്യരെ അവരായി തന്നെ അംഗീകരിച്ച് ബഹുമാനത്തോടെ ഇടപെടാനുള്ള ഉത്തരവാദിത്തം നാമെല്ലാവർക്കും ഉണ്ട്. ക്രൂരമായ തമാശകൾ ഒഴിവാക്കി എല്ലാവരെയും ചേർത്തുപിടിച്ച് സന്തോഷത്തോടെ ജീവിക്കാം.

കവിത



**ശരണ്യ ശേഖരൻ**
ഗവേഷക വിദ്യാർത്ഥിനി
ബയോളജിക്കൽ സയൻസസ്
SRM യൂണിവേഴ്സിറ്റി ആന്ധ്രപ്രദേശ്



# എന്ന് കിളി

ഒറ്റയ്ക്കു പറക്കാൻ പഠിച്ചു,
പറന്നു, ചിറകു തളരും വരെ
ഇടയ്ക്കൊന്നു താഴ്ന്നു പറന്നു,
തളർന്നപ്പോൾ കൊമ്പിലിരുന്നു,
നീ വന്നതപ്പോഴാണ്, നീയും കൂടെ കൂടി
രസം കൂടി, ചിരികൾ വിടർന്നു, പറന്നു.
പക്ഷെ നിന്റെ കൂടെ എത്താൻ ബുദ്ധിമുട്ടി,
വേഗത കുറച്ചു,
നീ കാത്തുനിന്നു, പിന്നേം ഒപ്പമെത്തി,
വീണ്ടും പിണങ്ങി, തമ്മിൽ കൊത്തി,
പിന്നെ പിരിഞ്ഞു
നമ്മൾ പറഞ്ഞു, വെവ്വേറെ
ഞാൻ പറന്നു, കൂടുതൽ ഉയരത്തിൽ, കൂടുതൽ വേഗത്തിൽ
നീയും പറക്കുന്നെന്ന് വിശ്വസിക്കുന്നു, അല്ല, എനിക്ക് അറിയാം.

എന്ന്, കിളി, ഒപ്പ്

ചർച്ചാവിഷയം




**സുദിന പി. വി.**
ഗവേഷക വിദ്യാർത്ഥിനി
മലയാള വിഭാഗം
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്

# പെണ്ണുടലും വസ്ത്രസദാചാരവും

ലോകത്തിന്റെ മറ്റു പ്രദേശങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തവും വിചിത്രവുമാണ് കേരളത്തിലെ ശരീര വസ്ത്ര ബന്ധം. ആധുനികതയുടെ ആവിർഭാവത്തോടു കൂടിയാണ് മനുഷ്യൻ വസ്ത്രം ധരിക്കാൻ തുടങ്ങിയത്. സവിശേഷമായ സാംസ്കാരിക-പ്രകൃതി പശ്ചാത്തലമുള്ള കേരളത്തിലെ വസ്ത്രധാരണത്തിന്റെ ചരിത്രം ഇതര ഇടങ്ങളിൽ നിന്ന് പ്രത്യേകമായി വേർതിരിഞ്ഞു നിൽക്കുന്നു. കേരളത്തിലെ ഭൂപ്രകൃതിപരമായ സവിശേഷതകൾ ഒന്നും തന്നെ ഇവിടുത്തെ വസ്ത്രധാരണരീതിയെ സ്വാധീനിച്ചിട്ടില്ല എന്നത് തന്നെയാണ് അതിൽ പ്രധാനം.

മറ്റെല്ലാ പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ ശരീരം, വസ്ത്രം എന്നീ പദങ്ങൾ ബന്ധപ്പെട്ടിരിക്കുന്നത് സവിശേഷമായാണ്. സാധാരണയിൽ കവിഞ്ഞ നീളവും വീതിയും ഉള്ള തുണികളെയാണ് വസ്ത്രം എന്ന് വിളിച്ചിരുന്നത്. അനുഷ്ഠാനപരമോ ആചാരപരമോ ആയ ധർമങ്ങളാണ് വസ്ത്രങ്ങൾക്ക് പണ്ടുകാലത്ത് കൽപ്പിക്കപ്പെട്ടിരുന്നത്. ജനനേന്ദ്രിയം സ്ഥിതിചെയ്യുന്ന ഭാഗത്തെ മറയ്ക്കുക എന്നതായിരുന്നു മലയാളി മാനം മറയ്ക്കൽ എന്നത് കൊണ്ട് ഉദ്ദേശിച്ചിരുന്നത്. വസ്ത്രത്തിന്റെ അടിസ്ഥാന ധർമ്മവും അന്ന് ഇതുതന്നെയായിരുന്നു. മുട്ടിന്മേൽ വരെ, മുട്ടുവരെ, കണങ്കാൽ എത്തിച്ച്, നെരിയാണി വരെ എന്ന തരത്തിലായിരുന്നു വസ്ത്രധാരണത്തിലെ കീഴ്നടപ്പ്. ജാതിഭേദം അനുസരിച്ചായിരുന്നു ഈ തരംതിരിവ്. അവർണ്ണന് മുട്ടുമറിയാതെ മുണ്ടുടുക്കാനേ അവകാശം ഉണ്ടായിരുന്നുള്ളൂ. ഈഴവാദി പിന്നോക്കം കഷ്ടിച്ച് മുട്ടു മറിയും. നായർ മുതലായവർക്ക് കണങ്കാൽ എത്തിച്ചും ബ്രാഹ്മണർക്ക് നെരിയാണിവരെയും എത്തിച്ച് മുണ്ടുടുക്കാമായിരുന്നു.



ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീകൾ ഒന്നരയും മുണ്ടും മുട്ടിനു കീഴെ വരെ ഉടുത്തു പോന്നു. 'അച്ചിപ്പുടവ' എന്നാണ് അതിനെ പറഞ്ഞിരുന്നത്. അധകൃതസ്ത്രീകൾക്ക് മുട്ടിനു കീഴെ എത്താത്ത മുണ്ടായിരുന്നു വേഷം. ബ്രാഹ്മണസ്ത്രീകൾ മാത്രമാണ് അരയ്ക്കു മുകളിൽ മേൽപ്പോട്ട് നല്ലവണ്ണം മറച്ചിരുന്നത്. മേൽജാതിക്കാർക്ക് മുമ്പിൽ മേൽമുണ്ട് ഊരി ബഹുമാനം പ്രകടിപ്പിക്കണമായിരുന്നു. വസ്ത്രം എന്ന പദം പോലും ബ്രാഹ്മണർ വിശേഷാവസരത്തിൽ ഉപയോഗിച്ചിരുന്ന തുണിയ്ക്കാണ് പറഞ്ഞിരുന്നത്. ഇത്തരത്തിൽ ജാതീയവും ആചാരപരമായ മാനദണ്ഡങ്ങളാണ് കേരളത്തിൽ വസ്ത്ര സങ്കല്പത്തെക്കുറിച്ച് നിലനിന്നിരുന്നത്. നഗ്നത, ലജ്ജ എന്നീ സങ്കല്പങ്ങൾക്ക് പ്രാധാന്യം ഉണ്ടായിരുന്നില്ല.

മതപരിവർത്തനം ചെയ്ത് ക്രിസ്ത്യാനികൾ ആയവർക്കാണ് വസ്ത്രധാരണത്തിൽ കൂടുതൽ സ്വാ

തന്ത്ര്യം ഉണ്ടായിരുന്നത്. ചാന്നാർലഹള കേരളീയചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണ്. മതപരിവർത്തനം ചെയ്ത ഭൂതത്താൻകുടി ചന്നാനും എശങ്കി ചന്നാട്ടിയും പുതിയ വേഷം ഇട്ടതോടുകൂടിയാണ് ചാന്നാർ ലഹള നടന്നത്. എന്നാൽ ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത വാസ്തവത്തിൽ തങ്ങളുടെ അരയ്ക്ക് മേലോട്ടുള്ള നഗ്നത മറയ്ക്കാൻ അല്ല ഈ സമരം അരങ്ങേറിയത്. മറിച്ച് തുല്യമായ അവകാശത്തിനു വേണ്ടിയാണ്. കേരളീയരുടെ വസ്ത്രധാരണ ചരിത്രത്തിന്റെ ആദ്യ നാളുകളിൽ ഒന്നിലും നഗ്നത, നാണം തുടങ്ങിയവ വസ്ത്രധാരണവുമായി ബന്ധപ്പെടുത്തി നിർവചിച്ചിട്ടില്ല. മാറു മറയ്ക്കാനുള്ള അവകാശം ലഭിച്ചിരുന്നെങ്കിലും പുറത്ത് മാറുമറച്ച് നടക്കുന്നത് വലിയ അപമാനം ആയിട്ടാണ് സ്ത്രീകൾ കണ്ടിരുന്നത്. റൗക്ക ഇട്ട് മാറ് മറച്ചിരുന്ന സ്ത്രീകളെ ആട്ടക്കാരികളെന്നും മറ്റും വിളിച്ച് ആദ്യകാലത്ത് ആക്ഷേപിച്ചിരുന്നു. അന്തസ്സില്ലാത്ത അവസ്ഥയായിട്ടാണ് അന്ന് മറച്ചുവെയ്ക്കലിനെ കണ്ടിരുന്നത്.



കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ മറ്റെല്ലാ മേഖലകളിലും മിഷണറിമാരുടെ കയ്യൊപ്പ് പതിഞ്ഞതുപോലെ വസ്ത്രധാരണ രീതികളിലും അതിന്റെ സ്വാധീനം പ്രകടമായിരുന്നു. യൂറോപ്യൻ മിഷണറിമാരുടെ നേതൃത്വത്തിൽ മതപരിവർത്തനം നടത്തിയ കേരളീയരാണ് ജാതിവ്യവസ്ഥയ്ക്ക് അതീതമായ വസ്ത്രധാരണം ചെയ്തു തുടങ്ങിയത്. യൂറോപ്പിനു മുമ്പ് തന്നെ അറബികളുമായി കേരളത്തിന് വാണിജ്യബന്ധം ഉണ്ടായിരുന്നെങ്കിലും അത് കേരളീയവസ്ത്രധാരണ രീതികളെ ഒരിക്കലും ബാധിച്ചിരുന്നില്ല. യൂറോപ്യൻ ഇടപെടലുകൾ കേരളീയ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളെ പരിവർത്തന വിധേയമാക്കി തീർത്തു.

മാറുമറയ്ക്കൽ സമരകാലത്ത് മിഷനറി പ്രവർത്തകർ അതിനെ പിന്തുണച്ചു കൊണ്ട് ആയിരക്കണക്കിന് റൗക്കകൾ കേരളത്തിൽ അങ്ങോളമിങ്ങോളം വിതരണം ചെയ്തിരുന്നു. ഇവയ്ക്കൊപ്പം വിക്ടോറിയൻ സദാചാര മൂല്യങ്ങൾ കൂടിയാണവർ വിതരണം ചെയ്തത്. കേരളീയ വേഷങ്ങളോടുള്ള കൊളോണിയൽ മനസ്ഥിതിയാണ് ഇവിടെ വെളിപ്പെടുന്നത്. സഭ്യതയുടെ പുതിയ പാഠങ്ങളുടെ തുടക്കം കൂടിയായിരുന്നു ഈ ഇടപെടൽ. വിക്ടോറിയൻ സദാചാരബോധത്തിൽ ഊന്നിയ ഈ വസ്ത്രസങ്കല്പത്തെ കേരളീയരിൽ ഉറപ്പിക്കുന്നതിനായി അച്ചടിയേയും വിദ്യാഭ്യാസസ്ഥാപനങ്ങളേയും അവർ കൃത്യമായി ഉപയോഗപ്പെടുത്തി. സ്വതന്ത്രമായ ശരീരഭാഗങ്ങളെ മറച്ചുപിടിക്കുന്നതാണ് ഉത്തമം എന്ന നില ഇതോടെ വന്നുചേർന്നു. വിക്ടോറിയൻ സദാചാരബോധത്തിന്റെ ഈ ചെറുത്തുനിൽപ്പുകൾ പിന്നീട് ശക്തമായി തീരുകയും സ്ത്രീ ശരീരങ്ങളെ സ്വന്തം അസ്ഥിത്വത്തിൽ നിന്ന് അടർത്തിമാറ്റി ലൈംഗികമാക്കി ചുരുക്കുകയും ചെയ്തു. സദാചാര ബോധത്തെ ആൺ-പെൺ ബന്ധങ്ങൾക്കകത്തും പൊതുസമൂഹത്തിലും വളർത്തിയെടുത്തു. നാണത്തിന്റെ, കുലീനതയുടെ, നഗ്നതയുടെയെല്ലാം പുതിയ ചിഹ്നങ്ങൾ ഇതോടെ ഉടലെടുത്തു വന്നു. അവയവങ്ങൾക്ക് പുതിയ ലൈംഗിക സൂചകങ്ങൾ വന്നുചേർന്നു. സമൂഹത്തിൽ സമഗ്രമായി രൂപപ്പെട്ടു വന്ന ഈ മാറ്റം പൊതുസ്ഥലങ്ങളിൽ സ്വയം പുതുമയോടെ ആവിഷ്കരിക്കാനുള്ള ആവേശവും ആഗ്രഹവും സ്ത്രീകളിൽ വളർത്തിയെടുത്തു. ജാതി ശരീരങ്ങളുടെ ജനാധിപത്യം എന്ന നവോത്ഥാന ആശയത്തിലൂടെ ലൈംഗികവൽക്കരണത്തെയും സദാചാരബോധങ്ങളെയും ഒളിച്ചു കടത്തുകയാണ് കൊളോണിയൽ ആധുനികത ചെയ്തുപോന്നത്. അന്ന് ഉറച്ചുപോയ മറച്ചുപിടിക്കലിന്റെയും നഗ്നതയുടെയും അളവുകോലുകൾ തന്നെയാണ് മാറ്റിയിട്ടും മായ്ച്ചിട്ടും മാറാതെ ഇന്നും കേരളീയരിൽ നിലനിൽക്കുന്നത്.

സ്ത്രീകൾ സ്വന്തം ശരീരത്തെ എങ്ങനെ, എ

ത്ര മൂടണം എന്നതിനെ സംബന്ധിക്കുന്ന എഴുതപ്പെടാത്ത പല നിയമങ്ങളും ഇന്നും നിലനിൽക്കുന്നുണ്ട്. ഇത്തരം നിയമങ്ങളെ ഗൗനിക്കാത്ത സ്ത്രീകൾക്ക് ശരീരപ്രദർശനം നടത്തുന്നു, കുഴപ്പം വിളിച്ചുവരുത്തുന്നു തുടങ്ങിയ പല ആരോപണങ്ങളും കേൾക്കേണ്ടി വരുന്നു. വസ്ത്രധാരണത്തിന്റെ കാര്യത്തിൽ സ്ത്രീകൾ വളരെയധികം ശ്രദ്ധിക്കുന്നത് ഇക്കാരണം കൊണ്ടാവാം. സാരിക്കിടയിലൂടെ വയർ കാണുന്നുണ്ടോ, ദുപ്പട്ട സ്ഥാനത്ത് തന്നെയല്ലേ, ടോപ്പിന്റെ ഇറക്കം കുറഞ്ഞോ, ഉടുപ്പിന്റെ കഴുത്തിന് ഇറക്കം കൂടിയോ തുടങ്ങി പല പരിശോധനകളും നടത്തിയാണ് ഓരോ സ്ത്രീയും പുറത്തിറങ്ങുന്നത്. സമൂഹത്തിന്റെ സദാചാരകണ്ണുകൾ അവരെ സദാ പിന്തുടരുന്നതുകൊണ്ടാണ് കേരളത്തിലെ സ്ത്രീകൾ സ്വന്തം ശരീരത്തെ കുറിച്ച് എപ്പോഴും ബോധവതികളാകാൻ നിർബന്ധിതരാവുന്നത്.



ഇന്ന് കുറച്ചുകൂടി സ്ത്രീകൾ സൗകര്യപ്രദമായ വസ്ത്രം ധരിക്കാൻ തയ്യാറാണ്. കേരളത്തിന്റെ വിയർപ്പിലും ചൂടിലും കയ്യില്ലാത്ത വസ്ത്രം ധരിക്കുന്നത് ആരോഗ്യകരമാണെങ്കിലും അതിനുള്ള സാഹചര്യം ഇവിടെ പലയിടത്തും ഇന്നില്ല. ശരീരം മറച്ചു വയ്ക്കുന്നതുകൊണ്ട് കേരളത്തിലെ സ്ത്രീകൾ സുരക്ഷിതരാണെന്നാണ് പലരുടെയും വിശ്വാസം. ശരീരം മുഴുവനും മൂടുന്നതും, മതത്തോടുള്ള ആഭിമുഖ്യം വിളിച്ചറിയിക്കുന്നതുമായ വസ്ത്രം (ബുർഖ) ധരിക്കുന്നതിലൂടെ പൊതുവിടങ്ങളിൽ കൂടുതൽ സ്വതന്ത്രരാകാൻ കഴിഞ്ഞിട്ടുണ്ടെന്ന് പല മുസ്ലിംസ്ത്രീകളും പറഞ്ഞു കേൾക്കാറുണ്ട്. ഇങ്ങനെ ശരീരത്തെ 'മെരുക്കി' 'ഒതുക്കി' നിർത്തുന്നതിലൂടെയാണ് സ്ത്രീകൾക്ക് മാന്യതയും പൊതുവ്യക്തിത്വവും (ഒരളവുവരെയെങ്കിലും) ഉണ്ടാവുക എന്ന് കരുതുന്നത് ശരിയല്ല. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കേരളത്തിൽ ധാരാളം ഉണ്ടാകുന്നതിനൊരു കാരണം സ്ത്രീകളുടെ വസ്ത്രധാരണ രീതിയാണെന്ന് പറയുന്നവരിന്നുമുണ്ട്. എന്നാൽ ശരീരം മറച്ചു വയ്ക്കുന്നതുക്കൊണ്ട് മാത്രം കേരളത്തിലെ സ്ത്രീകൾ സുരക്ഷിതരാണോ? അതിന് യാതൊരു തെളിവുമില്ല.

ഇത്തരം ചിന്താരീതികൾ സ്ത്രീശരീരത്തെ കാമമുണർത്തുന്ന വസ്തുവായി ചുരുക്കി കളയുകയും, അപമാനിക്കുകയുമാണ് ചെയ്യുന്നത്. കാമമുണർത്തുന്ന വസ്തുവെന്ന് പറഞ്ഞു സ്ത്രീശരീരത്തെ താഴ്ത്തിക്കെട്ടുമ്പോൾ സ്വന്തം ശരീരത്തിൽ ആനന്ദം കണ്ടെത്താനുള്ള, സ്വതന്ത്രയായി നടക്കാനുള്ള സ്ത്രീയുടെ അവകാശം ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. ശരീരത്തെ മൂടി പൊതിഞ്ഞ് പാപകരമായ വസ്തുവായി കണ്ട് അപമാനിക്കുക, അല്ലെങ്കിൽ ആണിന്റെ സന്തോഷത്തിനായി ഒരുക്കികെട്ടി പ്രദർശിപ്പിക്കുക തുടങ്ങിയ രണ്ടു തരത്തിലുള്ള നോട്ടങ്ങളാണ് സമൂഹത്തിൽ നിന്ന് സ്ത്രീയ്ക്ക് നേരിടേണ്ടി വരുന്നത്. ഈ രണ്ടറ്റങ്ങളിലൂടെ അല്ലാതെയുള്ള ഒരു നോട്ടം സ്ത്രീകൾക്ക് സ്വയം സൃഷ്ടിച്ചുകൂടെയെന്ന ചോദ്യം ഇന്നും പ്രസക്തമാണ്.

മുണ്ടുംബ്ലൗസും പേരിനൊരു തോർത്തും ധരിച്ച് കടയിലും മറ്റും പോകുന്ന സ്ത്രീകൾ, മുട്ടൊ



പ്പം വസ്ത്രംധരിച്ച് പാടത്തും പറമ്പിലും പണിയെടുക്കുന്നവർ, ബ്ലൗസും ഒന്നരയും ധരിച്ച് ഈറനോടെ അമ്പലങ്ങളിൽ തൊഴുന്ന സ്ത്രീകൾ, കുഞ്ഞുങ്ങൾക്കു മുലകൊടുക്കുന്നവർ – ഇവരാരും കുറച്ച് നാളുകൾക്ക് മുമ്പ് വരെ കാഴ്ചവസ്തുക്കളായിരുന്നില്ല. ഇന്നത്തെയപേക്ഷിച്ച് ദാരിദ്ര്യം അധികമായിരുന്ന കാലമായിരുന്നതുകൊണ്ട് ഇന്നു നാം പാലിക്കുന്ന മോടിയൊന്നും അന്നത്തെ വസ്ത്രത്തിനില്ലായിരുന്നുവെന്നതു വാസ്തവംതന്നെ. വസ്ത്രംകൊണ്ട് മുഴുവനും മൂടിവെച്ചിട്ടില്ലാത്ത സ്ത്രീശരീരം എല്ലായ്പോഴും 'കുഴപ്പം' വിളിച്ചുവരുത്തുമെന്ന ഇന്നത്തെ ഭയം അന്ന് തീർച്ചയായും കുറവായിരുന്നു. എന്നാൽ ആണുങ്ങൾ ഇത്തരം കാര്യങ്ങളിൽ ഒട്ടും ഭയപ്പെടുന്നില്ല. തലമുടിയുടെ സ്റ്റൈൽ, ഷർട്ട് എവിടംവരെ തുറന്നിടാം എന്ന കാര്യങ്ങളിൽ ആൺകുട്ടികൾക്ക് ചിലപ്പോഴൊക്കെ നിയന്ത്രണമുണ്ടാവാം. പക്ഷേ, പൊതുവെ പറഞ്ഞാൽ സ്വന്തം ശരീരത്തെ എങ്ങനെ കൊണ്ടുനടക്കണമെന്ന കാര്യത്തിൽ ആണുങ്ങൾക്ക് കുറേക്കൂടി സ്വാതന്ത്ര്യമുണ്ട്.





ജീൻസ്, പാന്റ്സ്, ചെറിയ പാവാട തുടങ്ങിയവ ധരിച്ചാൽ സ്ത്രീകൾ 'ഇന്ത്യൻ സംസ്കാര'ത്തിനു പുറത്താകുമെന്ന ധാരണ ഇന്നും നമുക്കിടയിലുണ്ട്. പുരുഷന്മാർ കോട്ടും സൂട്ടും ജീൻസും ധരിച്ചു നടക്കുന്നതിൽ തെറ്റില്ല; അവർക്ക് മുണ്ടിനടിയിൽ അടിപ്പാവാട വേണ്ട; നേർത്ത ഷർട്ടിനടിയിൽ ബനിയൻ ഇടാതെയും നടക്കാം; ചെറിയ കുട്ടി നിക്കറുമിട്ട്, കയ്യില്ലാത്ത ബനിയനും കയറ്റി റോഡിലൂടെ കറങ്ങാം – ഇതൊന്നും 'ഇന്ത്യൻസംസ്കാര'ത്തിനു കുഴപ്പം വരുത്തില്ല. എന്നാൽ സ്ത്രീകൾ അതിന്റെ പകുതിവഴിയെത്തിയാൽ 'എല്ലാം നശിച്ചു' എന്നു പ്രഖ്യാപിക്കാൻ ആളുണ്ട്! വാസ്തവത്തിൽ ഈ ഇരട്ടത്താപ്പ് ഏറിയോ കുറഞ്ഞോ ഇന്ത്യയിലെല്ലായിടത്തുമുണ്ട്. മതതീവ്രവാദം വളർന്നതോടെ ഇത്തരം ഭ്രാന്ത് അല്പം കുറവായിരുന്ന നഗരപ്രദേശങ്ങളിൽപ്പോലും ഈ ഇരട്ടസദാചാരം നടപ്പിലാക്കാനുള്ള ശ്രമങ്ങൾ കൂടുതലായി കാണുന്നുണ്ട്.

സ്ത്രീയുടെ കാല്, മാറ്, തുട, വയറ്, യോനി ഇതൊക്കെത്തന്നെ അന്നും ഇന്നും ചർച്ചയാകുന്നത്. എന്നാൽ പുരുഷ ശരീരം എവിടേയും ചർച്ചയാകുന്നില്ല. പുരുഷന്റെ നഗ്നമായ നെഞ്ചും തുടയും വയറും കാലുമൊന്നും ആരേയും അസ്വസ്ഥപ്പെടുത്തുന്നുമില്ല. അവന് പൊതുവിടത്തിലും വീട്ടിനുള്ളിലും ഇഷ്ടമുള്ള വസ്ത്രം ധരിക്കാം. വേണമെങ്കിൽ ഒക്കെ ഊരിക്കളഞ്ഞ് കാറ്റുകൊണ്ട് നടക്കുകയും ചെയ്യാം. സമൂഹത്തിന് അതിലൊന്നും ഒരു അസ്വാഭാവികതയും തോന്നാറില്ല. പെണ്ണിന്റെ കാലും കൈയുമൊക്കെ പുറത്ത് കാണുമ്പോൾ മാത്രമാണ് പലരും അസ്വസ്ഥരാവുന്നത്. സ്ത്രീയുടെ സ്വാഭാവികമായ ശരീരചേഷ്ടകൾക്കും അംഗചലനങ്ങൾക്കും വരെ ഇങ്ങനെ ഒരു നിറം ചേർക്കൽ വന്നിരിക്കുന്നു. മലർന്നു കിടക്കൽ, കാലുകൾ അകത്തി വച്ച് ഇരിക്കൽ

ഇതൊന്നും സ്ത്രീക്ക് മറ്റുള്ളവരുടെ മുന്നിൽ വച്ച് ചെയ്യാൻ അനുവദിക്കപ്പെട്ട കാര്യങ്ങളല്ലാതായി തീർത്തിരിക്കുന്നു.

സ്ത്രീയെന്നത് സ്വതന്ത്ര വ്യക്തിയാണെന്നും സമൂഹത്തിന്റെ പൊതുസ്വത്തല്ലെന്നും നമ്മളോരോരുത്തരും മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. 'നമ്മുടെ സ്ത്രീകൾ എന്ത് വസ്ത്രം ധരിക്കണം' എന്ന സാമാന്യവൽകരണവുമായി നടക്കുന്നവർക്ക് ഈ ചിന്ത ദഹിക്കാനൽപം പാടാണ്. അവരെ സംബന്ധിച്ചിടത്തോളം സ്ത്രീകളുടെ ഐഡന്റിറ്റി 'നമ്മുടെ/ ഞങ്ങളുടെ സ്ത്രീകൾ', 'നിങ്ങളുടെ സ്ത്രീകൾ, 'അവരുടെ സ്ത്രീകൾ' എന്നീ ഉടമസ്ഥാവകാശ പ്രഖ്യാപനങ്ങൾക്കകത്താണ്. കേടുവന്ന നഖങ്ങൾ, വിണ്ടുകീറിയ കാലുകൾ, പുഴുക്കുത്തു വന്ന പല്ല്, ത്വക്ക് രോഗങ്ങൾ എന്നിവയെല്ലാം ചിലരിൽ അലോസരമുണ്ടാക്കിയെക്കാം; അതെല്ലാം പക്ഷെ അവരുടെ മാത്രം പ്രശ്നമാണെന്നും അങ്ങനെയുള്ളവർ ഷൂ ധരിച്ചും ചിരിക്കാതെയും പർദയിട്ടും എല്ലാം പുറത്തിറങ്ങി നടക്കണമെന്നും ആവശ്യപ്പെടാൻ ആർക്കും അവകാശം ഇല്ലെന്നുമൊക്കെ പൊതുബോധം വളരെ എളുപ്പത്തിൽ സമ്മതിക്കും; എന്നാൽ ശരീരവണ്ണം കൂടുതലോ കുറവോ ഉള്ള സ്ത്രീകളുടെ വസ്ത്രധാരണരീതികൾ തങ്ങളിൽ അലോസരമുണ്ടാക്കുന്നുവെന്നും അതുകൊണ്ടവ ഉപേക്ഷിക്കണമെന്നും അടുത്ത ശ്വാസത്തിൽ തന്നെ, പറയുന്നതിലെ വൈരുദ്ധ്യാത്മകത ഒട്ടും മനസ്സിലാക്കാതെ തന്നെ പ്രഖ്യാപിക്കുകയും ചെയ്യും.സ്വന്തം വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ സാമൂഹ്യനിയമങ്ങളാകണം എന്നതാണാവശ്യം. ഈ അലോസരം ആരിലുണ്ടാകുന്നു, ആരുടെയൊക്കെ അലോസരം കണക്കിലെടുത്താണ് ഇത്തരം സാമൂഹ്യനിയമങ്ങൾ നടപ്പാക്കേണ്ടത് എന്ന് ചോദിച്ചാൽ കുഴഞ്ഞു പോകും. കാരണം ഓരോ വ്യക്തിക്കും അലോസരമുണ്ടാക്കുന്ന കാഴ്ചകൾ പലതാകാം; വളർന്നു വന്ന ചുറ്റുപാടുകൾ, വ്യക്തിയനുഭവങ്ങൾ, മുൻധാരണകൾ എന്നിങ്ങനെ ഇതിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ പലതാണ്.

സമൂഹത്തിന്റെ പാതിവരുന്ന പുരുഷസമൂഹത്തിന് ഏതവസരത്തിൽ ഏതു വസ്ത്രം ധരിക്കണമെന്ന് മറുപാതിയുടെ തീട്ടൂരങ്ങൾ ആവശ്യമില്ലെന്നിരിക്കെ, മുണ്ട് മടക്കിക്കുത്തുമ്പോൾ രോമാവൃതമായ കാലുകളുടെ പ്രദർശനം മറുപാതിക്ക് അലോസരമുണ്ടാക്കുന്നുണ്ടോ എന്ന് വേവലാതിപ്പെടേണ്ട സാഹചര്യം നിലവിലില്ലെന്നിരിക്കെ, സ്ത്രീയുടെ കാര്യത്തിൽ മാത്രം പൊതുജനാഭിപ്രായത്തിന്റെ ആവശ്യമെന്താണ്? പുരുഷനെ പോലെ തന്നെ സ്വജീവിതത്തിൽ ഇത്തരം തെരഞ്ഞെടുപ്പുകൾ നടത്താനും തീരുമാനങ്ങളെടുക്കാനും കെൽപുള്ള പൂർണവ്യക്തികൾ തന്നെയാണ് സ്ത്രീകൾ.



പഠനം



**ഡോ. ഗായത്രി ജി. ആർ.**
അധ്യാപിക
കംപ്യൂട്ടേഷനൽ സയൻസ്
ആൻഡ് ഹ്യൂമാനിറ്റീസ്
IIIT കോട്ടയം

# തുലാസിലേറുന്ന പെണ്ണുടലുകൾ: ലൈംഗികതയും മാനസികവിഭ്രാന്തിയും മലയാള സിനിമയിൽ

ഫെമിനിസ്റ്റ് പ്രസ്ഥാനം ആന്റി സൈക്യാട്രി മൂവേമെന്റുമായി കൈ കോർത്തപ്പോഴാണ് മാനസികാരോഗ്യവും ലിംഗഭേദവും ലൈംഗികതയുമൊക്കെ കൂട്ടിവായിക്കപ്പെടാൻ തുടങ്ങിയത്. ഈ മാറ്റത്തിന്റെ ഭാഗമായി മാനസികാരോഗ്യ പ്രസ്ഥാനങ്ങളിലെ ലിംഗവിവേചനത്തെ കുറിച്ച് ഒരുപാടു പഠനങ്ങൾ വന്നു . പുരുഷ നിയന്ത്രിതമായ സമൂഹത്തിന്റെ അളവുകോലിനു അതീതമായ പെണ്ണുടലുകൾ കുലസ്ത്രീപട്ടത്തിനു അർഹരല്ലാതായി, വിചിത്ര പ്രതിഭാസങ്ങളായി, അസ്വാഭാവികതയുടെ പ്രതിരൂപങ്ങളായി. ഇത്തരത്തിലുള്ള സാമൂഹിക നിലപാടിന്റെ സൂചകമാണ് മലയാള സിനിമാ പ്രസ്ഥാനവും.



മലയാള സിനിമയിലെ സ്ത്രീശരീരങ്ങൾ സംസ്കരത്തിന്റെയും പാരമ്പര്യത്തിന്റെയും കലവറയായി ചിത്രീകരിക്കപ്പെട്ടു തുടങ്ങിയിട്ടു ഏറെ നാളായിട്ടില്ല എന്നതാണ് രസകരമായ വസ്തുത. മലയാള സിനിമയുടെ തുടക്ക കാലഘട്ടങ്ങളിൽ സ്ത്രീയെ നന്മയുടെയും സദാചാരത്തിന്റെയുമൊക്കെ പ്രതീകങ്ങളായിട്ടായിരുന്നു ചിത്രീകരിച്ചത്. ജ്ഞാനാംബിക (1940 ), നിർമല (1948 ), ചന്ദ്രിക (1950 ) തുടങ്ങിയ സിനിമകളുടെ പേരുകൾ തന്നെ ഇതിനു ഉത്തമ ഉദാഹരണങ്ങളാണ്. എന്നാൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം അധികാരത്തിൽ വന്നതോടെ കൂടുതൽ സ്ത്രീകൾ തൊഴിൽ മേഖലയിൽ കടന്നുവരാൻ തുടങ്ങി, പ്രത്യേകിച്ചും കാർഷിക മേഖലയിൽ. സാമൂഹിക പെരുമാറ്റച്ചട്ടത്തിൽ വന്ന ഈ മാറ്റം മലയാള സിനിമയിലും ചലനങ്ങൾ സൃഷ്ടിച്ചു. പ്രൊഫ. മീന റ്റി. പിള്ളയുടെ മലയാള സിനിമയലിലെ സ്ത്രീകഥാപാത്രങ്ങളെക്കുറിച്ചുള്ള പുസ്തകം ഈ മാറ്റത്തെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തുന്ന ഒന്നാണ്. അറുപതുകളിലും എഴുപതുകളിലും ഷീലയും ശാരദയുമൊക്കെ ചെയ്ത ശക്തമായ സ്ത്രീ കഥാപാത്രങ്ങൾ അവരുടെ ലൈംഗികതയെ കുറിച്ച് ഒട്ടും നിശ്ശബ്ദരായിരുന്നില്ല.ചെമ്മീൻ (1968) പുനർജന്മം (1972) തുടങ്ങിയ സിനിമകൾ ഈ പ്രസ്താവനയെ പിന്താങ്ങുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ പ്രചരിച്ച ക്രിസ്ത്യൻ മിഷനറി ആശയങ്ങൾ മലയാളിയുടെ ലൈംഗികതയെ കുറിച്ചുള്ള പൊതുബോധത്തെ ആകെ മാറ്റി മറിച്ചു. അതിരുവിട്ട

ലൈംഗികത (പ്രത്യേകിച്ചു സ്ത്രീയുടേത് ) കുടുംബത്തിനും സമൂഹത്തിനും ഭീഷണി ആയി മാറി. ഇത്തരത്തിലുള്ള ഒരു അപകട സൂചന ഉയർന്നുവന്നതോടെ പെണ്ണുടലുകളുടെമേൽ കടിഞ്ഞാൺ വീണ് തുടങ്ങി.

ജെ ദേവികയുടെ കുലസ്ത്രീയും ചന്തപ്പെണ്ണും എന്ന പുസ്തകത്തിൽ പറയുന്നപോലെ സമൂഹത്തിന്റെ നന്മ, സദാചാരം,പുരോഗതി, മുതലായ ഉത്തരവാദിത്വത്തിന്റെ കൂടു സ്ത്രീകളിൽ , അഥവാ സ്ത്രീ ശരീരങ്ങളിൽ നിക്ഷേപിക്കപെട്ടു. അങ്ങനെ സ്ത്രീ ശരീരം പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും സംഭരണിയായി മാറിയപ്പോൾ മലയാള സിനിമയിലും കാതലായ മാറ്റങ്ങൾ സം




ഭവിച്ചു, അതും പ്രത്യക്ഷത്തിൽ അധികം ആരും തിരിച്ചറിയാത്ത മാറ്റങ്ങൾ. സാമൂഹിക സ്ഥാപനങ്ങൾ നിഷ്കർഷിച്ച മൂല്യങ്ങളെ ഉയർത്തിക്കാട്ടുന്ന പെണ്ണുടലുകൾക്കു മലയാള സിനിമ കുലസ്ത്രീപട്ടം ചാർത്തി കൊടുത്തു. സമൂഹമൂല്യങ്ങൾക്കു മെരുക്കാൻ കഴിയാത്ത സ്ത്രീ ശരീരങ്ങളെ മോശപെട്ടവരാക്കി, യക്ഷികളാക്കി , ഭ്രാന്തികളാക്കി.

1980 കൾക്ക് ശേഷമാണ് മലയാള സിനിമ സ്ത്രീകളുടെ മാനസികാരോഗ്യത്തെ കുറിച്ച് ചർച്ച ചെയ്യാൻ തുടങ്ങിയത്. ഈ മാറ്റം സ്ത്രീകൾക്കുള്ള ഒരു പരിഗണനയായി വിലയിരുത്തിയാൽ നമുക്ക് തെറ്റി. വീടിനു പുറത്തു ജോലിക്കുപോകുന്ന സ്ത്രീശരീരങ്ങളെ കുറിച്ചുള്ള സമൂഹത്തിന്റെ ആകുലതയാണ് ഈ മാറ്റത്തിന് വഴിയൊരുക്കിയത്. എൺപതുകളിലെയും തൊണ്ണൂറുകളിലെയും സിനിമകൾ സ്വാതന്ത്ര്യ ബോധമുള്ള, തന്നിഷ്ടക്കാരികളായ സ്ത്രീകളെ മോശപെട്ടവരായി ചിത്രീകരിച്ചു . പലപ്പോഴും അത്തരത്തിലുള്ള സ്ത്രീകഥാപാത്രങ്ങളെ മലയാള സിനിമ മാനസിക വിഭ്രാന്തി ഉള്ളവരായി മുദ്രകുത്തി. അങ്ങനെ പാരമ്പര്യത്തിൽനിന്നുള്ള , സ്ത്രീത്വത്തിൽ നിന്നുള്ള പതനം സ്ത്രീകളെ മനോരോഗികളാക്കി.

മാനസിക വിഭ്രാന്തിയും സ്ത്രീശരീരവും ലൈംഗികതയും മലയാള സിനിമ എങ്ങനെ കൂട്ടിവായിച്ചു എന്നതിനെകുറിച്ചാണ് ഈ ലേഖനം ഇനി ചർച്ച ചെയുന്നത്. 1982 ൽ പുറത്തിറങ്ങിയ നവംബറിന്റെ നഷ്ടം ഒരു സ്ത്രീയുടെ മാനസിക സംഘർഷങ്ങൾ മുഖ്യ കഥാതന്തുവായി പരിഗണിച്ച ആദ്യകാല മലയാള സിനിമകളിൽ ഒന്നാണ്. ആ സമയത്തെ ഏറ്റവും തിരക്കേറിയ അഭിനേത്രിയായ മാധവി ആണ് ഈ സിനിമയിലെ കേന്ദ്ര കഥാപാത്രമായ, സമൂഹം തെറിച്ചപ്പെണ്ണു എന്ന് വിലയിരുത്തുന്ന, മീരയായി വേഷമിട്ടത്. അവളുടെ പ്രവർത്തികളിലെല്ലാം ഒരു പാരമ്പര്യവിരുദ്ധത കാണാം. അവൾ രാവിലെ ഉണരാൻ മടികാട്ടുന്നു, കുട്ടിക്കുപ്പായങ്ങൾ അണിഞ്ഞു കോളേജിൽ പോകുന്നു, ബുള്ളറ്റ് സ്റ്റാർട്ട് ആക്കുന്നു, ഉറക്കെ കൂകി വിളിക്കുന്നു. ഇങ്ങനെയുള്ള മീരയാണ് കാമുകനാൽ വഞ്ചിക്കപ്പെടുന്നതും മാനസികാരോഗ്യകേന്ദ്രത്തിലാവുന്നതും. ഒടുവിൽ രോഗം ഭേദമായി ആശുപത്രി വിടുമ്പോൾ പ്രേക്ഷകർ കാണുന്നത് മുടി പിന്നിക്കെട്ടി സാരി ഉടുത്തു വരുന്ന മീരയെ ആണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ സാധാരണനിലയിലേക്കു മനസിനെ തിരിച്ചു കൊണ്ടുവരാൻ സ്ത്രീയുടെ ശരീരത്തെ ആണ് മെരുക്കേണ്ടത് എന്ന് ഇവിടെ പരോക്ഷമായി സൂചിപ്പിക്കുന്നു.

വ്യത്യസ്ത സാമൂഹിക വ്യവസ്ഥകളിൽ നിന്നുള്ള മൂന്ന് സ്ത്രീകളെ കേന്ദ്രകഥാപാത്രങ്ങളാക്കി പുറത്തു വന്ന പ്രശസ്ത സംവിധായകൻ ജോൺ ഏബ്രഹാമിന്റെ ആദാമിന്റെ വാരിയെല്ല് (1983 ), സ്ത്രീകളെ അടിച്ചമർത്തുന്ന സാമൂഹിക വ്യവസ്ഥകൾക്ക് നേരെയുള്ള ശക്തമായ വെല്ലുവിളി ആയിരുന്നു. ഈ സ്ത്രീകളുടെ വ്യത്യസ്ത സാമൂഹികസ്ഥിതി , വിദ്യാഭ്യാസം, കുടുംബപശ്ചാത്തലം എന്നിവ പ്രകടമാകുന്നത് അവരുടെ ശരീരങ്ങളിലൂടെ ആണ്. ഉയർന്ന സാമ്പത്തിക ശേഷിയുള്ള, ക്രിസ്ത്യൻ വനിതയായ ആലീസ് ഷിഫോൺ സാരികളും പാശ്ചാത്യ രീതിയിലുള്ള കേശാലങ്കാര ശൈലിയും പിന്തുടരുന്നു. അവരുടെ അതിരുവിട്ട ലൈംഗികതയെ കുറിച്ചും വിവാഹേതര ബന്ധങ്ങളെ കുറിച്ചും സിനിമ ചർച്ച ചെയുന്നു. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ വേണ്ടി നെട്ടോട്ടം ഓടുമ്പോഴും തന്റെ ഗാർഹിക ഉത്തരവാദിത്വങ്ങൾക്ക് വിട്ടുവീഴ്ച വരുത്താത്ത രണ്ടാമത്തെ കഥാപാത്രത്തെ ഒരു ഉത്തമ കുലസ്

ത്രീ ആയിട്ടാണ് ചിത്രീകരിക്കുന്നത്. ഒന്നാമത്തെ കഥാപാത്രത്തറിന്റെ ലൈംഗികതെയെ കുറിച്ച് കാര്യമായി പരിശോധിക്കുമ്പോൾ രണ്ടാമത്തെ കഥപാത്രത്തിന്റെ ലൈംഗികതയെ കുറിച്ച് സിനിമ പ്ര




തിപാദിക്കുന്നില്ല. കുലീനയായ സ്ത്രീകൾ പലപ്പോഴും ലൈംഗിക മോഹങ്ങൾ താത്പര്യങ്ങൾ പുറത്തു കാണിക്കാത്തവരായാണല്ലോ വിലയിരുത്തപ്പെടുന്നത്. കുലസ്ത്രീയുടെ ലൈംഗികത അമ്മയാകാനുള്ള ശേഷി മാത്രമായി ചുരുങ്ങുന്നു. ആദാമിന്റെ വാരിയെല്ലിൽ ഈ മാതൃകാപരമായ സ്ത്രീത്വത്തിനു ഭംഗം വരുമ്പോൾ അവർ എത്തിച്ചേരുന്നത് ഒരു മനോരോഗാശുപത്രിയിലാണ്. ഈ സിനിമയിലെ സമൂഹത്തിന്റെ താഴെത്തട്ടിലുള്ള മൂന്നാമത്തെ സ്ത്രീ കഥാപാത്രത്തിന്റെ ലിംഗപരമായ വിധയത്വം സൂചിപ്പിക്കുന്ന രീതിയിലാണ് അവരുടെ വസ്ത്രധാരണവും. അതായത്, എല്ലായിടത്തും സ്ത്രീയുടെ ലൈംഗികതയും സാമൂഹിക സുരക്ഷിതത്വവും മാനസിക സൗഖ്യവും പരസ്പരം ഇഴ ചേർന്ന് കിടക്കുന്നു.

മലയാളികൾക്ക് ഏറെ പ്രിയപ്പെട്ട നിത്യഹരിത സിനിമ മണിച്ചിത്രത്താഴ് (1993 ) ഈ പ്രവണത പിന്തുടരുന്ന മറ്റൊരു അധ്യായം മാത്രം. മുംബൈ നഗരത്തിൽ വളർന്ന ഗംഗ യക്ഷികഥകളെ വകവെക്കാതെ തന്റെ പുരാവസ്തുക്കളോടുള്ള പ്രണയത്തിനു പിന്നാലെ പോകുമ്പോൾ നഷ്ടമാകുന്നതു പാരമ്പര്യത്തിൽ അധിഷ്ഠിതമായ ഒരു കൂട്ടുകുടുംബത്തിന്റെ ഭദ്രതയാണ്. സിനിമയുടെ അവസാന ഭാഗങ്ങളിൽ നാഗവല്ലി ആയി മാറുന്ന കഥാപാത്രത്തിന്റെ ഭീകരത പ്രേക്ഷകരിൽ എത്തുന്നത് തീക്ഷ്ണമായ സ്ത്രീ ശരീരത്തിലൂടെയാണ്. മെരുങ്ങാത്ത മുടിയിഴകളും അസ്ത്രം പോലെ തുളച്ചു കേറുന്ന നോട്ടവുമായി താണ്ഡവം ആടുന്ന നാഗവല്ലി സമൂഹത്തിനു ആപത്തുണ്ടാകുന്ന പെണ്ണുടലിന്റെ പ്രതീകമാണ്.

പുരുഷത്വത്തെ വെല്ലുവിളിക്കുന്ന യക്ഷികളുടെ ഐതിഹ്യം മലയാള സിനിമക്ക് എന്നും പ്രിയപ്പെട്ട വിഷയമാണ്. പുരുഷന്മാരെ വശീകരിച്ചു കീഴ്പ്പെടുത്തി കൊല്ലുന്ന യക്ഷിയുടെ സദാചാരവും സ്വഭാവ ശുദ്ധിയും സമൂഹത്തിന് തന്നെ ഒരു ഭീഷണയായിട്ടാണ് കണക്കാക്കപെടുന്നത്. അഴിച്ചിട്ട നീണ്ടമുടിയും ദംഷ്ട്രകളുമുള്ള യക്ഷികൾ ഇന്നും മലയാളിയുടെ ഉറക്കം കെടുത്തുന്ന സ്ത്രീ ശരീരങ്ങളാണ്. ഹരിഹരന്റെ എന്ന് സ്വന്തം ജാനകികുട്ടി (1998 ), മണിച്ചിത്രത്താഴ് പോലെ യക്ഷി കഥകളെയും മാനസിക വിഭ്രാന്തിയെയും തമ്മിൽ കൂട്ടിവായിക്കുന്നു . ഈ ചിത്രത്തിലെ കേന്ദ്ര കഥാപാത്രമായ ജാനൂട്ടി അവളുടെ തറവാടിന്റെ വഷളത്തി കുട്ടിയാണ് . അടക്കവും ഒതുക്കവും ഇല്ലാതെ കറങ്ങി നടക്കുന്ന, ആരെയും കൂസാത്ത ഒരു വാശിക്കാരി. അവളുടെ ലൈംഗിക വിചാരങ്ങളും സമൂഹത്തിന് അംഗീകരിക്കാൻ പറ്റാത്തതാണ്. അങ്ങനെയുള്ള ഒരു പെൺകുട്ടി മാനസിക വിഭ്രാന്തിക്ക് കീഴ്പെടുന്നത് ഒട്ടും അത്ഭുതം ഉളവാകുന്നില്ല.

പിന്നീടുള്ള രണ്ട് ദശാബ്ദങ്ങളിലും സ്ത്രീയുടെ മാനിസികാരോഗ്യ പ്രശ്നങ്ങൾ ചർച്ച ചെയുന്ന ഒരു പിടി മലയാള ചലച്ചിത്രങ്ങൾ പുറത്തിറങ്ങി. കാലാനുസൃതമായ ചില മാറ്റങ്ങൾക്കപ്പുറം ആശയപരമായി ഒരു വിപ്ലവവും ഈ ചിത്രങ്ങൾക്ക് സൃഷിടിക്കാൻ കഴിഞ്ഞില്ല. കുടുംബത്തിന്റെ ചട്ടക്കൂടിൽ ഒടുങ്ങാത്ത, ലൈംഗിക വികാരത്തെ മറച്ചു വെക്കാത്ത സ്ത്രീ ശരീരങ്ങൾ, അന്നും ഇന്നും വിചിത്ര പ്രതിഭാസങ്ങളായി തുടരുന്നു.

## ഗ്രന്ഥ സൂചി

**Pillai, Meena T**. "Becoming Women: Unwrapping Femininity in Malayalam Cinema." *Women in Malayalam Cinema: Naturalising Gender Hierarchies* (2010)

**Devika, J.** "Bodies Gone Awry: The abjection of Sexuality in Development Discourse in Contemporary Kerala." *Indian Journal of Gender Studies* 16.1 (2009): 21-46.



ജാനകി
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

# അദൃശ്യമായ ഉടലനക്കങ്ങൾ

ഉടലിന്റെ അനന്ത സാധ്യതകളെ കുറിച്ച്, ആവിഷ്കാര രീതികളെ കുറിച്ച്, ഒരുപാട് സംസാരിക്കുന്ന കാലമാണിത് .അത്തരം ഒരു സമയത്തു നിന്ന് കൊണ്ട് പെണ്ണുടലിനെ കുറിച്ച് ചിന്തിക്കുമ്പോൾ സ്വാഭാവികമായും ഉടലിന്റെ സംവേദനശക്തിയെ പറ്റിയും ചിന്തിച്ചു പോകുന്നു. ഉടലിനു ചുറ്റും മനുഷ്യ സമൂഹം ഒരു മൂല്യ സംഹിത തന്നെ നിര്മിച്ചെടുത്തിട്ടുണ്ട്. ഉടൽ സൗന്ദര്യത്തിന്റെ ഉറവിടവും, അതുപോലെ തന്നെ ദമനം ചെയ്യാൻ ആവാത്ത കാമനകളുടെ, ഉണർച്ചകളുടെ വിളനിലവും കൂടിയാണ്.വിഭിന്നങ്ങളായ ഉടലുകളെ മാറ്റി നിർത്തിയാണ് നമ്മൾ സുഭഗമായ, യൗവനം നിറഞ്ഞു തുളുമ്പുന്ന, പൂർണ ആരോഗ്യവതിയായ,ഉടലിനെ നിർമ്മിച്ചെടുക്കുന്നത് .അഥവാ വിഗ്രഹവൽക്കരിക്കുന്നത് . ഉടയാത്ത പെൺശരീരമാണ് നമ്മുടെ ലാവണ്യബോധത്തെ രൂപപെടുത്തുന്നത്.വാർദ്ധക്യത്തിന്റെ ചുളിവുകൾ വീണ ,പലതരം മാരക രോഗങ്ങൾക്കുള്ള ചികിത്സകളിലൂടെ തളർന്ന ശരീരങ്ങളെ നമ്മൾ ഈ സന്ദർഭത്തിൽ ഓർക്കാറില്ല.

രോഗബാധിതമായ ,ഭിന്നശേഷിയുള്ള, മുറിവേറ്റ, ക്ഷതമേറ്റ, പോറൽ ഏറ്റ, പൊള്ളൽ ഏറ്റ ശരീരങ്ങൾ നമുക്ക് സുന്ദരങ്ങളല്ല. അവയെ വിചിത്രവും ഭയാനകവും ആയ സാധനങ്ങൾ ആക്കി മാറ്റി നമ്മൾ ആ ശരീരങ്ങളേയും, ആ ശരീരങ്ങളുടെ ഉടമകളെയും വെറുക്കാൻ പഠിക്കുന്നു.അല്ലെങ്കിൽ ആ രീതിയിൽ നമ്മൾ പഠിപ്പിക്കപ്പെടുന്നു.അവർക്കുമേലെ ഹിംസാത്മകമായ അക്രമം നടത്തുന്നതിന് പോലും സമൂഹം മൗനാനുവാദം നൽകുന്നു.ചില സവിശേഷ ഉടലുകളെ വെറുത്തു കൊണ്ടാണ് നമ്മൾ സദാചാരങ്ങൾ കാത്തു സൂക്ഷിക്കുന്നത്.ഈ ആശയവും വികാരവും തങ്ങളുടെ എഴുത്തിലൂടെ ശക്തമായി സൂക്ഷ്മമായി പ്രകാശിപ്പിച്ച രണ്ടു എഴുത്തുകാരികളായിരുന്നു ഇന്ത്യയിലെ റഷീദ് ജഹാനും അമേരിക്കയിലെ മ്യുറിയൽ റുകെയ്സറും.

മ്യൂറിയലിന്റെ Despisals എന്ന കവിത ഇരുപതാം നൂറ്റാണ്ടിന്റെ പടിഞ്ഞാറൻ സമൂഹത്തിന്റെ



മ്യുറിയൽ റുകെയ്സർ

വെറുപ്പുകളുടെ ചരിത്രം തന്നെയാണ്.'അതി'നോടുള്ള വെറുപ്പിൽ നിന്നാണ് നമ്മൾ നമ്മുടെ സ്വത്വബോധം തന്നെ ഉണ്ടാക്കി എടുക്കുന്നത്.നമുക്കു ഉൾക്കൊള്ളാനാവാത്ത മത വിശ്വാസങ്ങൾ,വർണ്ണ/ജാതി ശരീരങ്ങൾ,ലൈംഗിക കാമനകൾ,രുചിഭേദങ്ങൾ എല്ലാം നമ്മൾ കുഞ്ഞു നാളിൽ തന്നെ വെറുക്കുവാൻ പഠിക്കുന്നു.ആ വെറുപ്പിന്റെ മനഃശാസ്ത്രമാണ് അമേരിക്കയിലെ വര്ണവെറിയിലും യൂറോപ്പിലെ ജൂതവെറിയിലും , സ്ത്രീവിവേചനത്തിലും, ഭിന്ന ലൈംഗികതയോടുള്ള അസഹിഷ്ണുതയിലും നിഴലിക്കുന്നതെന്നു മ്യൂറിയൽ റുകെയ്സർ ഓർമിപ്പിക്കുന്നു.മനുഷ്യരാശിയെ ഞെട്ടിപ്പിച്ച ഹിറ്റ്ലറുടെ നിർദ്ദേശത്തിൽ നടന്ന ജനഹത്യ വെറുമൊരു അപവാദമല്ലെന്നും അത്തരമൊരു കൂട്ടക്കൊല നടത്താനുള്ള മനോവികാരവും സാധ്യതയും എല്ലാ ജനതകളിലും കുടികൊള്ളുന്നു എന്നും ആ കവിത ധ്വനിപ്പിക്കുന്നു എന്നതാണ് കൂടു

തൽ ഭയാനകം,

'അത്' മായി ബന്ധം സ്ഥാപിക്കേണ്ട ആവശ്യകതയെ കുറിച്ചാണ് ആ കവിത ഉത്കണ്ഠപ്പെടുന്നത്.അത് പോലെ തന്നെ സാമൂഹ്യബോധത്തിൽ തീക്ഷ്ണമായി ഇടപെടുന്ന ആഴത്തിൽ അസ്വസ്ഥപ്പെടുത്തുന്ന കഥയാണ് റഷീദ് ജഹാൻ 1930 കളിൽ എഴുതിയ വോ' (woh) എന്ന ഉറുദു കഥ.ഈ കഥ കാണുന്നവരിൽ ജുഗുപ്സ നിറക്കുന്ന ഒരു സ്ത്രീ ശരീരത്തെ കുറിച്ച് തന്നെയാണ്.അതിന്റെ വായനാനുഭവം ഒരു തരം ഉച്ചാടനം ചെയ്യലാണ്. ഏറ്റവും പുരോഗമന വാദിയായി സ്വയം അഭിമാനിക്കുന്ന ഒരു വ്യക്തിയുടെ അവകാശവാദങ്ങളെ പോലും ഒന്ന് അടിമുടി ഉലക്കുന്ന കഥ എഴുതിയ റഷീദ് ജഹാൻ ഒരു ഡോക്ടറും കൂടി ആയിരുന്നതിനാൽ ആവാം, ഇത്ര സ്ഫുടമായി ഒരു രോഗാതുരമായ ശരീരത്തിന്റെ പരിതാപകരമായ അവസ്ഥയെ വിശദമായി അറപ്പില്ലാതെ വിവരിക്കാൻ കഴിഞ്ഞത്.ബാഹ്യരൂപം ആന്തരിക ലോകത്തെ അതിന്റെ സൗന്ദര്യത്തെയും വൈകല്യത്തെയും ഒരുപോലെ പ്രതിഫലിപ്പിക്കുന്നു എന്ന വിശ്വാസത്തെയും അതിൽ നിന്ന് ഉയരുന്ന ദയശൂന്യമായ സാമൂഹ്യ മനോഭാവത്തെയുമാണ് റഷീദ് ജഹാൻ നിശിതമായി വിമർശിച്ചതത് .WOH എന്ന ഹിന്ദി പദത്തിലൂടെ പുരുഷനെയും സ്ത്രീയെയും സൂചിപ്പിക്കാം.രണ്ടും അല്ലാത്ത അചേതനമായ ഒരു വസ്തുവിനെ സൂചിപ്പിക്കാനും ആ പദം ഉപയോഗിക്കാം.ആ വാക്കിന്റെ വഴക്കത്തിലൂടെയാണ് നമ്മുടെ ലൈംഗിക സദാചാരത്തിന്റെ പൊള്ളത്തരത്തെ റഷീദ് ജഹാൻ രൂക്ഷമായി ആവിഷ്കരിക്കുന്നത്.എപ്പോഴാണ് ജീവനുള്ള മനുഷ്യശരീരം കേവലം ഒരു സാധനമായി,വസ്തുവായി മാറുന്നത്? ആ മാറ്റം നടക്കുന്നത് അധികാരബന്ധങ്ങളുടെ രാഷ്ട്രീയത്തിലൂടെയാണ്.മ്യുറിയൽ ഇംഗ്ലീഷിലെ 'it' എന്ന വാക്കിന്റെ പ്രയോഗത്തിലൂടെയാണ് വെറുപ്പിന്റെ രാഷ്ട്രീയ ധ്വനികളെ ഉണർത്തിയത്.

സിഫിലിസ് ബാധിച്ചു ശരീരമാസകലം വികൃതമായി മാറിപ്പോയ ഒരു സ്ത്രീ, സ്ത്രീകളടങ്ങുന്ന സമൂഹത്തിൽ ജനിപ്പിക്കുന്ന വെപ്രാളവും, ക്രൂരതയും, ഭീതിയുമാണ് അവർ ഈ പ്രശസ്തമായ കഥയിൽ വെളിപ്പെടുത്താൻ ശ്രമിച്ചത്.ഇന്നും വായിക്കുമ്പോൾ ഒരു വിറയൽ നമുക്കുള്ളിലൂടെ പാഞ്ഞു പോകുന്നു. അതെന്തു കൊണ്ടാണെന്നു നമ്മൾ സ്വയം ചോദിക്കുന്നത് നന്നായിരിക്കും, കാരണം ഒരു വികൃത ശരീരത്തെക്കാൾ നമ്മെ വിഷമിപ്പിക്കുന്നത് നമ്മുടെ അക്രമവാസന തന്നെയാണ്.നമ്മളിൽ ഇന്നും ഉറങ്ങി കിടക്കുന്ന ചില മെരുക്കപ്പെടാത്ത പ്രാകൃത വാസനകളാണ്. ജീവനില്ലാത്ത ഒരു വസ്തുവിനെ എടുത്തു പെരുമാറുന്നത് പോലെ, എറിഞ്ഞുടക്കുന്നത് പോലെ നമ്മൾ ആ ശരീരത്തെ എറിഞ്ഞുടക്കുന്നു.നമ്മുടെ സങ്കൽപ്പങ്ങൾക്ക് അനുസരിച്ചു കാണപ്പെടാത്ത,ചലിക്കാത്ത ഉടലുകളെ നമ്മൾ ബഹിഷ്കരിക്കുന്നത് അങ്ങിനെയാണ്.

ആരായിരുന്നു റഷീദ് ജഹാൻ?ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ ഉറുദു സാഹിത്യത്തിലെ ചീത്ത പെൺകുട്ടിയായി അറിയപ്പെട്ട ഇവരുടെ ആരാധകരിൽ ഒരാളായിരുന്നു ഇസ്മത് ചുഗ്തായി എന്ന പ്രതിഭ.അലിഗഡ് മുസ്ലിം സർവകലാശാലയിൽ വനിതാ കോളേജ് സ്ഥാപിച്ച ഷെയ്ഖ് അബ്ദുല്ലയുടെ മകൾ പിന്നീട് പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ സ്ഥാപക അംഗമായതിൽ അത്ഭുതപ്പെടാനില്ല.ഇന്ത്യയിലെ ഫെമിനിസ്റ്റ് പ്ര


റഷീദ് ജഹാൻ


സ്ഥാനത്തിന്റെ മുൻഗാമികളിൽ ഒരാളായാണ് റഷീദ് ജഹാൻ ഇന്ന് കാണപ്പെടുന്നത്. ദരിദ്രയായ ഒരു ലൈംഗിക തൊഴിലാളിയും അഭ്യസ്തവിദ്യരായ ഒരു അധ്യാപികയും തമ്മിൽ ഉരുത്തിരിയുന്ന അപൂർവ സൗഹൃദം മാന്യ സമൂഹത്തെ ഭയപ്പെടുത്തുന്നതാണ് വോ എന്ന കഥയുടെ കാതൽ. പർദ്ദക്കുള്ളിലും വേട്ടയാടപ്പെടുന്ന സ്ത്രീശരീരങ്ങളെ കുറിച്ചും അവർ എഴുതി. അനവധി പ്രസവങ്ങളിലൂടെ കുഴഞ്ഞു പോയ സ്ത്രീ ശരീരവും അവരുടെ കഥയുടെ പ്രധാന ഭാഗങ്ങൾ ആയിരുന്നു.സ്ത്രീകൾക്കിടയിലെ ഭിന്നിപ്പുകൾ തുറന്നു കാട്ടുന്ന കഥകൾ സ്ത്രീസമൂഹം ഏകതാനമായ ഒരു ഗ്രൂപ്പല്ല എന്ന് ദീർഘ വീക്ഷണത്തോടെ സൂചിപ്പിക്കുന്നുണ്ട് .ഇരട്ടത്താപ്പുകളും കാപട്യങ്ങളും സഹജ പ്രകൃതിയാക്കി മാറ്റിയ സമൂഹത്തെ കൺതുറപ്പിക്കാൻ തന്റെ ചെറുകഥകൾ ആയുധമാക്കുക ആയിരുന്നു ഇവർ.

ചർച്ചാവിഷയം



**ശരണ്യ പി. എസ്.**
രണ്ടാം വർഷ എം എ മലയാളം
വിദ്യാർത്ഥിനി
വിമല കോളേജ്, തൃശൂർ

# ശരീരം എന്ന ആതുരതയുടെ പ്രതിനിധാനം




ജനതയുടെ സംസ്കാരത്തിന്റെ ഭാഗമായി ഓരോ കാലഘട്ടങ്ങളിലും ഓരോ രീതിയിൽ പ്രതിപാദിക്കപ്പെടുന്ന, മനുഷ്യശരീരത്തിന്റെ ഒരു ജൈവസ്വഭാവമാണ് രോഗം. രോഗാതുരമാവുന്നതോടെ ശരീരം ഒരു പ്രധാന ശ്രദ്ധാകേന്ദ്രമാവുന്നു. അതു കൊണ്ടാണ് കലകളിലേക്ക് കേവല ശരീരത്തേക്കാൾ ആതുര ശരീരം പ്രക്ഷേപിക്കപ്പെട്ടത്. ജനകീയകലകളിലും സംസ്കാരത്തിലും രോഗാതുരമായ സ്ത്രീശരീരം, രോഗാതുരമായ പുരുഷശരീരത്തിൽനിന്ന് വിവിധ മാനങ്ങളിൽ വ്യത്യസ്തമായ ഒരു ചിത്രമാണ് സൃഷ്ടിക്കുന്നത്. രോഗാതുരവും ദീനബാധിതവുമായ സ്ത്രീശരീരത്തോട് സ്ത്രീയ്ക്ക് പെട്ടെന്ന് തന്മയീഭവിക്കാവുന്നതാണ്. എന്നാൽ അരോഗദൃഢഗാത്രമായ ശരീരം പൗരുഷചിഹ്നമായിട്ടാണ് കാലങ്ങളായി പരിഗണിക്കപ്പെട്ടുവരുന്നത്. ഇത്തരത്തിൽ പരിഗണിക്കപ്പെടുന്നതിൽ അടിസ്ഥാനപരമായ ഒരനീതി നിലനിൽക്കുന്നുണ്ട്.

രോഗാതുരമായ പുരുഷശരീരവും സ്ത്രീ ശരീരവും ജനപ്രിയസംസ്കാരത്തിൽ ഭിന്നമായ ആഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. ഒരു പുരുഷശരീരം രോഗാതുരമാകുമ്പോൾ ജനപ്രിയസംസ്കാരം ആ രോഗത്തെ വ്യക്തിയുടെ നിർഭാഗ്യമായി കാണുകയും അനുതപിക്കുകയും, ഒരു സ്ത്രീശരീരം രോഗാതുരമാകുമ്പോൾ രോഗം സ്ത്രീ ജീവിതത്തിന്റെ തികച്ചും സ്വാഭാവികമായ ഒരു പരിണാമമായി കാണുകയും രോഗത്തിൽ സഹതപിക്കുകയും ചെയ്യുന്നു. അനുതാപവും സഹതാപവും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസങ്ങളുണ്ട്. ഇവിടെ സ്ത്രീശരീരത്തിലെ രോഗാവസ്ഥകൾ സാധാരണീകരിക്കപ്പെടുന്നു. അഥവാ, രോഗാതുരമല്ലാത്ത സ്ത്രീശരീരം എന്നത് അസാധാരണമായ ഒന്നായി ചിത്രീകരിക്കപ്പെ

ടുന്നു. ഇക്കാര്യത്തിൽ ജനപ്രിയ കലകളും മാധ്യമങ്ങളും അവയുടെ കൃത്യമായ പങ്ക് കാലാകാലങ്ങളായി വഹിച്ചുപോരുന്നുണ്ട്. അവയിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ് ആചാരങ്ങൾ.

ആചാരങ്ങളുടെ മാധ്യമം മനുഷ്യശരീരമാണ്. അഥവാ, മനുഷ്യജീവിതത്തെയും ഒരു വ്യക്തി ജീവിച്ചുവരുന്ന ഭൗതിക പരിസരത്തെയും ആസ്പദമാക്കിയാണ് ആത്മീയതയും ആത്മീയതയെ അടിസ്ഥാനപ്രേരണയായി കണക്കാക്കുന്ന ആചാരങ്ങളും രൂപപ്പെടുന്നത്. നോമ്പ്, ഏകാദശി പോലെയുള്ള ആചാരാനുഷ്ഠാനങ്ങൾ ഈ വിധത്തിൽ സ



ഹോം എന്ന സിനിമയിൽ നിന്ന്

മൂഹത്തിന്റെ ഭക്ഷണസംസ്കാരവുമായി ബന്ധപ്പെട്ട് രൂപംകൊണ്ട നിയന്ത്രണമെന്ന തത്വം മുന്നോട്ടുവയ്ക്കുന്ന ആചാരങ്ങളാണ് എന്ന് കരുതാം. എന്നാൽ അവ തന്നെയും പല അവസ്ഥകളിലും ലിംഗപരമായ അനാരോഗ്യകരമായ ജീവിത പരിസരങ്ങളെ സൃഷ്ടിക്കുന്നുണ്ട്. തിരുവാതിര പോലുള്ള വ്രതങ്ങൾ ഇതിന് ഉദാഹരണമാണ്. ഗുണവാനായ ഒരു പങ്കാളിയെ ലഭിക്കുന്നതിനായി സ്ത്രീകൾ മാത്രം ഭക്ഷണവും ഉറക്കവും ഉപേക്ഷിച്ച് ആചരിക്കുന്ന വ്രതമാണ് തിരുവാതിര. ഇത്തരം വ്രതങ്ങൾ, അഥവാ നിലനിന്നു പോരുന്ന ആചാരങ്ങൾ ജനകീയവുമാണ്. അതിനാൽത്തന്നെ കല, ജനകീയമായ കഥാപാത്രങ്ങളുടെ സൃഷ്ടിയിൽ ഇത്തരം ആചാരാനുഷ്ഠാനങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തും. ആചാരരീതികൾ പിന്തുടരുന്ന ഒരു സ്ത്രീ കഥാപാത്രം ജനങ്ങൾക്ക് കൂടുതൽ സ്വീകാര്യയാകുന്നതും അത്തരം രീതികളിൽ ശ്രദ്ധയൂന്നാതെ കൂടുതൽ ആരോഗ്യകരവും ശാസ്ത്രീയവുമായ രീതികൾ പിന്തുടരുന്ന ഒരു സ്ത്രീകഥാപാത്രം അത്രതന്നെ ജനങ്ങൾക്ക് സ്വീകാര്യയല്ലാതിരിക്കുന്നതിനും കാരണം ഇത്തരം ആചാരങ്ങളാൽ നിർമിക്കപ്പെട്ട പൊതുബോധമാണ്. ഈ പൊതുബോധത്തെ തൃപ്തിപ്പെടുത്തുന്ന ഘട്ടത്തിൽ കല കൂടുതൽ ജനപ്രിയമാകുന്നു. എന്നാൽ അവ പലപ്പോഴും മനുഷ്യത്വവിരുദ്ധമായ ആശയങ്ങൾ കൈമാറുകയും ചെയ്യുന്നു.

നേരത്തെ സൂചിപ്പിച്ചതുപോലെ, രോഗത്താൽ അവശയായ, ദൈന്യാവസ്ഥയിലുള്ള ഒരു സ്ത്രീ പൊതുബോധത്തിന് ഏറെ സാധാരണമായ ഒരു കാഴ്ചയാണ്. എന്നാൽ ആരോഗ്യവതിയായ ഒരു സ്ത്രീ അത്രതന്നെ സ്വീകാര്യയുമല്ല. അതുമൂലമാണ് കരയുന്ന സ്ത്രീകഥാപാത്രങ്ങൾക്ക് ഇത്രമേൽ സ്വീകാര്യത ലഭിച്ചുപോരുന്നത്. സാഹിത്യത്തിലേക്ക് നോക്കുമ്പോഴും സ്ഥിതി വ്യത്യസ്തമല്ല. മാധവിക്കുട്ടിയുടെ ഏറെ ആഘോഷിക്കപ്പെട്ട കോലാട് എന്ന കഥതന്നെ ഉദാഹരണമായി കണക്കാക്കാവുന്നതാണ്. അവിടെ നിത്യവൃത്തികളാൽ രോഗിയായിത്തീർന്ന സ്ത്രീകഥാപാത്രത്തെ ശ്രദ്ധിക്കാം. രോഗാവസ്ഥ മാത്രമാണ് വായനക്കാർക്ക് അവർക്കുമേൽ സഹതാപം സൃഷ്ടിക്കുവാനായി ഉപകാരപ്പെടുന്നത്. അഥവാ, കോലാട് എന്ന കഥയിലെ സ്ത്രീ പൂർണാരോഗ്യവതിയായ ഒരുവളായിരുന്നെങ്കിൽ അവർക്കുമേൽ വായനാസമൂഹത്തിന് ഇത്രമേൽ അനുകമ്പയുണ്ടായിരിക്കുമോ എന്നത് സംശയാസ്പദമാണ്. അവിടെ സൃഷ്ടിക്കപ്പെടുന്ന വികാരം, അവരുടെ ആരോഗ്യത്തെപ്രതിയല്ല. മറിച്ച്, ദൈനംദിനജോലികൾ മൂലം രോഗിയാക്കപ്പെട്ട ഒരു സ്ത്രീ എന്നത് സഹതാപാർഹയായ ഒരു കഥാപാത്രമാണ്. എന്നാൽ അവർ തന്റെ ആരോഗ്യത്തെപ്രതി പിറ്റേന്ന് മുതൽ ജോലികളിൽ നിന്ന് വിട്ടുനിന്നാൽ വായനക്കാരിൽ സൃഷ്ടിക്കുന്ന പ്രതീതി വ്യത്യസ്തമായിരിക്കും. അനാരോഗ്യവതിയായ, കരയുന്ന സ്ത്രീയെയാണ് ജനപ്രിയ കലാരൂപങ്ങൾക്കും അതിന്റെ ആസ്വാദകർക്കും ആവശ്യം. ആ രോഗം രൂപപ്പെടുന്നത് കുടുംബത്തിനു വേണ്ടിയുള്ള നിത്യാധ്വാനത്തിൽ നിന്നുമാകണം. കണ്ണീർ സീരിയലുകളുടെയും അടിസ്ഥാന തത്വശാസ്ത്രം ഇതുതന്നെയാണ്.

സിനിമാരംഗത്തേക്കു നോക്കുമ്പോഴും അടുത്ത കാലം വരെയും സ്ഥിതി ഏറെ വ്യത്യസ്തമായിരുന്നില്ല. എന്നാൽ സമീപകാലത്ത് സൃഷ്ടിക്കപ്പെട്ട പല സ്ത്രീകഥാപാത്രങ്ങളും താന്താങ്ങളുടെ ആരോഗ്യത്തെപ്രതി കുടുംബം ഉപേക്ഷിച്ചവരാണ്. കുമ്പളങ്ങി നൈറ്റ്സ് എന്ന സിനിമയിലെ അമ്മ കഥാപാത്രം ഇതിന് കൃത്യമായൊരു ഉദാഹരണമാ

ണ്. തന്റെ ആരോഗ്യത്തെ കണക്കിലെടുക്കാതെയുള്ള ഒരു നീക്കത്തിനും തയ്യാറാകാത്ത ഒരു സ്ത്രീകഥാപാത്രം അത്രയൊന്നും സാധാരണമല്ല.

എന്നാൽ അതിന് എതിരായി ഇന്നും ‘അമ്മ’ എന്ന അവസ്ഥയെ ഉപയോഗിച്ചുകൊണ്ട് സ്ത്രീകളെ മഹത്വത്തിലേക്കടുപ്പിക്കുന്നത് അവരുടെ കുടുംബത്തിനുവേണ്ടിയുള്ള കഷ്ടപ്പാടുകളും അതുമൂലമുണ്ടാകുന്ന അനാരോഗ്യവുമാണ്. ഈ മട്ടിലുള്ള ആഖ്യാനങ്ങൾ ഇന്നും ധാരാളമായിത്തന്നെ രൂപപ്പെടുന്നുണ്ട്. ഹോം എന്ന സിനിമ അതിന് ഒരു ഉദാഹരണമാണ്. ഈ സിനിമയിലെ കുട്ടിയമ്മ എന്ന കഥാപാത്രത്തിന് സിനിമയുടെ അവസാനം വരെയും നീതി ലഭിക്കുന്നില്ല. കുട്ടിയമ്മയുടെ ദൈന്യത മുന്നോട്ടു വയ്ക്കുന്നത്, ഈ കുടുംബമാണ്, കുടുംബത്തിനുവേണ്ടിയുള്ള അദ്ധ്വാനമാണ് അവരെ ഈ നിലയിലെത്തിച്ചത്, അതിനാൽ അവർ തീർത്തും സഹതാപാർഹയാണ് എന്ന ആശയമാണ്. അവർ അപ്പോഴും അർഹിക്കുന്നത് സഹതാപം മാത്രമാണ്, ആരോഗ്യപൂർണ്ണമായ ഒരു ജീവിതമല്ല. അഥവാ, കുട്ടിയമ്മ എന്ന കഥാപാത്രം പൂർണ ആരോഗ്യവതിയായിരുന്നെങ്കിൽ അവർക്ക് ഈ സഹതാപവും പ്രേക്ഷകപക്ഷത്തു നിന്ന് ലഭിക്കുവാൻ സാധ്യത കുറവാണ്. ഇവിടെ രോഗം ഒരു ആഖ്യാനമാർഗ്ഗമാണ്.

രോഗമില്ലാത്ത സ്ത്രീയ്ക്കും രോഗമില്ലാത്ത പുരുഷനും പൊതുബോധം നൽകുന്ന വ്യാഖ്യാനം വ്യത്യസ്തമാണ്. പൂർണാരോഗ്യവതിയായ സ്ത്രീ എന്ന ചിത്രം എന്തുകൊണ്ടെല്ലാമോ പൊതുബോധത്തിന് സ്വീകാര്യമല്ലാത്തതാണ്. അഥവാ, സ്വന്തം ആരോഗ്യത്തിൽ വേണ്ടതരത്തിൽ ശ്രദ്ധ ചെലുത്തുന്ന സ്ത്രീ അസാധാരണവും കുടുംബാന്തരീക്ഷത്തിൽ അസംഭ്യവുമാണെന്ന പൊതുബോധത്തെ ഇത്തരം കലകൾ ഊട്ടിയുറപ്പിക്കുന്നു. കുടുംബവ്യവസ്ഥ എത്രമാത്രം അനീതികളെയും ചൂഷണങ്ങളെയും സൃഷ്ടിക്കുന്നു എന്നത് ഇത്തരം കലകളിൽനിന്ന് വായിച്ചെടുക്കാമെങ്കിലും ഇവ സൃഷ്ടിക്കുന്ന ചില ചിത്രങ്ങൾ അത്യന്തം അപകടകരമാണ്.

കുടുംബവ്യവസ്ഥയിലുൾപ്പെട്ട സ്ത്രീ സഹതാപാർഹയാകുന്നതിനുള്ള ഏക കാരണം അവരുടെ അനാരോഗ്യമാണ് എന്ന ആഖ്യാനമാണ് ഇവ സൃഷ്ടിച്ചെടുക്കുന്നത്. എന്നാൽ ആ അനാരോഗ്യം അഭിസംബോധന ചെയ്യപ്പെടുന്നത് ആരോഗ്യത്തെപ്രതിയല്ല. മറിച്ച്, കുടുംബവ്യവസ്ഥയിലെ ജീവിതം അനാരോഗ്യം സൃഷ്ടിക്കുന്നുവെന്നും, അതിനാൽ അവർ സഹതാപം (ആരോഗ്യമല്ല) അർഹിക്കുന്നുവെന്നുമുള്ള തലത്തിലേക്കാണ് സ്ത്രീയുടെ അനാരോഗ്യങ്ങൾ ചർച്ച ചെയ്യപ്പെടുന്നത്. അതിനാലാണ് സ്ത്രീ ബഹുമാനിക്കപ്പെടേണ്ടത് എന്ന തരത്തിൽ നിർമിക്കപ്പെടുന്ന ആഖ്യാനം സ്ത്രീയെ കൂടുതൽ കൂടുതൽ കുടുംബവ്യവസ്ഥയിലേക്കും അനാരോഗ്യത്തിലേക്കുമല്ലാതെ മറ്റൊന്നിലേക്കും നയിക്കുന്നില്ല. ആരോഗ്യവതിയായ സ്ത്രീ ഇവിടെ സഹതാപാർഹമായ കുടുംബചിഹ്നമല്ല. അതിനാൽ രോഗിയായ സ്ത്രീയെ കല പ്രയോജനപ്പെടുത്തുന്നു.

സാമൂഹിക മാധ്യമങ്ങളിൽ ഈ അവസ്ഥയുടെ വിവിധ രീതികളിലുള്ള പ്രതിപാദനങ്ങൾ കാണാനാകും. സാമൂഹിക മാധ്യമങ്ങൾ അടിസ്ഥാനപരമായി പ്രവർത്തിക്കുന്നത് കുമിളകൾ പോലെയുള്ള ഒരു പരിസരത്തിനകത്താണ് എന്നത് ഇവിടെ ഓർത്തുവയ്ക്കേണ്ട ഒരു വസ്തുതയാണ്. മാതൃദിനങ്ങളിലും വനിതാദിനങ്ങളിലും സാമൂഹിക മാധ്യമങ്ങളിൽ കണ്ടുവരുന്ന ആശംസാചിത്രങ്ങൾ ഇവിടെ പ്രസക്തമാണ്.

ഈ അടുത്ത കാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു ചിത്രമായിരുന്നു ഓക്സിജൻ മാസ്കുമിട്ട് ഒരു അമ്മ അടുക്കള ജോലികളിലേർപ്പെടുന്നത്. ഈ ചിത്രം നിർവ്വഹിക്കുന്ന ധർമ്മം തന്നെയാണ് അത്രതന്നെ പ്രകടമായല്ലെങ്കിലും മുഖ്യധാരാ സാഹിത്യവും സിനിമകളും നിർവ്വഹിക്കുന്നത്. ദൈ



**ഒരു സ്ത്രീ പരിപൂർണ സ്വതന്ത്രയാകണമെങ്കിൽ അവർക്ക് സ്വന്തമായ വരുമാനവും പാർപ്പിടവും ആവശ്യമാണ്. എന്നാൽ അതോടൊപ്പം തന്നെ പ്രധാനമാണ് ആരോഗ്യപൂർണമായ ഒരു ശരീരവും. ഏതു രീതിയിൽ സൃഷ്ടിക്കപ്പെടുന്ന അനാരോഗ്യത്തെയും കൃത്യമായി ചികിത്സിക്കാനും വ്യക്തിക്ക് ആരോഗ്യപൂർണമായ മനസ്സും ശരീരവും നിലനിർത്തുവാനുമുള്ള സാഹചര്യം ഉണ്ടാവുക എന്നത് പ്രധാനമാണ്. അനാരോഗ്യത്തെയും അതുമൂലമുള്ള ദൈന്യാവസ്ഥകളെയും സ്ത്രീജീവിതത്തിന്റെ മഹത്വമെന്ന രീതിയിൽ ചിത്രീകരിച്ച് ആഘോഷിക്കുന്ന പൊതുബോധം അത്യന്തം അപകടകരമാണ്. രോഗം ആഘോഷവസ്തുവല്ല.**



നൃതയിലും കുടുംബത്തെപ്രതി അദ്ധ്വാനിക്കുന്ന അമ്മ എന്ന ചിത്രം ഏറെ ആഘോഷിക്കപ്പെടുന്നതും അപകടകരവുമാണ്. എന്നാൽ സാമൂഹിക മാധ്യമങ്ങളുടെ വരവോടെ ഇത്തരം രീതികൾ പലതും ചോദ്യം ചെയ്യപ്പെടാനും എതിർക്കപ്പെടാനും തുടങ്ങിയിട്ടുണ്ട് എന്നത് അംഗീകരിക്കേണ്ട വസ്തുത തന്നെയാണ്. ആർത്തവശുചിത്വം, പി എം എസ്, പോസ്റ്റ് പാർട്ടം ഡിപ്രെഷൻ പോലുള്ള വിഷയങ്ങൾ ധാരാളമായി ചർച്ചയിൽ വരുന്നതും അത്തരം ചർച്ചകളിൽ സാധാരണക്കാർ പോലും പങ്കാളികളാകുന്നതും പ്രതീക്ഷ നല്കുന്നതുതന്നെയാണ്.

എന്നാൽ സാമൂഹിക മാധ്യമങ്ങളുടെ പ്രവർത്തനം പരിശോധിക്കുമ്പോൾ അടിസ്ഥാനപരമായി ഒരേ താല്പര്യക്കാർ അടങ്ങുന്ന മറ്റൊരിടത്തെ സൃഷ്ടിച്ചു എന്നതാണ് വസ്തുത. ഇവിടെ, ഇത്തരം ചർച്ചകൾ രൂപപ്പെടുന്നതും സ്വാധീനം ചെലുത്തുന്നതും അവയിൽ തത്പരരായ ഒരു കൂട്ടം വ്യക്തികൾക്കുള്ളിൽ മാത്രമാണ് എന്നത് സാമൂഹികമാധ്യമങ്ങൾ വഴിയുള്ള ചർച്ചകളുടെ ഫലപ്രാപ്തിയെ ചോദ്യം ചെയ്യുന്നു. എന്നാൽത്തന്നെയും നീതിബോധത്തോടെയുള്ള ഇത്തരം ചർച്ചകൾക്ക് നിലനിൽക്കാനാവശ്യമായ കൃത്യമായ ഒരു ഇടം രൂപപ്പെട്ടു വരുന്നുണ്ട്. ഇത് സാമൂഹിക മാധ്യമങ്ങൾ നൽകുന്ന ഒരു ശുഭസൂചന തന്നെയാണ്.

ഒരു സ്ത്രീ പരിപൂർണ സ്വതന്ത്രയാകണമെങ്കിൽ അവർക്ക് സ്വന്തമായ വരുമാനവും പാർപ്പിടവും ആവശ്യമാണ്. എന്നാൽ അതോടൊപ്പം തന്നെ പ്രധാനമാണ് ആരോഗ്യപൂർണമായ ഒരു ശരീരവും. ഏതു രീതിയിൽ സൃഷ്ടിക്കപ്പെടുന്ന അനാരോഗ്യത്തെയും കൃത്യമായി ചികിത്സിക്കാനും വ്യക്തിക്ക് ആരോഗ്യപൂർണമായ മനസ്സും ശരീരവും നിലനിർത്തുവാനുമുള്ള സാഹചര്യം ഉണ്ടാവുക എന്നത് പ്രധാനമാണ്. അനാരോഗ്യത്തെയും അതുമൂലമുള്ള ദൈന്യാവസ്ഥകളെയും സ്ത്രീജീവിതത്തിന്റെ മഹത്വമെന്ന രീതിയിൽ ചിത്രീകരിച്ച് ആഘോഷിക്കുന്ന പൊതുബോധം അത്യന്തം അപകടകരമാണ്. രോഗം ആഘോഷവസ്തുവല്ല.




അജിത കെ.

# ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭീകരാവസ്ഥ!

കുറച്ചു ദിവസങ്ങൾക്കുമുമ്പ് സംഭവിക്കാൻ പാടില്ലാത്ത ഒരു സംഭവം ഇന്ത്യയിൽ നടന്നു. 2002 ഗുജറാത്തിൽ സംഘപരിവാർ മുസ്‌ലിം ജനവിഭാഗങ്ങൾക്കു നേരെ നടത്തിയ വംശഹത്യയും അത്തരം അക്രമസംഭവങ്ങൾക്കിടയിൽ നടന്ന അതിനീചമായ സ്ത്രീ പീഡനങ്ങളും ലോകജന സമക്ഷം കൃത്യമായി തുറന്നുകാട്ടിയ ഒരു ധീരയായ മനുഷ്യാവകാശ പ്രവർത്തകയാണ് ടീസ്റ്റ സെതൽവാദ്. അക്കാലത്ത് അവിടത്തെ ഒരു ഉയർന്ന പൊലീസ് ഉദ്യോഗസ്ഥനായിരുന്നു ശ്രീ ആർ.ബി.ശ്രീകുമാർ. നരേന്ദ്രമോദിയും അമിത് ഷായും നയിച്ച ഗുജറാത്തിലെ ബി.ജെ.പി.സർക്കാർ സംഘപരിവാറിന്റെ ക്രിമിനൽ അജണ്ടയ്ക്ക് പൊലീസ് സേനയെ ഉപയോഗിച്ച് ഒത്താശ ചെയ്തതെങ്ങനെയെന്ന് കാര്യകാരണ സഹിതം മൊഴികൊടുത്തയാളാണ് ശ്രീകുമാർ.

ഇവരെ രണ്ടുപേരേയും ഗുജറാത്ത് പൊലീസ് അറസ്റ്റ് ചെയ്തു. തലേദിവസം സുപ്രീംകോടതി നല്കിയ ഒരു വിധിയുടെ പിൻബലത്തിലാണ് ടീസ്റ്റയേയും ശ്രീകുമാറിനേയും കേന്ദ്ര സർക്കാർ ഒത്താശയോടെ മുംബൈയിലെ അവരുടെ വീടുകളിൽനിന്ന് അറസ്റ്റ് ചെയ്തത്.

2002ലെ വംശഹത്യക്കിടയിൽ നടന്ന നരഹത്യകളിൽ കുപ്രസിദ്ധമാണ് കോൺഗ്രസ് എം.പി ഇർസാൻ ജിഫ്രിയുടെ അരുംകൊല. മുഖ്യമന്ത്രി നരേന്ദ്രമോദിയേയും ഉയർന്ന പൊലീസുദ്യോഗസ്ഥരേയും മാറി മാറി വിളിച്ചിട്ടും ആൾക്കൂട്ട അക്രമത്തെ തടയാനോ നിയന്ത്രിക്കാനോ ഒരു വിരൽ പോലുമനക്കാതെ സംഘപരിവാറിന്റെ പദ്ധതികളെല്ലാം കൃത്യമായി നടപ്പിലാക്കിയ ശേഷമാണ് പൊലീസ് ഇടപെട്ടത്. എം.പി ജിഫ്രിയുടെ മാത്രമല്ല, അദ്ദേഹം ജീവിച്ച അഹമ്മദാബാദിലെ ഗുൽബർഗ് സൊസൈറ്റിയിലെ മുസ്‌ലിങ്ങളായ സാധാരണ മനുഷ്യരെ തിരഞ്ഞുപിടിച്ച് കൊല്ലുകയും അദ്ദേഹത്തെ റോഡിലൂടെ വലിച്ചിഴച്ച് വെട്ടിക്കൊല്ലുകയുമാണ് ആ ആൾക്കൂട്ടം ചെയ്തത്.



തൊട്ടടുത്ത നരോദാപാടിയ എന്ന മുസ്‌ലിം ചേരിയിൽ നടന്ന അക്രമം അങ്ങേയററം ഞെട്ടിക്കുന്ന തായിരുന്നു. അവിടെ ഒരു കിണറുണ്ട്. ആ കിണറിൽ ചേരിയിലെ മനുഷ്യരെ കൊന്നു തള്ളുകയായിരുന്നു. അക്രമികളിൽ നിന്ന് രക്ഷ നേടാൻ തൊട്ടടുത്ത പൊലീസ്ക്യാമ്പിൽ അഭയം പ്രാപിച്ച ചേരിനിവാസികളെ ആ ക്യാമ്പിന്റെ കവാടം പൂട്ടിയിട്ടുകൊണ്ടാണ് പൊലീസ് നേരിട്ടത്. കൗസർ ബാനു എന്ന പൂർണ ഗർഭിണിയുടെ നിറഞ്ഞ വയർ കുത്തിക്കീറി ഗർഭസ്ഥ ശിശുവിനേയും അതിന്റെ ഉമ്മയേയും അറുത്തുകൊന്നു.



ഇത്തരം അക്രമങ്ങൾക്കു പുറകിൽ സംഘപരിവാറിൻെറ കൃത്യമായ ആസൂത്രണം മാത്രമല്ല, ഭരണസംവിധാനത്തിന്റെ സജീവമായ ഒത്താശയുമുണ്ടെന്നത് പകൽപോലെ വ്യക്തമാണ്. ഇത്തരം അപ്രിയ സത്യങ്ങൾ സ്വന്തം ജീവൻ പോലും പണയപ്പെടുത്തി തുറന്നു കാട്ടാൻ തയ്യാറായതും പീഡിത ജനവിഭാഗത്തോടൊപ്പംനിന്ന് നിയമപ്പോരാട്ടങ്ങൾക്ക് വഴിയൊരുക്കിയതുമാണ് ടീസ്റ്റയും ശ്രീകോമാറും ചെയ്ത 'കുറ്റം'. തങ്ങളുടെ ഹിന്ദുത്വ ഫാഷിസം നടപ്പിലാക്കുന്നതിന് തടസ്സമായ ആരേയും ഇല്ലാതാക്കുക എന്നത് സംഘപരിഹാർ അജണ്ടയാണല്ലൊ. ഗൗരീലങ്കേഷിനെപ്പോലെ, കൽബുർഗിയെപ്പോലെ മാർഗതടസ്സങ്ങൾ വെട്ടിമാററുന്ന ഈ രീതി ഇന്ത്യൻ ജനാധിപത്യ, മതേതര സംവിധാനം തകിടംമറിച്ചേ അടങ്ങൂ. പോരാട്ടമല്ലാതെ ജനങ്ങൾക്ക് വേറെ വഴിയില്ല.

**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ



# മരിയ ഗോപ്പെർട്ട് മേയർ

## അറിയണം ഈ ശാസ്ത്രജ്ഞയെ



ഗവേഷണ രംഗത്ത് ദീർഘകാലം മതിയായ അംഗീകാരമോ സ്ഥാനമോ വേതനമോ ഇല്ലാതെ പ്രവർത്തിക്കേണ്ടി വന്ന വനിത, സ്ത്രീ ആയതിന്റെ പേരിൽ മാത്രം അർഹതയുള്ള ജോലിയും സ്ഥാനമാനങ്ങളുമൊക്കെ നിഷേധിക്കപ്പെട്ടത് പല തവണ. മുഴുവൻ സമയ പ്രഫസർ പദവി ലഭിക്കാൻ കാത്തിരിക്കേണ്ടി വന്നത് 54 വയസ്സു വരെ. അണുഭൗതികത്തിൽ വിസ്മയ നേട്ടങ്ങൾ കൈയെത്തിപ്പിടിച്ച, 1963-ലെ ഊർജ്ജതന്ത്ര നൊബേൽ ജേതാവായ മരിയ ഗോപ്പെർട്ട് മേയർ തന്നെ ഈ വനിത. മരിയയുടെ അൻപതാം ചരമവാർഷിക വേള കൂടിയാണിത്.

ജർമ്മനിയിലെ ഗോട്ടിൻജെൻ സർവ്വകലാശാലയിൽ പ്രഫസറായിരുന്ന ഫ്രീഡ്റിച് ഗോപ്പെർട്ടിന്റെയും മരിയ നീ വോൾഫിന്റെയും മകളായി 1906-ൽ ജനിച്ച ആ പെൺകുട്ടിയുടെ വിദ്യാഭ്യാസം അത്ര സുഗമമായിരുന്നില്ല. അക്കാലത്ത് അവിടെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ അത്രയും പരിമിതമായിരുന്നു. എങ്കിലും കഠിനമായി പരിശ്രമിച്ച് മരിയ യൂണിവേഴ്സിറ്റി പ്രവേശനത്തിനുള്ള പരീക്ഷ കടന്നുകൂടി 1924-ൽ ഗോട്ടിൻജെൻ സർവ്വകലാശാലയിൽ പ്രവേശനം നേടി. വളരുമ്പോൾ ഒരു വീട്ടമ്മയായി ഒതുങ്ങിപ്പോവരുതെന്ന പിതാവിന്റെ വാക്കുകൾ ആ പെൺകുട്ടിക്ക് എന്നും ഊർജ്ജം പകർന്നു. മാക്സ് ബോൺ, വെർണർ ഹെയ്സൻബെർഗ് തുടങ്ങിയ വിഖ്യാത ശാസ്ത്രജ്ഞർ അക്കാലത്ത് അവിടെ അദ്ധ്യാപകരായി ഉണ്ടായിരുന്നു. മരിയ ഗോപ്പെർട്ടിന് അദ്യം താല്പര്യം ഗണിതത്തിൽ ആയിരുന്നെങ്കിലും തന്റെ മേഖല ഭൗതികശാസ്ത്രമാണെന്ന് തിരിച്ചറിഞ്ഞതോടെ പഠനവും ഗവേഷണവും ആ വഴിക്കായി. 1930-ൽ ഡോക്റ്ററേറ്റ് നേടുകയും ചെയ്തു.

യോഗ്യതയുണ്ടായിട്ടും ഒരു സ്ഥിരം പ്രഫസർ തസ്തിക മരിയക്ക് വർഷങ്ങളോളം ഒരാകാശ പുഷ്പമായിത്തന്നെ നിന്നു. തന്റെ ഭർത്താവായ ജോസഫ് മേയർ ജോലി ചെയ്ത ജോൺസ് ഹോപ്കിൻസ്, കൊളംബിയ, ചിക്കാഗോ സർവ്വകലാശാലകളിൽ ഒരു ഔദാര്യം പോലെ ഫെല്ലോ എന്ന പേരിലും റിസർച്ച് അസോസിയേറ്റ് എന്ന പേരിലുമൊക്കെ പ്രവർത്തിക്കാനുള്ള അവസരം മാത്രമാണ് ലഭിച്ചത്. പലപ്പോഴും വേതനം പോലും ഉണ്ടായിരുന്നില്ല. എന്നാൽ രണ്ടാം ലോകമഹായുദ്ധകാലത്ത് അണുഭൗതികത്തിൽ മരിയയുടെ പ്രാഗൽഭ്യം തിരിച്ചറിഞ്ഞ യു.എസ്. ഗവണ്മെന്റ് അവരെ മാൻഹാട്ടൺ പ്രോജക്റ്റിന്റെ ഭാഗമാവാൻ ക്ഷണിച്ചു. പ്രോജക്റ്റിൽ പങ്കാളിയാവുമ്പോഴും അണുബോംബ് വിതച്ചേക്കാവുന്ന ദുരന്തങ്ങൾ മരിയയെ വേട്ടയാടിക്കൊണ്ടിരുന്നു. പ്രോജക്റ്റിൽ തന്റെ ഭാഗം പരാജയപ്പെട്ടതിൽ മരിയ ആശ്വാസം കൊള്ളുകയാണുണ്ടായത്. യുദ്ധാനന്തരം ചിക്കാഗോ സർവ്വകലാശാലയിൽ അണുഭൗതിക ഗവേഷണത്തിനുള്ള അവസരം മരിയക്ക് ലഭിച്ചു. പക്ഷേ വേതനമുണ്ടായിരുന്നില്ല!


1963ൽ സ്വീഡനിലെ രാജാവ് ഗുസ്താഫ് ആറാമൻ അഡോൾഫിനൊപ്പം മരിയ ഗോപ്പർട്ട് മേയർ നൊബേൽ ചടങ്ങിലേക്ക് നടന്നു.

ന്യൂക്ലിയസ്സിനുള്ളിൽ പ്രോട്ടോണുകളും ന്യൂട്രോണുകളും ന്യൂക്ലിയോൺ പാളികളായിട്ടാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത് എന്ന ആശയം മരിയ മുന്നോട്ടു വച്ചു. ഉള്ളിയിലെ പാളികൾ പോലെ! ചില




ഐസോടോപ്പുകളുടെ അസ്വാഭാവിക സ്ഥിരത സംബന്ധിച്ച ഗവേഷണങ്ങൾക്കിടെ ചില നിശ്ചിത നമ്പർ പ്രോട്ടോണുകളും ന്യൂട്രോണുകളും ഉള്ള ന്യൂക്ലിയസ്സുകൾക്ക് സ്ഥിരത കൂടുതലാണെന്നും മരിയ കണ്ടെത്തി. ന്യൂക്ലിയർ ഫിസിക്സിലെ ഈ മാജിക് നമ്പർ ഗവേഷണം ഒരു ജിഗ്സോ പസിൽ പോലെയാണെന്ന് മരിയ തന്നെ പറഞ്ഞിട്ടുണ്ട്. തന്റെ ഗവേഷണങ്ങളെ അടിസ്ഥാനമാക്കി അവർ അവതരിപ്പിച്ച ന്യൂക്ലിയാർ ഷെൽ മോഡൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. ഇത്രയും നേട്ടങ്ങൾ കൈവരിച്ചിട്ടും 1960–ൽ മാത്രമാണ് മരിയക്ക് പ്രഫസറായി സ്ഥിര നിയമനം ലഭിച്ചത്! കലിഫോർണിയ സർവ്വകലാശാല,സാൻഡിയാഗോയിൽ ആയിരുന്നു നിയമനം.

ഏതായാലും മരിയ ഗോപ്പർട്ട് മേയറിന്റെ ഗവേഷണ ഫലങ്ങൾ ലോകശ്രദ്ധ നേടുക തന്നെ ചെയ്തു. അവഗണനകളും കടുത്ത വിവേചനങ്ങളും പ്രതിസന്ധികളും തരണം ചെയ്ത് മരിയ കൈയെത്തിപ്പിടിച്ച നേട്ടങ്ങൾക്കുള്ള അംഗീകാരമായി 1963–ലെ ഊർജതന്ത്ര നൊബേൽ സമ്മാനം ആ ഗവേഷകയെ തേടിയെത്തി. ഗവേഷണത്തെ ജീവ വായുവായിക്കരുതിയ ആ ശാസ്ത്രജ്ഞ ഗവേഷണങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. 1972 ഫെബ്രുവരി 20–ന് ഉണ്ടായ ഹൃദയാഘാതം ശാസ്ത്രത്തിലെ ആ വിസ്മയ വനിതയുടെ ജീവൻ കവർന്നു.





AVA
NEW
MEDIMIX®
TOTAL CARE SHAMPOO
ടോട്ടൽ എന്നാൽ എല്ലാം
അമൂല്യമായ പ്രകൃതിദത്ത ചേരുവകളാൽ സമ്പന്നമായ മെഡിമിക്സ് ട്രിപ്പിൾ ആക്ഷൻ ഷാംപൂ നിങ്ങളുടെ കേശത്തിന് സമ്മാനിക്കുന്നു ടോട്ടൽ സംരക്ഷണം. നമ്മുടെ മുടിയിഴകൾ ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളായ താരൻ, മുടികൊഴിച്ചിൽ എന്നിവക്കെതിരെ പോരാടി മുടിയിഴകൾക്ക് സംരക്ഷണം നൽകുവാനും മുടിയെ കണ്ടീഷൻ ചെയ്യുവാനും, മെഡിമിക്സിൽ അടങ്ങിയിരിക്കുന്ന 9 പ്രകൃതിദത്ത ചേരുവകൾക്ക് പുറമെ ആപ്പിൾ സിഡർ വിനീഗർ, ടീ ട്രീ ഓയിൽ മുതലായവ നമ്മളെ സഹായിക്കുന്നു. അങ്ങനെ മുടിയിഴകൾക്ക് ടോട്ടൽ സംരക്ഷണം ലഭിക്കുന്നു.
നിങ്ങളുടെ മനോഹര ചർമ്മം പരിപാലിക്കുന്നതിൽ 50 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള മെഡിമിക്സിന്റെ ടോട്ടൽ കെയർ ഷാംപൂ ഉള്ളപ്പോൾ, വെവ്വേറെ ഷാംപൂകളുടെ സഹായം നിങ്ങൾക്ക് എന്തിന് ?
നിങ്ങളുടെ മുടിയിഴകൾക്ക് സമ്മാനിക്കൂ പ്രകൃതിദത്ത സംരക്ഷണം എന്നെന്നും.
Intro Offer
25% EXTRA
ട്രിപ്പിൾ ആക്ഷൻ
• മുടി കൊഴിച്ചിൽ കുറയ്ക്കുന്നു *
• താരനെതിരെ പോരാടുന്നു *
• മുടിയെ കണ്ടീഷൻ ചെയ്യുന്നു ^
9 A UNIQUE MIX OF 9 NATURAL HERBS
MEDIMIX® TOTAL CARE SHAMPOO
Triple Action
160 ml + 40 ml
80 ml + 20 ml
Toll Free: 1800 103 1282 www.medimix.co.in
* Conditions apply. *^ Based on consumer research study.
^ Based on lab study under test condition. Individual test result may vary.